# യക്ഷി

**മലയാറ്റൂർ രാമകൃഷ്ണൻ**
**(1927–1997)**

1927 മെയ് 30–ന് പാലക്കാട് പുതിയ കല്പാത്തിയിൽ ജനിച്ചു. ആലുവ യു.സി. കോളജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്, ലോ കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഒന്നാം റാങ്കോടെ ബി.എൽ. ബിരുദമെടുത്തു. 1958–ൽ ഐ.എ.എസ്. ഉദ്യോഗസ്ഥൻ. സബ് കലക്ടർ, കലക്ടർ, വകുപ്പുമേധാവി, ഗവണ്മെന്റ് സെക്രട്ടറി, പൊതുമേഖലാ സ്ഥാപനങ്ങളിൽ ചെയർമാനും എം.ഡി.യും, റവന്യൂബോർഡ് മെമ്പർ എന്നീ നിലകളിൽ ജോലിനോക്കി. 1981 ഫെബ്രുവരിയിൽ ഐ.എ.എസ്സിൽനിന്ന് രാജിവച്ചു. ഏഴു വർഷക്കാലം ലളിതകലാ അക്കാദമി ചെയർമാനായിരുന്നു. *വേരുകൾ* കേരള സാഹിത്യ അക്കാദമി അവാർഡും *യന്ത്രം* വയലാർ അവാർഡും സാഹിത്യ പ്രവർത്തക അവാർഡും നേടി. ഒരു ഡസനിലേറെ നോവലുകളും ഇരുനൂറിൽപ്പരം ചെറുകഥകളും ഏതാനും തിരക്കഥകളും എഴുതിയിട്ടുണ്ട്. കാർട്ടൂണിസ്റ്റ്, ചിത്രകാരൻ എന്നീ നിലകളിലും പ്രശസ്തനായിരുന്നു. 1997 ഡിസംബർ 27–ന് അന്തരിച്ചു.

**മലയാറ്റൂർ രാമകൃഷ്ണന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

*നോവൽ*

യന്ത്രം
യക്ഷി
ഡോക്ടർ വേഴാമ്പൽ
ദ്വന്ദ്വയുദ്ധം
മൃദുലപ്രഭു
രക്തചന്ദനം
അമൃതംതേടി
വേരുകൾ
അനന്തയാത്ര
സ്വരം
മൃതിയുടെ കവാടം
ആറാംവിരൽ
നെട്ടൂർമഠം
ശിരസ്സിൽ വരച്ചത്

*കഥ*

ബ്രിഗേഡിയർ കഥകൾ
ബ്രിഗേഡിയറും പെൺമറുകും
ബ്രിഗേഡിയറുടെ തിരിച്ചുവരവ്
അതിരിൽ പൂത്തുനിന്ന മരങ്ങൾ
ഹംസനും വത്സനും കേസ് ഡയറി
ബ്രിഗേഡിയറും പാപ്പരാസികളും
കഥകൾ മലയാറ്റൂർ

*സ്മരണ*

സർവ്വീസ് സ്റ്റോറി – എന്റെ ഐ.എ.എസ്. ദിനങ്ങൾ
ഓർമ്മകളുടെ ആൽബം

മലയാറ്റൂർ രാമകൃഷ്ണൻ

# യക്ഷി

ഡി സി ബുക്സ്

MALAYALAM LANGUAGE
Yakshi

LITERATURE/NOVEL
*by* Malayattoor Ramakrishnan

Rights Reserved

First Published November 1967
First DCB Edition August 1995
This Edition- May 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA

Ramakrishnan, Malayattoor.
Yakshi/Malayattoor Ramakrishnan.
176p., 21cm.
ISBN 81-713-0500-8.
1. Malayalam novel. I. Title.
8M3*-dc22.
*(This is local variation of DDC number for Malayalam literature: Yakshi.)

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-713-0500-8

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹. 150.00

111/16-17-Sl.No. 15363-dcb 1602-(20) 2000-3586-05-16-Itc. 17.0-p ns-r(t) vu-d(t)ga.

യക്ഷി

# എന്റെ മുഖം

ഞാൻ ഇതെഴുതുന്നത് ഒരു ഭ്രാന്താശുപത്രിയിൽവച്ചാണ്. ഞാൻ ഇവിടെ വന്നിട്ട് ഒരാഴ്ചയായി. എനിക്കു വല്ലാത്ത 'മെന്റൽ ഷോക്ക്' ഏറ്റിട്ടുണ്ടെന്നും ഇവിടെ കുറെ ദിവസം താമസിക്കുന്നതു നല്ലതാണെന്നും ആശുപത്രി സൂപ്രണ്ട് പറയുന്നു.

എനിക്കു ഭ്രാന്താണെന്ന് അദ്ദേഹം കരുതുന്നുണ്ടോ? ആ വാക്ക് ഉപയോഗിക്കാൻ മടിച്ചിട്ടാണോ 'മെന്റൽ ഷോക്ക്' എന്നു പറഞ്ഞത്? ആയിരിക്കാം. വാക്കുകൾകൊണ്ട് ചെപ്പടിവിദ്യകൾ കാണിക്കുന്നവരാണു നാം. വ്രണങ്ങൾ വർണക്കടലാസുകൊണ്ട് പൊതിയാനാണു നമുക്കാഗ്രഹം. കുഷ്ഠത്തിനു നാം 'ഹാൻസന്റെ രോഗം' എന്നു പേരിടുന്നു. അപ്പോൾ തനിക്കിറുക്കിനു 'മെന്റൽ ഷോക്ക്' എന്ന പര്യായവുമാകാം.

എനിക്കു കിറുക്കൊന്നുമില്ല. പക്ഷേ, അങ്ങനെ വെട്ടിത്തുറന്നു പറയാൻ ഞാൻ ഭയപ്പെടുന്നു. ഇവിടെ സംശയാതീതമാംവണ്ണം ഭ്രാന്തു പിടിപെട്ടവർ താമസിക്കുന്നുണ്ട്. അവരെല്ലാം പറയുന്നത് അവർക്ക് ഭ്രാന്തില്ലെന്നാണ്. അങ്ങനെ പറയുന്നതുതന്നെ ഭ്രാന്തിന്റെ ലക്ഷണമാണത്രെ. ഞാൻ മിണ്ടാതിരിക്കയാണ് നല്ലത്.

ഇന്നലെ ചന്ദ്രശേഖരൻ ഇവിടെ വന്നിരുന്നു. വളരെ നേരം കളിയും തമാശയും പറഞ്ഞുകൊണ്ടിരുന്നു.

എനിക്കു ഭ്രാന്താണെന്ന് ചന്ദ്രശേഖരൻ വിചാരിക്കുന്നുണ്ടോ? അവന്റെ കളിയും ചിരിയും എനിക്ക് ഉത്സാഹമുണ്ടാക്കാനുള്ള പരിശ്രമമായിരുന്നോ? പിരിയുന്നതിനുമുമ്പ് അവൻ ചോദിച്ചു: "ഇവിടെനിന്നും വേഗം പുറത്തുവരണമെന്നില്ലേ?''

ഇല്ലെന്നു ഞാൻ പറഞ്ഞപ്പോൾ അവന്റെ മുഖം വാടി. "നിനക്കു വേഗം സുഖമാകും.... ഭയപ്പെടാതിരിക്കൂ!'' അവൻ പറഞ്ഞു.

ഞാൻ പൊട്ടിച്ചിരിച്ചു.

ഭയമോ! എനിക്കോ! ആ യക്ഷിയമ്പലത്തിനടത്തുവച്ചുണ്ടായ സംഭവത്തെ അതിജീവിച്ച എനിക്കു ഭയമോ?

ചന്ദ്രശേഖരൻ ഇറങ്ങിയപ്പോൾ ഞാൻ കൈതട്ടി വിളിച്ചു. എനിക്ക് കുറെ കടലാസു വേണം, എന്റെ പേനയും. വരുമ്പോൾ കൊണ്ടുവന്നില്ല. നടന്ന സംഭവങ്ങളൊക്കെ എഴുതിവയ്ക്കണമെന്നുണ്ട്. സമയം പോകാൻ വേണ്ടി മാത്രമല്ല, മനസ്സിന്റെ ഭാരം ഇറക്കിവയ്ക്കാനുംകൂടിയാണ്.

എന്റെ മനസ്സിനു വല്ലാത്ത ഭാരം തോന്നുന്നു.

ഇന്നു രാവിലെ കാൽ റീം വെള്ളക്കടലാസും പേനയും ചായപ്പെൻസിലുകളും ചന്ദ്രശേഖരൻ ഇവിടെ എത്തിച്ചുതന്നു. ഞാൻ വല്ലപ്പോഴുമൊക്കെ ചിത്രങ്ങൾ വരയ്ക്കാറുണ്ട്. അക്കാര്യം അവൻ ഓർമ്മിച്ചിരിക്കുന്നു. എത്ര നല്ലവനാണവൻ! ഈയൊരു സഹായം ചെയ്തതുകൊണ്ടു ഞാൻ പറയുന്നതല്ല. കോളേജിലെ സ്റ്റാഫംഗങ്ങളിൽവച്ച് എനിക്കേറ്റവും പ്രിയപ്പെട്ടവൻ അവനാണ്. ഞങ്ങൾ ഒന്നിച്ചാണു കോളേജിൽ ചേർന്നത്. അവൻ ബോട്ടണി ലക്ചററാണ്. എന്റെ വിഷയം രസതന്ത്രമാണ്.

കടലാസും പേനയും ചായപ്പെൻസിലുകളും വന്നുചേർന്ന് അല്പം കഴിഞ്ഞപ്പോൾ ആശുപത്രി സൂപ്രണ്ട് എന്റെ റൂമിൽ വന്നു. "എന്താ, എഴുതാനും വരയ്ക്കാനും ഭാവിക്കയാണോ? ചന്ദ്രശേഖരൻ പറഞ്ഞു...." അദ്ദേഹം സംസാരിച്ചു.

"എന്റെ മനസ്സിലുള്ളതു മുഴുവനും കടലാസിലാക്കണമെന്ന് എനിക്കു തോന്നുന്നു ഡോക്ടർ!'' ഞാൻ പറഞ്ഞു.

"കൊള്ളാം! ഗോ എഹെഡ്!'' പ്രോത്സാഹിപ്പിക്കാനെന്നവണ്ണം എന്റെ മുതുകിൽ തട്ടിക്കൊണ്ട്, അദ്ദേഹം പുഞ്ചിരിച്ചു.

നല്ല മനുഷ്യനാണ് ഡോക്ടർ. എനിക്കിവിടെ പൂർണ്ണമായ സ്വാതന്ത്ര്യം തന്നിരിക്കുന്നു. വെളിയിൽനിന്നും എനിക്ക് ആഹാരം കൊണ്ടുവരാൻ ഏർപ്പാടാക്കിയിട്ടുണ്ട്. എനിക്കു മാത്രമായി ഒരു മുറി തന്നിരിക്കുന്നു. ഒരു കട്ടിലുണ്ട്. പിന്നെ, മേശയും കസേരയും.

എനിക്കു തോന്നാറുണ്ട്, അദ്ദേഹം ഒരു നല്ല മനുഷ്യൻ മാത്രമല്ല, ഒരത്ഭുതംകൂടിയാണെന്ന്. എത്രയോ കാലമായി ഭ്രാന്തന്മാരുടെ സൂപ്രണ്ടാണ്. എന്നിട്ടും പുഞ്ചിരിക്കാനും തമാശപറയാനുമുള്ള കഴിവു കളഞ്ഞു കുളിച്ചിട്ടില്ല. അതൊരത്ഭുതമല്ലേ? ഒരുപക്ഷേ, അദ്ദേഹം ഭാവനാസമ്പന്നനായിരിക്കയില്ല. അതുകൊണ്ടാവണം, ഭ്രാന്തിന്റെ ലോകത്തിൽ സ്വസ്ഥബുദ്ധിയുടെ ഒരു ദീപസ്തംഭംപോലെ നില്ക്കാൻ അദ്ദേഹത്തിനു കഴിയുന്നത്. ഭാവന ചിലപ്പോൾ നമ്മുടെ ശത്രുവായിത്തീരാം. ഭാവനയുടെ മൂർദ്ധന്യത്തിനു ഭ്രാന്തെന്നു പേരിട്ടുകൂടേ?

അദ്ദേഹം പോയശേഷം ഞാൻ കസേരയിൽ ചെന്നിരുന്നു. കുറെ കടലാസുകൾ നിവർത്തിവച്ചു, പേനയെടുത്തു. എഴുതാൻ തോന്നിയില്ല.

ഒരു പടം വരയ്ക്കണമെന്നു തോന്നി. ഞാൻ ചായപ്പെൻസിലുകളെടുത്തു.

അതിവികൃതമായ ഒരു മുഖമാണു ഞാൻ വരച്ചത്. ഭയാനകമായ, ബീഭത്സമായ ഒരു മുഖം. അതിനെ മുഖമെന്നു വിളിക്കാമോ? ഒരു മുഖത്തിന്റെ പ്രേതമെന്നു വേണമെങ്കിൽ വിളിക്കാം.... ചലിക്കുന്ന ഒരു തലയോട്.

അതിന്റെ ചുവടെ ഞാനെഴുതി:

"സെൽഫ് പോർട്രെയിറ്റ്.''

എന്തുകൊണ്ടെന്നോ? ഈ കടലാസിൽ രൂപംകൊണ്ട മുഖം എന്റേതാണ്.

പണ്ട്, എന്നുവച്ചാൽ ഏതാണ്ട് ഒന്നൊരക്കൊല്ലം മുമ്പ്, എന്റെ മുഖം സുന്ദരമായിരുന്നു. മാംസംകൊണ്ടു പൊതിയപ്പെട്ടതായിരുന്നു. ചുവന്നു തുടുത്തിരുന്നു. എന്റെ സൗകുമാര്യം എത്രയോ ആളുകളുടെ അസൂയയ്ക്കു പാത്രമായിരുന്നു. കോളേജുകുമാരികൾ പിറുപിറുക്കുന്നതു കേട്ടിട്ടുണ്ട്: "ശ്രീനിസ്സാർ എത്ര 'ഹാൻസം' ആണ്!"

കുറെനേരം ഞാൻ ചിത്രത്തിൽ നോക്കിയിരുന്നു. പിന്നീട് അത് ചുരുട്ടിക്കൂട്ടി തറയിലെറിഞ്ഞു. എന്തിനാണു ഞാൻ എന്റെ മുഖം കടലാസിൽ പകർത്തുന്നത്? രേഖകളും വർണങ്ങളുമുപയോഗിച്ച് അതിന്റെ വൈരൂപ്യം പ്രകടമാക്കാൻ എനിക്കു വൈഭവം പോര. അതുകൊണ്ടു ഞാൻ എഴുതാൻ തുടങ്ങുന്നു.

എന്റെ മുഖത്തെപ്പറ്റിത്തന്നെ.

ഒന്നരക്കൊല്ലങ്ങൾക്കുമുമ്പ്, ഞാൻ ലാബറട്ടറിയിൽ പ്രവൃത്തിയെടുക്കുമ്പോൾ ആസിഡ് നിറച്ച ഒരു ഫ്ലാസ്ക്ക് പൊട്ടിത്തെറിച്ചു. ഞാൻ കുനിഞ്ഞു നോക്കി നില്ക്കുമ്പോഴാണ്, അതു സംഭവിച്ചത്. രണ്ടു കൈയുംകൊണ്ടു ഞാൻ മുഖം പൊത്തിപ്പിടിക്കാൻ ശ്രമിച്ചു. ഞാൻ തറയിൽ വീണു. ഉരുണ്ടു പിടച്ചു.

കണ്ണുകൾ നഷ്ടപ്പെട്ടില്ല. പക്ഷേ, ഇടതുകവിളിലെ മാംസം, ആസിഡ് കാർന്നു തിന്നുകളഞ്ഞു—ആഴത്തിൽത്തന്നെ. വലതുകവിളിൽ അത്ര തന്നെ പറ്റിയില്ല.

നാലാഴ്ചക്കാലം ആശുപത്രിയിൽ ചെലവാക്കിയശേഷം, മുഖം നിറയെ ബാൻഡേജുമായി പുറത്തുവരുമ്പോൾ ഞാൻ എന്റെ ഡോക്ടറോടു ചോദിച്ചു: "വല്ലാത്ത 'സ്കാർ' ഉണ്ടാവുമോ, ഡോക്ടർ?"

അങ്ങനെ ആ നാലാഴ്ചക്കാലം ഞാൻ എത്രയോ തവണ ചോദിച്ചിട്ടുണ്ട്. ഒരേ മറുപടിയാണ് ഡോക്ടർ പറഞ്ഞുപോന്നത്. 'നോട്ട് മച്ച്'....അത്രയധികമുണ്ടാവില്ല...

ആ മറുപടിതന്നെ കിട്ടി. ഒരാഴ്ച കഴിഞ്ഞ് ആശുപത്രിയിലേക്കു മടങ്ങിച്ചെല്ലാൻ പറഞ്ഞു.

ആശയ്ക്കു വഴിയില്ലെന്ന് എനിക്കു തോന്നി. ഇടതുകവിളിൽ ആഴത്തിൽത്തന്നെ ദശ പോകും. മുഖത്തിനു ബീഭത്സഭാവം നൽകുന്ന വടുക്കൾ അവിടെ പ്രത്യക്ഷപ്പെടും. വലതുകവിൾ വലിയ ചേതം പറ്റാതെ രക്ഷപ്പെട്ടേക്കാം. മൂക്കിന്റെ നടുവിൽ, ഇടയ്ക്കിടെ, സൂചി കയറ്റുന്നതുപോലെ വേദനിച്ചു. ആശുപത്രിയിൽവച്ച്, ബാൻഡേജ് അഴിച്ചുകെട്ടുമ്പോഴെല്ലാം 'ഒരു കണ്ണാടിയുണ്ടായിരുന്നെങ്കിൽ' എന്ന് ആഗ്രഹിച്ചിട്ടുണ്ട്. മുഖം കാണാൻ തിടുക്കമായിരുന്നു. തരമായില്ല. മുഖം അനാവരണം ചെയ്യുമ്പോൾ, പഴയ ബാൻഡേജിന്റെ ചുരുളുകൾ അഴിയുമ്പോൾ, ഡോക്ടർ അദ്ദേഹത്തിന്റെ കണ്ണട എടുത്തു മാറ്റാറുണ്ടായിരുന്നു. 'രസം' പുരട്ടിയ, കറുത്ത ചില്ലുള്ള കണ്ണടയാണ്. അതിന്റെ ചില്ലുകളിൽ മുഖം നോക്കാം.

അദ്ദേഹം എന്നോടു ദയകാണിക്കയായിരുന്നോ? അവസാനംവരെ ഒളിച്ചു കളിക്കുകയായിരുന്നു, അദ്ദേഹം.

അങ്ങനെ മുഖംനിറയെ ബാൻഡേജുമായി വീട്ടിലെത്തി. പ്രധാന നിരത്തിൽനിന്നും പിരിഞ്ഞശേഷം, ആളുകളെ ബുദ്ധിമുട്ടിക്കണമെന്ന മനഃപൂർവ്വമായ ഉദ്ദേശ്യത്തോടെ അനന്തമായി വളഞ്ഞുപുളഞ്ഞു പോകുന്ന ഒരു ഇടവഴിയുടെ വക്കത്താണ് എന്റെ വാടകവീട്. ആ ഇടവഴിയിൽ കടക്കുമ്പോഴെല്ലാം, കുട്ടികളുടെ മാസികകളിൽ കാണാറുള്ള ഒരു പ്രശ്നചിത്രം ഓർമ്മ വരും. ചിത്രത്തിന്റെ ചുവട്ടിൽ, ഇടതുമൂലയിൽ, ഒരു കുട്ടി നില്ക്കുന്നു. മുകളിൽ വലതുഭാഗത്ത് ഒരു വീടുണ്ട്. ഇടയ്ക്ക് അഴിഞ്ഞുവീണ ഒരു നൂലുണ്ടപോലെ കെട്ടുപിണഞ്ഞുകിടക്കുന്ന ഒട്ടേറെ പാതകൾ. ഒരു നൂലുപോലും മുറിച്ചുകടക്കാതെ കുട്ടി വീട്ടിലെത്തണം.

എന്നെ അന്വേഷിച്ച്, വീട്ടിൽ ആദ്യമായി വരുന്ന പരിചയക്കാരോടു ഞാൻ ചോദിക്കാറുണ്ട്: “നൂലിൽ കുരുങ്ങാതെ വന്നെത്തി, എന്താ?”

നാട്ടിൽനിന്നും ഒരു വയ്പുകാരൻ പയ്യനെ ഞാൻ കൊണ്ടുവന്നിരുന്നു. ആശുപത്രിയിലായപ്പോൾ അവനെ പറഞ്ഞയച്ചു. അതുകൊണ്ട്, എന്നെ സ്വാഗതം ചെയ്യാൻ ആരുമുണ്ടായിരുന്നില്ല.

ഗേറ്റ് തുറന്ന് ഞാൻ അകത്തുകടന്നു.

വീതികുറഞ്ഞ മുറ്റത്ത്, കാടുപോലെ പുല്ലുവളർന്നിരുന്നു. വലതുഭാഗത്ത്, മൂലയിൽ നിന്നിരുന്ന പാലമരത്തിന്റെ തടിയിൽ ആരോ ആഞ്ഞു വെട്ടിയിട്ടുണ്ട്. തോലിളകിനില്ക്കുന്നു. അടുത്തുള്ള കുസൃതിക്കുട്ടികളാരെങ്കിലും പറ്റിച്ച പണിയാവണം. വെട്ടേറ്റ ഭാഗത്ത്, പാലമരത്തിനു വടുക്കളുണ്ടാവും; എന്റെ മുഖത്തിനെന്നപോലെ.

എന്റെ ആഫീസ്മുറിയിൽ ഞാൻ കയറി. എങ്ങും പൊടിയും മാറാലയുമാണ്. എങ്ങനെ ഇത്രയും പൊടിയും ചിലന്തിവലയും വന്നുകൂടി? ആൾതാമസമില്ലെങ്കിൽ, മേൽനോട്ടമില്ലാത്ത കുട്ടികളെപ്പോലെ, മുറികൾ തോന്ന്യാസം കാണിച്ചുകളയും. തെങ്ങുകളെപ്പറ്റി അമ്മ പറയാറുള്ള കാര്യം ഞാനോർമ്മിച്ചു; ആളുകളുടെ ശബ്ദം എപ്പോഴും കേട്ടുകൊണ്ടിരുന്നാൽ, തെങ്ങു നല്ല ഫലം നൽകുമത്രേ. അതുകൊണ്ടാണ് വീടുകൾക്കരികിൽ നില്ക്കുന്ന തെങ്ങുകൾ നല്ലപോലെ കായ്ക്കുന്നത്. കെട്ടിടങ്ങൾക്കും വേണമായിരിക്കാം മനുഷ്യന്റെ ശബ്ദവും ചൂടും.

ജനലിന്റെ കർട്ടൻ ഞാൻ നീക്കി. വലിയ ജനലാണ്, നാലു കണ്ണാടിപ്പാളികളുണ്ട്. ഓരോന്നും പ്രത്യേകം തുറക്കാം. അവയ്ക്കു പിന്നിൽ നെടുകെ കമ്പയഴികളുണ്ട്. ജനലിനു സമീപം ഒരു റോസപ്പടർപ്പു നില്ക്കുന്നു. രണ്ടു കൊല്ലം മുമ്പ്, ആരോ തന്ന ഒരു റോസക്കമ്പ് ജനലിനു വെളിയിൽ, മുറ്റത്തു കുത്തിനിറുത്തി. പിന്നെ അതിനെപ്പറ്റി മറന്നുകളഞ്ഞു. ഓർമ്മിപ്പിക്കാനെന്നവണ്ണം, ഒരു പ്രഭാതത്തിൽ, റോസിന്റെ വളരുന്ന കമ്പ് ഉടൽനീളം കൂടിയ ചോദ്യചിഹ്നംപോലെ,

മുറിയിലേക്കു തലനീട്ടുന്നതു കണ്ടു. അതിന്റെ തലയിൽ ഒരു കയറുകെട്ടി. ജനലിന്റെ ഏറ്റവും മുകളിലുള്ള കമ്പിയഴിയിൽ ബന്ധിച്ചു. റോസ് പടർന്നു പന്തലിച്ചു. അതിൽ ഒരു പക്ഷി കൂടുകെട്ടി. ഒരു ചെറിയപക്ഷി. ഒരു അടയ്ക്കയുടെ വലിപ്പംപോലുമില്ല. നീണ്ട മൂക്ക്. ഒരു സൂചി പോലെ—ഉടലോളംതന്നെ നീളമുള്ള കൂർത്തമൂക്ക്. പക്ഷി മുട്ടയിട്ടു. രണ്ടു ചെറിയ മുട്ടകൾ. എന്നും മേശയ്ക്കരികിലിരുന്നുകൊണ്ട് ഞാൻ പക്ഷിക്കൂടു നോക്കും. മുട്ടകൾ വിരിഞ്ഞു. തള്ളപ്പക്ഷി കൂടിനരികിൽ പറന്നുനിന്നുകൊണ്ട്, അകത്തു വായുംപൊളിച്ചിരിക്കുന്ന നിസ്സഹായരായ കുഞ്ഞുങ്ങൾക്ക് ആഹാരം കൊടുത്തുപോന്നു. വയറിലും, ചിറകിന്റെ അടിഭാഗത്തിലും മഞ്ഞ നിറമുള്ള തള്ളപ്പക്ഷി, അങ്ങനെ കൂടിന്റെ ദ്വാരത്തിനരികിൽ ചിറകടിച്ചു നില്ക്കുമ്പോൾ, എനിക്കു തോന്നും അതൊരു പുതിയതരം ഹെലികോപ്ടറിന്റെ മോഡലാണെന്ന്. അങ്ങനെ രണ്ടു തവണ പക്ഷി കൂടുകെട്ടി, മുട്ട വിരിച്ചു. ലാബറട്ടറിയിലെ അപ കടത്തിനു മുൻപ്, പക്ഷി മൂന്നാമത്തെ തവണ റോസക്കമ്പിൽ കൂടു കെട്ടിയിരുന്നു.

ഞാൻ ജനലിനരികിൽ നിന്നുകൊണ്ടു വെളിയിലേക്കു നോക്കി. കൂടു പൊളിഞ്ഞുനില്ക്കുന്നു. അകത്തൊന്നുമില്ല. കൂടിന്റെ വയ്ക്കോൽ ത്തുരുമ്പുകളും കരിയിലക്കഷണങ്ങളും ഒറ്റതിരിഞ്ഞു ദ്രവിച്ചിരിക്കുന്നു. അടുത്തുള്ള കുട്ടികളാരെങ്കിലും, കൂട്ടിൽ കൈയിട്ടുവോ? മുട്ടകൾ ഉണ്ടായിരുന്നോ? ഇനി പക്ഷി ഇവിടെ കൂടുകെട്ടാൻ വരുമോ?

വരികയില്ലെന്നു വിചാരിച്ചപ്പോൾ, ലേശം ദുഃഖം തോന്നി. ആ പക്ഷിയും കൂടും പല പ്രഭാതങ്ങളിലും എന്റെ കൂട്ടുകാരായിരുന്നു—സമയം ചെലവാക്കാൻ സഹായിച്ചിരുന്ന ചങ്ങാതിമാർ.

എന്തോ വന്നു കാലിൽ നക്കിയപ്പോൾ ഞാൻ തിരിഞ്ഞുനോക്കി. അടുത്ത വീട്ടിലെ അനന്തന്റെ 'പോമറേനിയൻ' പട്ടി. ഒരു മെഡിക്കൽ സ്റ്റോർ നടത്തുകയാണ് അനന്തൻ. മരുന്നുവില്പന കഴിഞ്ഞാൽ, പ്രധാന തൊഴിൽ നായ്ക്കളെ വളർത്തുകയാണ്. രണ്ടെണ്ണമുണ്ട്. ഒന്ന്, കറുത്തുകൊഴുത്ത ഒരു അൽസേഷ്യൻ—ബ്രൂണോ. രണ്ടാമത്തേത് ഈ പോമറേനിയനാണ്—ജൂഡി. അൽസേഷ്യൻ ഇങ്ങോട്ടു കടക്കാറില്ല. പക്ഷേ, ജൂഡി നിത്യസന്ദർശകയാണ്. നേരേ വന്ന് എന്റെ മടിയിൽ ചുരുണ്ടുകൂടും. വെള്ളരോമങ്ങൾക്കിടയിൽനിന്നും, കുസൃതിനിറഞ്ഞ കറുത്ത മൂക്കിൻതുമ്പും ആരാധന നിറഞ്ഞ വലിയ കണ്ണുകളും കാണാം.

ഞാൻ കുനിഞ്ഞുകൊണ്ട്, ജൂഡിയെ വാരിയെടുത്തു. ജൂഡി താഴെ ചാടി.

'യെൽ യെൽപ്...യെൽയെൽപ്!' കുറേനേരം എന്നെ തുറിച്ചുനോക്കി ക്കൊണ്ട് അവൾ കുരച്ചു.

"നിനക്കെന്നെ മനസ്സിലായില്ലേ, ജൂഡീ? ഞാൻതന്നെ! എന്റെ ബാൻ ഡേജ് കണ്ടു നീയങ്ങു ഭയന്നോ?" ഞാൻ ജൂഡിയോടു സംസാരിച്ചു.

ഓരോ വാക്കും മനസ്സിലായിട്ടെന്നവണ്ണം, ജൂഡി മുന്നോട്ടുവന്നു. വാലാട്ടിക്കൊണ്ട്, എന്റെ പാദത്തിൽ അവൾ തുടരെ നക്കി.

എന്തൊരു സ്നേഹമാണ് ഈ മൃഗത്തിന്! ആശുപത്രിയിൽ ഞാൻ കിടന്നിരുന്നപ്പോൾ, ജൂഡി ഇവിടെ പതിവായി വന്നിരിക്കാം. മനുഷ്യന്റെ ഏറ്റവും നല്ല സുഹൃത്ത് നായയാണെന്ന് ആദ്യമായി പറഞ്ഞയാൾ, ഒരു വലിയ സത്യം കണ്ടെത്തുകയായിരുന്നു. ജൂഡിക്കു സ്നേഹിക്കാനേ അറിയാവൂ എന്നു ഞാനോർമ്മിച്ചു. അവൾക്കു സഹതപിക്കാനറിഞ്ഞുകൂടാ.

മറ്റെല്ലാവർക്കും സഹതാപമാണു നൽകാനുള്ളത്. ആശുപത്രിയിൽ കൂടക്കൂടെ വന്നിരുന്ന കോളേജിലെ സഹപ്രവർത്തകരും അനന്തനും എന്നോടു സഹതപിച്ചു. അവരുടെ സഹതാപം എന്നെ വല്ലാതെ തളർത്തി. ലാബറട്ടറിയിലെ അപകടത്തിനു മുൻപു ഞാൻ കോളേജ് സ്റ്റാഫിലെ ഏറ്റവും സുമുഖനായ ചെറുപ്പക്കാരനായിരുന്നല്ലോ. പെൺകുട്ടികൾക്കെല്ലാം എന്നെച്ചൊല്ലിയുള്ള കമ്പം എത്ര കലശലായിരുന്നു! ചെറുപ്പക്കാരായ എന്റെ സഹപ്രവർത്തകർക്ക് എന്നോടല്പം അസൂയ തോന്നിപ്പോന്നു. അതു സുഖകരമായ ഒരവസ്ഥയായിരുന്നു. പക്ഷേ, ഞാൻ ആരോടും വമ്പുപറഞ്ഞില്ല. ഒതുങ്ങിനടന്നു. കരുതിനടന്നു. റൊമാൻസല്ല, കെമിസ്ട്രിയാണ് എന്റെ തൊഴിൽ എന്ന് എപ്പോഴും ഓർമ്മിച്ചിരുന്നു.

എങ്കിലും രക്ഷപ്പെടാനായില്ല. ഒരു കാമുകിയുണ്ടായി—ലിറ്ററേച്ചർ ഓണേഴ്സിനു പഠിക്കുന്ന വിജയലക്ഷ്മി.

ഒരിക്കൽപ്പോലും അവൾ എന്നെക്കാണാൻ ആശുപത്രിയിൽ വന്നില്ല. മറ്റു പെൺകുട്ടികളുടെ നാവിനെ ഭയന്നാവാമെന്നു ഞാൻ കരുതി. വിജയലക്ഷ്മിക്കും സഹതാപം നല്കാനുണ്ടാവും. വരാനിരിക്കുന്ന എന്റെ വൈരൂപ്യത്തെ ഓർത്ത് എല്ലാവരും മുൻകൂട്ടി സഹതപിക്കുന്നു!

ബാൻഡേജുകൾ അഴിക്കുമ്പോൾ മുഖം എങ്ങനെയിരിക്കും? മൂക്കിന്റെ പാലത്തിൽ സൂചി കുത്തുന്നതുപോലുള്ള വേദന ഉയരുന്നതെന്ത്? ഇടതു കവിളെല്ല് എഴുന്നുനില്ക്കുമോ? മിനുസവും ചുവപ്പു നിറവുമുള്ള നേർത്ത തോലുകൊണ്ട് പൊതിഞ്ഞ തലയോടുപോലെയാവുമോ മുഖം? മുഖത്തിന്റെ ഒരു വശമെങ്കിലും?

മുഖം അവസാനമായി അനാവരണം ചെയ്യുമ്പോൾ വിജയലക്ഷ്മി എന്റെ സൗന്ദര്യത്തിന്റെ പട്ടട കാണും. കണ്ടാൽ എന്തു സംഭവിക്കും? അവൾ തിരിഞ്ഞോടുമോ? വേദനിപ്പിക്കുന്ന ചിന്തയായിരുന്നു അത്.

മാമ്പഴത്തെപ്പറ്റിയാണു കവികൾ പാടുന്നത്. മാങ്ങയണ്ടിയെപ്പറ്റിയല്ല. പ്രേമവും കവിതയും തോഴന്മാരാണ്. എന്റെ മുഖം, ആസിഡ് ചവച്ചുതുപ്പിയ മാങ്ങയണ്ടിപോലെയാവുമ്പോൾ, വിജയലക്ഷ്മി കൂടെ നില്ക്കുമോ? കവികൾ പാടാറുള്ള 'അനശ്വരപ്രണയം' ജീവിതത്തിലുണ്ടോ? പ്രണയം മാംസനിബദ്ധമല്ലേ? വിജയലക്ഷ്മിയെ എന്നോടടുപ്പിച്ചത് എന്റെ തൊലിപ്പുറമേയുള്ള സൗന്ദര്യമല്ലേ?

ഒരാഴ്ച കഴിഞ്ഞു. കെട്ടുകൾ അഴിക്കേണ്ട ദിവസമായി. ഞാൻ ആശുപത്രിയിൽ ചെന്നു. ഡോക്ടർ പറഞ്ഞു: “ബി ബ്രേവ്, ശ്രീനിവാസൻ!... ധൈര്യമായിരിക്കണം....''

അപ്പോൾ, മുഖത്തിന്റെ വൈരൂപ്യം അതിഭയങ്കരമായിരിക്കും. ഡോക്ടർ ഒളിച്ചുകളി അവസാനിപ്പിച്ചിരിക്കുന്നു.

ബാൻഡേജ് അഴിച്ചുകഴിഞ്ഞപ്പോൾ ഡോക്ടർപോലും ഞെട്ടിയെന്നു തോന്നി. എന്റെ തോളിൽ കൈവച്ചുകൊണ്ട്, അദ്ദേഹം പറഞ്ഞു: “ഐ ആം സോറി, ശ്രീനിവാസൻ... മുഖത്തിന്റെ പകുതി നഷ്ടപ്പെട്ടിരിക്കുന്നു. പക്ഷേ, ധൈര്യമായിരിക്കൂ... ബ്യൂട്ടി ഈസ് ഒൺലി സ്കിൻ ഡീപ്പ്... പ്രത്യേകിച്ചും ഒരു പുരുഷന്!”

ഒന്നും പറയാതെ, ഞാൻ വാഷ്ബേസിനു മുകളിൽ തറച്ചിരുന്ന വലിയ കണ്ണാടിയുടെ നേർക്കു നടന്നു.

അതിവികൃതമായ ഒരു മുഖം എന്നെ കണ്ണാടിയിൽനിന്നും തുറിച്ചു നോക്കി. ഭയാനകമായ, ബീഭത്സമായ ഒരു മുഖം. ഇടതുപുരികം എന്നെന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. പുരികമില്ലാത്ത കണ്ണ് മുന്നോട്ടു ചാടി നില്ക്കുന്നതായി തോന്നി—ഒരു ഞെട്ടിന്റെ അറ്റത്തു പിടിപ്പിച്ചതു പോലെ. ഇടതുകവിൾ കാണാനില്ല. കവിളെല്ല്, ചുവന്നു നേർത്ത തൊലി പൊളിച്ച് ഏതു നിമിഷത്തിലും പുറത്തുചാടിക്കളയുമെന്ന മട്ടിൽ നില്ക്കുന്നു. കവിളിലെ മാംസം—എന്നുവച്ചാൽ, മിച്ചമുള്ള മാംസം—ഉരുകിയൊലിച്ച ഒരു മെഴുകുതിരിയെ അനുസ്മരിപ്പിച്ചു. മുഖം ആകപ്പാടെ, വലതുഭാഗത്തേക്കു കോടിപ്പോയിരുന്നു.

ഡോക്ടർ പറഞ്ഞതു ശരിയായിരുന്നില്ല. പകുതി മുഖം മാത്രമല്ല നഷ്ടപ്പെട്ടിരുന്നത്. മൂക്കിന്റെ പാലം തകർന്നിരുന്നു. പൊട്ടിയ എല്ല് കൂടുമായിരിക്കാം. എങ്കിലും, ആ മൂക്ക് ഇനിയൊരിക്കലും ഉയരുകയില്ല. അത് എന്നെന്നേക്കുമായി ചതഞ്ഞുപോയിരിക്കുന്നു. വലതുകവിൾത്തടത്തിലെ പൊള്ളൽ ഉണങ്ങിയിട്ടുണ്ട്. വടുക്കളില്ല. അങ്ങിങ്ങു ചുവന്ന പൊട്ടുകളുണ്ട്. ആ നിറം മാറിക്കൊള്ളും. മൂക്കു ചതഞ്ഞില്ലായിരുന്നുവെങ്കിൽ, പകുതി മുഖമെങ്കിലും മിച്ചം കിട്ടിയേനെ. ഇപ്പോൾ എനിക്കു മനുഷ്യന്റെ മുഖം നഷ്ടപ്പെട്ടിരിക്കുന്നു. കരയണമെന്നു തോന്നി. കണ്ണുനീർ വന്നില്ല. കണ്ണാടിയിൽ കണ്ട മുഖം ശരീരത്തിന്റെ ഓരോ സെല്ലിലും ആഘാതമേല്പിച്ചുകളഞ്ഞു—കണ്ണുനീർഗ്രന്ഥികളിലും.

മുഖം നഷ്ടപ്പെട്ട ഞാൻ വീട്ടിലേക്കു മടങ്ങി. കുറേ ആഴ്ചകൾകൂടി അവധിയെടുത്തു. ഈ മുഖം എങ്ങനെ വെളിയിൽ കാണിക്കും? എങ്ങനെ ഇനി കോളേജിൽ പോകും? എങ്ങനെ കുട്ടികളെ നോക്കും? നാടുവിട്ടു പോയാലെന്തെന്നുപോലും തോന്നി. എവിടെപ്പോകാനാണ്? എന്തിൽനിന്നും ഒളിച്ചോടാനാണ്? വികൃതമായ മുഖത്തുനിന്നും ഒളിച്ചോടുക സാദ്ധ്യമാണോ? കണ്ണാടിയിൽ നോക്കാതെ കഴിയാൻ പറ്റുമോ? പറ്റുമെങ്കിൽത്തന്നെ മറ്റുള്ളവരെക്കാണാതെ ജീവിക്കുന്നതെ

ങ്ങനെ? എന്റെ മുഖം കാണുമ്പോൾ ആളുകൾ ഞെട്ടും. ചിലർ സഹതപിക്കും. മറ്റുചിലർ വെറുപ്പു പ്രകടിപ്പിക്കും. വികാരമെന്തായാലും, അവരുടെ മുഖങ്ങളിൽ അതു നിഴലിക്കും. അങ്ങനെ ലോകത്തുള്ളവരെല്ലാം എന്റെ കണ്ണാടികളായി മാറും.

എങ്കിലും, ഒട്ടൊക്കെ ഒതുങ്ങി ജീവിക്കാൻ കഴിയും. ടെന്നീസ് കോർട്ടിൽ പോകേണ്ട. എത്രയോ കാലമായി ഞാൻ കോളേജിലെ ഒന്നാംകിട ടെന്നീസ് കളിക്കാരനാണ്. ഈ മുഖം പ്രദർശിപ്പിച്ചുകൊണ്ട്, ആ വേഷം ഇനി ആടാൻ വയ്യ. നാടകവേദിയുമായുള്ള ബന്ധവും അവസാനിപ്പിക്കാം. ഓ! അല്ലെങ്കിലും, ഇനി ആരു വിളിക്കാനാണ്, കഥാനായകന്റെ ഭാഗം അഭിനയിക്കാൻ!

ഞാൻ ആശങ്കയോടെ കാത്തിരുന്നു. വിജയലക്ഷ്മി വന്നില്ല. ബുദ്ധി പറഞ്ഞു, വിജയലക്ഷ്മി ഇനി വരികയില്ലെന്ന്. എങ്കിലും ഹൃദയം മന്ത്രിച്ചു: അവൾ വരും. കഴിഞ്ഞ കാലം അവൾക്കു മറക്കാനൊക്കുമോ?

നീണ്ട ദിവസങ്ങൾ കടന്നുപോയി? എന്റെ ക്ഷമ നശിച്ചു. എന്തേ അവൾ വരാത്തത്? തേടിച്ചെന്നാലോ?

ഒടുവിൽ ഞാൻ അവളെ തേടിച്ചെന്നു. കോളേജ്വളപ്പിലെ മാഞ്ചുവട്ടിൽ ഞാൻ കാത്തുനിന്നു.

അധികനേരം നില്ക്കേണ്ടിവന്നില്ല. ഒരു സംഘം പെൺകുട്ടികളുടെ പൊട്ടിച്ചിരി കേട്ടു. മുൻപിൽ വിജയലക്ഷ്മിയുമുണ്ട്.

മാഞ്ചുവട്ടിൽനിന്നും ഞാൻ മൂന്നാലുചുവടു മുന്നോട്ടുനീങ്ങി. ഇപ്പോൾ അവൾ എന്നെ കാണും. നില്ക്കും. മറ്റു പെൺകുട്ടികൾ കടന്നുപോയശേഷം, ദീർഘനേരം സംസാരിക്കും.

പക്ഷേ, അവൾ നിന്നില്ല, എന്നെ കാണാഞ്ഞിട്ടല്ല. കണ്ടു. കണ്ണുകളിടഞ്ഞു. അവൾ തലകുനിച്ചുകളഞ്ഞു.

“വിജയാ!'' ഞാൻ വിളിച്ചു.

വിളിക്കേണ്ടായിരുന്നു. അവൾ വേഗംകൂട്ടി നടന്നുകളഞ്ഞു. ഓടിയെന്നുതന്നെ പറയാം.

കൂടെയുണ്ടായിരുന്ന പെൺകുട്ടികൾ ചിരിച്ചു. എന്റെ രണ്ടു കൈയും ഞാനറിയാതെ ഉയർന്നു. ഞാൻ ചെവി പൊത്തിപ്പിടിച്ചു. പിന്നെ മുഖവും. എന്തൊരു വിഡ്ഢിത്തമാണ് ഞാൻ കാണിച്ചത്! എന്തിനിങ്ങനെ ഒരു രംഗം സൃഷ്ടിച്ചു?

പെൺകുട്ടികൾ അടുത്തുവന്നു; ചിരിച്ചുകൊണ്ടുതന്നെ. തെറിച്ച പെൺകുട്ടികൾ! ഞാൻ കോളേജിലെ ഒരു അദ്ധ്യാപകനല്ലേ? അല്പമെങ്കിലും ബഹുമാനം കാണിക്കണമെന്ന് അവർക്കു തോന്നാത്തതെന്ത്? ബഹുമാനിച്ചില്ലെങ്കിൽ വേണ്ട—സഹതാപമെങ്കിലും?

“നമ്മുടെ ശ്രീനിസ്സാറല്ലേ?'' ഒരുത്തി കൂട്ടുകാരികളോടു ചോദിച്ചു.

പിന്നെയും ചിരി!

“നമ്മുടെ വിജയലക്ഷ്മി, സാറിനെ കണ്ടിട്ട് ഓടിക്കളഞ്ഞതെന്താ?'' മറ്റൊരുത്തിയുടെ ശബ്ദുമുയർന്നു.

വീണ്ടും കൂട്ടച്ചിരി.

ഞാൻ തല നിവർത്തിപ്പിടിച്ചു. ആ പെൺകുട്ടികളെ ഞാൻ തുറിച്ചു നോക്കി.

"അയ്യോ! കണ്ടാൽ പേടിയാകുന്നു!" ഭയം നടിച്ചുകൊണ്ട് ഒരു കുട്ടി പറഞ്ഞു.

ഞാൻ നോക്കി.

വനജയാണ്.

അവൾ ആനന്ദിക്കുകയായിരിക്കും. ശ്രീനിസ്സാറിന്റെ മുഖം നഷ്ടപ്പെട്ടിരിക്കുന്നു! ആയിരം കഷണങ്ങളായി നൂറുങ്ങിപ്പോയിരിക്കുന്നു.

തന്നോടൊരിക്കൽ സന്മാർഗ്ഗത്തെപ്പറ്റി പറഞ്ഞ ശ്രീനിസ്സാർ!

## പഴയ കാമുകി

വിജയലക്ഷ്മിയെ പ്രേമിക്കുന്നതിനുമുൻപു നടന്ന ഒരു സംഭവമായിരുന്നു അത്. കോളേജിൽനിന്നു പുറപ്പെട്ട ഒരു വിനോദയാത്രാസംഘത്തിന്റെ നേതാവ് ഞാനായിരുന്നു. കുളത്തുപ്പുഴക്കാടുകളിലേക്കാണു ഞങ്ങൾ പോയത്. കാട്ടിൽ ഞങ്ങൾ ചുറ്റിക്കറങ്ങി. ഭക്ഷണം കൊണ്ടുപോയിരുന്നു. മരണത്തണലിലിരുന്ന്, ഞങ്ങൾ പിക്നിക് ലഞ്ച് കഴിച്ചു.

കൈകഴുകാനായി, ഒരു പാറക്കെട്ടിനടുത്തുകൂടി ഒലിച്ചിരുന്ന അരുവിയിലേക്കു ഞാൻ നടന്നു. എനിക്കു മുൻപ് വനജ അവിടെ എത്തിയിരുന്നു. പാറയിൽ ചാഞ്ഞുകിടക്കുകയാണ് അവൾ. മുട്ടോളം സാരി ഉയർത്തിപ്പിടിച്ചിട്ടുണ്ട്. കാലുകൊണ്ട് അരുവിയിലെ വെള്ളം തട്ടിത്തെറിപ്പിക്കുകയാണ്. എന്നെക്കണ്ടിട്ടും ആ വിനോദം അവൾ തുടർന്നു. ഞാൻ തിരിഞ്ഞുനടക്കാൻ ഭാവിച്ചു. അപ്പോൾ വനജ പറഞ്ഞു: "സാറിന് ഇവിടെത്തന്നെ കൈകഴുകാം. ഞാൻ വെള്ളം തെറിപ്പിക്കില്ല."

ഞാൻ കൈകഴുകി. പാറയിൽ ചരിഞ്ഞുകിടന്നുകൊണ്ട് അവൾ എന്നെ നോക്കി. എന്നെ അസ്വസ്ഥനാക്കാൻ പോന്ന ഒരു പുഞ്ചിരി അവൾ ധരിച്ചിരുന്നു.

ഞാൻ കൈകഴുകിത്തീർന്നപ്പോൾ വനജ എഴുന്നേറ്റു.

"ഞാനും വരുന്നു സാർ." അവൾ പറഞ്ഞു.

മടങ്ങുമ്പോൾ അവൾ പെട്ടെന്നു നിന്നു, ഒരു പാറക്കഷണത്തിൽനിന്ന് അടുത്ത പാറക്കഷണത്തിൽ ചവിട്ടണമെങ്കിൽ, കഷ്ടിച്ച് ഒരടി ചാടണം. ഇടയ്ക്കു വെള്ളമാണ്.

"സാർ, എനിക്കു പേടിയാവുന്നു." വനജ കൈനീട്ടിക്കൊണ്ടു പറഞ്ഞു.

നെറ്റി ചുളിച്ചുകൊണ്ട്, ഞാൻ പറഞ്ഞു: "ചാടിക്കടക്കൂ!"

"സാർ, പ്ലീസ്... ബി എ സപ്പോർട്ട്!'' അവൾ കൈ പിൻവലിച്ചില്ല. ഒടുവിൽ, ഞാൻ അവളെ കൈയ്ക്കു പിടിച്ചുവലിച്ച്, അടുത്ത പാറയിൽ കടത്തിവിട്ടു.

അല്പം വിശ്രമിച്ചശേഷം ഞങ്ങളുടെ സംഘം വീണ്ടും കാട്ടിൽ ചുറ്റി ക്കറങ്ങി. ഞാൻ ഒരു ചൂരൽ പിഴുതെടുത്തു. വലിയ കിഴങ്ങുള്ള ഒരു ചൂരൽ.

"അതെന്താണു സാർ!'' എങ്ങുനിന്നോ വനജ വന്നെത്തി.

"ചൂരൽ!''

"എനിക്കു തരാമോ സാർ?''

ഞാൻ നല്കി.

വൈകുന്നേരമായപ്പോൾ ഞങ്ങൾ മടങ്ങാനൊരുങ്ങി. നാലു മൈൽ നടക്കണം, ഫോറസ്റ്റ് ബംഗ്ലാവിലേക്ക്. സ്പെഷ്യൽ ബസ്സ് അവിടെ കാത്തു കിടക്കുന്നുണ്ട്. അവിടെച്ചെന്നു ചായകഴിച്ചശേഷം പുറപ്പെടണം.

രണ്ടു മൈലോളം നടന്നപ്പോൾ, സംഘത്തിലെ പെൺകുട്ടികളിൽ പലരും ക്ഷീണിച്ചുപോയി. അപ്പോഴാണ് അതുവഴി ഒരു ബസ്സ് കടന്നു പോയത്.

പെൺകുട്ടികൾ കൈവീശിക്കാണിച്ചു. ബസ്സ് നിന്നു. കണ്ടക്ടർ വെളിയിലേക്കു തല നീട്ടിക്കൊണ്ടു പറഞ്ഞു: "എട്ടുപേർക്ക് സീറ്റുണ്ട്.''

"ഏറ്റവും ക്ഷീണം തോന്നുന്ന എട്ടുപേർ കയറട്ടെ.'' ഞാൻ പറഞ്ഞു.

കുറെ പെൺകുട്ടികൾ ബസ്സിലേക്ക് ഇരച്ചുകയറി. അവരിലൊരാൾ വനജയായിരുന്നു.

"ഞങ്ങൾക്ക് ഒരു എസ്കോർട്ട് വേണം, സാർ!'' വനജ വിളിച്ചുകൂവി.

"സാർ ബസ്സിൽ കയറണം. ഞങ്ങൾ നടന്നെത്തിക്കൊള്ളാം.'' ആൺ കുട്ടികൾ പറഞ്ഞു.

വെളിയിൽ നിന്നിരുന്ന പെൺകുട്ടികൾ ഒന്നടങ്കം കൈയടിച്ചു. പുഞ്ചിരിച്ചുകൊണ്ട്, ഞാൻ ബസ്സിൽ കയറി. ഇരിക്കാൻ സ്ഥലമില്ല. ഞാൻ കമ്പിയിൽ തൂങ്ങിനിന്നു.

അല്പം കഴിഞ്ഞപ്പോൾ മുട്ടിനു താഴെ, എന്തോ ഓടിനടക്കുന്നതുപോലെ തോന്നി. നോക്കി. അടുത്ത സീറ്റിൽ ഇരുന്നിരുന്ന വനജ ചൂരൽകൊണ്ട് എന്റെ പാന്റിൽ കളം വരയ്ക്കുകയാണ്. തിങ്ങിനിറഞ്ഞ ബസ്സിൽ മറ്റാരും അതു ഗൗനിച്ചില്ല. ഞാൻ പിന്നിലേക്കൊതുങ്ങി നില്ക്കാൻ ശ്രമിച്ചു. എന്നിട്ടും വനജ പിന്തിരിഞ്ഞില്ല. അപ്പോഴേക്കും ബസ്സ് ഫോറസ്റ്റ് ബംഗ്ലാവിനടുത്തെത്തി. ഞങ്ങൾ ഇറങ്ങി.

ഞാൻ മെല്ലെ നടന്നു. വനജയോട് ഒറ്റയ്ക്കു സംസാരിക്കാൻ അവസരം തേടുകയായിരുന്നു ഞാൻ. ഫോറസ്റ്റ് ബംഗ്ലാവിലേക്കുള്ള കയറ്റം കയറുമ്പോൾ എനിക്കു സന്ദർഭം കിട്ടി.

"വനജേ, ഇതൊന്നും നല്ലതല്ല—പറഞ്ഞേക്കാം!'' ആവുന്നത്ര ഗൗരവം നടിച്ചുകൊണ്ട് ഞാൻ പറഞ്ഞു.

"ഏതൊന്നും നല്ലതല്ല?'' അരികിലേക്കു നീങ്ങിക്കൊണ്ട് അവൾ ചോദിച്ചു.

"പെൺകുട്ടികൾക്കു കുറെ അടക്കം വേണം!''

"സാറിന്റെ വർത്തമാനം കേട്ടാൽ വലിയ സന്ന്യാസിയാണെന്നു തോന്നും!''

"അങ്ങനെതന്നെയിരിക്കട്ടെ.''

"സന്ന്യാസിമാർക്കും വ്രതം മുടക്കാം! ലെറ്റസ് ഹാവ് സം ഫൺ.'' മാദകമായ പുഞ്ചിരിയോടെ അവൾ എന്റെ മുതുകിൽ തൊട്ടു.

ഞാൻ അവളുടെ കൈ തട്ടിമാറ്റി.

"ഓ! ഒരു സന്മാർഗ്ഗി!'' അവൾ ചീറി. അപ്പോൾ അവളുടെ മുഖത്ത് വെറുപ്പും പുച്ഛവും അലതല്ലി.

"കണ്ടാൽ പേടിയാവുന്നു....'' വനജയുടെ ശബ്ദം ആ പെൺകുട്ടികളുടെ പൊട്ടിച്ചിരിയേക്കാളുച്ചത്തിൽ ഉയർന്നു. അവളുടെ മനോഭാവം വ്യക്തമായിരുന്നു: 'എനിക്കുവേണ്ടി ലാബറട്ടറിയിലെ ആസിഡ് പ്രതികാരം ചെയ്തിരിക്കുന്നു.'

ഞാൻ പരിക്ഷീണനായി മാഞ്ചുവട്ടിലേക്കു മടങ്ങി. പെൺകുട്ടികൾ നടന്നുമറയുന്നതുവരെ ഞാനവിടെ നിന്നു. പിന്നെ വളഞ്ഞുപുളഞ്ഞ ആ ഇടവഴി കടന്നു വീട്ടിൽ എത്തി.

മൂന്നാലു ദിവസങ്ങൾ ഞാൻ പുറത്തിറങ്ങിയതേയില്ല. വിജയലക്ഷ്മി എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. വിജയലക്ഷ്മി മാത്രമാണോ എനിക്കു നഷ്ടപ്പെട്ടത്? എന്റെ മുഖത്തോട് ഒരു പെണ്ണിനും സ്നേഹം തോന്നുകയില്ല. ഈ ചലിക്കുന്ന തലയോടിൽ തലോടാൻ ഒരു പെൺകുട്ടിയും തയ്യാറാവുകയില്ല. അപ്പോൾ നഷ്ടപ്പെട്ടത്, പ്രേമമാണ്, ദാമ്പത്യജീവിതമാണ്. സ്വപ്നങ്ങൾ നിറഞ്ഞ കണ്ണുകളുമായി നടക്കുന്ന പൂമ്പാറ്റകളുടെ ലോകത്തിന്റെ കവാടം, എനിക്കെതിരെ ശാശ്വതമായി അടയ്ക്കപ്പെട്ടിരിക്കുന്നു.

വിജയലക്ഷ്മി എന്നെ കൈവെടിഞ്ഞുവെന്ന ഓർമ്മ, ഉണങ്ങാത്ത ഒരു മുറിവായിരിക്കും. എന്നെങ്കിലും എവിടെവച്ചെങ്കിലും, ഒരു പെൺകുട്ടി എന്നിൽ അനുരക്തയാവുമെന്നു വിശ്വസിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ആ മുറിവിന് ആശ്വാസത്തിന്റെ ലേപനം കിട്ടിയേനെ. ആരെയും അകറ്റി നിറുത്താൻ പോന്നയളവിൽ ബീഭത്സമായ ഒരു മുഖമാണ് എന്റേതെന്നു ഞാൻ വിശ്വസിച്ചു. ആ ഉപ്പ് മുറിവിൽ ആഞ്ഞിറങ്ങി.

ഒടുവിൽ അവധി കഴിഞ്ഞു.

ഞാൻ ജോലിയിൽ പ്രവേശിച്ചു. ദിവസങ്ങൾ ചെന്നപ്പോൾ എന്നെ ആരും തുറിച്ചുനോക്കാതെയായി. തുടർച്ചയായി കണ്ടാൽ, വൈരൂപ്യം പോലും സഹിക്കാനാവും. വിജയലക്ഷ്മി എന്റെ വിദ്യാർത്ഥിനിയല്ല. അതൊരു ഭാഗ്യമായി. അവളെ കാണാതിരിക്കാൻ കഴിഞ്ഞു. പക്ഷേ, വനജ പഠിക്കുന്നതു രസതന്ത്രമാണ്. ഇടയ്ക്കിടെ എന്നെ നോക്കി അവൾ ക്രൂരമായി മന്ദഹസിച്ചുപോന്നു. ഫോറസ്റ്റ് ബംഗ്ലാവിലേക്കു

കയറുന്ന വഴിയിൽവച്ചു നടന്ന സംഭാഷണം, അവൾ ഒരിക്കലും മറക്കുകയില്ലെന്നു തോന്നി.

ലക്ചർക്ലാസ്സ് നടക്കുന്ന മുറിയും ലാബറട്ടറിയുമായി ചുരുങ്ങി, എന്റെ ലോകം. ഒഴിവുസമയം എങ്ങനെ ചെലവാക്കണമെന്നറിയാതെ ഞാൻ ബുദ്ധിമുട്ടി. വെറുതെയിരുന്നുകൂടാ. അസുഖകരമായ ചിന്തകളുടെ കടന്നൽക്കൂടിളകും. എന്തെങ്കിലും ചെയ്യണം. പെട്ടെന്നൊരുദിവസം ഒരാശയം തോന്നി.

പാലമരത്തിൽ നോക്കിനില്ക്കുമ്പോഴാണ് അങ്ങനെ തോന്നിയത്. കേരളത്തിലെ മന്ത്രവാദസമ്പ്രദായങ്ങളെക്കുറിച്ചും യക്ഷിക്കഥകളെക്കുറിച്ചും ഗവേഷണം നടത്തിയാലെന്ത്? രസകരമായ ഒരു വിഷയമായിരിക്കും ഇതെന്നു തോന്നി. ഇമ്മട്ടിലൊരു കിറുക്ക് പണ്ടു കാണിച്ചിട്ടുണ്ട്. മൂന്നാലു വർഷങ്ങൾക്കുമുമ്പ്, കേരളത്തിലെ പഴയ ആഭരണങ്ങളെപ്പറ്റി ചെറിയതോതിൽ ഒരു പഠനം നടത്തി. ഒരു നീണ്ടലേഖനവും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അത്തരം വിഷയങ്ങളിൽ തല്പരരായ ആളുകൾ എനിക്കു പ്രശംസാപരമായ കത്തുകൾ അയച്ചുതന്നു. യക്ഷികിന്നരാദികളെപ്പറ്റിയും, മന്ത്രവാദത്തെപ്പറ്റിയും കേരളത്തിൽ മറ്റാരും ഗവേഷണം നടത്തിയിട്ടുള്ളതായി കേട്ടിരുന്നില്ല. നല്ലയൊരു പ്രബന്ധം രചിക്കണം. അതിന്റെ ശീർഷകംപോലും മനസ്സിലുദിച്ചു:

'ബ്ലാക്ക് മാജിക് ഇൻ കേരള.'

വളരെ രസകരമായ ഒരു പ്രവൃത്തിയാണ് ഈ ഗവേഷണമെന്നു ഞാൻ ക്ഷണത്തിൽ കണ്ടുപിടിച്ചു. പഴയ ഗ്രന്ഥങ്ങളും ഓലക്കെട്ടുകളും ഞാൻ തേടി നടന്നു. മന്ത്രവാദികളെക്കണ്ടു ചോദ്യംചെയ്തു. ചോറ്റാനിക്കരയിലും ചമ്രവട്ടത്തും ഞാൻ സമർത്ഥന്മാരായ ചില മന്ത്രവാദികളെ കണ്ടെത്തി. ഒഴിവുസമയം ചെലവാക്കാൻ ഒരു ബുദ്ധിമുട്ടുമുണ്ടായില്ല.

ഈ ഗവേഷണത്തിന്റെ തിരക്കിൽ, വിജയലക്ഷ്മിയെ മറക്കാൻ എനിക്ക് ഒട്ടൊക്കെ സാധിച്ചു. എന്റെ വൈരൂപ്യത്തെ ഓർത്തു സ്വയം സഹതപിക്കാതിരിക്കാൻ എനിക്കേതായാലും കഴിഞ്ഞില്ല. ഇന്നു ഞാൻ വിജയലക്ഷ്മിയെ ഏതാണ്ടു നിശ്ശേഷംതന്നെ മറന്നിരിക്കുന്നു. എന്റെ ഹൃദയംനിറയെ രാഗിണിയാണ്. ഒരു പൊളിഞ്ഞ യക്ഷിയമ്പലത്തിന്റെ പശ്ചാത്തലത്തിൽ ഞാൻ അവളെ കാണുന്നു.

യക്ഷികളെക്കുറിച്ചുള്ള ഗവേഷണം തുടങ്ങുമ്പോൾ, എന്റെ ജീവിതത്തിൽ ഒരു യക്ഷി കടന്നുവരുമെന്നു ഞാനൊരിക്കലും കരുതിയിരുന്നില്ല. രാഗിണി ഒരു യക്ഷിയല്ലെന്നാണ് ചന്ദ്രശേഖരന്റെ പക്ഷം. എല്ലാം എന്റെ തോന്നലാണത്രേ. എന്റെ ഗവേഷണം എന്റെ സമനില തെറ്റിച്ചുവെന്നാണ് അവന്റെ വിശ്വാസം.

ഇന്ന് രാഗിണി എന്റെകൂടെയില്ല. അവൾ മരിച്ചുപോയെന്ന് ആളുകൾ പറയുന്നു. അവളുടെ രൂപം അന്തരീക്ഷത്തിൽ വിലയംചെയ്തുവെന്നതാണ് സത്യം. അവളുടെ ശരീരം ചലിച്ചു—നിശ്ചലമായ ഒരു തടാകത്തിൽ

ഒരു കല്ലു വീണാലെന്നപോലെ, അവളുടെ ശരീരത്തിൽ ഓളങ്ങൾ നൃത്തംവച്ചു. അവൾ ഫോക്കസ് തെറ്റിയ ഒരു ഛായാപടമാണെന്ന് എനിക്കു തോന്നി. പിന്നീട് അവളൊരു പുകച്ചുരുളായി മാറി. നേർത്തു നേർത്തുവരുന്ന പുകച്ചുരുൾ. പിന്നെ എല്ലാം മാഞ്ഞുമറഞ്ഞു. ആ യക്ഷിയമ്പലത്തിന്റെ മുമ്പിൽ ഞാൻ തനിച്ചായി.

ഇത്തരമൊരു സംഭവത്തെ മരണമെന്നു വിളിക്കാമോ? പാടില്ലെന്നാണ് എനിക്കു തോന്നുന്നത്. അവൾ എവിടെയോ ഉണ്ട്. ഏതോ രൂപത്തിൽ തുടരുന്നുണ്ട്.

യക്ഷികൾക്കു മരണമുണ്ടോ? ചില യക്ഷികൾ മരിക്കുമായിരിക്കാം. ഹോമം ചെയ്തു കൊല്ലപ്പെടാം. ചമ്രവട്ടത്തുകാരൻ മന്ത്രവാദി ബഹുസമർത്ഥനാണ്. അയാൾക്ക് ഇന്നും യക്ഷികളെ വരുത്തിക്കാണിക്കാൻ കഴിയും. എങ്കിലും രാഗിണിയെ വരുത്തിക്കാണിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. എന്തെന്നാൽ രാഗിണി രൂപം മാറിയിരിക്കുന്നു. അന്തരീക്ഷത്തിൽ ഒരു പുകച്ചുരുളായി വിലയംപ്രാപിച്ചിരിക്കുന്നു.

എന്നിട്ടും ആളുകൾ പറയുന്നത് രാഗിണി മരിച്ചെന്നാണ്. നല്ലവളായ രാഗിണി! പക്ഷേ, അവൾ നല്ലവളാണെന്നു ഞാൻ എത്ര വൈകിയാണറിഞ്ഞത്!

അവൾക്കു സംഭവിച്ചതു മരണമാണെങ്കിൽത്തന്നെ, മരണാനന്തര ജീവിതം എന്നൊന്നില്ലേ? ജീവിതം ഒരു കിഴങ്ങാണ്. അതു മണ്ണിനടിയിലായതുകൊണ്ട്, നാം അതു കാണുന്നില്ല. മുകളിലേക്കു മുളച്ചുപൊന്തുന്ന കൂമ്പുകൾ നാം കാണുന്നു. അവ കരിയുമ്പോൾ നാം കരയുന്നു. കിഴങ്ങിന്റെ നിലനില്പു നാം മറക്കുന്നു.

പക്ഷേ, യുക്തിവാദം നമ്മുടെ സമൂഹത്തെ ഒരു രോഗംപോലെ പിടികൂടിയിരിക്കുകയാണ്. അതുകൊണ്ടു പലരും എന്നെ ഒരു അന്ധവിശ്വാസിയെന്നു വിളിക്കും. സയൻസ് പഠിച്ച ഞാൻ ഒരു ഭ്രാന്തനാണെന്ന് അവർ അട്ടഹസിക്കും.

അവരല്ലേ അന്ധവിശ്വാസികൾ? അബോധമനസ്സിനെപ്പറ്റി മനഃശാസ്ത്രം പറയുന്ന വിവരങ്ങൾ നിഷേധിക്കാനാവുമോ? നിഷേധിച്ചാൽ, നാം വിജ്ഞാനത്തിന് അതിർവരമ്പുകളിടുകയായിരിക്കും. നമ്മുടെ നിയമങ്ങൾക്കും ധാരണകൾക്കും സർവസ്വവും വിധേയമാവണമെന്നു പറയുന്നതിൽക്കവിഞ്ഞ ഒരന്ധവിശ്വാസമുണ്ടോ? മറ്റൊരു ലോകമുണ്ടാവാം. അതിന് അതിന്റേതായ നിയമങ്ങളും ശാസ്ത്രസത്യങ്ങളുമുണ്ടാവാം. സ്പേസിനെപ്പറ്റിയും കാലത്തെപ്പറ്റിയുമുണ്ടായിരുന്ന എത്ര എത്ര മുൻവിധികൾ നാം തിരുത്തിയെഴുതിക്കൊണ്ടിരിക്കുന്നു!

ഞാനൊരിക്കൽ യുങ്ങിന്റെ ആത്മകഥ വായിച്ചു. മറ്റൊരു ലോകമുണ്ടെങ്കിൽ അതു സ്വപ്നങ്ങൾവഴിയാണു നമ്മോടു ബന്ധം പുലർത്തുന്നതെന്ന് അദ്ദേഹം പറയുന്നു. അത്തരത്തിലുള്ള എത്രയോ സ്വപ്നങ്ങളെപ്പറ്റി

അദ്ദേഹം പറഞ്ഞിട്ടുണ്ട്. മരിച്ചവർ നടന്നെത്തുന്ന നൂൽപ്പാലങ്ങളാണു സ്വപ്നങ്ങൾ.

ഇപ്പോൾ രാഗിണി എന്റെ സ്വപ്നങ്ങളിൽ കടന്നുവരുന്നില്ല. അതു കൊണ്ട് അവൾ മരിച്ചിട്ടില്ല. ഞാൻ ഉൽക്കടമായി ആഗ്രഹിക്കാറുണ്ട്, രാഗിണി എന്റെ സ്വപ്നങ്ങളിൽ കടന്നുവരണമെന്ന്. എനിക്ക് അവളോടു മാപ്പുചോദിക്കാനുണ്ട്. അവസാനനിമിഷംവരെ ഞാനവളെ മനസ്സിലാക്കിയില്ല. രക്തദാഹം മാത്രമുള്ള ഒരു യക്ഷിയാണവൾ, എന്നു കരുതി. സ്നേഹത്തിനാണ് അവൾ ദാഹിച്ചത്.

ലാബറട്ടറിയിലെ അപകടത്തിനുശേഷമാണ് ഞങ്ങളുടെ കോളേജിന്റെ ശതവാർഷികാഘോഷം നടന്നത്. അതിനോടനുബന്ധിച്ച് ഒരു പ്രദർശനവുമുണ്ടായിരുന്നു.

ആഘോഷപരിപാടികളെപ്പറ്റി ചർച്ചചെയ്യാൻ കൂടിയ സ്റ്റാഫ്യോഗം ഞാനോർക്കുന്നു.

“കെമിസ്ട്രിസ്റ്റാൾ ഒന്നാന്തരമാവണം.’’—പ്രിൻസിപ്പൽ പറഞ്ഞു.

അപ്പോൾ എല്ലാവരും എന്നെ നോക്കി. ആരോ പ്രിൻസിപ്പലിനോടു പറഞ്ഞു:

“ഡോൺട് യൂ വറി, സർ! എല്ലാം ശ്രീനിവാസൻ നോക്കിക്കൊള്ളും.’’

പ്രിൻസിപ്പൽ പുഞ്ചിരിച്ചു. അതു പിന്നെ എനിക്കറിഞ്ഞുകൂടേ! എന്നു പറയുന്ന മട്ടിൽ.

രസതന്ത്രത്തിൽ പല ഇഫക്ടുകളും കാണിക്കാം—മാജിക്കിന്റെ പ്രതീതിയുളവാക്കത്തക്കവിധം.

അതുകൊണ്ടാണ് ചന്ദ്രശേഖരൻ അഭിപ്രായപ്പെട്ടത്: “ഇത്തവണ കെമിസ്ട്രിസ്റ്റാൾ ഒരു മന്ത്രവാദിയുടെ വർക്ക്ഷോപ്പുപോലെയിരിക്കും. അറിഞ്ഞുകൂടേ, ശ്രീനിയുടെ ഇപ്പോഴത്തെ ഹോബി മന്ത്രവാദമാണ്.’’

“റിയലി?’’ പ്രിൻസിപ്പൽ അത്ഭുതം പ്രകടിപ്പിച്ചു.

“അങ്ങനെയൊന്നുമില്ല, സാർ!’’ ഞാൻ ഒഴിഞ്ഞുമാറി.

ചന്ദ്രശേഖരൻ വിട്ടില്ല: “ശ്രീനി ഇപ്പോൾ യക്ഷികളെയും ഗന്ധർവ്വന്മാരെയും തേടി നടക്കുകയാണ്. താളിയോലഗ്രന്ഥങ്ങളാണ് അയാളുടെ മുഖ്യഭക്ഷണം.’’

“ചന്ദ്രശേഖരൻ അതിശയോക്തി പറയുന്നു, സാർ.’’ ഞാൻ പറഞ്ഞു.

എക്കണോമിക്സ് പ്രഫസ്സർ കുറുപ്പ് ഈ ഘട്ടത്തിൽ തട്ടിമൂളിച്ചു: “ദിസ് ഈസ് ക്രേസി! ഒരു സയന്റിസ്റ്റ് മന്ത്രവാദത്തിൽ വിശ്വസിക്കുകയോ?’’

“വിശ്വസിക്കുന്നെന്ന് ആരു പറഞ്ഞു? ഞാൻ പഠിക്കാൻ നോക്കുന്നു. മുൻവിധികൾകൂടാതെ ഞാൻ അന്വേഷണം നടത്തുന്നു. അതല്ലേ ഒരു സയന്റിസ്റ്റിന്റെ ജോലി?’’ ഞാൻ ചോദിച്ചു.

കുറുപ്പ് ഉറക്കെച്ചിരിച്ചു—കളിയാക്കുന്ന മട്ടിൽ.

അപ്പോൾ ഞാൻ പറഞ്ഞു: “ചെമ്പു സ്വർണമാക്കി മാറ്റാൻ ശ്രമിച്ച മന്ത്രവാദികളാണ് കെമിസ്ട്രിയുടെ പിതാക്കൾ....അതു മറന്നോ?’’

ഉത്തരംമുട്ടിയ കുറുപ്പ്, ഒരു തമാശ പറയുന്നമട്ടിൽ സംസാരിച്ചു: “കൊള്ളാം! പ്രേതാന്വേഷകൻ ശ്രീനിവാസൻ! സൂക്ഷിച്ചു നടക്കണേ! വല്ല പ്രേതമോ, മാടനോ ചെകിട്ടത്തടിക്കും—പാടു വീഴും!''

ആരും ചിരിച്ചില്ല. പെട്ടെന്നു സദസ്സ് നിശ്ശബ്ദമായി. അസുഖകരമായ നിശ്ശബ്ദത.

എന്റെ വലതുകൈ, ഇടതു കവിളിലും മൂക്കിന്റെ നടുവിലും തങ്ങി നിന്നു.

ചെകിട്ടത്തടിക്കും.... പാടു വീഴും....

നിശ്ശബ്ദത നീണ്ടുനിന്നപ്പോൾ, പ്രിൻസിപ്പൽ തറയിൽ നോക്കിക്കൊണ്ടു ചോദിച്ചു: “ഷാൽ വി ബ്രേക്ക് അപ്?''

ഞങ്ങൾ പിരിഞ്ഞു.

പിന്നെയും ഒന്നുരണ്ടു ചർച്ചായോഗങ്ങൾ നടന്നു. കുറുപ്പു വന്നില്ല. പാവം! എനിക്കു വേദനയുണ്ടാക്കുന്ന മട്ടിൽ സംസാരിച്ചുകളഞ്ഞല്ലോ, എന്നോർത്തു ദുഃഖിക്കുകയായിരുന്നു അയാൾ.

പിന്നീടു പല ദിവസങ്ങളിലും വളരെ വൈകി മാത്രമാണ് എനിക്കു ലാബറട്ടറി വിട്ടു പോരാൻ സാധിച്ചത്. പ്രദർശനസ്റ്റാളിന്റെ ചുമതല ഏറ്റെടുത്തപ്പോൾ, ഇത്രയേറെ ജോലിയുണ്ടാകുമെന്നു കരുതിയിരുന്നില്ല. പക്ഷേ, ഏറ്റ കാര്യം വെടിപ്പായി ചെയ്യണ്ടേ? ചന്ദ്രശേഖരൻ പറഞ്ഞതുപോലെ, എന്റെ സ്റ്റാൾ ഒരു മായാലോകമായി മാറ്റണം. മന്ത്രവാദിയുടെ വർക്ക് ഷോപ്പ്! എത്ര നല്ല പ്രയോഗം! ഞാൻ ഒരു കെമിക്കൽ ഇഫക്ടിന്നു പേരിട്ടത്, ‘യക്ഷിയുടെ രക്തപാനം' എന്നാണ്. ഒരു ചുവന്ന ദ്രാവകം ഒലിച്ചുവീഴുമ്പോൾ നിറമില്ലാത്തതാവുന്നു. വീഴുന്നത് ഒരു നീണ്ട ഫ്ലാസ്ക്കിലാണ്. അതിന്റെ മുകളിൽ, ഞാൻ വായും പൊളിച്ചിരിക്കുന്ന ഒരു സുന്ദരിയുടെ തല വരച്ചു ചേർത്തു.

എത്ര താമസിച്ചിറങ്ങിയാലും വേണ്ടില്ല. സ്റ്റാൾ ഒന്നാംകിടയാവണം. നേരത്തേ ഇറങ്ങാൻ കഴിഞ്ഞാൽത്തന്നെ എന്തു ചെയ്യാനാണ്? എങ്ങനെ സമയം ചെലവാക്കും? മുമ്പൊക്കെ, നേരത്തേ ജോലി തീർത്തിറങ്ങാൻ വലിയ തിടുക്കമായിരുന്നു. അന്നു ഞാൻ വിജയലക്ഷ്മിയുടെ കാമുകനായിരുന്നു.

ലിറ്ററേച്ചർ ഓണേഴ്സ് ക്ലാസ്സിൽ കുട്ടികൾ കുറവാണ്. ഉച്ചയ്ക്കുശേഷം പലപ്പോഴും ലക്ച്ചർക്ലാസ്സുണ്ടാവാറില്ല; ചർച്ചകളും ട്യൂട്ടോറിയലുകളുമൊക്കെയാണ്. അവയിൽനിന്നൊക്കെ തലയൂരിപ്പോരാൻ വിജയലക്ഷ്മിക്കു സാധിച്ചിരുന്നു. ആ ദിവസങ്ങളിലെല്ലാം അവൾ എനിക്കു മുന്നറിയിപ്പുതരും. വളരെ ലഘുവായ ഒരേർപ്പാടായിരുന്നു ഇത്. എന്റെ ലാബറട്ടറിക്കടുത്താണ് പെൺകുട്ടികളുടെ വെയിറ്റിങ്റൂം. അതിന്റെ വരാന്തയിൽ നിവർത്തിപ്പിടിച്ച പുസ്തകവുമായി, അവൾ നടക്കും. ആളുകൾ കണ്ടാൽ, ഗൗരവമേറിയ ഏതോ പ്രമേയത്തെപ്പറ്റി പഠിക്കുകയാണെന്നേ തോന്നൂ. ഇടയ്ക്കിടെ ലാബറട്ടറിയുടെ രണ്ടാംനിലയിലുള്ള

ആദ്യത്തെ ജനലിലേക്ക് അവൾ നോക്കും. അവിടെയാണ് ഞാൻ നില്ക്കുന്നത്. എന്നെക്കാണുമ്പോൾ അവൾ നെറ്റിയിൽ ഒരു കൈ ചേർത്തുപിടിക്കും—സലാം ചെയ്യുന്നതുപോലെ ഒരു തവണമാത്രം. 'ഇന്നു ഞാൻ നേരത്തേ ഇറങ്ങും' എന്നാണ് അതിന്റെയർത്ഥം. എനിക്കു നേരത്തേ ഇറങ്ങാൻ പറ്റുമെങ്കിൽ, ഞാൻ രണ്ടു കൈകളും നെറ്റിയില മർത്തിപ്പിടിക്കും. പെട്ടെന്നൊരു തലവേദന പിടിപെട്ട മട്ടിൽ. അതിന്റെ ഭാഷ്യം ഇതാണ്? 'ഭേഷ്! ഞാനും നേരത്തേ ഇറങ്ങാം.' ചില ദിവസങ്ങളിൽ എനിക്കു നേരത്തേ ഇറങ്ങാൻ പറ്റുകയില്ല. അന്നൊക്കെ ഞാൻ എന്റെ ഒരു കൈ മാത്രമേ നെറ്റിയിൽ ചേർത്തുപിടിക്കൂ.

അങ്ങനെ എത്രയെത്ര ദിവസങ്ങളാണ് ഒന്നിച്ചു സമയം ചെലവാക്കിയത്.

ഞാൻ അവളെ മറന്നിരിക്കയായിരുന്നു—നിശ്ശേഷമെന്നുതന്നെ പറയാം. ഇതാ ഓർമ്മകൾ പത്തിവിടർത്തുന്നു.

ഞങ്ങൾ എന്തൊക്കെയാണ് സംസാരിച്ചിട്ടുള്ളത്! എത്ര പ്രതിജ്ഞകൾ കൈമാറി! പ്രതിജ്ഞകളുടെ എണ്ണം മാത്രമെടുത്താൽ, ലൈലയും മജ്നുവും തോറ്റുപോകും. എന്റെ ലൈല എന്നെ വിട്ടുപോയി. അവൾ പുതിയ മരുപ്പച്ചകൾ കണ്ടെത്തും. എന്നെ മണൽക്കാടുകളിൽ അവൾ വിട്ടു കളഞ്ഞു.

ഞാൻ അവളെ കുറ്റപ്പെടുത്തുകയാണോ? കുറ്റപ്പെടുത്തുന്നതിൽ യാതൊരർത്ഥവുമില്ലെന്ന് എനിക്കറിയാം. മുത്തശ്ശിക്കഥകളിലെ പെൺകുട്ടികൾ മാത്രമാണ് കൂനന്മാരെയും മുടന്തന്മാരെയും വിരൂപന്മാരെയും വിവാഹംകഴിക്കുന്നത്. അവർക്കങ്ങനെയാവാം. എന്തെന്നാൽ വിവാഹത്തിനു ശേഷം അവർക്കു വരം കിട്ടും. അല്ലെങ്കിൽ ദയാമൂർത്തിയായ ഏതെങ്കിലും ദേവത ഇടപെടും. അപ്പോൾ ആ കൂനന്മാരും മുടന്തന്മാരും വിരൂപന്മാരും സുന്ദരന്മാരായ രാജകുമാരന്മാരാകും. ജീവിതത്തിൽ അങ്ങനെയുണ്ടാവാറില്ലല്ലോ. അതുകൊണ്ടു വിജയലക്ഷ്മി ബുദ്ധിപൂർവ്വം പെരുമാറിയെന്നു വേണ്ടേ പറയാൻ?

ജീവിതത്തിലങ്ങനെയുണ്ടാവാറില്ലേ? എന്റെ ജീവിതത്തിലുണ്ടായില്ലേ? എന്റെ കരിഞ്ഞ മുഖം തേടി രാഗിണി വന്നില്ലേ? പക്ഷേ, രാഗിണി യക്ഷിയാണ്. വിജയലക്ഷ്മിയോ? മണ്ണിൽനിന്നു വന്ന്, മണ്ണിലേക്കു മടങ്ങുന്ന ഒരു സാധാരണ സ്ത്രീ! എങ്കിലും കുറ്റപ്പെടുത്താൻ തോന്നാറുണ്ട്. ഞാൻ സ്വാർത്ഥനായതുകൊണ്ടുതന്നെ. ഇപ്പോൾ ഞാൻ ചിന്തിക്കുന്നത് അല്പം അശ്ലീലമാണ്.

വിജയലക്ഷ്മിയെ ഒരിക്കലും ഞാൻ അനുഭവിച്ചില്ല. അവളൊന്നിച്ചു ചെലവാക്കിയ സമയത്തിലേറിയപങ്കും ഞാൻ വെറുതേ കൈകോർത്തു പിടിച്ചിരുന്നതേയുള്ളൂ. അവളെ രണ്ടു തവണയേ ചുംബിച്ചിട്ടുള്ളൂ. എന്റെ ചുംബനങ്ങൾക്കു ചൂടു കുറവായിരുന്നുവോ? അവൾ ഒരു പ്രതിമയെപ്പോലെയാണ് അവ സ്വീകരിച്ചത്. ചുംബനത്തിനപ്പുറം

കടക്കേണ്ടതായിരുന്നില്ലേ? എങ്കിൽ, എനിക്കു രഹസ്യമായി അഭിമാനിക്കാമായിരുന്നു—ഒരിക്കലെങ്കിലും അവൾ എന്റേതായിരുന്നെന്ന്.

വേണ്ട, അവൾ പരിശുദ്ധയായി തുടരട്ടെ. കൈകോർത്തുപിടിക്കുന്നതിൽ മാത്രം തൃപ്തി കണ്ടെത്താത്ത ഒരു സുന്ദരനെ അവൾക്കു ജീവിത സഖാവായി ലഭിക്കട്ടെ. എന്റെ വൈരൂപ്യത്തിന്റെ കുരിശു ചുമക്കാൻ അവൾ തയ്യാറാവാത്തത്, എത്ര ശരിയാണ്!

ഇപ്പോൾ ഇരുപത്തേഴു വയസ്സാണെനിക്ക്.

അപ്പോൾ, അന്ന്, ഞാൻ വിജയലക്ഷ്മിയുടെ കൈകോർത്തു പിടിച്ചിരുന്ന കാലത്ത് ഇരുപത്താറിലും താഴെയായിരുന്നു പ്രായം.

എന്നിട്ടും ഞാൻ കൈകോർത്തു പിടിച്ചിരുന്നതേയുള്ളൂ!

## ദാഹം

ആശുപത്രിവിട്ടു വന്നശേഷം എന്റെ മനസ്സ് അഴുക്കുചാലുകളിൽക്കൂടി നീന്തുകയായിരുന്നു.

സ്ത്രീകളെക്കാണുമ്പോൾ എനിക്കു വല്ലാത്ത ഉദ്വേഗമാണുണ്ടായത്. മാംസദാഹത്തിന്റെ മേഖലകളിലേക്കു ഞാൻ കടന്നു. ഒരുതവണ, വനജയുടെ ക്രൂരമായ മന്ദഹാസം കണ്ടപ്പോൾ എനിക്കു വല്ലാത്ത ലഹരി തോന്നി. എന്റെ ശരീരത്തിൽ ചൂരൽകൊണ്ടു കളംവരച്ച പെണ്ണാണ്. പ്രസംഗവേദിയിൽനിന്ന് ഓടിയിറങ്ങിച്ചെന്ന് അവളെ പിടിക്കണമെന്നെനിക്കു തോന്നി. എത്ര പ്രയാസപ്പെട്ടാണ് ഞാൻ സ്വയം നിയന്ത്രിച്ചത്! മേശപ്പുറത്തു ഞാൻ അള്ളിപ്പിടിച്ചു, എന്റെ നെറ്റിത്തടം വിയർക്കുന്നതുവരെ.

ഈ സംഭവം എന്നെ ചിന്താധീനനാക്കി. ഇത്രയും കാലം ബ്രഹ്മചര്യം കാത്തുസൂക്ഷിച്ച ഞാൻ എന്താണിങ്ങനെ ചുവടുതെറ്റിക്കാൻ മോഹിക്കുന്നത്? ഒരിക്കലും ഒരു പെണ്ണ് എന്നെ സ്നേഹിക്കുകയില്ലെന്ന ബോധം കൊണ്ടുതന്നെ! എന്റെ ഭയങ്കരമായ മുഖത്തേക്കു പ്രേമാർദ്രമായ നയനങ്ങളോടെ ഒരു പെണ്ണും നോക്കുകയില്ലെന്നു ഞാൻ വിശ്വസിച്ചു. സ്നേഹവായ്പോടെ ഒരു പെണ്ണും എനിക്കു കീഴടങ്ങിത്തരികയില്ല. എപ്പോഴെങ്കിലും ഒരു പെണ്ണു വഴങ്ങിത്തരുന്നെങ്കിൽ അതു ശരീരത്തിന്റെ മാത്രം കീഴടങ്ങലായിരിക്കും. അതിനു ഞാൻ പണം കൊടുക്കേണ്ടിവരും.

ഇങ്ങനെയൊക്കെ തോന്നിയപ്പോൾ ഞാൻ ഒരു സന്ധ്യയ്ക്കു പണം കൊടുത്ത് ഒരു പെണ്ണിനെ വാങ്ങാൻ പുറപ്പെട്ടു.

ആശുപത്രിക്കടുത്തുകൂടി കുത്തനെ ഇറങ്ങിപ്പോകുന്ന റോഡിലൂടെ നടന്നാൽ ഒരു വേശ്യാഗൃഹത്തിലെത്താമെന്നു പണ്ടെങ്ങോ ചന്ദ്രശേഖരൻ പറഞ്ഞതു ഞാൻ ഓർത്തു. ഒരു ഇലക്ട്രിക് പോസ്റ്റും അതിനടുത്തൊരു പൈപ്പും കാണുമത്രേ. അവിടെവച്ച് ഇടത്തോട്ടു തിരിയണം. ഒരു

ഇടവഴിയിൽ കയറാം. അതിന്റെ വക്കത്ത് ഒരു വാഴക്കൂട്ടത്തിനു പിന്നിൽ ഒരു വീടുണ്ട്.

പണ്ടെങ്ങോ ചന്ദ്രശേഖരൻ പറഞ്ഞ ഇക്കാര്യം വിശദമായിത്തന്നെ ഓർക്കാൻ കഴിഞ്ഞത് ഒരത്ഭുതമായി എനിക്കു തോന്നി.

ഞാൻ നടന്നു. ഇലക്ട്രിക്പോസ്റ്റും പൈപ്പും കണ്ടു. ഇടത്തോട്ടു തിരിഞ്ഞു. വാഴക്കൂട്ടം കണ്ടു, അപ്പോൾ സംഭ്രമമായി. ആ പ്രദേശം മുഴുവനും വാഴക്കൂട്ടമാണ്. ഞാൻ പിന്നെയും നടന്നു. മൂന്നു വീടുകൾ കാണാം. ഒന്നിലേ വെളിച്ചമുള്ളൂ. അവിടെ ആരോ ഉറക്കെ രാമായണം വായിക്കയായിരുന്നു.

രാമായണം വായിക്കുന്ന വീട്ടിൽ കച്ചവടമുണ്ടായിരിക്കയില്ലെന്നു ഞാനൂഹിച്ചു. മറ്റു രണ്ടു വീടുകളിൽ ഏതെങ്കിലുമാവണം. രണ്ടിലും വെളിച്ചമില്ല, അപ്പോൾ പിന്നെ....

ഞാൻ മുന്നോട്ടുതന്നെ നടന്നു. വഴിയരികിൽ ഒരു മാടക്കട കണ്ടപ്പോൾ ഞാൻ നിന്നു. കടയിലിരുന്ന ചെറുപ്പക്കാരൻ എന്നെക്കണ്ടപ്പോൾ ഞെട്ടിയെന്നു തോന്നുന്നു. ഇരുട്ടിൽനിന്നു പെട്ടെന്നു പൊന്തിവന്ന ഒരു പ്രേതമാണ് ഞാനെന്ന് അവൻ കരുതിയിരിക്കാം.

ഞാൻ സിഗരറ്റ് ചോദിച്ചു. അവൻ അല്പം ആശ്വസിച്ചെന്നു തോന്നി. ഒന്നുമില്ലെങ്കിലും സിഗരറ്റ് വലിക്കുന്ന പ്രേതമാണ്. അത്രയും നന്ന്! എങ്കിലും എന്റെ മുഖത്തിനു നേരേ നോക്കാൻ അവൻ മടിച്ചു.

ഇവനോടു ചോദിച്ചാലോ ഏതാണാ വീടെന്ന്? ഞാൻ അല്പനേരം പരുങ്ങിനിന്നു.

“എന്താ, തീ വേണോ? ആ കയറിലുണ്ട്.'' അവൻ പറഞ്ഞു.

എങ്ങനെ ധൈര്യംവന്നെന്ന് അറിഞ്ഞുകൂടാ... ഞാൻ പറഞ്ഞ മറുപടി ഇതാണ്:

“തീ കെടുത്താൻ വന്നതാണ്.''

കാര്യം മനസ്സിലാകാതെ അവൻ എന്നെ മിഴിച്ചു നോക്കി.

ഞാൻ തുറന്നു ചോദിച്ചു: “ഇവിടെ ഒരു വീടുണ്ടല്ലോ.... സ്വല്പം പിശകുള്ള ഒരു വീട്....''

മാടക്കടക്കാരൻ മലർക്കെച്ചിരിച്ചു: “ഇത്രയേയുള്ളോ? അതാ, മൂന്നാമത്തെ വീട്.... വെളിച്ചമുള്ളത്....''

“അവിടെ രാമായണം വായിക്കയാണല്ലോ!''

“അവിടെ രാമായണം വായിച്ചുകൂടേ? ചുമ്മാ ചെല്ലണം.''

പ്രതിഫലമായി ഒരു രൂപ കടക്കാരനു നല്കാൻ ഞാൻ ശ്രമിച്ചു.

“വേണ്ട.....ഇതൊക്കെ എല്ലാവർക്കുമുള്ള ആവശ്യമല്ലേ?'' ഒരു തത്ത്വജ്ഞാനിയെപ്പോലെയാണ് അവൻ സംസാരിച്ചത്.

ഞാൻ ആ വീട്ടിലേക്കു നടന്നു. വാഴക്കൂട്ടത്തിനിടയിലൂടെ.

മുൻവശത്തു മരയഴിയിട്ടിരുന്ന ഒരു വീടാണ്. ഒരു റാന്തൽ കത്തിച്ചുവച്ചിട്ടുണ്ട്. അതിനടുത്തിരുന്നുകൊണ്ട് ഒരു കിഴവി രാമായണം വായിച്ചിരുന്നു.

വാഴക്കൂട്ടത്തിനിടയിൽനിന്ന് ഒരു കിഴവൻ ചാടിവന്നു. ചാരായത്തിന്റെ ദുർഗന്ധം പരന്നു.

"ആരാ?'' അയാൾ ചോദിച്ചു.

"ഞാൻതന്നെ.''

"കേറിവരണം.''

കേറിച്ചെന്നു.

"എന്തുപറ്റി മുഖത്തിന്?'' തുറിച്ചുനോക്കിക്കൊണ്ട്, കിഴവൻ ചോദിച്ചു.

"പൊള്ളിയതാണ്.''

അപ്പോഴാണു കിഴവി രാമായണംവായന നിർത്തിക്കൊണ്ട് എന്നെ നോക്കിയത്.

"അയ്യോ! എന്തൊരു മുഖം!'' കിഴവിയുടെ ശബ്ദം ഇടറിപ്പോയി.

"പൊള്ളിയതാണ്.'' ഞാൻ വീണ്ടും പറഞ്ഞു.

"എന്താ വന്നത്?'' കിഴവൻ തിരക്കി.

"ആളുകൾ ഇവിടെ എന്തിനാ വരുന്നത്?''

എന്റെ മറുപടി കിഴവനു വളരെ ഇഷ്ടമായി. "അതു ശരി! ആളുകൾ എന്തിനാ ഇവിടെ വരുന്നത്? അതിനുതന്നെ...ഇവിടെത്തന്നെ വരുന്ന തെന്താ? ഞാൻ നല്ല സാധനങ്ങളെ തെരഞ്ഞുകൊണ്ടുവരുന്നതു കൊണ്ട്.... ഹ് ഹാ!''

അയാൾ ചിരിച്ചപ്പോൾ എന്റെമേൽ തുപ്പൽ തെറിച്ചു.

കിഴവി എഴുന്നേറ്റു. ഞാൻ കേൾക്കാൻമാത്രമുച്ചത്തിൽ കിഴവനോട് പറഞ്ഞു: "അയ്യോ! ഇയാളെക്കണ്ടാൽ ഭാരതി പേടിക്കും.... വേണ്ട...പോവാൻ പറയണം.''

"നീയൊന്നു മിണ്ടാതിരിയെടീ!'' കിഴവൻ കയർത്തു. അയാൾ എന്നെ മുറ്റത്തേക്കിറക്കിക്കൊണ്ടുപോയി: "ഉള്ള കാര്യം പറയണമല്ലോ. പുതിയ പെണ്ണാ. ഇന്നു വൈകിട്ടു വന്നതേയുള്ളൂ.... നെടുമങ്ങാട്ടീന്ന്.....പുതിയത്, മനസ്സിലായോ?''

"കൊള്ളാം!''

"എന്തോന്നു കൊള്ളാം? നിങ്ങളുടെ മുഖം കണ്ടാൽ അവൾ ബോധം കെട്ടു വീഴും. ഇവിടെനിന്നിറങ്ങി നെടുമങ്ങാട്ടിലേക്ക് ഒറ്റ ഓട്ടം വെച്ചു കൊടുക്കും... ഒരാഴ്ച ഇവിടെ നിറുത്താൻ കൊണ്ടുവന്നതാ! മനസ്സി ലായോ?''

"അതുകൊണ്ട്?''

കിഴവൻ മുന്നോട്ടുവന്ന് എന്റെ മുഖം തൊട്ടുനോക്കി.

"എങ്കിലും ഇങ്ങനെയൊരു മുഖം!''

എനിക്കു ദേഷ്യംവന്നു: "ഞാൻ മുഖം പരിശോധിപ്പിക്കാൻ വന്നതല്ല, കേട്ടോ. കാര്യം വല്ലതും നടപ്പുണ്ടെങ്കിൽ പറയണം.''

കിഴവൻ അല്പം വിനീതനായി: "കാര്യം നടക്കാണ്ടെന്താ? പിന്നെ ഞാനിവിടെ ഇരിക്കുന്നതെന്തിനാ? പക്ഷേ, പണം ചെലവാകും.''

"സൗജന്യമല്ലെന്ന് എനിക്കറിയാം.''

“അതല്ല.... സാധാരണമാതിരി പോരാ.... കൂടുതൽ വേണം. ഏത്? അവളു ചിലപ്പോൾ പേടിക്കും. പേടിച്ചു സ്ഥലം വിട്ടാലോ? ഞാൻ ഒരാഴ്ച ഇവിടെ നിറുത്താൻ കൊണ്ടുവന്നതാ!''

ഒടുവിൽ ഞങ്ങൾ ഇരുപതു രൂപയ്ക്കുറപ്പിച്ചു. ഞാൻ അകത്തു കടന്നു. അയാളാണു മുറി കാണിച്ചുതന്നത്. കതകു ചാരിയിരിക്കയാണ്. തുറന്നു നോക്കി, തറയിൽ പായ് വിരിച്ച് ഒരു തടിച്ച പെണ്ണിരിക്കുന്നു. നാണമഭിനയിച്ചുകൊണ്ട് അവൾ മുഖം തിരിച്ചുകളഞ്ഞു. അവളെ നല്ല പോലെ കാണണമെന്നു തോന്നി.

“ആ റാന്തലിങ്ങെടുക്കണം. ഞാൻ ഇവളെയൊന്നു കാണട്ടെ.'' ഞാൻ കിഴവനോടു പറഞ്ഞു.

“വേണ്ട, പേടിക്കും. ഒരാഴ്ച ഇവിടെ നിറുത്താൻ കൊണ്ടുവന്നതാ!'' കിഴവൻ ചീറി.

ഒരു തീപ്പെട്ടി കൈയിലെടുക്കേണ്ടതായിരുന്നു. എങ്കിൽ ഉരച്ചു നോക്കാമായിരുന്നു. എന്റെ ഹൃദയം ശബ്ദമുണ്ടാക്കിക്കൊണ്ടു സ്പന്ദിച്ചു. ജീവിതത്തിലാദ്യമായി ഞാൻ ഒരു പെണ്ണിനെ പുണരാൻ പോകുന്നു. ഇതാ, ആനന്ദം എന്നെ കാത്തിരിക്കുന്നു. തടിച്ച പെണ്ണാണ്. മുഖം ശരിക്കു കണ്ടിട്ടില്ല. എങ്കിലും ഒരു പെണ്ണുതന്നെയാണ്. മാംസം തേടിയാണു ഞാൻ വന്നിരിക്കുന്നത്. ഞാൻ അവളെ സ്പർശിച്ചു. അവളെ ചുംബിക്കാനായി കുനിഞ്ഞു. എന്റെ സിരകളിൽ ചൂടു പത ഞ്ഞൊഴുകി. ഞാൻ അവളുടെ കവിളിൽ ഒരുമ്മവച്ചു. എന്തോ നാറുന്നു, ചീവയ്ക്കാപ്പൊടിയുടെ ഗന്ധം. പെട്ടെന്നു ഞാൻ വിയർത്തു. ഞാൻ അശക്തനായി. ഞാൻ എഴുന്നേറ്റു. പുറത്തുകടക്കാൻ തിടുക്കം തോന്നി. ഞാൻ മുറിവിട്ടു പോന്നു, എന്റെ ബ്രഹ്മചര്യം കളഞ്ഞുകുളി ക്കാതെതന്നെ.

മടങ്ങുമ്പോൾ ഞാൻ ചിന്താകുലനായിരുന്നു. എന്താണെനിക്ക്? എന്താണു കുഴപ്പം? ഇലയിൽ വിളമ്പിക്കിട്ടിയതു തിന്നാൻ കഴിയാതെ പോയതെന്ത്?

ആ ചുറ്റുപാടുകളാവാം കാരണം. കന്നാലിച്ചന്തയിൽ പോയി പശു വിനു വിലപറഞ്ഞമട്ടിലല്ലേ കാര്യങ്ങൾ നടന്നത്. എന്നെപ്പോലെ വിദ്യാ ഭ്യാസവും സംസ്കാരവുമുള്ള ഒരു മനുഷ്യന് അറപ്പുതോന്നിയതിൽ അത്ഭുതമുണ്ടോ? ഞാൻ സമാധാനിക്കാൻ ശ്രമിച്ചു.

അപ്പോൾ പുഴുക്കളെപ്പോലെ സംശയങ്ങൾ മനസ്സിൽ അരിച്ചുകയറി. സംസ്കാരം! പിന്നെ ഞാനെന്തിനവിടെ ചെന്നു? എനിക്കു ലാബറട്ടറിയിലെ അപകടത്തിനുശേഷം കലശലായ മാംസദാഹമില്ലേ? വനജയോടു ക്ലാസ്സുമുറിയിൽവച്ചു തോന്നിയ വികാരം ഏതു സംസ്കാരത്തിന്റെ സന്തതിയാണ്? എന്നിട്ടിപ്പോൾ ഒരു വേശ്യാലയത്തിൽനിന്നു ഞാൻ പരിശുദ്ധി നഷ്ടപ്പെടാതെ മടങ്ങുന്നു. ഞാൻ കണ്ണടച്ചിരുട്ടാക്കുകയാണോ? സത്യം അംഗീകരിക്കാൻ ഞാൻ മടിക്കുകയാണോ? മുമ്പെങ്ങുമില്ലാത്ത യളവിൽ എനിക്ക് അപകർഷബോധമുണ്ടായി.

ഇതിനെത്തുടർന്നു ഞാൻ കൂടക്കൂടെ ഒരു സ്വപ്നം കണ്ടുതുടങ്ങി. ഒരേമട്ടിലുള്ള സ്വപ്നം!

ആകാശത്തേക്കുയർന്നുനില്ക്കുന്ന ഒരു വെളുത്ത കോണിപ്പടി. എത്ര ഉയരത്തിലാണ് അതു പോകുന്നത്! അതിന്റെ ഇരുഭാഗങ്ങളിലും താലമേന്തിയ പെണ്ണുങ്ങൾ നില്ക്കുന്നു! ഓരോ പടിയിലും രണ്ടു പെണ്ണുങ്ങൾ! ചെറുപ്പക്കാരികൾ! ഞാൻ കോണിപ്പടി കയറുന്നു. ആ പെണ്ണുങ്ങൾ താലങ്ങൾ വലിച്ചെറിഞ്ഞശേഷം, എന്നെ പിടിക്കാനെന്നവണ്ണം കൈ നീട്ടുന്നു. ഞാൻ കോണിപ്പടി അതിവേഗത്തിൽ ഓടിക്കയറുകയാണ്. കോണിയുടെ ഏറ്റവും മുകളിലത്തെ പടി എനിക്കിപ്പോൾ കാണാം. അവിടെ, അതിമൃദുലമായ ഒരു മെത്തയിൽ ഒരു മനോഹരി കിടക്കുന്നു. ഞാൻ മെത്തയിൽ ചെന്നിരുന്നു. എങ്ങനെയോ എന്റെ ബാലൻസ് തെറ്റി. ഞാൻ താഴെ വീഴാൻ തുടങ്ങി. തിരിഞ്ഞുനോക്കിക്കൊണ്ടാണ് ഞാൻ വീണത്. മെത്തയിൽ കിടന്നിരുന്ന സുന്ദരി എന്റെ നേർക്കു കൈനീട്ടുന്നു. അവളുടെ മുഖം നിരാശാഭരിതമാണ്.

സ്വപ്നം ഈ ഘട്ടത്തിലെത്തുമ്പോൾ ഞാൻ ഉണർന്നുപോകും. എന്താണ് ഈ സ്വപ്നത്തിന്റെ അർത്ഥം? എന്തുകൊണ്ടാണ് ഞാൻ കോണിപ്പടിയിൽനിന്ന് താഴെ വീണത്?

ശതവാർഷികാഘോഷത്തിന്റെ തലേന്നു ഞാൻ ലാബറട്ടറി വിട്ടിറങ്ങിയപ്പോൾ സന്ധ്യകഴിഞ്ഞിരുന്നു. സ്റ്റാളിലെ ഒരുക്കങ്ങൾ പരിശോധിച്ചുകൊണ്ടു ഞാൻ കുറേനേരം നിന്നു. ഏതാണ്ട് എട്ടുമണിക്കാണു മടങ്ങാൻ കഴിഞ്ഞത്. മാഞ്ചുവട്ടിലെത്തിയപ്പോൾ ഞാൻ ഒന്നു നിന്നു. വിജയലക്ഷ്മി എന്റെയരികിൽനിന്ന് ഓടിമറഞ്ഞ രംഗം മുന്നിൽ തെളിഞ്ഞു.

ഇതൊരു മുതുക്കൻ മാവാണ്. എത്രയോ കാലമായി ഇതിവിടെ നില്ക്കുന്നു. എന്തെല്ലാം കണ്ടു! എത്ര പ്രണയനാടകങ്ങൾക്കു സാക്ഷി നിന്നു! ആ പ്രേമങ്ങളെല്ലാം മീശകുരുക്കാത്ത ചെക്കന്മാരും പാവാടവിട്ടു സാരിയിലേക്കാദ്യമായി കടന്ന കൊച്ചുപെൺകിടാങ്ങളും തമ്മിലുള്ള അർത്ഥശൂന്യമായ ചാപല്യങ്ങളായിരുന്നുവോ? അങ്ങനെയാവണം. കോളേജിലെ പ്രണയം അങ്ങനെയാണ്. ഒന്നു മിണ്ടാൻ കഴിഞ്ഞാൽ, ഒരു നോട്ടുപുസ്തകം കൈമാറാൻ കഴിഞ്ഞാൽ, വെക്കേഷൻകാലത്ത് ഒരേബസ്സിൽ നാട്ടിലേക്കു മടങ്ങാൻ കഴിഞ്ഞാൽ, സായുജ്യം കിട്ടുന്നു. ഒന്നോ രണ്ടോ പ്രണയലേഖനങ്ങളും കൈമാറും. ഒടുവിൽ നാടകം തീരും. "എന്നെ മറന്നേക്കൂ" എന്നു കാമുകി പറയും. അവൾക്കു നല്ല ശമ്പളമുള്ള ഒരു വരനെ വീട്ടുകാർ കണ്ടുപിടിച്ചുകഴിഞ്ഞു. കാമുകൻ എന്തു ചെയ്യും? മീശ കുരുത്തവനാണെങ്കിൽ കുറേദിവസം താടിവളർത്തും, അത്രതന്നെ.

എന്റെയും വിജയലക്ഷ്മിയുടെയും പ്രേമം ഗൗരവമുള്ള ഒരു കാര്യമായിരുന്നു. എന്നിട്ടും അവൾ യാത്രപറയാതെ ഓടിക്കളഞ്ഞു. കച്ചവട

ത്തിനിരിക്കുന്ന നെടുമങ്ങാട്ടുകാരിക്കുപോലും ഓടാൻ തോന്നുമെന്നല്ലേ ആ കിഴവൻ പറഞ്ഞത്? പിന്നെ വിജയലക്ഷ്മി ഓടിപ്പോയതിൽ എന്താണത്ഭുതം?

ഞാൻ നടന്നു. എന്റെ ഹൃദയം നിറയെ സ്ത്രീകളായിരുന്നു. ഞാൻ നടക്കുന്നതു പാതയിലല്ല, സ്വപ്നത്തിലെ കോണിപ്പടിയിലാണെന്ന് എനിക്കു തോന്നി. ഇരുഭാഗത്തും പെൺകിടാങ്ങളുണ്ട്. അവരെല്ലാം പുറംതിരിഞ്ഞാണ് നില്ക്കുന്നത്. എനിക്ക് അവരുടെ മുഖം കാണാൻ വയ്യ.

ഞാൻ റോഡിലെത്തി. കോളേജ്ഗേറ്റിനു മുമ്പിലുള്ള നാല്ക്കവല യാണത്. ഒരു മെർക്കുറി ലൈറ്റിന്റെ പ്രകാശധോരണിയിൽ കവല കുളിച്ചുനില്ക്കുന്നു.

റോഡരികിലുള്ള ഒരു കൂറ്റൻ സിനിമാചിത്രം ഞാൻ കണ്ടു. ആ പരസ്യചിത്രത്തിൽ നായകൻ നായികയുടെ മാറിടത്തിൽ തലചേർത്തു പിടിച്ചിരിക്കുന്നു. അവൻ മുട്ടുകുത്തിനില്ക്കുകയാണോ? അവന്റെ കണ്ണുകൾ അടഞ്ഞിരിക്കുന്നു. ആനന്ദമൂർച്ഛയാവാം. നായിക മുതുകിൽ കൈകൾ പിണച്ചു ചേർത്തിട്ടുണ്ട്. അവൾ ആകാശത്തേക്കാണു നോക്കുന്നത്. തലമുടി അഴിഞ്ഞുപറന്നുകിടക്കുന്നു. അവളുടെ കണ്ണു കൾ പകുതിയടഞ്ഞിട്ടുണ്ട്. വേദനയുടെ ഒരു തരി അവയിൽ തങ്ങി നില്ക്കുന്നുണ്ടോ? പക്ഷേ, ചുണ്ടുകളിൽ ആനന്ദം തത്തിക്കളിക്കുന്നു. ഞാൻ വളരെനേരം ആ ചിത്രം നോക്കിക്കൊണ്ടു നിന്നു. നായകന്റെ മുഖം അവളുടെ മാറിടം തുളച്ച് മുതുകിലൂടെ വെളിയിൽ വരുന്നതായി എനിക്കു തോന്നി.

ഞാൻ പിന്നെയും നടന്നു. ടൗൺഹാളിനടുത്തുള്ള വളവു തിരിഞ്ഞു. അപ്പോഴാണ് ഒരു ശബ്ദം കേട്ടത്: "ഒന്നു നില്ക്കൂ!''

എന്തൊരിമ്പമുള്ള ശബ്ദം! വീണാനാദംപോലെ.

ഞാൻ നിന്നു.

തിരിഞ്ഞുനോക്കി.

അവിടെ അരണ്ട വെളിച്ചം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എല്ലാ രോമ കൂപങ്ങളിലും കുളിരുകോരിയിട്ട ഒരു കാഴ്ചയാണ് ഞാൻ കണ്ടത്. ഒരു മോഹിനി അവിടെ നില്ക്കുന്നു. സൗന്ദര്യത്തെപ്പറ്റിയുള്ള കവി സങ്കല്പങ്ങളിൽ സൃഷ്ടികർത്താവ് സർഗ്ഗശക്തി മുറ്റിനിന്ന ഒരു നിമിഷ ത്തിൽ മത്തിട്ടു കടഞ്ഞപ്പോൾ ഈ മോഹിനി ഉദയം ചെയ്തതാവണമെന്ന് എനിക്കു തോന്നി. വീനസ്സിന്റെ ജനനത്തെപ്പറ്റിയുള്ള ബോട്ടിചെല്ലിയുടെ ചിത്രം എനിക്കോർമ്മവന്നു. ഒരു വ്യത്യാസം മാത്രം... ഇവളുടെ കാലിലെ പൊടി തട്ടിക്കളയാൻപോലും വീനസ്സിനു യോഗ്യതയില്ല.

"എന്നെയാണോ വിളിച്ചത്?'' എന്നു ചോദിക്കാൻ ധൈര്യം വന്നില്ല. എന്തിന് എന്നെ വിളിക്കണം. ഞാൻ നിശ്ചലനായി നിന്നു.

അവൾ ഒരു ചുവടു മുന്നോട്ടുവന്നു.

"നിങ്ങളെയാണ് വിളിച്ചത്.'' അവൾ പറഞ്ഞു.

അതിലേ കടന്നുപോയ ഒരു കാറിന്റെ ഹെഡ്‌ലൈറ്റിൽ ഞാൻ അവളെ വ്യക്തമായി കണ്ടു: ഏറിയാൽ ഇരുപതു വയസ്സു കാണും. അവൾ എന്നെയും കണ്ടു. എന്നുവച്ചാൽ, എന്റെ കരിഞ്ഞുപൊളിഞ്ഞ മുഖം കണ്ടു. പക്ഷേ, അവൾ ഞെട്ടിയില്ല. എന്റെ മുഖത്തിന്റെ വൈകല്യം ശ്രദ്ധിച്ചതായിപ്പോലും നടിച്ചില്ല.

ഞാൻ ആലോചിച്ചു: ഒരു സുന്ദരി ഒറ്റയ്ക്കു റോഡരികിൽ കാത്തു നില്ക്കുന്നതെന്തിനാണ്? എന്തിനാണ് വഴിപോക്കരെ വിളിക്കുന്നത്? എനിക്കുമുമ്പ് ഇതിലേ കടന്നുപോയവരെയെല്ലാം അവൾ വിളിച്ചിരിക്കുമോ? പക്ഷേ, അവരാരും നിന്നിരിക്കയില്ല. ഞാൻ നിന്നുകളഞ്ഞു. ഇനിയെന്തു ചെയ്യും? ആളെപ്പിടിക്കാൻ നില്ക്കുന്ന ഒരു അഭിസാരികയായിരിക്കുമോ ഇവൾ? ഛെ.... ഛെ.... ഒരിക്കലുമല്ല. ട്രോയിലെ ഹെലന്റെ മുഖം ആയിരം കപ്പലുകൾ കടലിൽ അണിനിരത്തിയെന്നു പറയാറുണ്ട്. ഞാൻ ഹെലനെ കണ്ടിട്ടുണ്ട്—സിനിമയിൽ. ഒരു ഇറ്റാലിയൻ സുന്ദരി. റൊസന്നാ പൊഡെസ്റ്റാ.... ഉച്ചരിക്കുമ്പോൾ മുറുക്കു കടിക്കുന്നതുപോലെ തോന്നുന്നു. പക്ഷേ, കണ്ടാൽ വെണ്ണയിൽത്തീർത്ത ശില്പമാണ്. ആ ഹെലനെക്കാൾ എത്രയെത്ര മടങ്ങു സുന്ദരമാണ് ഇവളുടെ മുഖം! ഇതിലൊരു പുഞ്ചിരിയുയർത്തുവാൻ കിരീടങ്ങളും സാമ്രാജ്യങ്ങളും പണയപ്പെടുത്താവുന്നതാണ്. ആളെപ്പിടിക്കലാണ് ഉദ്ദേശ്യമെങ്കിൽ, കാമാർത്തരായ ആളുകൾ ഇതിനകം ഇവിടെ സമുദ്രംപോലെ ഇരച്ചു കയറിയേനെ. ആളെപ്പിടിക്കാനാണെങ്കിൽ മുഖം നഷ്ടപ്പെട്ട എന്നെ നറുക്കിട്ടെടുക്കണോ? സൗന്ദര്യം മാത്രമല്ല, നിഷ്കളങ്കതയുടെ പരിവേഷവും അവളുടെ മുഖത്തിനുണ്ടായിരുന്നു.

അങ്ങനെയാണ് ഞാൻ രാഗിണിയെക്കണ്ടത്: ആ രാഗിണിയാണ് അന്തരീക്ഷത്തിൽ വിലയംപ്രാപിച്ചത്. നേർത്ത പുകച്ചുരുളുകൾപോലെ അവൾ മറഞ്ഞുപോയി.

ആളുകൾ പറയുന്നു, രാഗിണി മരിച്ചുപോയെന്ന്.

ഇനി, ഞാൻ അവളെ കൊന്നുവെന്നുപോലും അവർ പറയുമോ? പറയട്ടെ. സത്യമെന്താണെന്നെനിക്കറിയാം.

ഞാൻ രാഗിണിയെ സ്നേഹിച്ചു. പിന്നെ സംശയിച്ചു. വെറുത്തു. എത്ര മഠയനാണു ഞാൻ? അവൾ എന്നെ ഉൽക്കടമായി സ്നേഹിക്കുകയായിരുന്നുവെന്ന് അവസാനനിമിഷത്തിൽ മാത്രമാണു ഞാൻ മനസ്സിലാക്കിയത്. അവളുടെ ലോകത്തിന്റെ നിയമങ്ങളെ, നീതികളെ, എതിർത്തുകൊണ്ടാണ് അവൾ എന്നെ സ്നേഹിച്ചത്. അവൾ നൂറ്റാണ്ടുകളായി ഭൂമിയിൽ ചുറ്റിക്കറങ്ങുകയായിരുന്നു.... ഒരു ശാപത്തിനു വിധേയയായി ചുറ്റിക്കറങ്ങുകയായിരുന്നു, എന്റെ രാഗിണി! അതൊന്നും ഞാനറിഞ്ഞിരുന്നില്ല.

നീ മരിച്ചിട്ടില്ല.

മരിച്ചുവെങ്കിൽത്തന്നെ, മരണാനന്തരജീവിതമുണ്ട്.

ഭ്രാന്താശുപത്രിയുടെ പടിഞ്ഞാറുഭാഗത്തുള്ള കാറ്റാടിമരങ്ങളുടെ പിന്നിൽ ചോരയുടെ ഒരു പ്രളയമാണ്. അല്പം കഴിഞ്ഞാൽ ഇരുട്ടു പരക്കും.

മരണാനന്തരജീവിതമെന്നൊന്നുണ്ടോ? ഞാൻ കാറ്റാടിമരങ്ങളെ വീണ്ടും നോക്കി. സൂര്യൻ ചോരയിൽ കുളിച്ചു മരിക്കുന്നു. എങ്കിലും നാളെ പ്രഭാതത്തിൽ സൂര്യൻ ചോരയിൽത്തന്നെ ജനിക്കും.

അന്ന് രാഗിണി യക്ഷിയമ്പലത്തിനടുത്തുവച്ച് പുകച്ചുരുളായി മാറുമ്പോഴും സൂര്യൻ ചോരയിൽ കുളിച്ചു മരിക്കുകയായിരുന്നു.

ഞാൻ ആ രംഗം എന്റെ മുമ്പിൽ കാണുന്നു. എനിക്കു യക്ഷിയമ്പലത്തിന്റെ പടം വരയ്ക്കണമെന്നു തോന്നുന്നു.

അമ്പലത്തിനു ചുറ്റും കാടുകളാണ്. അമ്പലം പൊളിഞ്ഞു നില്ക്കുന്നു. ഒരു മൂല നിശ്ശേഷം നിലംപൊത്തിയിട്ടുണ്ട്. അമ്പലത്തിനകത്തു കള്ളിച്ചെടി കൈയേറ്റം നടത്തുന്നു. അകത്തു വിഗ്രഹങ്ങളൊന്നും കാണാനില്ല.

ഒരു ചുവര് വലിയ കോട്ടംതട്ടാതെ നിവർന്നുനില്ക്കുന്നു. അതിലൊരു ചിത്രമുണ്ട്. സുന്ദരിയായ ഒരു യക്ഷിയുടെ ചിത്രം! വിശദാംശങ്ങൾ കാണാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും സൂക്ഷിച്ചുനോക്കിയാൽ യക്ഷിയുടെ മുഖത്തിനു രാഗിണിയുടെ മുഖത്തിന്റെ ഛായയുണ്ടെന്നു കാണാം.

എത്ര നൂറ്റാണ്ടുകൾക്കു മുൻപാണ് ഈ ചിത്രം ആലേഖനം ചെയ്യപ്പെട്ടത്? ആരായിരുന്നു ചിത്രകാരൻ? മണ്ണും ധാതുക്കളും പച്ചിലകളും അരച്ചുചേർത്ത് അയാൾ ചായങ്ങളുണ്ടാക്കി. ട്യൂബിൽ കിട്ടുന്ന എണ്ണച്ചായങ്ങളും കുപ്പികളിൽ വരുന്ന ടെമ്പറാപൊടിയും ലിൻസീഡ് എണ്ണയും ടർപെന്റയിനും വിൻഡ്സർ ആൻഡ് ന്യൂട്ടൺ ബ്രഷുകളുമൊന്നും അയാൾക്കില്ലായിരുന്നു. എന്നിട്ടും അയാൾ ഈ ചുവരിൽ സുന്ദരിയായ ഒരു യക്ഷിയുടെ മനോഹരമായ പൂർണ്ണകായചിത്രം വരച്ചു. കാലത്തിന്റെ കൈപ്പാടുകൾ അങ്ങിങ്ങു കാണാം. അവിടെയെല്ലാം ചായം മങ്ങിപ്പോയിരിക്കുന്നു. വസ്ത്രങ്ങളിൽ അങ്ങിങ്ങായി നേർത്ത പായൽ പറ്റിപ്പിടിച്ചിരിക്കുന്നു.

അജ്ഞാതനായ ആ കലാകാരൻ ആരെ നോക്കിയാണ് ഈ ചിത്രം വരച്ചത്? അയാൾക്കൊരു മോഡൽ ഉണ്ടായിരുന്നുവോ? ഈ യക്ഷിയെ അയാൾ എന്നെങ്കിലും കണ്ടിരുന്നുവോ? അതോ അയാളുടെ ഭാവനയിൽ പൊന്തിവന്ന ഒരു രൂപമായിരുന്നോ ഈ യക്ഷി?

അങ്ങനെയാണെങ്കിൽ യക്ഷിയുടെ മുഖം രാഗിണിയെ അനുസ്മരിപ്പിക്കുന്നതെന്തേ?

അജ്ഞാതനായ ആ ചിത്രകാരൻ നൂറ്റാണ്ടുകൾക്കു മുൻപ് രാഗിണിയെ കണ്ടതാവാം. അവൾ ഭൂമിയിൽ ചുറ്റിത്തിരിയാൻ തുടങ്ങിയിട്ടു കാലം കുറച്ചായല്ലോ.... അതോ, ലക്ഷണമൊത്ത ഒരു ചിത്രം ഭാവനയിൽ നിന്നുയർന്നപ്പോൾ അവിടെ ഒരു യക്ഷി അധിവസിച്ചു തുടങ്ങിയതാണോ? അങ്ങനെയുമാവാം. കലാകാരൻ യക്ഷികൾക്കും ദേവതകൾക്കും

മുഖം സമ്മാനിക്കുന്നു. രവിവർമ്മയില്ലായിരുന്നെങ്കിൽ മഹാലക്ഷ്മിക്കും സരസ്വതിക്കും മറ്റസംഖ്യം ദൈവങ്ങൾക്കും മുഖം കിട്ടുമായിരുന്നില്ല.

വയസ്കര ഇല്ലത്തെ ഒരു ഉണ്ണിനമ്പൂതിരിയുടെ കാമുകിയായിരുന്ന ഒരു യക്ഷിയെപ്പറ്റി എവിടെയോ വായിച്ചിട്ടുണ്ട്. ഒരു അമ്പലത്തിന്റെ ചുവരിൽ ആരോ ഒരു യക്ഷിയുടെ ചിത്രം വരച്ചു. അവിടെ യക്ഷിയുടെ അധിവാസമുണ്ടായി. സന്ധ്യയ്ക്കു ചിത്രത്തെ നോക്കി, "ഇന്നു രാത്രി വരുമോ?'' എന്നു ചോദിച്ചാൽ യക്ഷി കിടപ്പറയിലെത്തുമായിരുന്നു. ഉണ്ണി നമ്പൂതിരി അങ്ങനെയൊരിക്കൽ വിളിച്ചു. യക്ഷി സ്ഥിരം കാമുകി യായി മാറി.

മുഖം നഷ്ടപ്പെട്ട എനിക്ക് ഒരു കാമുകിയുണ്ടാകാൻ പോകുന്നുവെന്ന്, ടൗൺഹാളിനടുത്തുള്ള വളവിൽവച്ചു ഞാൻ കരുതിയില്ല. അതാണു ണ്ടായത്.

വെളിച്ചം പമ്പകടന്നിരിക്കുന്നു. യക്ഷിയമ്പലത്തിന്റെ ചിത്രം വരച്ചു നോക്കണം. ലൈറ്റിടട്ടെ.

## നിശാപുഷ്പപം

ഒരു താളിയോലഗ്രന്ഥം തേടി, എവിടെയോ ചെന്നപ്പോഴാണു ഞാൻ ആദ്യമായി രാഗിണിയെ കണ്ടതെന്ന് അനന്തൻ പില്ക്കാലത്തു പറയു കയുണ്ടായി. ഒരു നമ്പൂതിരിയില്ലത്തേക്കുള്ള വഴി ഞാൻ അവളോട ന്വേഷിച്ചത്രേ. അങ്ങനെയാണുപോലും തമ്മിൽ കണ്ടത്. അങ്ങനെയൊരു സംഭവം എനിക്കോർമ്മയില്ല.

ടൗൺഹാളിനടുത്തുവച്ചാണ് ഞാൻ അവളെ ആദ്യമായി കണ്ടത്— ആ രാത്രിയിൽ.

"എന്തിനാണു വിളിച്ചത്?'' ഞാൻ ചോദിച്ചു.

"എനിക്കിവിടെ നില്ക്കാൻ ഭയമാവുന്നു.'' വാക്കുകളുടെ ഒരു ജലതരംഗം!

"എവിടെനിന്നു വരുന്നു? എങ്ങനെ ഇവിടെയെത്തി? എന്തിനിവിടെ നില്ക്കുന്നു?'' ഞാൻ തുരുതുരെ ചോദിച്ചു.

വളരെക്കാലത്തിനുശേഷം അവൾ ഈ പട്ടണത്തിൽ വരികയാണത്രെ. അമ്മൂമ്മയൊന്നിച്ചു വന്നു. അമ്മൂമ്മയ്ക്കു നടക്കാൻ പ്രയാസമുണ്ട്. ഒരു പഴയ കൂട്ടുകാരിയെ കാണാനുണ്ടെന്നു താൻ പറഞ്ഞപ്പോൾ, അമ്മൂമ്മ പറഞ്ഞു: 'നീ തനിച്ചു പൊയ്ക്കൊള്ളൂ....ഞാൻ പത്മനാഭസ്വാമി ക്ഷേത്രത്തിലേക്കു പോകുന്നു. തീവണ്ടിയാപ്പീസിൽ ഞാനെത്തിക്കൊള്ളാം. നീ അവിടെ വന്നാൽ മതി.' അങ്ങനെ ഒറ്റയ്ക്കു നടന്നു. ബുദ്ധിമുട്ടിയെങ്കിലും, കൂട്ടുകാരി പണ്ടു താമസിച്ചിരുന്ന സ്ഥലം കണ്ടുപിടിച്ചു. കൂട്ടുകാരിയും വീട്ടുകാരും അവിടെനിന്നും പട്ടണത്തിന്റെ മറ്റൊരു ഭാഗത്തേക്കു

താമസം മാറ്റിയെന്നറിഞ്ഞു. ആ സ്ഥലത്തെത്തി. അവിടെയും കൂട്ടുകാരിയെ കണ്ടില്ല. മറ്റെങ്ങോ മാറിത്താമസിക്കുന്നത്രെ. അങ്ങനെ ചുറ്റിത്തിരിഞ്ഞു. വഴിതെറ്റി. ഇവിടെയെത്തി. ബസ്സു കാത്തു നിന്നു. ഒടുവിലൊരു ബസ്സെത്തിയപ്പോഴാണു കണ്ടുപിടിച്ചത്, ഹാൻഡ് ബാഗ് എവിടെവച്ചോ മറന്നുകളഞ്ഞെന്ന്. ടിക്കറ്റിനു പണമില്ല. വല്ലാത്ത ഭയം തോന്നി. നടന്നെത്താൻ സമയമുണ്ട്. പത്തരമണിക്കേ തീവണ്ടി പുറപ്പെടുന്നുള്ളൂ. പക്ഷേ, തനിച്ചു നടക്കാൻ ഭയം തോന്നുന്നു. ഇവിടെത്തന്നെ നിന്നു. ടിക്കറ്റിനുള്ള പണം ആരോടു ചോദിക്കാനാണ്? തനിച്ചു നടന്നാൽ ആരെങ്കിലും പിന്നാലെ കൂടിയാലോ? അങ്ങനെ അപകടങ്ങളിൽ ചെന്നുപെടാൻ എളുപ്പമുണ്ട്.... ഇങ്ങനെയൊക്കെയാണ് അവൾ പറഞ്ഞത്.

"എന്നെ വിളിച്ചതെന്തിന്?''

"നല്ലയാളാണെന്നു തോന്നി.''

"അതെങ്ങനെ?''

"കോളേജിലെ ലക്ചറർ അല്ലേ?''

"എങ്ങനെയറിയാം?''

"എനിക്കറിയാം.''

ആശ്ചര്യം തോന്നി. എന്നെ തിരിച്ചറിഞ്ഞതെങ്ങനെ? എന്തോ! ഏതായാലും എന്നെയാണു വിളിച്ചത്. ഞാൻ വിളികേട്ടു നില്ക്കുകയും ചെയ്തു. അവളുടെ ചുമതല എനിക്കു കിട്ടിയിരിക്കുന്നു—താൽക്കാലികമായിട്ടാണെങ്കിലും.

ഏഴരമണി കഴിഞ്ഞതേയുള്ളൂ. തീവണ്ടി പുറപ്പെടാൻ ഇനിയും മണിക്കൂറുകളുണ്ട്.

ഞാൻ ആലോചനയിലാണ്ടുനിന്നപ്പോൾ അവൾ ചോദിച്ചു: "എന്നെ സഹായിക്കാമോ?''

"തീർച്ചയായും!'' ഞാൻ പറഞ്ഞു. ആവശ്യത്തിലേറെ ഉത്സാഹം ഞാൻ കാണിച്ചുവോ? അതിസുന്ദരിയായ ഒരു പെൺകുട്ടി എന്റെ സഹായം തേടുന്നു. തീവണ്ടിയാപ്പീസിലേക്ക് അവളെ കൊണ്ടാക്കണം. അവളുടെ അമ്മൂമ്മയെ കണ്ടെത്തുന്നതുവരെ അവൾക്കു കൂട്ടിരിക്കണം. ഒരു സുന്ദരിക്കു കൂട്ടിരിക്കുക! രണ്ടു മൂന്ന് മണിക്കൂർ മാത്രമാണെങ്കിലും! ഇതിലും നല്ല ജോലി എന്തുണ്ട്? ഈ ജോലി പത്രത്തിൽ പരസ്യപ്പെടുത്തിയാൽ, വന്നെത്തുന്ന അപേക്ഷകരുടെ ക്യൂ എന്റെ വാടകവീട്ടിലേക്കുള്ള ഇടവഴിപോലെ അനന്ത ദീർഘമായിരിക്കും.

തോളിൽനിന്നും വഴുതിപ്പോയ സാരി അവൾ മുകളിലേക്കു വലിച്ചിട്ടപ്പോൾ ഞാൻ ആർത്തിയോടെ നോക്കി.

എന്റെ അപകടത്തിനുശേഷം ഞാൻ നഗ്നചിത്രങ്ങളുള്ള മാസികകൾ വാങ്ങാറുണ്ടായിരുന്നു. മേനിക്കടലാസ്സിൽ അച്ചടിച്ചുവരുന്ന വിലകൂടിയ മാസികകൾ 'മോഡേൻ മാൻ', 'കവേലിയർ', 'പ്ലേബോയ്', 'ടോപ്പർ'

അങ്ങനെ പലതും. അവയിൽ കൂടക്കൂടെ ഒരു മോഡലിന്റെ പടം വന്നിരുന്നു—ടെറി ഹിഗിൻസ്. എന്റെ കിടക്കറയിൽ ടെറിയുടെ ഒരു പടം ചില്ലിട്ടുവച്ചിട്ടുണ്ട്. മറ്റു പെണ്ണുങ്ങളുടെ വക്ഷസ്സ് മുപ്പത്തഞ്ചു മില്ലീമീറ്ററിൽ ഫിലിം ചെയ്യാവുന്നതാണ്. പക്ഷേ, ടെറിക്ക് സെവന്റി എം.എം. തന്നെ വേണം. സാരി വഴുതിപ്പോയ നിലയിൽ ഇവളെ കണ്ടിരുന്നെങ്കിൽ ടെറിയുടെ പടം അതിന്റെ ഫ്രെയിം വിട്ടുകുതിച്ച്, ആത്മഹത്യചെയ്തേനെ.

എന്റെ അപകടത്തിനു മുൻപ് ഇങ്ങനെയൊരു പെൺകുട്ടിയെ കണ്ടിരുന്നെങ്കിൽ, ഞാൻ ഒഴിഞ്ഞുമാറി നടന്നേനെ. അന്നു ഞാൻ സുന്ദരനായിരുന്നു. നാണംകുണുങ്ങിയായിരുന്നു. എന്റെ സ്വഭാവം പാലുപോലെ വെളുത്തതായിരുന്നു. നന്ത്യാർവട്ടത്തിന്റെ പൂപോലെ പരിശുദ്ധമായിരുന്നു. അതുകൊണ്ടാണ് വിജയലക്ഷ്മിയുടെ കാമുകനായിരുന്നപ്പോൾപോലും ഞാൻ ചുവടുതെറ്റാതെ നടന്നത്. പക്ഷേ, ഇപ്പോൾ ഞാൻ മാംസദാഹമുള്ളവനാണ്. ഈ മാറ്റം പണ്ടായിരുന്നെങ്കിൽ! ഇന്ന് എന്നെ ഒരു പെൺകുട്ടിയും നോക്കുകില്ല. ആ നെടുമങ്ങാട്ടുകാരി പോലും എന്നെക്കണ്ടാൽ ഓടിക്കളയും. ഇതാ, എന്റെ മുമ്പിൽ എങ്ങുനിന്നോ ഒരു പെൺകുട്ടി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. മഹാലക്ഷ്മിയുടെ മുഖവും ടെറി ഹിഗിൻസിനെ വെല്ലുന്ന മാറിടവുമുള്ള ഒരു സുന്ദരി. അതിലേ കടന്നുപോയ കാറിന്റെ ഹെഡ്ലൈറ്റിൽ അവൾ എന്റെ കരിഞ്ഞ മുഖം കണ്ടതാണ്. എങ്കിലും അവൾ ഞെട്ടിയില്ല. എന്റെ വൈരൂപ്യം അവൾ ശ്രദ്ധിച്ചില്ല.... ശ്രദ്ധിച്ചെങ്കിലും ഭയന്നില്ല. അവളുടെ ശബ്ദം ഒരു താരാട്ടുപോലെ ആശ്വാസം പകർന്നുതരുന്നു. അവളൊന്നിച്ചു കുറേസമയം ചെലവാക്കാൻ സന്ദർഭം കിട്ടിയതൊരു ഭാഗ്യമാണ്. പത്തരമണിക്കാണു തീവണ്ടി. ഉടൻ തീവണ്ടിയാപ്പീസിൽ പോകണോ? ബസ്സു കയറ്റി അയയ്ക്കാം. പക്ഷേ, അവൾ സമ്മതിക്കാനിടയില്ല. എന്റെ പണംകൊണ്ട് ടിക്കറ്റു വാങ്ങുന്നതു ശരിയല്ലെന്ന് അവൾ കരുതിയേക്കാം. അവളൊന്നിച്ചു നടന്നു പോകണം, ഒരു അംഗരക്ഷകനെപ്പോലെ.

ഉടൻ തീവണ്ടിയാപ്പീസിലേക്കു പോയില്ലെങ്കിൽ, അവളുടെകൂടെ അല്പം സല്ലപിച്ചിരിക്കാൻ കഴിയും.

“പത്തരമണിക്കല്ലേ തീവണ്ടി? പത്തുമണിക്കു ചെന്നാൽ പോരേ? അതുവരെ നമുക്ക് എവിടെയെങ്കിലും നടക്കാം.'' ഞാൻ പറഞ്ഞു.

ദുർവ്യാഖ്യാനം നടത്താവുന്ന ഒരു ക്ഷണമാണു ഞാൻ നടത്തുന്നത്. അവൾ എന്തു പറയും? ഒറ്റയ്ക്കു നടന്നാൽ ആരെങ്കിലും പിൻതുടർന്നു വരുമെന്നു ഭയപ്പെടുന്ന പെണ്ണാണ്.

“എവിടെ നടക്കാനാണ്?'' അവൾ ചോദിച്ചു—ഒരു ഭാവഭേദവും കാണിക്കാതെ.

ഭാഗ്യം! എന്നെ അവൾ ശങ്കിക്കുന്നില്ല, ഞാൻ നല്ലയാളാണെന്നു ആദ്യം തന്നെ സമ്മതിപത്രം തന്നവളല്ലേ? ഞാൻ നല്ലവനായിരുന്നുകൊള്ളാം. എന്റെ മാംസദാഹത്തിന്റെ കരി, നിന്റെ വെണ്മയിൽ പുരളാതെ കാത്തുകൊള്ളാം. എങ്കിലും നിന്റെ സാമീപ്യം കുറെനേരത്തേക്കെങ്കിലും

എനിക്കു വേണം. മണിനാദംപോലുള്ള നിന്റെ സംഭാഷണം എനിക്കു കേൾക്കണം. നീ അനുകമ്പയുള്ളവളാണ്. എന്റെ ശോകത്തിന്റെ നീറ്റൽ അല്പസമയത്തേക്കെങ്കിലും കുറയട്ടെ. അനുകമ്പയുടെ ചന്ദനച്ചാറ് നീ പുരട്ടൂ.

"എങ്ങോട്ടു നടക്കാനാണ്?'' അവൾ വീണ്ടും ചോദിച്ചു. "എന്റെ വീട്ടിലേക്കു പോകാം.'' ഞാൻ പറഞ്ഞു.

"ശരി.''

ഞങ്ങൾ നടന്നു. മറ്റൊരു കാർ, വെളിച്ചം പരത്തിക്കൊണ്ടു കടന്നുപോയി. എത്രയധികം തലമുടി! അവളുടെ മുട്ടിനു താഴെ ഇറങ്ങിക്കിടക്കുന്നു.

"എന്റെ പേരു ചോദിച്ചില്ലല്ലോ?'' അവൾ പറഞ്ഞു.

പേരു മാത്രമല്ല, മറ്റു പലതും ചോദിച്ചിട്ടില്ല. ഒരമ്മൂമ്മയുടെകൂടെ ഇറങ്ങിത്തിരിച്ച സുന്ദരിയാണെന്നു മാത്രമേ അറിയാവൂ. വഴിതെറ്റിയ പെൺകുട്ടികൾക്കും ഹാൻഡ്ബാഗ് നഷ്ടപ്പെട്ട പെൺകുട്ടികൾക്കും കൂട്ടിരിക്കാൻ തയ്യാറാവുന്ന നല്ലശമരിയാക്കാരനൊന്നുമല്ല ഞാൻ. എന്നെ പിടിച്ചുനിർത്തിയത് അവളുടെ സൗന്ദര്യമാണ്. ചോദിക്കേണ്ട ചോദ്യങ്ങളൊന്നും ചോദിപ്പിക്കാത്തത് ആ ലാവണ്യമാണ്. ഞാൻ നല്ലയാളാണെന്ന് എത്ര തവണ അവൾ ഉരുവിട്ടാലും ഞാൻ ചീത്തയാണ്, മാംസദാഹമുള്ളവനാണ്.

"എന്താ പേര്?''

"രാഗിണി.''

ഏതാണു സ്വദേശം? പഠിക്കുന്നുണ്ടോ? എവിടെ? അമ്മൂമ്മയെ കൂടാതെ വീട്ടിൽ ആരൊക്കെയുണ്ട്? അങ്ങനെ എത്രയോ ചോദ്യങ്ങൾ ബാക്കി കിടക്കുന്നു. ചോദിച്ചില്ല, ചോദിക്കാൻ തോന്നിയില്ല. പത്തര മണിക്കു തീവണ്ടി കയറിപ്പോകേണ്ട പെണ്ണാണ്. ഇനിയൊരിക്കലും കണ്ടുമുട്ടാനിടയില്ല. പിന്നെ, അതുമിതും ചോദിക്കുന്നതെന്തിന്?

എന്റെ പേര് അവൾ ചോദിച്ചില്ല. എന്താണങ്ങനെ? ഞാൻ തിരക്കി.

"എനിക്കു പേരറിയാം.... ശ്രീനിവാസനെന്നല്ലേ?''

ആശ്ചര്യം തോന്നി. കണ്ടപ്പോൾത്തന്നെ കോളേജദ്ധ്യാപകനാണെന്നറിഞ്ഞു. പേരുപോലുമറിയാം. എങ്ങനെ?

"എങ്ങനെ അറിയാം?''

"അറിയാം.'' അവൾ മന്ദഹസിച്ചു. ആ മന്ദഹാസത്തിൽ തെരുവുവിളക്കിന്റെ പ്രകാശം വീണപ്പോൾ, എന്തു ചന്തമായിരുന്നു!

"മുഖത്തിന്റെ ശ്രീ നഷ്ടപ്പെട്ട ശ്രീനിവാസനാണ്.'' ഞാൻ പറഞ്ഞു. അവളുടെ മന്ദഹാസം മാഞ്ഞുപോയി.

അങ്ങനെ ഞാൻ പറയരുതായിരുന്നു. എന്റെ മുഖത്തെപ്പറ്റി അവൾ ഒന്നും ചോദിച്ചില്ല. മറ്റുള്ളവരെപ്പോലെ അവൾ ഞെട്ടിയില്ല. എന്റെ മുഖം ലോകത്തുള്ള അനേകം കോടി മുഖങ്ങളിൽനിന്നും വ്യത്യസ്തമല്ലെന്ന് അവൾ കരുതിയെന്നാണ് തോന്നുന്നത്. പിന്നെയെന്തിനാണ് ഞാൻ എന്റെ മുഖത്തിന്റെ ശ്രീ നഷ്ടപ്പെട്ടെന്നു പറഞ്ഞത്?

ഞാൻ സ്വയം സഹതാപത്തിന്റെ ചെളിയിൽ പൂണ്ടുകിടക്കുന്നു. ബാൻഡേജഴിക്കുന്നതിനുമുമ്പ് ആളുകളുടെ സഹതാപം എന്നെ ചൊടിപ്പിച്ചിരുന്നു. അന്ന്, വരാനിരിക്കുന്ന വൈരൂപ്യത്തിന്റെ മുന്നോടിയായിരുന്നു, സഹതാപം. വൈരൂപ്യം വന്നുകഴിഞ്ഞപ്പോൾ, വായുവും വെള്ളവുംപോലെ, എനിക്കു സഹതാപം ആവശ്യമായിത്തീർന്നു. അറിയാതെ ഞാൻ ചൂണ്ടയിടുന്നു—സഹതാപം പിടിച്ചെടുക്കാൻ!

എന്റെ മുഖം എങ്ങനെയിരുന്നാലെന്ത്? പത്തരമണിക്കു തീവണ്ടി കയറിപ്പോകേണ്ട പെണ്ണാണ്. ഞാനൊരു കബന്ധമാണെങ്കിൽപ്പോലും അവൾക്കെന്താണു ചേതം? എന്നിട്ടും, ഞാൻ ഒരു നാടകത്തിലെ കഥാപാത്രത്തെപ്പോലെ ചതുരവടിവിൽ പറഞ്ഞുകളഞ്ഞു: "മുഖത്തിന്റെ ശ്രീ നഷ്ടപ്പെട്ട ശ്രീനിവാസനാണ്."

കുറേനേരത്തേക്ക് രാഗിണി ഒന്നും പറഞ്ഞില്ല. പിന്നീടവൾ സംസാരിച്ചപ്പോൾ, എന്റെ ഹൃദയത്തിന്റെ മുറിവുകളിൽ തണുപ്പും ആശ്വാസവും പരത്തുന്ന ഒരു ലേപനം പുരളുന്നതായിത്തോന്നി. "അങ്ങനെയൊന്നും പറയരുത്. മുഖത്തിന്റെ ശ്രീയും സൗന്ദര്യവുമൊക്കെ ഒരുതരം തോന്നലാണ്. മുഖത്തിനു മാത്രമാണോ സൗന്ദര്യം?"

എനിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ. എന്താണ് രാഗിണി പറയുന്നത്? എന്റെ മുഖം വിരൂപമല്ലെന്നോ? മുഖമില്ലെങ്കിൽപ്പോലും എനിക്കു സൗന്ദര്യമുണ്ടെന്നോ?

"എന്നെ സഹായിക്കാൻ തയ്യാറായില്ലേ? അതിൽ സൗന്ദര്യമുണ്ട്. നല്ല മനസ്സുള്ളവർ സുന്ദരന്മാരാണ്." അവൾ പിന്നെയും പറഞ്ഞു.

ഓ! മനസ്സിന്റെ സൗന്ദര്യം! ആർക്കുവേണമത്! പെൺകുട്ടികൾ മനസ്സിന്റെ സൗന്ദര്യം തേടിയാണോ നടക്കുന്നത്? എങ്കിൽ, ഏറ്റവുമധികം കാമുകിമാർ മഹാത്മാഗാന്ധിക്കുണ്ടാകുമായിരുന്നു. മനസ്സിന്റെ സൗന്ദര്യംപോലും! മനസ്സിന്റെ സൗന്ദര്യം ഉള്ളവരെ മാറി നിന്നു തൊഴാൻ കൊള്ളാം. വേണമെങ്കിൽ അവരുടെ കാലിൽ തൊട്ടു നമസ്കരിക്കാം. പക്ഷേ, അവരെ ചുംബിക്കാനും കെട്ടിപ്പിടിക്കാനും കൊള്ളുകയില്ല. വിജയലക്ഷ്മിയെ പിടിച്ചുനിർത്താൻ മനസ്സിന്റെ സൗന്ദര്യത്തിനു കഴിഞ്ഞില്ലല്ലോ. വനജ, ആ ഫോറസ്റ്റ് ബംഗ്ലാവിലേക്കു കയറുന്ന വഴിയിൽവച്ച് എന്നെ നോക്കി, 'സന്മാർഗ്ഗി!' എന്നാട്ടിയപ്പോൾ അവൾ മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റിയല്ല ആലോചിച്ചത്, ശരീരമാണു കാര്യം. അതിനു തൊലി വേണം. ആ തൊലി വെളുത്തിരിക്കണം. തുടുത്തിരിക്കണം. മനസ്സ് എങ്ങനെയായാലും വേണ്ടില്ല. മനസ്സു കാണാൻ പറ്റുകയില്ലല്ലോ. അതുകൊണ്ടാണ് ആ വാഴക്കൂട്ടത്തിന്റെ പിന്നിലുള്ള വീട്ടിലേക്ക് ആളുകൾ മടിശ്ശീലയുമായി ചെല്ലുന്നത്.

ഞങ്ങൾ പിന്നെയും നടന്നു—ഒന്നും മിണ്ടാതെ. ഞാൻ മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റി ചിന്തിക്കയായിരുന്നു. അവൾ പറഞ്ഞതിന്റെ പോരുൾ ഒന്നുമാത്രമാണ്: നിങ്ങൾക്കു മനസ്സിന്റെ സൗന്ദര്യം മാത്രമേയുള്ളൂ.

എന്നുവച്ചാൽ—തന്നെ കാണാൻ കാശിനു കൊള്ളുകയില്ല, എന്നു തന്നെ. അങ്ങനെ അവൾ എന്തിനു പറഞ്ഞു? ഒന്നും പറയാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! രണ്ടു മണിക്കൂർ നേരം ഞാൻ അവളുടെ സൗന്ദര്യം മാറി നിന്നു നുകരുകയും എന്നെത്തന്നെ മറക്കുകയും ചെയ്തേനെ! ഇനി അതു വയ്യ. എന്റെ മുഖം ആയിരം കണ്ണാടികളിൽ പ്രതിഫലിച്ചുനില്ക്കുന്നു. ഇടതു കവിളില്ലാത്ത, മൂക്കു ചതഞ്ഞ, വലതു ഭാഗത്തേക്കു കോടിപ്പോയ ഒരു മുഖം! നെടുമങ്ങാട്ടുകാരി ഭാരതിക്കു പേടിയുണ്ടാക്കുമെന്ന് ആ വാഴക്കൂട്ടത്തിലെ കിഴവി പറഞ്ഞ മുഖം!

"എന്താണാലോചിക്കുന്നത്?'' രാഗിണി ചോദിച്ചു.

"ഓ! ഒന്നുമില്ല.''

ഞങ്ങൾ എന്റെ വീട്ടിലേക്കു പോകുന്ന ആ വളഞ്ഞുപുളഞ്ഞ ഇടവഴിയിലെത്തി.

"വളരെദൂരം പോകണോ?'' രാഗിണി ചോദിച്ചു.

"കുറേ നടക്കണം.''

പെട്ടെന്നെനിക്കു തോന്നി ഞാൻ ചെയ്യുന്നതു തെറ്റാണെന്ന്. ഞാൻ അവിവാഹിതനാണ്. തനിച്ചു താമസിക്കയാണ്. ഞാൻ ഒരു പെണ്ണിനെ വീട്ടിലേക്കു കൊണ്ടുവരുന്നത് ആരെങ്കിലും കണ്ടാൽ? വെറും പെണ്ണിനെ യല്ല, ഒരു മോഹിനിയെ.

ഞാൻ അവൾക്കു കൂട്ടിരിക്കയാണെന്നും അല്പം കഴിഞ്ഞു തീവണ്ടിയാഫീസിലേക്കു പോകുമെന്നും പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? ഒരിക്കലുമില്ല. നേരം വെളുക്കുമ്പോൾ കോളേജ് മുഴുവൻ ന്യൂസ് പരക്കും: "ശ്രീനിസ്സാർ ആൾ മോശമല്ല.''

വനജ പറയും: "മിണ്ടാപ്പൂച്ച കലമുടച്ചു.''

അനന്തനെ വഴിയിൽ കാണുമോ? ചിലപ്പോൾ അയാൾ അൽസേഷ്യൻ നായൊന്നിച്ച് വെറുതെ ഗേറ്റിനടുത്തു നില്ക്കാറുണ്ട്. എന്നെക്കാണുമോ? കണ്ടാൽ വല്ലതും ചോദിക്കുമോ? വഴിതെറ്റിപ്പോയ—ബസ്സുകൂലിക്കു കാശില്ലാത്ത—ഒരു സുന്ദരിക്ക് ഞാൻ കൂട്ടിരിക്കയാണെന്നു പറഞ്ഞാൽ, അയാൾ പൊട്ടിച്ചിരിക്കും. മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റിയൊന്നും അയാൾ ചിന്തിക്കയില്ല. എന്റെ ഉദ്ദേശ്യം ഒന്നുമാത്രമാണെന്നേ അയാൾ വിധിക്കൂ. അങ്ങനെ സംഭവിച്ചാൽ ഞാൻ എങ്ങനെ ഈ വീട്ടിൽ തുടർന്നു താമസിക്കും? അനന്തന്റെ ഭാര്യ കല്യാണിയമ്മ, എന്നെപ്പറ്റി എന്തു വിചാരിക്കും?

എന്റെ സംസ്കാരത്തെപ്പറ്റി ആരും കുറ്റംപറഞ്ഞുകൂടാ. എന്റെ സന്മാർഗ്ഗത്തെപ്പറ്റി ആരും സംശയിച്ചുകൂടാ.

എങ്ങനെയെങ്കിലും ആരും കാണാതെ വീട്ടിലെത്താൻ കഴിഞ്ഞാൽ ത്തന്നെ അപകടങ്ങളുണ്ടാവാം. എന്റെ നിയന്ത്രണം വിട്ടുപോയെന്നു വരാം. വനജയെ ക്ലാസ്സുമുറിയിൽവച്ചു കടന്നുപിടിക്കണമെന്ന് എനിക്കു തോന്നിയില്ലേ? എത്ര പ്രയാസപ്പെട്ടാണ് ഞാൻ എന്നെ നിയന്ത്രിച്ചത്! അതു നിറഞ്ഞ ക്ലാസ്സുമുറിയായിരുന്നു. എന്റെ വീട് ഒഴിഞ്ഞുകിടക്കുന്നു.

ഇവിടെ ഒരു സുന്ദരിയൊന്നിച്ചു ഞാൻ ഒരു മണിക്കൂർ ചെലവാക്കിയാൽ എന്തും സംഭവിച്ചേക്കാം. എന്റെ മാംസദാഹം സംസ്കാരത്തിന്റെ നേർത്ത തോലും പൊളിച്ചു വെളിയിൽ ചാടാൻ നോക്കും; എന്റെ ഇടതുകവിളെല്ലു തോലുപൊളിച്ചു ചാടാൻ നോക്കുന്നതുപോലെ. കിടക്കറയിൽ തൂങ്ങുന്ന ടെറി ഹിഗിൻസ് എന്നെ എപ്പോഴും അലട്ടാറുണ്ട്. അവളുടെ നഗ്നമായ മാറിടം എന്റെ ചോരയ്ക്കു ചൂടേറ്റാറുണ്ട്. അതു പടമാണ്. ഇല്ല. രാഗിണിയെ വീട്ടിൽ കൊണ്ടു പോയാൽ ഞാൻ തെറ്റു ചെയ്തേക്കാം. ഒരിക്കലും അങ്ങനെ സംഭവിച്ചുകൂടാ. എന്നെ വിശ്വസിച്ച്, കൂടെ വരുന്ന കുട്ടിയാണ്. ഞാൻ നല്ലയാളാണെന്നു സർട്ടിഫിക്കറ്റ് തന്ന പെണ്ണാണ്. ഇങ്ങനെ സഹതാപവും അനുകമ്പയും നിറഞ്ഞുനില്ക്കുന്ന സ്വരത്തിൽ ആരും എന്നോടു സംസാരിച്ചിട്ടില്ല. എന്റെ മുഖം കണ്ടാൽ ലോകം മുഴുവനും ഞെട്ടുന്നു. എങ്കിലും ഇവൾ ഞെട്ടിയില്ല. പാടില്ല. ഞാൻ വീട്ടിൽ പോയിക്കൂടാ.

പെട്ടെന്ന് എന്തോ കണ്ടുപിടിക്കുന്നതുപോലെ, ഞാൻ വാച്ചു നോക്കിക്കൊണ്ടു പറഞ്ഞു: “അയ്യോ! നേരമെത്രെ വൈകിയിരിക്കുന്നു! എന്റെ വീട്ടിൽ ചെന്നിരുന്നാൽ ഇനിയും വൈകും... അമ്മൂമ്മ ഇപ്പോൾത്തന്നെ പരിഭ്രമിച്ചു തുടങ്ങിക്കാണും. നമുക്കു മടങ്ങാം. തീവണ്ടിയാപ്പീസിലേക്കു പോകാം.”

“എത്ര മണിയായി?”

“ഒമ്പതരയാവുന്നു.”

“അതേ, നേരമായി.”

“തീവണ്ടിയാപ്പീസിലേക്കു മൂന്നാലു മൈൽ ദൂരമുണ്ട്.... ഞാനൊരു ടാക്സി വിളിക്കാം.”

“അയ്യോ! അതൊന്നും വേണ്ട. നമുക്കു നടക്കാം.”

“സാരമില്ല, ഞാൻ ടാക്സി വരുത്താം.”

രാഗിണി ഏതാനും നിമിഷങ്ങൾ മൗനംപൂണ്ടുനിന്നു. ടാക്സിക്കൂലിയെപ്പറ്റി ചിന്തിക്കയാണോ? ഞാൻ കൂലി കൊടുക്കുമെന്നു വിചാരിക്കുന്നു. അതു ശരിയല്ലെന്നും കരുതുന്നുണ്ടാവും. വേണ്ട, അവൾ കൊടുത്തു കൊള്ളട്ടെ. അമ്മൂമ്മയുടെ കൈയിൽനിന്നും വാങ്ങി കൊടുക്കാമല്ലോ! പക്ഷേ, ചെന്നിറങ്ങുമ്പോൾ അമ്മൂമ്മയെ കണ്ടില്ലെങ്കിലോ? പത്മനാഭസ്വാമിക്ഷേത്ര പരിസരത്ത് അവർ അപ്പോഴും ചുറ്റിത്തിരിയുകയാണെങ്കിലോ?

“എന്താണു രാഗിണി ആലോചിക്കുന്നത്?”

“ഞാൻ നടന്നുപോകാം.”

“അപ്പോൾ ഞാനും നടക്കണ്ടേ?”

അവൾ മിണ്ടിയില്ല.

“ഞാൻ നല്ലയാളാണെന്നല്ലേ രാഗിണി പറഞ്ഞത്?”

“അതെ.”

“പിന്നെ, ഞാൻ ടാക്സി വരുത്തിയാലെന്താ?”

"അയ്യോ! വെറുതെ...."

"എന്റെ പണം ചെലവാകുമെന്നോ?"

മറുപടിയില്ല.

"അപ്പോൾ രാഗിണി എന്നെ തെറ്റിദ്ധരിക്കുന്നു. ഞാൻ ചീത്തയാണെന്ന്...."

"അയ്യോ! ശ്രീനി! അങ്ങനെയൊന്നും പറയരുത്! ഒരിക്കലും ഞാനങ്ങനെ വിചാരിക്കയില്ല!"

എന്റെ ഓരോ തരിയിലും ആനന്ദം കടന്നുവന്നു. എന്നെ അവൾ 'ശ്രീനി'യെന്നു വിളിച്ചിരിക്കുന്നു. ഒരാൾ മാത്രമേ എന്നെ അങ്ങനെ വിളിക്കാറുള്ളൂ, ചന്ദ്രശേഖരൻ.

മറ്റൊരാൾകൂടി വിളിച്ചിരുന്നു—വിജയലക്ഷ്മി.

ബാക്കിയുള്ളവർക്കെല്ലാം ഞാൻ ശ്രീനിവാസനാണ്. അല്ലെങ്കിൽ ശ്രീനിസ്സാറാണ്.

രാഗിണിക്കെന്നോട് അനുകമ്പ തോന്നുന്നു. അതിനപ്പുറമുള്ള വല്ല വികാരവും അവൾക്കുണ്ടോ? ഛെ! അങ്ങനെ സങ്കല്പിക്കാൻ തക്കവണ്ണം ഒന്നും നടന്നില്ലല്ലോ. എങ്കിലും, അവൾ എന്നെ അടുത്തു പരിചയമുള്ള പോലെ സംബോധന ചെയ്തിരിക്കുന്നു.

"ഞാൻ ഒരന്യനാണെന്നു കരുതുന്നെങ്കിൽ..."

"ഇല്ല.... അങ്ങനെ കരുതുന്നില്ല."

"എങ്കിൽ ടാക്സി വരുത്താം."

"ബസ്സു പോരേ?"

"ഇനി ബസ്സു കിട്ടുന്ന കാര്യം സംശയമാണ്."

ഞാൻ ടാക്സിക്കാറുകൾ വരുന്നോ എന്നു നോക്കി. ഇല്ല. അടുത്തൊരു പെട്രോൾബങ്കുണ്ട്. അവിടെ ഒന്നുരണ്ടു കാറുകൾ സാധാരണ കാണാം. ഞാൻ അങ്ങോട്ടു നടന്നു.

ഭാഗ്യം! ഒരു കാർ ഉണ്ടായിരുന്നു.

ടാക്സിയിൽ രാഗിണി കയറി—പിന്നിൽ.

ഞാൻ കയറാൻ തുടങ്ങിയപ്പോൾ അവൾ പറഞ്ഞു:

"ഞാൻ തനിച്ചു പൊയ്ക്കൊള്ളാം...കാറിലാണല്ലോ?"

"സാരമില്ല.... ഞാനും വരാം."

"വേണ്ട, ശ്രീനി."

വീണ്ടും അങ്ങനെ വിളിക്കുന്നു.

"ഇല്ല, ഞാനും വരുന്നു." ഞാൻ കയറി മുൻസീറ്റിൽ. റെയിൽവേ സ്റ്റേഷനിലേക്കു പോകുമ്പോൾ ഞാൻ ഒന്നും പറഞ്ഞില്ല. അവൾ എന്നെ രണ്ടു തവണ 'ശ്രീനി' എന്നു വിളിച്ചതിന്റെ അർത്ഥമെന്താണെന്ന് ഞാൻ വിശകലനം ചെയ്യുകയായിരുന്നു—

കാർ നിന്നു. റെയിൽവേസ്റ്റേഷൻ ക്ലോക്കിൽ ഞാൻ നോക്കി. പത്തടിക്കാൻ പത്തു മിനിറ്റ്.

രാഗിണി ഇറങ്ങി: "ഇന്നു ചെയ്ത സഹായം ഞാനൊരിക്കലും മറക്കുകയില്ല.''

"ഇനി എന്നാണിങ്ങോട്ടു വരുന്നത്?''

"അറിഞ്ഞുകൂടാ.''

"ഇനി ഒരിക്കൽപ്പോലും നാം തമ്മിൽ കണ്ടില്ലെങ്കിലും, ഞാൻ ഒരുകാലത്തും രാഗിണിയെ മറക്കുകയില്ല. എന്നോട് എത്ര സഹതാപത്തോടെയാണ് പെരുമാറിയത്!''

ഒന്നും മറുപടി പറയാതെ അവൾ എന്നെ നോക്കി നിന്നു—ആത്മാവിന്റെ അടിയോളമെത്തുന്ന നോട്ടം.

"സാർ ഇറങ്ങുന്നില്ലെങ്കിൽ തിരിച്ചുകൊണ്ടാക്കാം.... നേരെ ബങ്കിലേക്കു പോവുകയാണ്.'' ഡ്രൈവർ പറഞ്ഞു.

"ഓ!''

രാഗിണി റെയിൽവേസ്റ്റേഷന്റെ പടികളിൽനിന്നുകൊണ്ട് കൈവീശിക്കാണിച്ചു.

ഞാനും കൈവീശി.

വീട്ടിലെത്തി. കിടക്കറയിൽ കയറി. ഭിത്തിയിൽനിന്നും ടെറി ഹിഗിൻസ് എന്നെ നോക്കി പുഞ്ചിരിച്ചു.

അപ്പോൾ തോന്നി: രാഗിണിയെ വീട്ടിൽ കൊണ്ടുവന്നിരുന്നെങ്കിൽ ഈ രാത്രി എങ്ങനെ അവസാനിക്കുമായിരുന്നു?

ടെറിഹിഗിൻസിന്റെ മുമ്പിൽ ചെന്നു നിന്നുകൊണ്ടു ഞാൻ കണ്ണാടിച്ചില്ലിൽ തലോടി.

## പാല പൂത്തു

എന്തിനാണ് ഭ്രാന്താശുപത്രിയിൽ പോലീസുദ്യോഗസ്ഥന്മാർ വരുന്നത്? ഇന്നു രാവിലെ ഞാൻ വരാന്തയിൽ നില്ക്കുമ്പോൾ, ഡോക്ടറുടെ മുറിയിൽനിന്നും രണ്ടു പോലീസുദ്യോഗസ്ഥന്മാർ ഇറങ്ങിവരുന്നതു കണ്ടു—ഒരു സർക്കിൾ ഇൻസ്പെക്ടറും ഒരു സബ് ഇൻസ്പെക്ടറും.

സർക്കിൾ ഇൻസ്പെക്ടർക്ക് ഒരു തകർപ്പൻ മീശയുണ്ട്. ചെമ്മരിയാടിന്റെ കൊമ്പുപോലെ പിരിച്ചുവച്ചിരിക്കുന്നു. മീശയുടെ അറ്റത്തിനു ഘനം കുറച്ച്, അല്പംകൂടി മുകളിലേക്കു പിരിച്ചുകയറ്റിവച്ചാൽ അയാൾക്ക് സർറീയലിസ്റ്റ് ചിത്രകാരൻ ഡാലിയുടെ ഛായ കിട്ടും—കുറെക്കൂടി മെഴുകു ചെലവാക്കണമെന്നുമാത്രം.

സർക്കിൾ ഇൻസ്പെക്ടർ എന്നെ തുറിച്ചുനോക്കി—ഞാൻ ഒരു കൗതുകവസ്തുവാണെന്നമട്ടിൽ. എന്താണയാൾ അങ്ങനെ നോക്കിയത്? ഡോക്ടറോട് എന്തിനെപ്പറ്റിയാണയാൾ സംസാരിച്ചത്? രാഗിണിയെപ്പറ്റി വല്ലതും...? ഹേയ്! അതാവില്ല രാഗിണിയെപ്പറ്റി എന്തു സംസാരിക്കാനാണ്?

പക്ഷേ, ആളുകൾ പറയുന്നു രാഗിണി മരിച്ചെന്ന്. ആളുകൾ എന്തെങ്കിലും തട്ടിമൂളിച്ചാൽ പോലീസുകാർ മണത്തെത്തും. ഏതു കെട്ടുകഥയും അവർ വിശ്വസിക്കും. അങ്ങനെ വല്ലതും........?

എന്നെക്കടന്നുപോയപ്പോൾ, പോലീസുദ്യോഗസ്ഥന്മാർ ഒന്നും ചോദിച്ചില്ല.

അല്പം കഴിഞ്ഞ് ആശുപത്രി സൂപ്രണ്ട് എന്റെ മുറിയിൽ വന്നു. മേശപ്പുറത്തു പരന്നുകിടന്ന കടലാസുകൾ നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "കുറെയേറെ എഴുതിയെന്നു തോന്നുന്നല്ലോ?''

"ഇനിയും എത്രയോ എഴുതാൻ കിടക്കുന്നു, ഡോക്ടർ.''

"എഴുതണം.'' എന്റെ മുതുകിൽ തട്ടിയശേഷം അദ്ദേഹം പോയി.

എത്രയോ എഴുതാൻ കിടക്കുന്നു. എല്ലാം എഴുതണം, ഒന്നും വിടാതെ, എങ്കിലേ എനിക്ക് ആശ്വാസം കിട്ടൂ.

അനുകമ്പ അവസാനിക്കുകയും സ്നേഹമാരംഭിക്കുകയും ചെയ്യുന്നതെവിടെവച്ചാണ്? അറിഞ്ഞുകൂടാ, പക്ഷേ, അനുകമ്പ സ്നേഹമായി രൂപാന്തരപ്പെടാറുണ്ട്. കുറ്റങ്ങളും കുറവുകളും എത്രയുണ്ടെങ്കിലും അനുകമ്പ അവയ്ക്കൊക്കെ മറപിടിക്കും. സ്നേഹത്തിന്റെ വിത്ത് അപ്പോഴല്ലേ പൊട്ടിവിടരുന്നത്?

രാഗിണി എന്നോട് അനുകമ്പ കാണിച്ചു. എന്റെ മുഖം അവളെ നടുക്കിയില്ല. എന്തുകൊണ്ടാണ് അനുകമ്പ കാണിച്ചത്? ഞാൻ ഒരു കോളേജ് അദ്ധ്യാപകനാണെന്ന് അവൾക്ക് ആദ്യംതൊട്ടേ അറിയാം. എന്റെ പേരുപോലുമറിയാം. അതെങ്ങനെ? യക്ഷിയല്ലേ? എല്ലാം അറിയാൻ കഴിയും.

എങ്കിലും അന്ന് അവളെ ഞാൻ സംശയിച്ചിരുന്നില്ല. ടെറി ഹിഗിൻസിനെപ്പോലെ മാംസംകൊണ്ടു തീർത്ത ഒരു സുന്ദരിയായിരുന്നു, അവൾ.

തീവണ്ടിയാപ്പീസിൽ അവളെ കൊണ്ടാക്കിയശേഷം, ഉണർന്നിരിക്കുമ്പോഴെല്ലാം എനിക്കവളെക്കുറിച്ചു മാത്രമായിരുന്നു ചിന്ത. ഇനിയും കാണാനൊക്കുമോ? എന്നെ 'ശ്രീനി'യെന്ന് അവൾ വിളിച്ചതെന്തുകൊണ്ടാണ്? ഞാൻ നല്ലവനാണത്രേ. അനുകമ്പ സ്നേഹമായി മാറുമോ?

അങ്ങനെ ദിവസങ്ങൾ നീങ്ങി.

ഒരു ദിവസം ഒരു കത്തു വന്നു. ഇടത്തോട്ടു ചരിച്ചെഴുതിയിട്ടുള്ള മേൽവിലാസം കണ്ടപ്പോൾ എന്റെ നെഞ്ച് വേഗംകൂട്ടി സ്പന്ദിച്ചു. അതു രാഗിണിയുടേതാണെന്ന്, തുറക്കുന്നതിനുമുമ്പുതന്നെ എനിക്കു തോന്നി.

എന്റെ തോന്നൽ ശരിയായിരുന്നു.

ആ കത്ത് ഇപ്പോഴും എന്റെ കൈയിലുണ്ട്. നീലക്കടലാസിലെഴുതിയ ഒരു കത്ത്.

"ശ്രീനി,

ഈ ലോകം നന്മനിറഞ്ഞതാണെന്നു ഞാൻ വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷേ, വിശ്വാസങ്ങൾ പളുങ്കുപാത്രങ്ങളാണ്. ശക്തിയായി കുലുക്കിയാൽ, മുട്ടിയാൽ, പൊട്ടിപ്പോകും. അങ്ങനെ നന്മയെക്കുറിച്ചുള്ള എന്റെ വിശ്വാസം തകർന്നിരുന്ന ഒരു ഘട്ടത്തിലാണ് നാം കണ്ടത്. എല്ലാം ഇരുണ്ടതാണെന്നു ഞാൻ കരുതിയിരിക്കുമ്പോഴാണ് ഒരു ചെറിയ വെളിച്ചം കണ്ടത്.... ഞാൻ ശ്രീനിയെ കണ്ടത്. ഈ വെളിച്ചം വളരുമോ? എനിക്കു ഭാഗ്യമുണ്ടെങ്കിൽ വളരും.

അന്നു ചെയ്ത സഹായത്തിന് ആയിരമായിരം നന്ദികൾ.

രാഗിണി.''

മേൽവിലാസമില്ല. ഞാൻ മറുപടി നല്കണമെന്ന് അവൾ ആഗ്രഹിക്കുന്നില്ലേ? തപാൽമുദ്ര നോക്കി, വായിക്കാൻ വയ്യ. കറുത്ത മഷി സർവ്വത്ര പടർന്നൊലിച്ചുണങ്ങിയിരിക്കുന്നു.

വീണ്ടും വീണ്ടും ഞാൻ ആ കത്തു വായിച്ചു. ഞാൻ അവളുടെ വെളിച്ചമാണെന്നോ? അങ്ങനെയൊക്കെ പറയുന്നതു പ്രേമത്തിന്റെ ഭാഷയല്ലേ? എന്നെ കിട്ടണമെന്ന് അവൾ ആഗ്രഹിക്കുന്നുണ്ടോ? എന്തിന്? എന്റെ മുഖം കരിഞ്ഞതല്ലേ? എന്നിട്ടും അവളുടെ ഭാഗ്യത്തെ ഷ്പറ്റിയാണ് എഴുതിയിരിക്കുന്നത്. ഇനി തമ്മിൽ കാണുമോ? അതിനെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല.

ഈ കത്തു വന്നതോടുകൂടി രാഗിണിയെ കാണാനുള്ള ആഗ്രഹം ഉൽക്കടമായി, അവളെക്കുറിച്ചുള്ള ചിന്ത എന്റെ ഓരോ അണുവിലും നിറഞ്ഞുനിന്നു, ടൗൺഹാളിനടുത്ത് അരണ്ട വെളിച്ചത്തിൽ അവളെ കണ്ടതുമുതൽ, റെയിൽ വേസ്റ്റേഷനിൽ അവളെ കൊണ്ടാക്കിയതുവരെയുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ നടന്ന സംഭാഷണം ഞാനോർമ്മിച്ചു. അവളുടെ ഓരോ വാക്കും മുത്തുകളാണെന്നു തോന്നി. വിലമതിക്കാൻ സാധിക്കാത്ത മുത്തുകൾ. അവളെക്കുറിച്ചുള്ള ഓർമ്മ സുഗന്ധം പരത്തുന്ന പുഷ്പങ്ങൾപോലെ വളർന്നു. ടൗൺഹാളിനടുത്തുള്ള വളവു തിരിയുമ്പോൾ എന്നും ഞാൻ നില്ക്കും. ചുറ്റും നോക്കും. അത്ഭുതങ്ങൾ പ്രതീക്ഷിക്കുന്ന ഒരു കൊച്ചുകുട്ടിയെപ്പോലെ— രാഗിണി അവിടെയെങ്ങാനും നില്ക്കുന്നുണ്ടോ?

എക്സിബിഷൻ സ്റ്റാളിലെ ഒരുക്കങ്ങൾ പരിശോധിച്ചശേഷം വൈകി മടങ്ങിയ ഒരു രാത്രിയിൽ ഞാൻ വീണ്ടും രാഗിണിയെ കണ്ടു.

കോളേജുവളപ്പിലെ മാഞ്ചുവട്ടിൽ അവൾ നിന്നിരുന്നു. ഞാൻ ആനന്ദഭരിതനായി.

"എങ്ങനെ വന്നു?''

"നടന്നുതന്നെ.'' അവൾ ചിരിച്ചു.

"അമ്മൂമ്മയെവിടെ?''

"അമ്മൂമ്മയുടെ കണ്ണിൽ പൊടിയിട്ടശേഷം വന്നതാണ്.''

"വളരെനേരമായോ?''

"ഒരു മണിക്കൂറായി.''

"തനിച്ചു നില്ക്കാൻ ഭയം തോന്നിയില്ലേ?''

"ഇതേ വളപ്പിൽ ശ്രീനിയുണ്ടെന്ന് എനിക്കറിയാമല്ലോ.... പിന്നെ ഭയപ്പെടാനെന്താണ്?''

"എന്തിനിങ്ങനെ കാത്തുനിന്നു?''

"സ്റ്റാളിലെ ജോലി മുടക്കരുതെന്നു തോന്നി.''

എന്തൊക്കെയാണ് രാഗിണി മനസ്സിലാക്കിവച്ചിരിക്കുന്നത്!

"എഴുത്തു കിട്ടി.'' ഞാൻ പറഞ്ഞു.

"മറുപടി കിട്ടിയില്ല.''

"മേൽവിലാസം തന്നിട്ടു വേണ്ടേ!''

"അയ്യോ! ഞാൻ മേൽവിലാസമെഴുതാൻ മറന്നോ?''

"മറന്നു......സാരമില്ല. ഇപ്പോൾ കണ്ടല്ലോ.''

"നമുക്കെങ്ങോട്ടെങ്കിലും നടക്കാം.''

"ചുറ്റിത്തിരിയാനോ? എന്റെ വീട്ടിലേക്കു പോകാം.''

"വളരെ വൈകുമല്ലോ മടങ്ങാൻ.''

"ഏഴുമണി കഴിഞ്ഞതേയുള്ളൂ. ഒമ്പതിനകം മടങ്ങിയാൽ പോരേ?''

"മതി. പക്ഷേ, ഇന്നു ഞാൻ ബസ്സിലേ മടങ്ങൂ.''

"അന്നു ഞാൻ ടാക്സിപിടിച്ച കുറ്റത്തിന് ഇനിയും മാപ്പുതരാറായില്ലേ?''

ഒന്നും പറയാതെ അവൾ കുലുങ്ങിച്ചിരിച്ചു.

ഞങ്ങൾ നടന്നുതുടങ്ങി.

അവളുടെ ഓരോ ചലനവും ഞാൻ ശ്രദ്ധിക്കുകയായിരുന്നു. അമ്പലപ്പുഴപ്പായസത്തിന്റെ ഓർമ്മ വന്നു. മധുരമുള്ളതാണ്. ചിലപ്പോൾ മധുരം ഏറിയെന്നു തോന്നും. നടക്കുമ്പോൾ അവളുടെ നിതംബവും മാറിടവും താളംതെറ്റാതെ ചലിച്ചു. സൗന്ദര്യം ഏറിപ്പോയെന്നു തോന്നി.

ഇടവഴിയിലെത്തിയപ്പോൾ ഞാൻ അനന്തനെക്കുറിച്ചോർത്തു. വഴിയിലിറങ്ങി നില്ക്കുകയാണോ? ആണെങ്കിലും സാരമില്ല; എന്തെങ്കിലും പറഞ്ഞു രക്ഷപ്പെടാം.

ഭാഗ്യം, ഇടവഴിയിൽ ആരെയും കണ്ടില്ല.

ഞങ്ങൾ എന്റെ ഗേറ്റു തുറന്നു.

"വല്ലാതെ കാടുപിടിച്ചുകിടക്കുന്നു.'' വളർന്നുനില്ക്കുന്ന പുല്ലിൽ നോക്കി അവൾ വിമർശിച്ചു.

"ഇതൊക്കെ വൃത്തിയാക്കിവയ്ക്കാൻ ആർക്കാണു സമയം?''

ഞങ്ങൾ അകത്തു കടന്നു.

എന്റെ വീട്ടിൽ അല്പം വലിപ്പമുള്ള മുറി കിടക്കറയാണ്. അവിടെ രാഗിണിയെ കൊണ്ടുപോകുന്നതെങ്ങനെ? അതുകൊണ്ട് ഓഫീസ് മുറിയിലാണ് ഞാൻ അവളൊന്നിച്ചു കയറിയത്.

ജനലിന്നരികിലുള്ള റോസപ്പടർപ്പിൽ നോക്കിക്കൊണ്ട് അവൾ ചോദിച്ചു: “തനിച്ചാണോ താമസം?''

“അതെ.''

“എങ്ങനെ തനിച്ചിവിടെ കഴിയുന്നു?''

“എനിക്കു ജോലിയില്ലേ?''

“അതു വൈകിട്ടു തീരുമല്ലോ.''

“എക്സിബിഷന്റെ തിരക്കുണ്ട്.''

“അതീയിടെ വന്നതല്ലേ? വൈകുന്നേരം സമയം ചെലവാക്കാൻ ബുദ്ധിമുട്ടു തോന്നാറില്ലേ?'' അവൾ എന്റെനേർക്കു തിരിഞ്ഞു.

“ഞാൻ രസകരമായ ഒരു ഗവേഷണം നടത്തുന്നുണ്ട്. മന്ത്രവാദത്തെ പ്പറ്റിയും യക്ഷികളെപ്പറ്റിയും ഞാൻ പഠിക്കുകയാണ്. ഒഴുവുസമയമെല്ലാം അതിനു ചെലവാകും.''

അവൾ പൊട്ടിച്ചിരിച്ചു—ഒരായിരം കുപ്പിവളകൾ പൊട്ടുന്ന ശബ്ദ മുണ്ടാക്കിക്കൊണ്ട്.

“യക്ഷികളെപ്പറ്റി പഠിക്കുന്നോ? ഇതെന്തൊരു കൂത്താണ്!'' അവൾ ചോദിച്ചു.

“എന്താ, യക്ഷികളെപ്പറ്റി പഠിച്ചുകൂടേ?'' ഞാൻ ഒരു വാദപ്രതിവാദ ത്തിനു തയ്യാറെടുത്തു.

“ഒരു യക്ഷിയെക്കണ്ടാൽ തിരിച്ചറിയാമോ?''

“ഓഹോ! കാലുകൾ തറയിൽ തൊടുകയില്ല. മുതുക് പൊള്ളയായി രിക്കും. കണ്ടാൽ അതിസുന്ദരിയായിരിക്കും—രാഗിണിയെപ്പോലെ! പക്ഷേ, ഇടയ്ക്കിടെ ചോര കുടിക്കും. അപ്പോൾ രൂപം മാറും.''

രാഗിണി കുലുങ്ങിച്ചിരിച്ചു. “ഇതൊക്കെ......വിശ്വസിക്കുന്നുണ്ടോ!''

“എന്നു ഞാൻ പറഞ്ഞോ? ഇങ്ങനെയാണു യക്ഷികളെപ്പറ്റി പുസ്തക ങ്ങളിൽ പറയുന്നത്.''

“ഒഴിവുസമയം ചെലവാക്കാൻ വേറെ എത്രയോ നല്ല വഴികളുണ്ട്.'' രാഗിണി വീണ്ടും റോസപ്പടർപ്പു നോക്കിനിന്നു.

“ഒരു വഴി പറഞ്ഞുതരൂ.''

“കല്യാണം കഴിച്ചാൽ മതി.''

“ഞാൻ കല്യാണം കഴിച്ചിട്ടില്ലെന്നാരു പറഞ്ഞു?'' ഞാൻ ഒരു കുസൃതിച്ചിരിയോടെ ചോദിച്ചു.

രാഗിണിയുടെ നോട്ടം മുറിയിലും വരാന്തയിലും ഓടിനടന്നു. “വീടു കണ്ടാലറിയാം എത്ര വൃത്തികേടായി കിടക്കുന്നു! ഒരു ഭാര്യയുണ്ടായിരു ന്നെങ്കിൽ—''

അവൾ അങ്ങനെ അർദ്ധോക്തിയിൽ നിറുത്തിയപ്പോൾ, എനിക്കു വിഷാദം തോന്നി. എന്റെ ഉത്സാഹം നശിച്ചു. എന്നോട് അനുകമ്പയുള്ളവളാണ്. എന്നെ ഒരു വെളിച്ചത്തോടുപമിച്ചവളാണ്. എങ്കിലും സംഭാഷണം ഇങ്ങനെ തിരിയേണ്ടായിരുന്നു. എന്റെ മുഖം കണ്ടാൽ ഏതെങ്കിലും ഒരു പെണ്ണു ഭാര്യയാവാൻ സമ്മതിക്കുമോ?

രാഗിണി എന്റെ അരികിൽ വന്നു. എന്റെ തോളിൽ കൈവച്ചുകൊണ്ട് അവൾ ചോദിച്ചു: "ഞാൻ അരുതാത്തതെന്തെങ്കിലും പറഞ്ഞോ? എന്താണു മുഖം വാടിയത്?''

എന്റെ തോളിൽ അവൾ കൈവച്ചപ്പോൾ ഞാൻ കോരിത്തരിച്ചുപോയി. രാഗിണിയെ നൂറ്റാണ്ടുകളായി എനിക്കറിയാമെന്നു തോന്നി.

"രാഗിണീ!'' വേദനയോടെ ഞാൻ വിളിച്ചു. അവളുടെ നെഞ്ചിൽ തല ചായ്ച്ച് കരയണമെന്നു തോന്നി. അവൾ എന്റെ തോളിൽ അമർത്തിപ്പിടിച്ചു. പിന്നീട് എന്റെ താടിയിൽ കൈചേർത്തു. മുഖം പിടിച്ചുയർത്തി.

"ഞാൻ വേദനിപ്പിച്ചുവോ?'' അവൾ ചോദിച്ചു.

എന്റെ തൊണ്ടയിൽ ഒരു ഗദ്ഗദം തങ്ങിനിന്നു. ഇങ്ങനെ ആരും എന്നോട് അനുകമ്പയോടെ സംസാരിച്ചിട്ടില്ല. എന്റെ വേദനകൾ മുഴുവനും അവളെ അറിയിക്കണമെന്നു തോന്നി. അവളാണു വെളിച്ചം. ഇരുട്ട് എന്റെ ജീവിതത്തിലാണ്.

വിധി എന്നെ ഒരു നാൽക്കവലയിൽ കൊണ്ടുനിറുത്തിയിരിക്കുന്നു. ഒരു വഴി ചൂണ്ടിക്കാണിച്ചുകൊണ്ട്, എന്നോടു പറയുന്നു. 'നടക്കൂ!' ഞാൻ നടന്നു. അതാണു സംഭവിച്ചത്.

എന്റെ പഴയ മുഖത്തെപ്പറ്റിയാണു ഞാൻ പറഞ്ഞത്. ആ മുഖം ലക്ഷണമൊത്തതായിരുന്നു. സുന്ദരമായിരുന്നു. നീണ്ടുനിവർന്ന മൂക്കും മാംസളമെങ്കിലും ചെത്തിയൊരുക്കിയ മട്ടിലുള്ള കവിളുകളും ഒരു വെല്ലുവിളിപോലെ മുന്നോട്ടു ചാടിനില്ക്കുന്ന താടയും... ഇതിലപ്പുറം എന്തുവേണം പുരുഷന്റെ സൗന്ദര്യം പൂർത്തിയാവാൻ! ആ മുഖമാണു നശിച്ചത്. ആ നാശത്തിന്റെ കഥ പറഞ്ഞുതീർന്നപ്പോൾ രാഗിണി കരഞ്ഞു. അവൾ എന്റെയരികിൽ, തറയിലിരുന്നു. അവളുടെ മുഖം എന്റെ മുഖത്തിന്റെ തൊട്ടടുത്തു വന്നു. അവളുടെ ചുണ്ടുകൾ വിറപൂണ്ടു. ഞങ്ങൾ ഒരു നീണ്ട ചുംബനത്തിൽ അലിഞ്ഞുചേർന്നു.

അപ്പോൾ എനിക്കുണ്ടായ വികാരങ്ങൾ എങ്ങനെ കടലാസിൽ പകർത്താനാണ്! എന്റെ ആത്മവിശ്വാസം കരകവിഞ്ഞൊഴുകി. ഒരു സുന്ദരി എന്നെ ചുംബിച്ചുവെന്നല്ല എനിക്കു തോന്നിയത്. എന്റെ മുഖം തിരിച്ചുകിട്ടിയിരിക്കുന്നു. ഒരു പെൺകുട്ടിക്കെങ്കിലും എന്റെ വികൃതമായ മുഖം സ്വീകാര്യമായിരിക്കുന്നു.

എനിക്കു വീണ്ടും അത് തെളിയിക്കണമെന്നു തോന്നി—എന്റെ മുഖം അവൾക്കു സ്വീകാര്യമാണെന്ന്. ഞാൻ അവളെ തുടരെ ചുംബിച്ചു. ഓരോ ചുംബനവും അവൾ ആർത്തിയോടെ സ്വീകരിച്ചു.

എന്നിട്ടും എനിക്കു വിശ്വാസം വന്നില്ല.

"രാഗിണീ, നാം ഒന്നിച്ചുതന്നെയാണോ? നാം ചുംബിക്കുകയാണോ?''

"അതെ.''

"എനിക്കു വിശ്വാസം വരുന്നില്ല.'' ഞാൻ പറഞ്ഞു.

രാഗിണി എന്നെ ഒന്നു നുള്ളി: "വേദനയുണ്ടോ?''

"നുള്ളിയാൽ വേദനിക്കില്ലേ!''

"അപ്പോൾ ഇതു സ്വപ്നമല്ല..... സംഭവിക്കുന്ന കാര്യമാണ്.''

എനിക്കു തോന്നി തിരിച്ചൊന്നു നുള്ളണമെന്ന്. ഞാൻ അവളുടെ മാറിടത്തിൽ നുള്ളി.

"അയ്യോ!'' പുഞ്ചിരിയോടെ അവൾ ഒന്നു പിടച്ചു.

"ഓർമ്മയ്ക്കുവേണ്ടിയാണ്. ഈ നഖക്ഷതം ഒരാഴ്ചയെങ്കിലും നില നില്ക്കും.'' ഞാൻ ചിരിച്ചു.

"എനിക്കു പോകാൻ നേരമായി.''

ഞാൻ വളരെ മോശപ്പെട്ട ഒരാതിഥേയനാണെന്ന് അപ്പോഴാണു തോന്നിയത്. ഒരു കപ്പു പച്ചവെള്ളംപോലും രാഗിണിക്കു കൊടുത്തില്ല. എന്റെ കഥ പറഞ്ഞുതുടങ്ങിയപ്പോൾ ഞാൻ എല്ലാം മറന്നുപോയിരുന്നു.

"ക്ഷമിക്കൂ, രാഗിണീ... ഞാൻ അതുമിതും പറഞ്ഞിരുന്നുപോയി. ആഹാരത്തിന്റെ കാര്യം ഞാൻ മറന്നു. വിശക്കുന്നില്ലേ?...''

"വിശക്കുന്നുണ്ട്'' എന്നു പറഞ്ഞുകൊണ്ട് അവൾ എന്നെ ഒന്നുകൂടി ചുംബിച്ചു.

ഞാൻ പുളകമണിഞ്ഞുനിന്നപ്പോൾ അവൾ പറഞ്ഞു:

"വിശപ്പു തീർന്നു.''

ഞങ്ങൾ ഇറങ്ങി. മുറ്റത്തു നില്ക്കുന്ന പാലമരത്തിൽ അവളുടെ ശ്രദ്ധ പതിഞ്ഞു.

"ഈ പാല പൂക്കാറുണ്ടോ?''

"ഇന്നോളം പൂത്തിട്ടില്ല.''

"ഇനി പൂക്കും.''

"എങ്ങനെയറിയാം?''

"എനിക്കു ജ്യോത്സ്യമറിയാം.'' അവൾ പൊട്ടിച്ചിരിച്ചു.

ഞങ്ങൾ ഗേറ്റിലെത്തി, ഞാൻ ഇടവഴിയിലെത്തിനോക്കി. അനന്തൻ വെളിയിലിറങ്ങി നില്ക്കുന്നില്ല. ഭാഗ്യം!

"യെൽ—യെൽപ്! യെൽ യെൽപ്!'' ജൂഡിയുടെ കുര കേട്ടു.

"ജൂഡീ'' ഞാൻ വിളിച്ചു.

"ഏതാണീ പട്ടി?''

"അടുത്ത വീട്ടിലുള്ളതാണ്....എന്റെ വലിയ ഫ്രണ്ടാണ്.''

അപ്പോൾ പ്രാണഭീതിയോടെ ജൂഡി നീട്ടി നിലവിളിച്ചു. ഭയജന കമാംവിധം.

"ജൂഡീ—ജൂഡീ'' ഞാൻ വീണ്ടും വിളിച്ചു.

അനന്തന്റെ വീട്ടിൽ അനക്കം കേട്ടു. പട്ടിയുടെ നിലവിളി കേട്ട് ആരെ ങ്കിലും പുറത്തേക്കിറങ്ങിവരുമോ?

ഞാൻ വേഗം നടന്നു—രാഗിണിയൊന്നിച്ച്. അനന്തനോ കല്യാണി യമ്മയോ എന്നെ കണ്ടുകൂടാ!

ഞങ്ങൾ പ്രധാന റോഡിലെത്തി.

"ഞാനൊരു ടാക്സി വിളിക്കട്ടെ?''

"കണ്ടോ, കരാർ ലംഘിക്കാൻ തുടങ്ങുന്നു! വേണ്ട, ബസ്സു മതി.''

അടുത്തുള്ള ബസ്സ്സ്റ്റോപ്പിലേക്കു ഞങ്ങൾ നടന്നു.

"ഇനിയെന്നു കാണും?'' ഞാൻ ചോദിച്ചു.

"ഇനിയും കാണാം.'' എന്ന്, എവിടെവച്ച്, എന്നൊന്നും അവൾ പറഞ്ഞില്ല.

"ഈ ദിവസം ഞാൻ മറക്കുകയില്ല, രാഗിണീ.''

"ഞാനും മറക്കുകയില്ല.''

"എനിക്ക് എന്റെ ആത്മവിശ്വാസം തിരിച്ചുകിട്ടിയിരിക്കുന്നു. എന്റെ മുഖം ഒരു പെൺകുട്ടിയും സ്വീകരിക്കുകയില്ലെന്നാണു ഞാൻ വിചാരിച്ചത്.''

"ശ്രീനി എന്റെ വെളിച്ചമാണ്.''

അപ്പോൾ ബസ്സു വന്നു.

രാഗിണി എന്റെ കൈ പിടിച്ചമർത്തി: "കാത്തിരിക്കൂ...ഞാൻ വരാം.''

"യാത്ര പറയാറായില്ല...ഞാനുംകൂടെ വരാം.''

"വേണ്ട, ശ്രീനി.''

അവൾ ബസ്സിൽ കയറി.

അമ്മൂമ്മ എന്നെ കാണരുതെന്നാവാം അവൾ കരുതിയത്. എവിടെയാണ് അമ്മൂമ്മ? അവരുടെ 'കണ്ണിൽ പൊടിയിട്ടിട്ട്' വന്നുവെന്നല്ലേ പറഞ്ഞത്?

ബസ്സു നീങ്ങി.

വളരെനേരം ഞാൻ റോഡിൽത്തന്നെ നിന്നു. എന്റെ ജീവിതത്തിൽ അപ്രതീക്ഷിതമായി കടന്നുവന്ന മോഹിനി വീണ്ടും മടങ്ങുന്നു. അത്ഭുതം പ്രവർത്തിച്ചിട്ടാണ് പോകുന്നത്. എന്റെ ആത്മവിശ്വാസം തിരിച്ചു തന്ന ശേഷം! ഞാൻ അവളുടെ വെളിച്ചമാണെന്നാണു പറഞ്ഞത്. ഇനിയുമവളെ കാണുമോ? കണ്ടില്ലെങ്കിലും അവളുടെ ചുംബനങ്ങൾ എന്റെ വേദനകൾ ഇറക്കിവെക്കാനുള്ള അത്താണികളായിരിക്കും.

വിജയലക്ഷ്മി എന്നെ കൈവെടിഞ്ഞത് എത്രയോ നിസ്സാരമായ കാര്യമാണെന്നു തോന്നി. മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റി വെറുതെ പ്രസംഗിക്കുക മാത്രമല്ല, രാഗിണി ചെയ്തത്. എന്റെ കരിഞ്ഞ മുഖത്ത് അവൾ ഉമ്മ വെച്ചിരിക്കുന്നു.

ഞാൻ വീട്ടിലെത്തി, കിടക്കറയിൽ കിടന്നു. ഭിത്തിയിൽ തൂങ്ങുന്ന ടെറി ഹിഗിൻസിനെ ഞാൻ നോക്കി. ടെറിയുടെ സൗഹൃദം എനിക്കിനി വേണ്ട. കടലാസ് പ്രേമവും കടലാസ് സ്വപ്നങ്ങളും അവസാനിച്ചിരിക്കുന്നു. ഞാൻ ആ പടം തിരിച്ചുവച്ചു. ടെറിയുടെ കടലാസ്മാറിടം പരുക്കൻ ഭിത്തിയോടൊട്ടിക്കിടക്കട്ടെ.

ലഹരിയേറ്റുന്ന ചിന്തകളോടെ ഞാൻ കണ്ണടച്ചു.

അന്നു രാത്രി ഞാൻ ആ വെളുത്ത കോണിപ്പടി കണ്ടു. വെണ്ണപോലെ വെളുത്ത് ആകാശത്തിന്റെ ഉച്ചിയിലേക്കു കയറിപ്പോകുന്ന

കോണിപ്പടി, ഞാൻ കോണിപ്പടി ഓടിക്കയറുന്നു. ഓരോ പടിയിലും താലമേന്തിയ സുന്ദരിമാർ നില്ക്കുന്നു. ഏറ്റവും മുകളിലുള്ള പടിയിൽ, മൃദുലമായ മെത്തയിൽ, ഒരു മോഹിനി കിടക്കുന്നു, അവൾ നഗ്നയാണ്.

ഞാൻ സൂക്ഷിച്ചുനോക്കി.

രാഗിണി!

പെട്ടെന്ന് എന്റെ ബാലൻസ് തെറ്റി. ഞാൻ വീഴാൻ തുടങ്ങി.

തിരിഞ്ഞുനോക്കിക്കൊണ്ടാണു വീണത്.

നഗ്നയായ രാഗിണി എഴുന്നേറ്റു നില്ക്കുന്നു. കണ്ണുനീർ വാർക്കുന്നു.

നേരം വെളുത്തപ്പോൾ എങ്ങുനിന്നോ മാദകമായ മണം പരക്കുന്നതായി തോന്നി.

ഞാൻ എഴുന്നേറ്റു; ജനലിനു വെളിയിൽ എത്തിനോക്കി.

പാല പൂത്തിരിക്കുന്നു!

എന്തൊരത്ഭുതം! രാഗിണിയുടെ ജ്യോത്സ്യം ഫലിച്ചിരിക്കുന്നു.

അന്നോളം പൂക്കാത്ത പാല അന്നു രാത്രി പൂത്തതെങ്ങനെ? ഒരു പക്ഷേ, മൊട്ടുകൾ മുമ്പുതന്നെ ഉണ്ടായിരുന്നിരിക്കാം. ഞാൻ ഗൗനിക്കാത്തതാവണം.

അന്നു ഞാൻ കോളേജിൽ പോയില്ല. എങ്ങും പോകാൻ തോന്നിയില്ല.

രാഗിണിയെപ്പറ്റി ചിന്തിച്ചുകൊണ്ടു ഞാൻ കിടക്കയിൽ നിവർന്നു കിടന്നു.

ഞാൻ അവളുടെ വെളിച്ചമാണത്രെ. അവളാണു വെളിച്ചം. എന്റെ ഇരുണ്ട പാതയിൽ സ്നേഹത്തിന്റെ കൈത്തിരി അവൾ കത്തിച്ചു പിടിച്ചിരിക്കുന്നു. എന്റെ ജീവിതത്തിൽ ഇനി പുഷ്പങ്ങൾ വിടരും, സുഗന്ധം പരക്കും. പാല പൂത്തതുപോലെ!

ഉരുകിയൊലിച്ച മെഴുകുതിരിപോലുള്ള എന്റെ കവിൾത്തടം ഞാൻ തലോടി.

രാഗിണി ഉമ്മവെച്ച എന്റെ മുഖം!

## കൽമണ്ഡപം

കോളേജിന്റെ ശതാബ്ദി ആഘോഷപൂർവം നടന്നു. എന്റെ സ്റ്റാൾ ഒന്നാംകിടയിലാണെന്ന് എല്ലാവരും പറഞ്ഞു. ആഘോഷത്തിന്റെ തിരക്കിലും രാഗിണിയെക്കുറിച്ചുള്ള ചിന്ത എന്റെ ഓരോ അണുവിലും നിറഞ്ഞുനിന്നു.

ഇനിയും അവൾ വരുമോ? എന്റെ വീട്ടിൽ അവൾ വന്നിട്ടെത്ര നാളായി! ഞാൻ കലണ്ടർ നോക്കി. പതിനെട്ടു ദിവസങ്ങൾ. അവൾ വന്ന ദിവസം ഞാൻ കലണ്ടറിൽ അടയാളപ്പെടുത്തിവച്ചിട്ടുണ്ട്. തീയതിക്കു ചുറ്റും ഒരു വൃത്തം വരച്ചിരിക്കുന്നു, ചുവന്ന പെൻസിലുപയോഗിച്ച്.

പതിനെട്ടു ദിവസങ്ങൾ! ഞാൻ ഒരു പുതിയ മനുഷ്യനായി മാറിയ പതിനെട്ടു ദിവസങ്ങൾ! എന്റെ മുഖത്തിന്റെ ഭീകരതയെപ്പറ്റി ചിന്തിച്ചു ദുഃഖിക്കാൻ മുതിരാത്ത പതിനെട്ടു ദിവസങ്ങൾ!

ഒരു പെൺകുട്ടിക്കെങ്കിലും ഞാൻ സ്വീകാര്യനാണ്. വെറും പെൺകുട്ടിയല്ല. ഒരു വിശ്വമോഹിനി! എന്റെ കരിഞ്ഞുതകർന്ന മുഖമാണ് അവൾ പിടിച്ചുയർത്തിയത്; ഉമ്മവെച്ചത്!

കലണ്ടറിൽ നോക്കി നില്ക്കുമ്പോൾ ജൂഡി വന്നു. അവളെ ഞാൻ വാരിയെടുത്തു. അവളുടെ വെള്ളരോമങ്ങളിലൂടെ വിരലോടിക്കുമ്പോൾ എനിക്കു തോന്നി, ഞാൻ രാഗിണിയുടെ തലമുടി തഴുകുകയാണെന്ന്.

പതിനെട്ടു ദിവസങ്ങൾ ദീർഘമായ കാലമല്ല. അത്രയും കാലം, ഒരു മധുരസ്മരണ വ്യക്തത നശിക്കാതെ കൊണ്ടുനടക്കാൻ ബുദ്ധിമുട്ടില്ല. പക്ഷേ, ദിവസം ചെല്ലുന്തോറും ആ സ്മരണയുടെ ആത്മാവു തണുക്കും. അതിന്റെ ഉടൽ മങ്ങും. ബാഹ്യരേഖകൾക്ക് തേയ്മാനം പറ്റും. പിന്നെ എന്തു ചെയ്യാനാണ്! ഏതു നിമിഷത്തിലും വാടിക്കരിയാനിടയുള്ള ഒരു ചെടിയെപ്പോലെ അതിനെ കാത്തുരക്ഷിക്കാൻ ശ്രമിക്കാം. ഹൃദയത്തിന്റെ 'ഹോട്ട് ഹൗസിൽ' അതിനെ പ്രതിഷ്ഠിക്കാം. പിന്നെയും കാലം ചെല്ലും. അതു കരിയും. അതിനു ജീവൻ നീട്ടിക്കൊടുക്കാൻ ഒന്നേ വഴിയുള്ളൂ. അതു നശിക്കുകയില്ലെന്ന് വിശ്വസിക്കുക. ആ സ്മരണ പുതുക്കപ്പെടുമെന്ന് ഉത്ക്കടമായി വിശ്വസിക്കുക.

എന്റെ മധുരസ്മരണയുടെ പാലിൽ കാലം പച്ചവെള്ളം ചേർക്കാൻ ശ്രമിച്ചപ്പോൾ ഞാൻ അങ്ങനെ വിശ്വസിച്ചു: രാഗിണി ഇനിയും വരും.

ആ വിശ്വാസത്തിനു യാതൊരടിസ്ഥാനവുമില്ലായിരുന്നു, ചുംബിച്ചിട്ടുണ്ട്. വെളിച്ചത്തെപ്പറ്റിയും മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റിയുമൊക്കെ സംസാരിച്ചിട്ടുണ്ട്. ശാശ്വതമായ പ്രേമത്തിന് ഇത്ര ദുർബലമായ ഒരടിത്തറ മതിയോ? എങ്കിലും അവൾ വീണ്ടും വരുമെന്നു വിശ്വസിക്കാതെ വയ്യ. അങ്ങനെ വിശ്വസിച്ചില്ലെങ്കിൽ, ഞാൻ എന്റെ വികൃതമായ മുഖത്തിലേക്ക് മടങ്ങേണ്ടിവരും.

നീലക്കടലാസിൽ അവളെഴുതിയ കത്ത് എന്നും ഞാൻ വായിച്ചുപോന്നു. മേൽവിലാസം ചോദിച്ചറിയേണ്ടതായിരുന്നു. അവൾ എന്റെ മറുപടി ആഗ്രഹിച്ചിരുന്നെങ്കിൽ ആ കത്തിൽ മേൽവിലാസം കുറിക്കുമായിരുന്നു. അങ്ങനെ ചെയ്യാൻ മറന്നെന്നു പറഞ്ഞതു വെറുതെയാവാം. അമ്മൂമ്മയെ അവൾക്കു ഭയമായിരിക്കാം. ഞാൻ കത്തുകൾ എഴുതരുതെന്നവൾക്കു നിർബന്ധമുണ്ടായിരിക്കാം.

ഒന്നര മാസത്തിനുശേഷമാണ് ഞാൻ രാഗിണിയെ വീണ്ടും കണ്ടത്, തികച്ചും യാദൃച്ഛികമായിത്തന്നെ.

വളരെക്കാലത്തിനുശേഷം അന്നു ഞാൻ ഒരു സിനിമ കാണാൻ പോയി.

വിനോദം തേടിപ്പോയതല്ല, വെറും കൗതുകംകൊണ്ടു പോയതാണ്. ഞാൻ ഇഷ്ടപ്പെടുന്ന ഒരു കവിയുണ്ട്. അയാൾ ചലച്ചിത്രങ്ങൾക്കു

ഗാനമെഴുതുന്നു. അയാൾ എഴുതുന്നതെന്തും ജനഹൃദയങ്ങളെ വശീകരിക്കുന്നു. പക്ഷേ, അയാളൊരു സാഹസം കാണിച്ചുകളഞ്ഞു. ഈ ചിത്രത്തിൽ അയാൾ ഗാനങ്ങളെഴുതുകയും അഭിനയിക്കുകയും ചെയ്തിരിക്കുന്നു! ഒരു ഗായകന്റെ ഭാഗമാണ് അഭിനയിച്ചിരിക്കുന്നത്. ഇതു വേണ്ടിയിരുന്നില്ലെന്ന് എനിക്കു തോന്നി. ഇങ്ങനെ അയാൾ ചെയ്യുമെന്ന് കരുതിയിരുന്നില്ല. പ്രസംഗവേദിയിൽ അയാളെ കണ്ടിട്ടുണ്ട്. തിരശ്ശീലയിൽ അയാൾ എങ്ങനെയിരിക്കും? അതറിയാൻ കൗതുകം തോന്നി. അതുകൊണ്ടാണു പോയത്. വൈകിച്ചെന്നു. പടം തുടങ്ങി മുക്കാൽ മണിക്കൂർ കഴിഞ്ഞാണു കവി പ്രത്യക്ഷപ്പെടുന്നതെന്നു കേട്ടിരുന്നു.

സാമാന്യം തിരക്കുണ്ടായിരുന്നു, തിയേറ്ററിൽ. ഞാൻ ബാൽക്കണി ടിക്കറ്റാണെടുത്തത്. മുമ്പിലുള്ള അഴികളിൽ കാലുകയറ്റിവച്ചിരുന്നാൽ സുഖമുണ്ട്. അതുകൊണ്ടു ഞാൻ മുൻവരിയിലേക്കു നടന്നു. അവിടെ ഒരു സീറ്റ് ഒഴിവുണ്ടായിരുന്നു.

ഇരിക്കുമ്പോൾ ഇടതുവശത്തെ സീറ്റിലിരുന്ന ഒരു യുവതിയുടെ കൈത്തണ്ടിൽ എന്റെ കൈമുട്ടിടിച്ചു. “സോറി!'' ഞാൻ പറഞ്ഞു. അവൾ ഒന്നും മിണ്ടിയില്ല.

ഇരുട്ടിൽ ഒന്നുരണ്ടുതവണ ഞാൻ അവളെ ഒളിഞ്ഞു നോക്കി. എവിടെയോവച്ചു കണ്ടിട്ടുണ്ടെന്നു തോന്നി. ഒന്നും ചോദിച്ചില്ല. തുടർന്നു നോക്കിയതുമില്ല. അതു മര്യാദകേടാവും.

ഇന്റർവൽസമയത്തു ലൈറ്റ് പരന്നപ്പോൾ ഞാൻ അത്ഭുതസ്തബ്ധനായിപ്പോയി. അതു രാഗിണിയായിരുന്നു.

എന്നെ നോക്കിക്കൊണ്ട്, അവൾ മന്ത്രിച്ചു: “അല്ല, ശ്രീനിയോ? എപ്പോൾ വന്നു?''

“എന്റെ കൈമുട്ടു തട്ടിയില്ലേ?, അപ്പോൾ.''

വീണ്ടും ലൈറ്റണഞ്ഞു.

പരസ്യചിത്രങ്ങൾ മിന്നിമറഞ്ഞു തുടങ്ങി.

“സിനിമ മുഴുവനും കാണണോ?'' ഞാൻ ചോദിച്ചു.

“എന്താ, മുഴുവനും കാണുന്നില്ലേ?''

“സിനിമ എന്നും കാണാമല്ലോ. രാഗിണിയെ എന്നും കാണാനൊക്കുമോ? വരൂ, നമുക്ക് എവിടെയെങ്കിലും പോയി ആഹാരം കഴിക്കാം. അന്നു രാത്രി ഞാൻ പച്ചവെള്ളംപോലും തന്നില്ല.''

“അതിനു പ്രായശ്ചിത്തംചെയ്യാൻ പോവുകയാണോ?''

“അതെ.''

ഞങ്ങൾ തിയേറ്റർ വിട്ടു പുറത്തുവന്നു. എങ്ങനെയാണു രാഗിണി വീണ്ടും ഈ പട്ടണത്തിൽ വന്നത്? മാഞ്ചുവട്ടിൽ കാത്തുനിന്ന രാത്രിയിൽ അവൾ എങ്ങനെ വന്നു? ഈ പട്ടണത്തിലല്ലല്ലോ താമസം. അവളുടെ അമ്മൂമ്മ എവിടെ?

എന്റെ ചിന്തകൾ മനസ്സിലാക്കിയിട്ടെന്നവണ്ണം രാഗിണി പറഞ്ഞു: “അമ്മൂമ്മ വീട്ടിലാണ്.... സിനിമയൊന്നും കാണാൻ വരാറില്ല.''

“എവിടെയാണു വീട്?''

“അതൊന്നും ഞാൻ പറഞ്ഞില്ല, അല്ലേ?''

അവൾ പറഞ്ഞുതുടങ്ങി:

അമ്മൂമ്മയ്ക്ക് ഈ പട്ടണത്തിലൊരു വീടുണ്ട്. ബീച്ചിനടുത്താണ്. പഴക്കംചെന്ന ചെറിയ വീട്. വളരെക്കാലം മുമ്പു തുച്ഛമായ വാടകയ്ക്ക് ഒരാൾക്കു വീടു നൽകി. അയാൾ മറ്റൊരാൾക്ക് കൂടുതൽ വാടകയ്ക്കു വീട് ‘സബ്‌ലെറ്റ്’ ചെയ്തു. അമ്മൂമ്മയ്ക്കു ദേഷ്യമായി. വീടൊഴിഞ്ഞു കിട്ടാൻ കേസു കൊടുത്തു. കുറേക്കാലം കേസു നടത്തിക്കഴിഞ്ഞപ്പോൾ, വാടകക്കാരൻ രാജിക്കു തയ്യാറായി. ഇപ്പോൾ വീട് തിരിച്ചുകിട്ടിയിരിക്കുന്നു. അതിലാണു താമസം. കഴിഞ്ഞ രണ്ടു തവണ പട്ടണത്തിൽ വന്നത് കേസിന്റെ ആവശ്യത്തിനാണ്. അമ്മൂമ്മയ്ക്ക് വക്കീലിനെ കാണണ മായിരുന്നു.

“പത്മനാഭസ്വാമിക്ഷേത്രം കാണാൻ വന്നതാണെന്നല്ലേ...''

“വാടകക്കാരനെയും വക്കീലിനെയും കണ്ടിട്ടാണ് അമ്മൂമ്മ ക്ഷേത്ര ത്തിൽ പോയത്.''

“കുറെ ദിവസങ്ങളായോ വന്നിട്ട്?''

“മൂന്നാഴ്ചയായി.''

“എന്നെ അറിയിച്ചില്ലല്ലോ! ഇന്നിങ്ങനെ കണ്ടില്ലായിരുന്നെങ്കിൽ—''

“എങ്കിൽ?''

“രാഗിണി എനിക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടെന്നു ഞാൻ കരുതിയേനെ.''

രാഗിണിയില്ലെങ്കിൽ എന്റെ ജീവിതം ഒരു കാരാഗൃഹമായിരിക്കും. എന്റെ കരിഞ്ഞ മുഖം ഒരു ജയിലാണ്. നേർത്ത തോലു പൊളിച്ച് വെളിയിൽച്ചാടാൻ വെമ്പുന്ന എന്റെ ഇടതുകവിളെല്ലിനോളം ഉയർന്ന ഒരു മതിൽ, ഒരു ജയിലിനുമില്ല.

“എന്റെ മുഖം ഒരു ജയിലാണ്... എന്നെ ലോകത്തുനിന്നും അകറ്റിനിറു ത്തുന്ന ഒരു ജയിൽ.'' ഞാൻ പറഞ്ഞു.

രാഗിണി എന്റെ മുഖത്ത് ഉറ്റുനോക്കി. ഞാൻ നിന്നു. എന്റെ വൈരൂപ്യം അവൾ കാണുന്നില്ലേ?

“മുഖത്തെപ്പറ്റി അങ്ങനെയൊന്നും പറയരുത്.'' അവൾ പറഞ്ഞു.

“ഓ! എന്റെ മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റി പറയാൻ പോവുക യാണോ?''

“മനസ്സിനു സൗന്ദര്യമില്ലേ?''

“എനിക്കറിഞ്ഞുകൂടാ.''

ഞങ്ങൾ വീണ്ടും നടന്നു തുടങ്ങി.

"ഞാൻ വീണ്ടും കാണാൻ ശ്രമിച്ചു... പക്ഷേ, എനിക്കു വീടു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല.''

"വാസ്തവമോ?'' എന്റെ ഹൃദയത്തിൽ ആനന്ദത്തിന്റെ മുത്തുകൾ വിളഞ്ഞു.

"എനിക്ക് ആ ഇടവഴി കണ്ടുപിടിക്കാൻ കഴിഞ്ഞില്ല... എനിക്കു വഴിതെറ്റി.''

നശിച്ച ഇടവഴി! മനുഷ്യരെ ബുദ്ധിമുട്ടിക്കണമെന്ന മനഃപൂർവമായ ഉദ്ദേശ്യത്തോടെയാണ് അതിങ്ങനെ വളഞ്ഞുപുളഞ്ഞു പോകുന്നത്.

"കോളേജിൽ എന്നെ തിരക്കാമായിരുന്നല്ലോ!''

രാഗിണി പൊട്ടിച്ചിരിച്ചു: "തരക്കേടില്ല! എന്നിട്ടുവേണം ശ്രീനിസ്സാറിന്റെ പ്രേമകഥ അങ്ങാടിപ്പാട്ടാവാൻ! കത്തയയ്ക്കാൻപോലും മടിതോന്നി.''

എന്റെ ആനന്ദവും ആത്മവിശ്വാസവും കൂറ്റൻ തിരമാലകൾപോലെ ഉയർന്നു. ശ്രീനിസ്സാറിന്റെ പ്രേമകഥ! അപ്പോൾ രാഗിണി എന്നെ പ്രേമിക്കുന്നു.

ഉത്സാഹപ്രകർഷം മറച്ചുപിടിക്കാൻ എനിക്കു കഴിഞ്ഞില്ല. റോഡിൽ അങ്ങിങ്ങായി ആളുകൾ നടന്നിരുന്നു. എന്നിട്ടും ഞാൻ രാഗിണിയെ മാറോടണച്ചു.

"വിടൂ...നടുറോഡിൽവെച്ചിങ്ങനെ...''

"നടുറോഡാണെങ്കിലെന്ത്? എന്റെ രാഗിണിയെ എനിക്കു കിട്ടിയിരിക്കുന്നു; എന്റെ മുഖവും!''

"വരൂ, ഇന്നും ആഹാരം തരാതെ പറ്റിക്കാൻ നോക്കണ്ട.''

"ഓർമ്മിപ്പിച്ചതെത്ര നന്നായി! ഇപ്പോൾ ആഹാരം കഴിക്കാനല്ല, പ്രേമത്തെപ്പറ്റി പ്രസംഗിക്കാനാണ് എനിക്കു തോന്നുന്നത്.''

"വേണ്ട, ആദ്യം ആഹാരം!'' രാഗിണി എന്റെ കരം ഗ്രഹിച്ചു.

"അടുത്തെങ്ങും നല്ല ഹോട്ടലുകളില്ല.'' ഞാൻ പറഞ്ഞു.

"ഓ! എവിടെയെങ്കിലും കയറാം.''

സത്രത്തിനടുത്തുള്ള ഒരു ഹോട്ടലിൽ ഞങ്ങൾ കയറി. എല്ലാവരും രാഗിണിയെ നോക്കി. അവളുടെ സൗന്ദര്യം എങ്ങും ചലനമുണ്ടാക്കി. ചിലർ എന്നെയും രാഗിണിയെയും മാറിമാറി നോക്കി. എന്താണവർ വിചാരിക്കുന്നത്? ഒന്നാവാനേ തരമുള്ളൂ: ബ്യൂട്ടി ആൻഡ് ദി ബീസ്റ്റ്, സുന്ദരിയും മൃഗവും.

ആഹാരം കഴിച്ചശേഷം ഞങ്ങൾ എങ്ങോട്ടെന്നില്ലാതെ നടന്നു.

പെട്ടെന്ന് രാഗിണി ചോദിച്ചു: "പാല പൂത്തോ?''

"പൂത്തു.....അതൊരത്ഭുതമാണ്.''

"എന്നുവച്ചാൽ?''

"അന്നു രാത്രിതന്നെ അതു പൂത്തു. രാഗിണി പറഞ്ഞതു പാല കേട്ടു കാണും.''

"കേൾക്കുക മാത്രമല്ല, അനുസരിക്കുകയും ചെയ്തില്ലേ?'' രാഗിണി മന്ദഹസിച്ചു.

"ഇന്നെന്തെങ്കിലും ജ്യോത്സ്യം പറയാൻ ഭാവമുണ്ടോ?'' ഞാൻ കളിയാക്കി.

"ഒന്നുമാത്രം, ശ്രീനിക്ക് ഒട്ടേറെ നടക്കേണ്ടിവരും.''

"അതെന്താ?''

"നാം ഇപ്പോഴെവിടെയാണു നില്ക്കുന്നത്?'' രാഗിണി ചോദിച്ചു.

ഞാൻ ചുറ്റും നോക്കി. ഞങ്ങൾ ബീച്ചിലെത്തിക്കഴിഞ്ഞു. അടുത്തൊരു കൽമണ്ഡപമുണ്ട്. സമയം അർദ്ധരാത്രിയാവാറായി.

ശരിയാണ്, അഞ്ചു മൈലോളം നടന്നാൽ മാത്രമേ എനിക്കു വീട്ടിലെത്താൻ കഴിയൂ. അവസാനത്തെ ബസ്സ് പോയിട്ടു മണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു. പക്ഷേ, വീട്ടിലേക്കു മടങ്ങാൻ എനിക്കൊട്ടും തിടുക്കമുണ്ടായിരുന്നില്ല.

"വരൂ, നമുക്കു കുറെനേരം സംസാരിച്ചുകൊണ്ടിരിക്കാം.'' നിലാവിൽ മുങ്ങിയ വെള്ള മണൽവിരിപ്പിലേക്കു ഞാൻ വിരൽ ചൂണ്ടി.

"അയ്യോ! സമയം വളരെ വൈകി. അമ്മൂമ്മ എന്നെ കാത്തിരിക്കും.''

"സാരമില്ല. അമ്മൂമ്മയോടു ഞാൻ മാപ്പു പറഞ്ഞുകൊള്ളാം.''

"വേണ്ട, ശ്രീനി! സിനിമ കഴിഞ്ഞു പത്തുമണിക്കെത്തേണ്ടവളാണു ഞാൻ. ഇപ്പോൾ പാതിരാവായി.''

"എന്നാൽ ഞാൻ വീട്ടിൽക്കൊണ്ടാക്കാം. അമ്മൂമ്മയെ എനിക്കു പരിചയപ്പെടുത്തിത്തരൂ!''

"ഇന്നു വേണ്ട. ഇന്ന് അമ്മൂമ്മ ദേഷ്യപ്പെട്ടിരിക്കയാവും. ഇനിയൊരിക്കലാവട്ടെ.''

"ഞാൻ അകത്തു കയറുകയില്ല...മതിയോ?''

"കൂടെ വരേണ്ട... അടുത്തുതന്നെയാണു വീട്. ഞാൻ തനിച്ചു പൊയ്ക്കൊള്ളാം.'' രാഗിണി ചൂണ്ടിക്കാണിച്ചു. "അതാ!''

അകലെ കാറ്റാടിമരങ്ങൾക്കിടയിൽ ഞാൻ അവളുടെ വീടു കണ്ടു. ലൈറ്റുകൾ പ്രകാശിക്കുന്നു. അമ്മൂമ്മ ഉറങ്ങാതെ കാത്തിരിക്കുകയാണ്.

"ഒറ്റയ്ക്കു പോകാൻ പേടിയില്ലേ?'' ഞാൻ ചോദിച്ചു.

"പേടിക്കാൻ എന്തിരിക്കുന്നു! കുറച്ചുദൂരം നടന്നാൽ മതി.''

"ഇനിയെന്നു കാണും?''

"എന്നും.''

"നാളെ രാത്രി ഞാനിവിടെ വരും.''

"ഞാൻ കാത്തിരിക്കാം... വൈകി വന്നാൽ മതി.''

"എന്താ?''

"അമ്മൂമ്മ ഉറങ്ങുന്നതിനുമുമ്പു ഞാനെങ്ങനെ വെളിയിൽ വരും?''

"അതാണു പറഞ്ഞത്... അമ്മൂമ്മയെ എനിക്കു പരിചയപ്പെടുത്തിത്തരൂ. കൊച്ചുമകളെ തട്ടിയെടുക്കാൻ വന്നിരിക്കുന്നയാളെ അമ്മൂമ്മ പരിചയപ്പെടേണ്ടേ?''

മറുപടി പറയുന്നതിനു പകരം, രാഗിണി എന്നെ ചുംബിച്ചു. പിന്നെ, ധൃതിയിൽ നടന്നു. എന്തൊരു ചന്തമുള്ള നടത്തം. തറയിൽ ചവുട്ടാതെ ഒഴുകിപ്പോവുകയാണെന്നു തോന്നും... അല്പം കഴിഞ്ഞപ്പോൾ കാറ്റാടി മരങ്ങൾക്കിടയിലൂടെ വന്നിരുന്ന വെളിച്ചം മറഞ്ഞു. രാഗിണി വീട്ടിലെത്തി ക്കഴിഞ്ഞിരുന്നു.

വളരെനേരം അവിടെത്തന്നെ ഞാൻ നിന്നു. പിന്നെ മടങ്ങി. ഞാൻ വിജയലക്ഷ്മിയെക്കുറിച്ചോർത്തു. രാഗിണി എന്റെ കാമുകിയാണെന്നറി ഞ്ഞാൽ അവൾക്ക് എന്തു തോന്നും? രാഗിണിയെ അവൾ കണ്ടാൽ എന്തായിരിക്കും പ്രതികരണം? മറ്റൊരുത്തി, തന്നെക്കാൾ സുന്ദരിയാണെന്നു സമ്മതിക്കാൻ സന്മനസ്സുള്ള സ്ത്രീ ഇനിയും ജനിക്കേണ്ടിയിരിക്കുന്നു. വിജയലക്ഷ്മി ഒരുപക്ഷേ, എന്നെ ഇടിച്ചുകാണിക്കാൻ ശ്രമിക്കുമോ? ശ്രീനിസ്സാർ മന്ത്രവാദം നടത്തിയാണ് ഒരു പെൺകുട്ടിയെ പാട്ടിലാക്കിയ തെന്നു പറയുമോ? എന്തു പറഞ്ഞാലും സാരമില്ല. എന്റെ മുഖത്തെപ്പറ്റി യുള്ള ഒരു പരിഹാസത്തിനും ഇനിമേൽ മൂർച്ചയുണ്ടാവുകയില്ല. രാഗിണി ഉമ്മവെച്ച മുഖമാണിത്.

മത്തുപിടിച്ചവനെപ്പോലെയാണ് അടുത്ത പകൽ ഞാൻ കഴിച്ചു കൂട്ടിയത്. പകൽ ഒന്നവസാനിച്ചെങ്കിൽ!

രാത്രി, പത്തുമണി കഴിഞ്ഞ്, ഞാൻ ബീച്ചിലെ കൽമണ്ഡപത്തിലെത്തി. കാറ്റാടിമരങ്ങൾക്കിടയിൽ വെളിച്ചം കണ്ടില്ല. അമ്മൂമ്മ നേരത്തേ കിട ന്നുറങ്ങിയോ? എങ്കിൽ രാഗിണിയെ കാണാത്തതെന്ത്? ഞാൻ വളരെ നേരം കാത്തുനിന്നു. അർദ്ധരാത്രിയായിട്ടും രാഗിണി വന്നില്ല. അക്ഷ മനായി ഞാൻ മണൽപ്പരപ്പിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

രാഗിണിയുടെ വീട്ടിലേക്കു തലേന്നു രാത്രി ചെല്ലേണ്ടതായിരുന്നു. ഇനി ആ വീടു കണ്ടുപിടിക്കുന്നതെങ്ങനെ? വീടിനെപ്പറ്റി ഒന്നുമറിഞ്ഞുകൂടാ. അതിന്റെ ചിത്രംവരയ്ക്കാൻ പറഞ്ഞാൽ, എനിക്ക് ഒരു വെളിച്ചം മാത്രമേ വരയ്ക്കാൻ പറ്റൂ. കാറ്റാടിമരങ്ങളുടെ ഇടയിലൂടെ വരുന്ന വെളിച്ചം അതൊരു അമൂർത്തചിത്രമായിരിക്കും. ഛേ! ആ വീട്ടിലേക്ക് അവളൊന്നിച്ച് പോകേണ്ടതായിരുന്നു. ഗേറ്റുള്ള വീടാണോ? റോഡുവിട്ട് എത്ര ദൂരം നടക്കണം? അറിഞ്ഞുകൂടാ. വീടിനു പേരുണ്ടോ? അതു മറിഞ്ഞുകൂടാ. നട്ടുച്ചയ്ക്കിറങ്ങിത്തിരിച്ചാലും അതു കണ്ടുപിടിക്കാ നാവില്ലെന്നു തോന്നി.

കൽമണ്ഡപത്തിൽ ദീർഘനേരം കാത്തുനിന്നു, മടങ്ങിയാലെന്തെന്ന് ഒന്നു രണ്ടു തവണ തോന്നി. അപ്പോൾ ഹൃദയം മന്ത്രിച്ചു: മടങ്ങിയതിനുശേഷ മാണ് രാഗിണി വരുന്നതെങ്കിലോ? എന്നെപ്പറ്റി എന്തു വിചാരിക്കും?

ഒടുവിൽ ഞാൻ കൽമണ്ഡപത്തിനകത്തു നിവർന്നു കിടന്നു. തിര മാലകളുടെ ശബ്ദം കേട്ടുകൊണ്ടു ഞാനുറങ്ങി. എയർപോർട്ടിടുത്തുള്ള ക്ഷേത്രത്തിൽ ആളുകൾ തൊഴാനെത്തിയപ്പോഴാണ് ഞാൻ ഉണർന്നത്. നേരം പുലർന്നുകഴിഞ്ഞു.

എന്റെ നെഞ്ചിൽ ഒരു പിടി പാലപ്പൂക്കൾ കിടന്നിരുന്നു. ഇതെങ്ങനെ സംഭവിച്ചു? രാഗിണി വന്നിരുന്നോ? എന്നെ ഉണർത്തേണ്ടെന്നു കരുതിയോ? ഞാൻ പൂക്കൾ വാരിയെടുത്തു കീശയിലിടാൻ ഭാവിച്ചു. പൂക്കൾ കാണാനില്ല. ഞാൻ കണ്ണു തിരുമ്മി. ഉറക്കത്തിനും ഉണർവിനും മദ്ധ്യേയുള്ള നിമിഷങ്ങളിൽ പൂക്കൾ ഉണ്ടെന്ന് എനിക്കു വെറുതെ തോന്നിയതാവണം.

രാഗിണിയുടെ വീടു കണ്ടുപിടിക്കാതെ അവിടെനിന്നും പോകരുതെന്ന് എനിക്കു തോന്നി. കൽമണ്ഡപത്തിൽ നിന്നുകൊണ്ട് ഞാൻ കാറ്റാടിമരങ്ങളെ നോക്കി. അകലെ മൂന്നു വീടുകൾ കാണാം. പക്ഷേ, അവ മൂന്നും വലിയ വീടുകളാണ്. പുതിയ വീടുകൾ. തന്റെ വീടു ചെറുതും പഴയതുമാണന്നല്ലേ, രാഗിണി പറഞ്ഞത്? അപ്പോൾ ഈ വീടുകളാവാനിടയില്ല. എങ്കിൽപ്പിന്നെ ഏതാണവളുടെ വീട്? കൽമണ്ഡപത്തിൽ നിന്നപ്പോഴാണു രാത്രിയിൽ അതിന്റെ വെളിച്ചം കണ്ടത്. മണ്ഡപത്തിൽ നിന്ന് നോക്കിയാൽ കാണുന്നത് ഈ മൂന്നു വീടുകൾ മാത്രമാണുതാനും.

ഇവിടെ നിന്നാൽ കാണാൻ സാധിക്കാത്ത വേറെ വീടുകളുണ്ടോ?

കാറ്റാടിമരങ്ങൾ എവിടെയെല്ലാം നില്ക്കുന്നുവോ, അവിടെയെല്ലാം ഞാൻ ചുറ്റിനടന്നു.

നാലു വീടുകൾകൂടി ഞാൻ കണ്ടെത്തി. അവയിൽ ഒന്നു മാത്രമാണു ചെറുത്. ഇവിടെയും സംശയം തലനീട്ടി. പഴയ വീടാണെന്നല്ലേ രാഗിണി പറഞ്ഞത്? ഈ ചെറിയ വീട് അത്ര പഴയതൊന്നുമല്ല.

എങ്കിലും ഇതാവണം അവളുടെ വീടെന്നു ഞാനൂഹിച്ചു—ഒരു ഡിറ്റക്ടീവിനെപ്പോലെ. അറിയാവുന്ന വസ്തുതകൾക്കു നിരക്കാത്ത ഏതൊരു പുതിയ വസ്തുതയെയും ത്യജിക്കുക; പിന്നെ മിച്ചംനില്ക്കുന്ന വസ്തുത, എത്ര അവിശ്വസനീയമായാലും, അത് ശരിയായിരിക്കും. വലിയ വീടുകളുടെ കാര്യം മറക്കാം. ചെറിയ വീട് ഒന്നേയുള്ളൂ. അതു പഴയതല്ലെങ്കിൽപ്പോലും രാഗിണിയുടേതാവാതെ വയ്യ.

പഴയതെന്നു പറഞ്ഞാലെന്താണ്? വ്യക്തിഗതമായ ഒരഭിപ്രായമല്ലേ? എനിക്കു പഴയതായി തോന്നാത്തത്, അവൾക്കു പഴയതാണെന്നു തോന്നാം.

ഞാൻ ആ വീട്ടിലെത്തി. വെളിയിൽ ആരെയും കണ്ടില്ല. അകത്തു കയറണോ? വേണ്ട. അമ്മൂമ്മയും രാഗിണിയും ഉറങ്ങുകയായിരിക്കും. വിളിച്ചുണർത്തുന്നതു മര്യാദയല്ല. ഞാൻ തിരിച്ചു നടന്നു.

പിന്നിൽ സൈക്കിൾബെല്ലു കേട്ടു തിരിഞ്ഞുനോക്കി. പത്രം വിതരണം ചെയ്യുന്ന ഒരു പയ്യനാണ്. ഞാൻ അവനോടു ചോദിച്ചു: "ഈ ചെറിയ വീട്ടിൽ താമസിക്കുന്നതാരാണ്?''

എന്നെ അവൻ തുറിച്ചുനോക്കി. കണികാണാൻ കൊള്ളാത്ത മുഖമാണെന്റേതെന്ന് അവൻ ചിന്തിച്ചുവോ?

"അവിടെയാരുമില്ല. ഒഴിഞ്ഞുകിടക്കുകയാണ്.'' സൈക്കിൾ ചവുട്ടി പ്പോകുമ്പോൾ അവൻ പറഞ്ഞു.

ഞാൻ ആ വീട്ടിലേക്കു മടങ്ങി. മുറ്റത്തു കടന്നു. വീടു പൂട്ടിക്കിടക്കുന്നു.

വിസ്മയം തോന്നി. ഇതല്ലേ വീട്?

അന്നു രാത്രി വെളിച്ചം പരത്തിയ വീട് ഏതാണ്? ഇവിടെ ആൾ ത്താമസമില്ലെന്നു പയ്യൻ പറഞ്ഞതു ശരിയാവുന്നതെങ്ങനെ? രാഗിണി അമ്മൂമ്മയൊന്നിച്ച് എങ്ങോട്ടെങ്കിലും പോയോ? എന്റെ ചോദ്യങ്ങൾ ക്കുത്തരം കിട്ടാതെ മനസ്സു സ്വസ്ഥമാവുകയില്ലെന്നു തോന്നി. എങ്ങനെ ഉത്തരം കിട്ടും? ആരോടു ചോദിക്കും? എങ്ങനെ ചോദിക്കും? "ഇവിടെ ഒരു അമ്മൂമ്മയും കൊച്ചുമകളും താമസിച്ചിരുന്നില്ലേ?'' എന്നു ചോദി ച്ചാൽ, ആളുകൾ മടക്കം ചോദ്യങ്ങൾ ചോദിക്കും. ഏതമ്മൂമ്മ? പേരെന്ത്? എവിടെനിന്ന് വന്നവരാണ്? കൊച്ചുമകളെക്കൂടാതെ വേറെ ആരെല്ലാം കൂടെത്താമസിച്ചിരുന്നു?

അങ്ങനെ വരാനിടയുള്ള ചോദ്യങ്ങൾക്കു ഞാനെങ്ങനെ മറുപടി പറയും?

എങ്കിലും തിരക്കണം. കാണുന്നവരോടു ചോദിക്കണം. ഞാൻ അവിടെത്തന്നെ നിന്നു. അതിലേ കടന്നുപോയ ആദ്യത്തെയാളോടു ഞാൻ ചോദിച്ചു: "ഇവിടെ ഒരമ്മൂമ്മ താമസിച്ചിരുന്നില്ലേ?''

"കയറിച്ചോദിക്കണം.'' എന്നാണ് അയാൾ പറഞ്ഞത്.

പിന്നെയും ഞാനവിടെ നിന്നു. കടന്നുപോയ രണ്ടുപേരോടു ചോദിച്ചു. അറിഞ്ഞുകൂടത്രേ.

എന്റെ ചോദ്യങ്ങൾക്കുത്തരം കിട്ടുകയില്ലെന്നു ഞാൻ തീരുമാനിച്ചു. അപ്പോഴാണ് എയർപോർട്ടിനടുത്തുള്ള ക്ഷേത്രത്തിൽനിന്നും തൊഴുതു മടങ്ങുന്ന ഒരാൾ എന്നോടു ചോദിച്ചത്: "സാറെന്താ ഇവിടെ നില്ക്കുന്നത്?''

"വാസുവോ!'' ഞാൻ ചോദിച്ചു.

എന്റെ ലാബറട്ടറിയിലെ ഒരു അറ്റൻഡറാണ് അയാൾ.

വാസു നിന്നു.

"എന്താണു സാർ ഇവിടെ നില്ക്കുന്നത്?'' അവൻ ചോദ്യം ആവർത്തിച്ചു.

"ഒരമ്മൂമ്മ ഈ വീട്ടിൽ താമസിക്കുന്നുണ്ടോ?''

"ഇല്ലല്ലോ. അവിടെ ഒടുവിൽ താമസിച്ചിരുന്നതു റബ്ബർഫാക്ടറിയിൽ ജോലിയുള്ള ഒരാളാണ്. ഇപ്പോൾ വീട് ഒഴിഞ്ഞുകിടക്കുകയാണ്.''

"എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു?''

"ഒരു മാസത്തിലധികമായി, സാർ! എന്താ വാടകയ്ക്കെടുക്കാനാണോ?''

ആണെന്നും അല്ലെന്നും ഞാൻ പറഞ്ഞില്ല. വെറുതേ ഒന്നു മൂളിയ ശേഷം ചിന്താഭാരത്തോടെ എന്റെ വീട്ടിലേക്കു മടങ്ങി. അന്നു ഞാൻ കോളേജിൽ പോയില്ല.

## മോഹഭംഗം

രാഗിണി എവിടെപ്പോയി? അവൾ എന്നെ പരിചയപ്പെട്ട വിവരം അമ്മൂമ്മ മനസ്സിലാക്കിക്കാണുമോ? മുഖമില്ലാത്ത ഒരു മനുഷ്യന്റെ കാമുകിയാണു തന്റെ പേരക്കിടാവെന്നു മനസ്സിലാക്കിയപ്പോൾ അമ്മൂമ്മ ക്ഷോഭിച്ചിരിക്കാം. രാഗിണിയൊന്നിച്ചു പട്ടണംവിട്ടു പോയിരിക്കാം. മറ്റൊരുത്തരവും എനിക്കു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല.

വിഷാദമൂകനായി വീട്ടിലിരിക്കുമ്പോൾ അനന്തൻ വന്നുകയറി.

"എന്താ, സുഖമില്ലേ?'' അയാൾ ചോദിച്ചു.

"ഏയ്, ഒന്നുമില്ല.''

"ഇന്നലെ രാത്രി എവിടെപ്പോയിരുന്നു?''

"ഒരാളെ കാണാൻ പോയി.''

ഞാൻ പ്രാർത്ഥിച്ചു: ആരെക്കാണാനെന്നും മറ്റും അനന്തൻ ചോദിക്കരുതേ!

"ഇന്നലെ രാത്രി ടൗൺഹാളിൽ ഒരു നാടകമുണ്ടായിരുന്നു. നിങ്ങളെ വിളിക്കാമെന്നു വിചാരിച്ച് ഇവിടെ വന്നു...വീടു പൂട്ടിയിരുന്നു.

"നാടകത്തിനു പോയോ?''

"ഇല്ല. കൂട്ടില്ലാതെ എന്തു നാടകംകാണലാണ്?

"ശ്രീമതിയൊന്നിച്ചു പോകാമായിരുന്നില്ലേ?''

"പോകാത്തതുകൊണ്ട് നഷ്ടമൊന്നുമില്ല. രണ്ടു ടിക്കറ്റുകളും ചക്കാത്തു കിട്ടിയതാണ്.... വീട്ടുകാരിക്കിപ്പോൾ നല്ല സുഖമില്ല. ഉറക്കമിളയ്ക്കാൻ പറ്റുകയില്ല.''

"സുഖമില്ലേ?''

"ഹേയ്, പരിഭ്രമിക്കാനൊന്നുമില്ല. പണ്ടേ വരേണ്ട സുഖക്കേടാണ്. അല്പം വൈകിപ്പോയെന്നേയുള്ളൂ.''

"അതെന്തൊരു സുഖക്കേടാണ്? നിങ്ങൾ പറയുന്നതു കേട്ടാൽ വളരെ കൊള്ളാവുന്ന ഒരു സുഖക്കേടാണെന്നു തോന്നും.''

"ഗർഭം.'' അനന്തൻ പൊട്ടിച്ചിരിച്ചു.

ഞാൻ അനന്തന്റെ കൈ പിടിച്ചു കുലുക്കി, അനുമോദനങ്ങളറിയിച്ചു.

പക്ഷി മുട്ടയിട്ടു. പാല പൂത്തു. മിസ്സിസ് അനന്തൻ ഗർഭം ധരിച്ചു.

നാല്പതു വയസ്സു കഴിഞ്ഞ സ്ത്രീയാണ്. അനന്തൻ പറഞ്ഞതു ശരിയായിരുന്നു. വൈകി വന്ന സുഖക്കേടാണ്. സൂക്ഷിക്കണം. നാടകം കാണരുത്. ഉറക്കമിളയ്ക്കരുത്.

"ശ്രീനിയെ അനുമോദിക്കാൻ എന്നാണ് എനിക്കു കഴിയുക?''

"ഏങ്?''

"എന്നാണു പെണ്ണുകെട്ടുന്നതെന്ന്? ഇങ്ങനെ ലാബറട്ടറിയും ഓലക്കെട്ടുകളും മാത്രമായി കഴിഞ്ഞാലോ?''

ഞാൻ ഒന്നും മിണ്ടിയില്ല. ഇടതുകവിളിൽ ഞാനറിയാതെ എന്റെ വലതു കൈപ്പത്തി കടന്നുചെന്നു.

എന്റെ ചിന്തകൾ മനസ്സിലാക്കിയിട്ടെന്നവണ്ണം അനന്തൻ പറഞ്ഞു: “ഇപ്പോഴും നിങ്ങൾ ഒരു എലിജിബിൾ ബാച്ചിലറാണ്.”

അങ്ങനെതന്നെയാവണം രാഗിണിയും ചിന്തിക്കുന്നത്. മുഖമില്ലാത്ത ഞാൻ എലിജിബിൾ ബാച്ചിലറാണ്! പക്ഷേ, മൂന്നു രാത്രികളിൽ എന്റെ ഹൃദയത്തിൽ വെളിച്ചം പരത്തിയ അവൾ എങ്ങോ പോയിമറഞ്ഞിരിക്കുന്നു.

“എന്നെത്തേടി ഒരു പെൺകുട്ടി വന്നാൽ ഞാൻ കഴുത്തു കുനിച്ചു കൊടുക്കാം, വരണമാല്യത്തിന്. പക്ഷേ.......”

“ഒരു പക്ഷേയുമില്ല. അങ്ങനെയൊരു പെൺകുട്ടി വരും....ഒരു സുന്ദരി.” അനന്തൻ ചിരിച്ചു.

“താങ്ക്സ്.” ഞാൻ മന്ദഹസിച്ചു.

അനന്തൻ പോയി. ഞാൻ സ്വയം സഹതാപത്തിന്റെ ചെളിയിൽ കിടന്നുരുളാൻ തുടങ്ങി. രാഗിണി വരുമോ? എന്റെ ജീവിതം ധന്യമാകുമോ?

പാലമരത്തിന്റെ ചുവട്ടിൽ ഒട്ടേറെ സമയം ചുരുണ്ടുകൂടിയിരിക്കുക പതിവായി; ഒരു ചൂരൽക്കസേരയിൽ.

എന്റെ ചുറ്റും ഓടിനടന്നിരുന്ന ജൂഡി അത്ഭുതപ്പെട്ടിരിക്കാം—എന്താണു പണ്ടത്തെ ലാളനം കിട്ടാത്തത്? എന്റെ ചിന്താഭാരം അവൾ എങ്ങനെയറിയാനാണ്?

യക്ഷികളെക്കുറിച്ചും മന്ത്രവാദത്തെക്കുറിച്ചുമുള്ള പഠനം ഞാൻ നിറുത്തിവച്ചു. കോളേജിൽ ഇടയ്ക്കിടെ പോകാതെയായി. രാഗിണിയെ വീണ്ടും കണ്ടുമുട്ടുന്നതുവരെ എനിക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നു തോന്നി.

ഒരു സായാഹ്നത്തിൽ ചന്ദ്രശേഖരൻ എന്റെ വീട്ടിൽ വന്നു.

“എന്താ തന്നെ ഈയിടെ കോളേജിലൊന്നും കാണാത്തത്?” അവൻ തിരക്കി.

“ഓ, ഒന്നുമില്ല. മൂന്നാലു ദിവസം വരാൻ പറ്റിയില്ല.”

“യക്ഷിഗവേഷണം ഉച്ചകോടിയിലെത്തിയിരിക്കയാണ്, അല്ലേ?”

“അങ്ങനെയൊന്നുമില്ല. വാസ്തവം പറഞ്ഞാൽ ഞാൻ അതൊക്കെ കെട്ടിവച്ചിരിക്കയാണ്.”

“എന്താ, ബോറടിച്ചുവോ?”

“ഛെ...ഛെ...യക്ഷികളെക്കുറിച്ചുള്ള പഠനം എങ്ങനെ വിരസമാകാനാണ്?”

“പിന്നെ?”

“എനിക്കീയിടെ ഒന്നിലും ഉത്സാഹം തോന്നുന്നില്ല,”

“കാരണം?”

സത്യസന്ധമായ മറുപടി പറയണോ, വേണ്ടയോ? ഞാൻ ആലോചിച്ചു തുടങ്ങി. എനിക്കു സ്നേഹിതന്മാർ കുറവാണ്. ചന്ദ്രശേഖരനൊഴിച്ച് മറ്റാരുമില്ലെന്നു പറയാം. അവനിൽനിന്നു കാര്യങ്ങൾ മറച്ചുവയ്ക്കുന്നതു

ശരിയാണോ? ഹൃദയം നിറയെ വേദന മുറ്റിനില്ക്കുന്ന ഈ അവസരത്തിൽ എനിക്കു ചാഞ്ഞുനില്ക്കാൻ, കണ്ണീർവാർക്കാൻ, ഒരു സ്നേഹിതന്റെ തോൾ വേണ്ടേ?

"എന്താ മിണ്ടാതിരിക്കുന്നത്?'' അവൻ ചോദിച്ചു.

"എനിക്കൊരു കഥ പറയാനുണ്ട്...'' ഞാനാരംഭിച്ചു. എന്റെ വേദനകൾ മുഴുവനും ഞാൻ പറഞ്ഞറിയിച്ചു. രാഗിണിയൊന്നിച്ചു ചെലവാക്കിയ ചുരുങ്ങിയ മണിക്കൂറുകളിൽ നടന്ന യാതൊന്നുംതന്നെ ഞാൻ മറച്ചുവച്ചില്ല.

എന്റെ ഊഴം വന്നു. ചന്ദ്രശേഖരനോടു ചോദിക്കാൻ. "താനെന്താ മിണ്ടാതിരിക്കുന്നത്?''

"ആ പെണ്ണിനെക്കുറിച്ചു ഞാൻ ഓർക്കുകയാണ്. ആരാണവൾ? അവളെപ്പറ്റി തനിക്കു കാര്യമായൊന്നുംതന്നെ അറിഞ്ഞുകൂടാ.'' ചന്ദ്രശേഖരൻ പറഞ്ഞു.

"എന്നെ സ്നേഹിക്കുന്ന ഒരു സുന്ദരിയാണെന്നു മാത്രം ഞാനറിഞ്ഞാൽ പോരേ?''

"മതിയോ?''

"മതി. എന്റെ മുഖം തിരിച്ചുനൽകിയ പെൺകുട്ടിയാണവൾ. എനിക്കു സ്നേഹത്തിന്റെ പാനപാത്രം.....''

"നിറുത്തെടോ, തന്റെ സാഹിത്യം! അവളുടെ നാടേത്, വീടേത്, ബന്ധുജനങ്ങളാര്...ഇതൊന്നുമറിയാതെ...''

"ഇതൊക്കെ ഞാൻ എന്തിനറിയണം? എനിക്കും വലിയ മേൽവിലാസമൊന്നുമില്ലല്ലോ. അച്ഛനില്ല. അമ്മ പണ്ടേ മരിച്ചു. എനിക്കാരാണു ബന്ധുജനങ്ങൾ? താൻ മാത്രമുണ്ട്! ആട്ടെ, പറയൂ. എന്റെ മുഖം ഏതെങ്കിലുമൊരു പെൺകുട്ടിക്ക് ഇഷ്ടമാകുമോ?''

ചന്ദ്രശേഖരൻ മിണ്ടിയില്ല.

"രാഗിണി എന്നെ ഇഷ്ടപ്പെടുന്നു. ഈ കരിഞ്ഞ മുഖം അവളെ ഭയപ്പെടുത്തുന്നില്ല. എങ്ങനെയാണ് അവൾക്ക് എന്നെ സ്നേഹിക്കാൻ കഴിയുന്നത്? എനിക്കു മനസ്സിന്റെ സൗന്ദര്യമുണ്ടത്രേ! എന്തോ! അവളുടെ പ്രേമം ഞാൻ നിരസിക്കുകയോ? ഒരിക്കലുമില്ല.''

"ഇനിയെന്താണു ഭാവം?''

"ഞാൻ കാത്തിരിക്കും. അവൾ വരാതിരിക്കയില്ല.''

ഞാൻ പറഞ്ഞതു സംഭവിച്ചു. അവൾ വന്നു.

ഒരു സന്ധ്യയ്ക്കു ഞാൻ വീട്ടിലെത്തിയപ്പോൾ അവൾ പാലമരത്തിന്റെ ചുവട്ടിൽ നില്ക്കുന്നതു കണ്ടു.

"ശ്രീനി!'' അവൾ പ്രേമപൂർവം വിളിച്ചു.

പാലമരത്തിന്റെ ചുവട്ടിൽ നിന്നുകൊണ്ടുതന്നെ, ഞാൻ അവളെ മുറുകെപ്പുണർന്നു.

"എന്നോടു ദേഷ്യപ്പെടുമെന്നാണു ഞാൻ വിചാരിച്ചത്.'' രാഗിണി പറഞ്ഞു.

"ദേഷ്യപ്പെടുകയോ? എന്തിന്?''

"അന്നു രാത്രി ഞാൻ കൽമണ്ഡപത്തിൽ വരാത്തതുകൊണ്ട്.....''

"ഞാൻ വേദനയനുഭവിച്ചു, രാഗിണി... ദേഷ്യപ്പെട്ടില്ല... പക്ഷേ, ഒരു കാര്യം! ഇനി ഞാൻ രാഗിണിയെ വിടുകയില്ല.''

"ഞാനും പോവുകയില്ല.''

പാലമരത്തിൽ ചാഞ്ഞുനിന്നുകൊണ്ട്, ഞാൻ അവളെ എന്റെ മാറിടത്തിലേക്കു പിടിച്ചുവലിച്ചു. ഞങ്ങളുടെ തലയിൽ പാലപ്പൂക്കൾ ഉതിർന്നു വീണു.

"സത്യമോ?''

"സത്യം.''

"എന്നാൽ വരൂ! നമുക്കിപ്പോൾത്തന്നെ അമ്മൂമ്മയെ കാണാൻ പോകാം.''

"അമ്മൂമ്മയെ കാണാനൊക്കുകയില്ല.''

"കാരണം?''

"അമ്മൂമ്മ മരിച്ചുപോയി.''

ഞാൻ അന്ധാളിച്ചുനിന്നപ്പോൾ രാഗിണി എല്ലാ വിവരങ്ങളും എന്നോടു പറഞ്ഞു.

അന്നു രാത്രി എട്ടു മണിക്ക് അമ്മൂമ്മയ്ക്കു കലശലായ വിയർപ്പും നെഞ്ചുവേദനയുമുണ്ടായി. അയൽക്കാരുടെ സഹായത്തോടെ താൻ അമ്മൂമ്മയെ ആശുപത്രിയിലെത്തിച്ചു. അവിടെനിന്നും അമ്മൂമ്മ മടങ്ങിയില്ല. ശവദാഹം നാട്ടിൽവച്ചു നടത്തണമെന്നു തനിക്കു തോന്നി. പുലർച്ചയ്ക്കു ഒരു കാറു പിടിച്ചു നാട്ടിലേക്കു പോയി. കുറേ ദിവസം അവിടെ താമസിച്ചു. അപ്പോഴൊക്കെയും എന്നെക്കുറിച്ചോർക്കുകയായിരുന്നു.

"ഇനി എനിക്കാരുമില്ല'' എന്നു പറഞ്ഞപ്പോൾ രാഗിണിയുടെ കണ്ണു നിറഞ്ഞു.

"ഞാനുണ്ട്.'' ഞാൻ അവളെ തഴുകി. അന്നു രാത്രി അക്ഷമനായി ഞാൻ കടൽപ്പുറത്തു നടക്കുമ്പോൾ, രാഗിണിയുടെ അമ്മൂമ്മ മരിക്കുകയായിരുന്നു. പാവം!

പെട്ടെന്നു സംശയം തോന്നി: ഞാൻ കണ്ട ചെറിയ വീടുതന്നെയാണോ രാഗിണിയുടേത്? അത് ഒഴിഞ്ഞുകിടക്കുന്ന വീടാണെന്നല്ലേ ആളുകൾ പറഞ്ഞത്? അപ്പോൾ പിന്നെ......

"എന്താണാലോചിക്കുന്നത്?'' രാഗിണി ചോദിച്ചു.

"ഓ!, ഒന്നുമില്ല.''

ആ വീടിനെപ്പറ്റി ചോദിക്കേണ്ടയാവശ്യമില്ലെന്നു തോന്നി. ഇനി എനിക്കു രാത്രികാലങ്ങളിൽ, കൽമണ്ഡപങ്ങളിലും കടൽപ്പുറങ്ങളിലും രാഗിണിയെക്കാത്തു നില്ക്കേണ്ടല്ലോ. അവൾ എപ്പോഴും എന്റെ കൂടെയുണ്ടാവും.

“ഞാൻ ഇവിടെ താമസിച്ചുകൊള്ളട്ടെ?'' അപേക്ഷാഭാവത്തിൽ രാഗിണി ചോദിച്ചു.

“കൊള്ളാം, പിന്നെ എവിടെ താമസിക്കാനാണ്? വരൂ നമുക്കകത്തു പോകാം.''

ഇങ്ങനെ പൊടുന്നനേ രാഗിണി വരുമെന്നു ഞാൻ കരുതിയതല്ല. തിരിച്ചുപോവുകയില്ലെന്നു പറഞ്ഞുകൊണ്ടാണു വന്നിരിക്കുന്നത്. ആനന്ദത്തിന്റെ ലഹരി എന്റെ ഞരമ്പുകളിൽ ഒഴുകിനടന്നു. എന്റെ ഹൃദയത്തിൽ ആരോ ലക്ഷം ദീപങ്ങൾ കത്തിച്ചുവച്ചതായി തോന്നി.

ക്ഷണത്തിൽ പ്രായോഗികബുദ്ധി ഉണർന്നു. രാഗിണിയെ അനന്തനും ഭാര്യയ്ക്കും പരിചയപ്പെടുത്തിക്കൊടുക്കണ്ടേ? ഉടൻതന്നെ. മറ്റാരെയും എനിക്കറിയിക്കാനില്ല. അയൽക്കാരനെ അറിയിക്കണം. ചന്ദ്രശേഖരനേയും. ഉടനടി വിവാഹം നടത്തണം. വിവാഹം തികച്ചും ഒതുങ്ങിയ ചടങ്ങാവണം—സബ് രജിസ്ട്രാരുടെ കാർമ്മികത്വത്തിൽ. ഞാനും രാഗിണിയും ബന്ധുക്കളില്ലാത്തവരല്ലേ? അനാഥർ. ഞങ്ങളുടെ വിവാഹത്തിനു കൊട്ടും കുരവയുമൊന്നും വേണ്ട.

അല്പം കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു: “വരൂ, നമുക്ക് അടുത്ത വീട്ടുകാരെ പരിചയപ്പെടാം.''

“ഇന്നു വേണോ? ഇപ്പോൾ വേണോ?''

“ഞാനൊരു പഴഞ്ചനാണ്, രാഗിണീ! ഏതോ ഒരു പെണ്ണും ഞാനും രാത്രിസമയം ഇവിടെ ഒന്നിച്ചു ചെലവാക്കിയെന്ന് ആരെങ്കിലും അപവാദം പറയുന്നത് എനിക്കിഷ്ടമല്ല.''

“അതുകൊണ്ട്?''

“ഞാൻ എന്റെ അയൽക്കാരനെ അറിയിക്കാൻ പോകുന്നു... ഇത് ഏതോ ഒരു പെണ്ണല്ല, ഞാൻ വിവാഹം കഴിക്കാൻ പോകുന്ന കുട്ടിയാണെന്ന്.''

“അതു കൊള്ളാം, തൊണ്ടിസഹിതം ഹാജരാകാൻ പോവുകയാണ്, അല്ലേ?'' രാഗിണി ചിരിച്ചു.

ഞാൻ പൊട്ടിച്ചിരിച്ചുപോയി.

“ആട്ടെ, എന്നാണു വിവാഹം?'' അവൾ ചോദിച്ചു.

“നാളെത്തന്നെ.''

“നാളെയോ? വീട്ടുകാരെ അറിയിക്കണ്ടേ?''

“എനിക്കാരുമില്ല. ഉള്ളവർ അകന്ന ബന്ധുക്കളാണ്.''

“എന്നെപ്പോലെതന്നെ.''

ഞാൻ അനന്തന്റെ വീട്ടിലേക്കു നോക്കി. വെളിച്ചമുണ്ട്: “വരൂ! പോകാം.''

ഞങ്ങൾ നടന്നു.

അനന്തനും കല്യാണിയമ്മയും മുൻവശത്തെ മുറിയിൽ റേഡിയോ സംഗീതം കേട്ടുകൊണ്ടിരിക്കയായിരുന്നു.

“ശ്രീനിവാസനോ? കൂടെയാരാണ്?'' അനന്തൻ എഴുന്നേറ്റു.

അപ്പോൾ എന്നെ വല്ലാതെ ഞെട്ടിപ്പിച്ച ഒരു സംഭവമുണ്ടായി. കല്യാണിയമ്മയുടെ കാൽച്ചുവട്ടിൽ കിടന്നിരുന്ന ബ്രൂണോ ഭയജനകമാംവിധം നീട്ടി നിലവിളിക്കാൻ തുടങ്ങി. അന്നൊരു രാത്രി ജൂഡി നിലവിളിച്ചതുപോലെ.

“ബ്രൂണോ! ബ്രൂണോ!'' കല്യാണിയമ്മ ശാസിച്ചു. അൽസേഷ്യൻ രോദനം നിറുത്തിയില്ല.

“ബ്രൂണോ!'' ഉച്ചത്തിൽ വിളിച്ചുകൊണ്ട്, തൊഴിക്കാനെന്നമട്ടിൽ അനന്തൻ കാലുയർത്തി.

ഞെട്ടിവിറച്ചുകൊണ്ട് ബ്രൂണോ അകത്തേക്ക് ഓടിപ്പോയി.

“വരൂ, വരൂ!'' ബ്രൂണോയുടെ നിലവിളിമൂലം മുടങ്ങിപ്പോയ ക്ഷണം കല്യാണിയമ്മ ഇപ്പോൾ നടത്തി.

ഞങ്ങൾ അകത്തു കയറി.

“കൂടെ ഉള്ളതാരാണ്?'' അനന്തൻ തിരക്കി.

“ഇതു രാഗിണിയാണ്...എന്റെ ഭാര്യയാകാൻ പോകുന്ന കുട്ടി.'' ഞാനറിയിച്ചു.

“ഭേഷ്! അന്നു ഞാൻ പറഞ്ഞതു ശരിയായി വന്നില്ലേ?'' അനന്തൻ എന്റെ കൈപിടിച്ചു കുലുക്കി.

രാഗിണി തല കുനിച്ചുപിടിച്ചു.

“എന്താണിത്ര നാണം?'' കല്യാണിയമ്മ രാഗിണിയുടെ അടുത്തു ചെന്നിരുന്നു. ഒന്നു പരിശോധിക്കുന്നമട്ടിൽ രാഗിണിയെ നോക്കിയശേഷം അവർ തുടർന്നു: “ശ്രീനിവാസൻ ഭാഗ്യവാനാണ്. എത്ര നല്ല കുട്ടി!''

ആനന്ദവും അഭിമാനവും നിറഞ്ഞ കണ്ണുകൾകൊണ്ടു ഞാൻ രാഗിണിയെ നോക്കി.

ഈ ഘട്ടത്തിലാണ് വെളിയിലെവിടെയോ ചുറ്റിക്കറങ്ങിയിരുന്ന ജൂഡി അകത്തു ചാടിക്കയറിയത്. മുറിയിൽ കടന്നയുടൻ, മഞ്ഞുകട്ടയിൽ തീർത്ത ഒരു പാവയെപ്പോലെ അവൾ നിശ്ചലയായി നിന്നു, പിന്നെ തറപറ്റിക്കിടന്നുകൊണ്ടു ദീനഭാവത്തിൽ മോങ്ങി.

“എന്തുപറ്റി ഇന്നീ നായ്ക്കൾക്ക്?'' കല്യാണിയമ്മ ചോദിച്ചു.

“ജൂഡീ, ജൂഡീ, പോ! അകത്തു പോ!'' അനന്തൻ ആജ്ഞാപിച്ചു. വേദനിച്ചിട്ടെന്നവണ്ണം ഞരങ്ങിക്കൊണ്ട് ജൂഡി അകത്തെവിടെയോ പോയിമറഞ്ഞു.

“ബ്രൂണോയും ജൂഡിയും എന്തോ കണ്ടു ഭയന്നെന്നു തോന്നുന്നു!'' ഞാൻ പറഞ്ഞു.

“എന്തോന്നു ഭയപ്പെടാൻ! വിരയുടെ ശല്യമുള്ളപ്പോൾ നായ്ക്കളിങ്ങനെയാണ്.'' അനന്തൻ എനിക്കൊരു സിഗരറ്റ് നീട്ടി.

“എന്തോ കണ്ടു ഭയന്നതാണ്. മനുഷ്യർക്കു കാണാനാവാത്തതു നായ്ക്കൾക്കു കാണാൻ കഴിയുമെന്നു കേട്ടിട്ടില്ലേ?'' രാഗിണി കല്യാണിയമ്മയോടു പതിഞ്ഞ സ്വരത്തിൽ സംസാരിച്ചു.

അനന്തൻ അതു കേട്ടു: “കൊള്ളാം! ശ്രീനിവാസനു പറ്റിയ കൂട്ടുകാരി തന്നെ. മനുഷ്യർ കാണാത്തതു നായ്ക്കൾ കാണുമെന്നു പറഞ്ഞാൽ, യക്ഷികളിലും ഗന്ധർവ്വന്മാരിലുമൊക്കെ വിശ്വസിക്കുന്നുവെന്നു വ്യക്തം.''

അനന്തൻ കുലുങ്ങിച്ചിരിച്ചപ്പോൾ രാഗിണി ലജ്ജിച്ചുപോയി.

“ആട്ടെ, എന്നാണു കല്യാണം?'' കല്യാണിയമ്മ ചോദിച്ചു.

“ഞാൻ കഥ മുഴുവനും പറയട്ടെ?'' അനുവാദത്തിനായി ഞാൻ രാഗിണിയെ നോക്കി. അവൾ മന്ദഹസിച്ചു.

ഞങ്ങളുടെ പ്രേമത്തിന്റെ കഥ ഞാൻ രണ്ടു വരികളിൽ പറഞ്ഞു തീർത്തു. രജിസ്റ്റർവിവാഹത്തിന്റെ കാര്യം പറയാനാണു കൂടുതൽ സമയമെടുത്തത്. രാഗിണിക്ക് അടുത്ത ബന്ധുക്കളാരുമില്ലെന്നു ഞാൻ പറഞ്ഞു.

“ബന്ധുക്കളില്ലെങ്കിലെന്താ? ആയിരം ബന്ധുക്കളുള്ള ഒരു കാക്കക്കുറത്തിയെ കിട്ടിയിട്ടെന്താ കാര്യം? പെൺകുട്ടി നന്നായിരിക്കണം, അത്ര തന്നെ. ഞാൻ പറഞ്ഞില്ലേ, ശ്രീനിവാസൻ ഭാഗ്യവാനാണ്?'' എല്ലാം കേട്ടതിനുശേഷം കല്യാണിയമ്മ വിധിച്ചു.

“രണ്ടു സാക്ഷികൾ വേണം വിവാഹത്തിന്.'' ഞാൻ അനന്തനെ നോക്കി.

“ഒന്നു ഞാൻതന്നെ. രണ്ടാമത്തെ സാക്ഷിയോ?'' അയാൾ ചോദിച്ചു.

“ചന്ദ്രശേഖരനെ വിളിക്കാം.'' ഞാൻ പറഞ്ഞു.

“ഊണു കഴിച്ചിട്ടു പോകാം.'' കല്യാണിയമ്മ ക്ഷണിച്ചു.

“ഇനിയൊരു ദിവസമാകട്ടെ.'' ഞാൻ ഒഴിഞ്ഞുമാറാൻ നോക്കി.

“നിനക്കെന്തറിയാം കല്യാണീ? ഇവിടെ നമ്മോടു സംസാരിച്ച് സമയം കളയാനൊന്നും ശ്രീനിവാസന് ഉദ്ദേശ്യമില്ല. നീയൊരു കാര്യം ചെയ്യ്... ഒരു ടിഫിൻ കാര്യർ നിറച്ച് എന്തെങ്കിലും കൊടുത്തയയ്ക്ക്!'' അനന്തൻ കളിയാക്കി.

“ശരി. അഞ്ചു മിനിറ്റിൽ ശരിയാക്കാം.'' കല്യാണിയമ്മ എഴുന്നേറ്റു.

ഞാൻ വേണ്ടെന്നു പറഞ്ഞില്ല. വീട്ടിൽ ഒന്നുമുണ്ടാവില്ല. ഹോട്ടൽ തേടിപ്പോകാൻ മടി തോന്നി. ടിഫിൻ കാര്യർ നിറയെ ഭക്ഷണവും ചുമന്നുകൊണ്ടാണു ഞങ്ങൾ മടങ്ങിയത്.

രാഗിണിക്ക് ഒരായിരം കാര്യങ്ങൾ പറയാനുണ്ടായിരുന്നു. മുറ്റത്തു കാടുപിടിച്ചു കിടക്കുന്ന പുല്ലു ചെത്തിക്കളയണം. സ്ഥലം കുറവാണെങ്കിലും രണ്ടു തുണ്ടം ‘ലാൺ’ ഉണ്ടാക്കാം. അതിനരികിൽ ‘ഫ്ലോക്സ്’ ചെടികളുടെ ഒരു തടമുണ്ടാക്കണം. ജനൽപ്പടിയിൽ ചെറിയ ചട്ടികളിൽ ‘സാൽവിയ’ നടാം. ചുവന്ന പുഷ്പങ്ങളും വെളുത്ത പുഷ്പങ്ങളും ഇടകലർന്നു നില്ക്കണം. പാലമരത്തിനു ചുറ്റും കാന നടാം. വരാന്തയിലേക്കു കയറുന്ന പടികളിൽ ചട്ടികൾവയ്ക്കണം. ‘ഹൈഡ്രാഞ്ചിയ’ പുഷ്പങ്ങൾ

അവിടെ പൂത്തുനിന്നാൽ എന്തു രസമായിരിക്കും? ആ റോസപ്പടർപ്പ് പാകത്തിനു വെട്ടി നിറുത്തണം.

"നിനക്കു ഗാർഡനിങ്ങിനെപ്പറ്റി വിദഗ്ദ്ധജ്ഞാനമുണ്ടെന്നു തോന്നുന്നല്ലോ. എവിടെനിന്നാണിതെല്ലാം പഠിച്ചത്?'' ഞാൻ ചോദിച്ചു.

"പഠിച്ചറിയേണ്ട കാര്യമൊന്നുമില്ല. പൂക്കളോടിഷ്ടം തോന്നിയാൽ മതി. എല്ലാം സ്വയം പഠിച്ചുകൊള്ളും.''

വീടിനെപ്പറ്റി അവൾക്കു പലതും പറയാനുണ്ടായിരുന്നു. കൊള്ളാവുന്ന രണ്ടു കസേരകൾപോലുമില്ല. ഈ മട്ടൊന്നും പോര. ഒരു സെറ്റി വാങ്ങണം. വലിയ വിലയുള്ളതൊന്നും വേണ്ട. വെറും ചൂരൽസെറ്റിയായാലും മതി. ഒരു 'ഡബിൾകോട്ട്' വാങ്ങണം. ഡൺലപ്പില്ലോ കിടക്കയും. ഡോർ കർട്ടനുകളും, ജനൽകർട്ടനുകളും തുന്നണം. ഒരു ഡൈനിങ് ടേബിൾ വേണ്ടേ? അതിഥികൾ വന്നാൽ മര്യാദയ്ക്കു സത്കരിച്ചയയ്ക്കേണ്ടേ?

"നാലുമാസത്തെ ശമ്പളം!'' ഞാൻ പറഞ്ഞു.

"എന്ത്?''

"നീ പറഞ്ഞതൊക്കെ നടപ്പാക്കണമെങ്കിൽ എന്റെ നാലു മാസത്തെ ശമ്പളം വേണം. സാരമില്ല, എല്ലാം ശരിയാക്കാം.''

ഞങ്ങൾ ആഹാരം കഴിച്ചു, എന്നു പറഞ്ഞുനിറുത്തിയാൽ മതിയോ? ഞാൻ രാഗിണിയെ ഊട്ടി, അവൾ എന്നെയും. ഞങ്ങൾ കൊച്ചുകുട്ടികളെപ്പോലെ പെരുമാറി. കാമുകർ അങ്ങനെയാണ്.

പെട്ടെന്ന് രാഗിണി പറഞ്ഞു: "എന്റെ പെട്ടി ഞാനെടുത്തില്ല.''

"എവിടെവച്ചു മറന്നു?''

"പാലയുടെ ചുവട്ടിൽ കാണും. ഒന്നെടുത്തുകൊണ്ടു വരാമോ?''

പാലച്ചുവട്ടിൽ പെട്ടിയുണ്ടായിരുന്നു.

"കുറേ നേരത്തേക്ക് ഇങ്ങോട്ടു നോക്കരുത്! ഞാൻ വേഷം മാറാൻ പോകുന്നു.'' രാഗിണി പറഞ്ഞു.

"ഞാൻ കണ്ടാലെന്താ?''

"ഇപ്പോൾ കാണേണ്ട!''

"ഞാനാണല്ലോ ഇനി കാണേണ്ടവൻ.''

"അതുകൊണ്ടുതന്നെയാണു പറഞ്ഞത്... ധൃതി വേണ്ട.''

"എന്നാൽ ഞാൻ കണ്ണടച്ചിരിക്കാം.''

"കണ്ണു തുറന്നിരിക്കാൻ വിരോധമില്ല. പക്ഷേ, ബെഡ്റൂമിലേക്കു വരരുത്... ഞാൻ വിളിക്കുന്നതുവരെ ഇങ്ങോട്ടു നോക്കരുത്.''

"ഉത്തരവ്!''

രാഗിണി പെട്ടിയെടുത്തുകൊണ്ടു കിടപ്പറയിലേക്കു പോയി.

എന്തു വേഷമായിരിക്കും രാഗിണി ധരിക്കുന്നത്?

മറ്റൊരു സാരിയോ? അതോ മുണ്ടും ബ്ലൗസുമോ? മുണ്ടും ബ്ലൗസുമാവണേ എന്നു ഞാൻ പ്രാർത്ഥിച്ചു.

അല്പം കഴിഞ്ഞപ്പോൾ രാഗിണി വിളിച്ചുപറഞ്ഞു: “നോക്കാം.’’

ഞാൻ നോക്കി. ഒരു സ്ലീവ്‌ലെസ് ബ്ലൗസും പച്ച സിൽക്കുപാവാടയും ധരിച്ചുകൊണ്ട് അവൾ നിൽക്കുകയാണ്. ഞാൻ കോരിത്തരിച്ചുപോയി. ഇങ്ങനെയും സൗന്ദര്യമുണ്ടാവുമോ? എന്റെ രക്തത്തിനു ചൂടുപിടിച്ചു. ഞാൻ അവളെ കെട്ടിപ്പിടിച്ചു. അവളുടെ പരന്ന വയറിൽ ഞാൻ തലോടി. അവളുടെ ചുണ്ടുകൾക്കിടയിൽ എന്റെ നാവ് പാഞ്ഞുനടന്നു.

“എന്തൊരു ധൃതിയാണ്!’’ കുറ്റപ്പെടുത്തുന്ന മട്ടിൽ രാഗിണി സംസാരിച്ചു.

എനിക്കു ധൃതിയായിരുന്നു. എത്രയോ കൊല്ലങ്ങളായി കാത്തുസൂക്ഷിക്കുന്ന ബ്രഹ്മചര്യം, ഇതാ, അവസാനിക്കാൻ പോകുന്നു. ഞാൻ ഒരു പുരുഷനാകാൻ പോകുന്നു.

ഞാൻ രാഗിണിയെ കട്ടിലിനരികിലേക്കു പിടിച്ചു വലിച്ചു. മധുരമുള്ള വാക്കുകൾ പറയാനും ആനന്ദത്തിന്റെ പടികൾ മന്ദംമന്ദം കയറാനും എനിക്കു ക്ഷമയില്ലായിരുന്നു. അവളെ ഞാൻ കട്ടിലിൽ കൊണ്ടിട്ടു, എന്നു വേണം പറയാൻ.

അപ്പോൾ, ആ വാഴക്കൂട്ടവും മരയഴിയുള്ള വീടും ആ നെടുമങ്ങാട്ടുകാരി പെണ്ണും എനിക്കോർമ്മവന്നു. എന്താണ് ഈ മുഹൂർത്തത്തിൽ ഓർമ്മവരാൻ കാരണം? ആ ഓർമ്മ എന്നെ ബലഹീനനാക്കി. അന്നുണ്ടായ പോലെ വല്ലതും സംഭവിക്കുമോ? എന്റെ ദാഹം തീർക്കാൻ എനിക്കു കഴിയുമോ? സംശയങ്ങളുയർന്നു.

കട്ടിലിനരികിൽ നിന്നുകൊണ്ടു ഞാൻ രാഗിണിയെ നോക്കി. അവൾ ചരിഞ്ഞു കിടക്കുകയാണ്. ഒരു കാൽ അല്പം വളച്ചുപിടിച്ചിരിക്കുന്നു. ആ വശം അരക്കെട്ട് ഒരു കുന്നുപോലെ ഉയർന്നുനില്ക്കുന്നു. ആശുപത്രിയിൽനിന്ന് ആ നെടുമങ്ങാട്ടുകാരി വേശ്യയുടെ വീട്ടിലേക്കുള്ള ഇറക്കം ഓർമ്മവന്നു. ആശുപത്രി നില്ക്കുന്നത് ഒരു ചെറിയ കുന്നിലാണ്.

“വരൂ!’’ പതിഞ്ഞ സ്വരത്തിൽ രാഗിണി ക്ഷണിച്ചു. കിതച്ചുകൊണ്ടു ഞാൻ അവളോടൊട്ടിക്കിടന്നു.

“എന്താ കിതയ്ക്കുന്നത്!’’ അവൾ തിരക്കി.

ഈ കിടക്കറയിൽനിന്നു പുറത്തുകടക്കുമ്പോൾ ഞാൻ ഒരു പുരുഷനായിരിക്കുമോ? അതോ, ആ തടിച്ച വേശ്യയെ വിട്ടു വന്നപോലെ... ഛെ! അങ്ങനെയൊന്നുമുണ്ടാവുകയില്ല. ഞാൻ എന്തിനാണിങ്ങനെ ഭയപ്പെടുന്നത്? ആ അനുഭവത്തിനും എന്റെ മുമ്പാകെ കിടക്കുന്ന ഈ സ്വർഗ്ഗസൗന്ദര്യത്തിനും തമ്മിലെന്താണു ബന്ധം? ഒന്നുമില്ല...ഒന്നുമില്ല...

ഞാൻ രാഗിണിയെ ഉടനീളം ചുംബിച്ചുതുടങ്ങി. മിനിറ്റുകൾ പലതും കഴിഞ്ഞു. എന്നിട്ടും ഞാൻ തയ്യാറായില്ല. ഞാൻ എന്തുകൊണ്ടു പരാജയപ്പെടുന്നു! എന്തുകൊണ്ട് അവസാനനിമിഷത്തിൽ ഞാൻ താഴെത്തെറിച്ചു പോകുന്നു?

"എന്താണു വല്ലാതെ കിതയ്ക്കുന്നത്!''

ഞാനെന്തു പറയാനാണ്?

"സുഖമില്ലേ?''

ഒന്നും പറയാൻ തോന്നിയില്ല. ഞാൻ എഴുന്നേറ്റു.

ഞാൻ തോറ്റിരിക്കുന്നു.

ഞാനിതാ കിടക്കറയിൽനിന്ന് ബ്രഹ്മചര്യം കാത്തു സൂക്ഷിച്ചു കൊണ്ടു മടങ്ങുന്നു. ഞാൻ ഒരു രോഗിയാണോ?

രാഗിണി എഴുന്നേറ്റു, കിടക്കയിൽത്തന്നെയിരുന്നു. ഒന്നും ചോദിച്ചില്ല. പക്ഷേ, അവളുടെ കണ്ണുകളിൽ ഒരു വലിയ ചോദ്യമുണ്ടായിരുന്നു. നിങ്ങളെന്തിനാണിങ്ങനെ പോകുന്നത്? എന്തുകൊണ്ട്? എന്തുകൊണ്ട്?

മേശയ്ക്കരികിൽ ചെന്നിരുന്നുകൊണ്ടു ഞാൻ അവിദഗ്ദ്ധമായി ഒരു കളവു പറഞ്ഞു—എന്റെ മാനം കാത്തു സൂക്ഷിക്കാൻ.

"നാളെ ഒരു സ്പെഷ്യൽ ലക്ചർക്ലാസ്സുണ്ട്. അതിനു തയ്യാറെടുക്കാൻ മറന്നു. രാഗിണി ഉറങ്ങിക്കൊള്ളൂ.''

മുമ്പിൽ ഇരുട്ടു പരക്കുന്നതായി തോന്നി. ഞാൻ ആരോഗ്യവാനാണ്. ബലിഷ്ഠനാണ്. കോളേജിലെ ഒന്നാംകിട ടെന്നീസ് കളിക്കാരനായിരുന്നു.

എന്നിട്ടും.......!

എത്രനേരം ഞാൻ അങ്ങനെ ഇരുന്നെന്നറിഞ്ഞുകൂടാ.

ഉറക്കത്തിന്റെ ഘനം കൺപോളകളിൽ കടന്നുവന്നപ്പോൾ, ഞാൻ എഴുന്നേറ്റു. കിടക്കറയിലേക്കു നടന്നു.

രാഗിണി ഉറങ്ങുകയാണ്. അവളെ ഉണർത്തരുതെന്നു തോന്നി. പാവം, പെൺകുട്ടി!

അവളുടെ തലമുടിയിൽ മെല്ലെ ചുംബിച്ചുകൊണ്ട്, ഞാൻ മന്ത്രിച്ചു: "മാപ്പു തരൂ, രാഗിണി.''

ഒടുവിൽ ഞാനുറങ്ങി. അപ്പോൾ ആ പഴയ സ്വപ്നം കണ്ടു.

ആകാശത്തിലേക്കുയർന്നുനില്ക്കുന്ന വെണ്ണപോലെ വെളുത്ത ആ കോണിപ്പടി ഞാനോടിക്കയറുകയാണ്, കിതച്ചുകൊണ്ട്.

ഏറ്റവും മുകളിലത്തെ പടിയിൽ കിടക്കുന്ന മോഹിനി ഒരു സ്ലീവ്ലെസ് ബ്ലൗസും പച്ചപ്പാവാടയുമാണു ധരിച്ചിരിക്കുന്നത്. മുഖം കണ്ടുകൂടാ. ചരിഞ്ഞു കിടക്കുകയാണ്. ഞാൻ അവളെ പുണരാൻ ശ്രമിച്ചു. ഞാൻ കാലുതെറ്റി താഴെ വീണു—ഉരുണ്ടുരുണ്ട്.

കണ്ണു തുറന്നപ്പോൾ, ഞാൻ കട്ടിലിന്നു താഴെ, തറയിൽ കിടക്കുന്നു.

രാഗിണി അപ്പോഴും ഉറങ്ങുകയായിരുന്നു.

രാഗിണീ, ഇന്നു നീ എവിടെയാണ്? നീ മരിച്ചെന്നാണ് ആളുകൾ പറയുന്നത്. അതു കേട്ടിട്ടാണോ ആ പോലീസുദ്യോഗസ്ഥന്മാർ എന്നെ തുറിച്ചു നോക്കിയത്? അവർ എന്തിനെന്നെ തുറിച്ചുനോക്കുന്നു?

## നിത്യകന്യക

സബ്‌രജിസ്ട്രാറുടെ ആഫീസിൽനിന്നു പുറത്തുകടക്കുമ്പോൾ ഞാൻ പറഞ്ഞു: "വിവാഹങ്ങൾ സ്വർഗ്ഗത്തിലല്ല, രജിസ്ട്രാറുടെ ആഫീസിലാണു നടക്കുന്നത്."

അനന്തനും ചന്ദ്രശേഖരനും ചിരിച്ചു. കല്യാണിയമ്മയും ചന്ദ്രശേഖരന്റെ ഭാര്യ തങ്കവും ചിരിച്ചില്ല. ഒരു തമാശ തീരെ അനവസരമായി ഞാൻ പറഞ്ഞുവെന്ന് അവർ കരുതിയതാവാം.

ഒരു പഴയ സിനിമാഗാനത്തിന്റെ വരികൾ എന്റെ മനസ്സിൽ കടന്നുവന്നു. "നാഴിയുരിപ്പാലുകൊണ്ട് നാടാകെ കല്യാണം—നാലഞ്ചു തുമ്പ കൊണ്ടു മാനത്തൊരു പൊന്നോണം."

സബ്‌രജിസ്ട്രാറുടെ ആഫീസിൽ നാഴിയുരിപ്പാലുപോലുമുണ്ടായിരുന്നില്ല. എന്റെ മുഖം നഷ്ടപ്പെടാതിരുന്നെങ്കിൽ—എന്റെ വധു വിജയലക്ഷ്മിയായിരുന്നെങ്കിൽ ആർഭാടപൂർവം വിവാഹം ആഘോഷിക്കപ്പെട്ടിരിക്കയില്ലേ? ഒരു കൊച്ചുകുട്ടിയെപ്പോലെ ചിന്തിക്കയാണെന്ന് അടുത്ത ക്ഷണത്തിൽ ഞാൻ സ്വയം കുറ്റപ്പെടുത്തി. പൂക്കളും വർണ്ണക്കടലാസുകളുംകൊണ്ട് അലങ്കരിച്ച കതിർമണ്ഡപവും, ഭദ്രദീപവും, ക്ഷണിക്കപ്പെട്ട സദസ്സും നാഗസ്വരവും ആർപ്പും കുരവയുമില്ലെങ്കിലെന്ത്? ഞാൻ ഭാഗ്യവാനാണ്. എന്റെ രാഗിണി നടക്കുന്ന പാതയിൽ വിജയലക്ഷ്മിയും ലോകത്തുള്ള മറ്റെല്ലാ സുന്ദരിമാരും കുനിഞ്ഞുനിന്നു കുമ്പിടണം.

"ഞാൻ ഒരു സദ്യ ഒരുക്കിയിട്ടുണ്ട്." കല്യാണിയമ്മ പറഞ്ഞു.

"ആ മുൻകരുതലിനു നന്ദി പറയാതെ വയ്യ. അല്ലെങ്കിൽ, ഇവന്റെ വിവാഹദിവസം നാം നിരാഹാരമനുഷ്ഠിച്ചെന്നു ചരിത്രകാരൻ രേഖപ്പെടുത്തിയേനെ!" ചന്ദ്രശേഖരൻ പറഞ്ഞു.

എല്ലാവരും ഉറക്കെ ചിരിച്ചു.

സദ്യ മാത്രമല്ല, വൈകുന്നേരത്തെ കാപ്പികുടിയും കഴിഞ്ഞാണു ഞങ്ങൾ അനന്തന്റെ വീട്ടിൽനിന്നു പിരിഞ്ഞത്.

ബ്രൂണോയും ജൂഡിയും വെളിയിൽ വന്നില്ല.

"ബ്രൂണോയും ജൂഡിയുമെവിടെ?" ഞാൻ ചോദിച്ചു.

"അകത്തെ മുറിയിൽ അടച്ചിട്ടിരിക്കയാണ്. രണ്ടിനും വിരയുടെ ശല്യമുണ്ട്." അനന്തൻ പറഞ്ഞു.

ഇറങ്ങുമ്പോൾ ചന്ദ്രശേഖരൻ ചോദിച്ചു: "ഹണിമൂണിന് എവിടെ പ്പോകുന്നു?"

അതിനെക്കുറിച്ചൊന്നും ആലോചിച്ചിരുന്നില്ല.

"കേപ്പിലേക്കു പോകൂ." എന്റെ സ്നേഹിതൻ നിർദ്ദേശിച്ചു.

അതൊരു നല്ല ആശയമാണെന്ന് എനിക്കു തോന്നി. എന്റെ വാടകവീടിന്റെ അന്തരീക്ഷം എന്നെ വീർപ്പുമുട്ടിക്കും. കഴിഞ്ഞ രാത്രിയിൽ

ഞാൻ തോറ്റുവീണ സ്ഥലമാണത്. സുഖം പകർന്നുതരുന്ന ഒരു നല്ല ഹോട്ടലിന്റെ അന്തരീക്ഷത്തിൽ, വെണ്മയേറിയ ഷീറ്റുകൾ വിരിച്ച വഴങ്ങിത്തരുന്ന ഫോം റബർമെത്തകളിൽ, ഞാൻ എന്റെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കും.

വീട്ടിലെത്തി.

"നമുക്കു കന്യാകുമാരിയിലേക്കു പോയാലെന്താ?" ഞാൻ രാഗിണിയോടു ചോദിച്ചു.

അവളുടെ കണ്ണുകളിൽ ഞാൻ ഉറ്റുനോക്കി. വിഷാദഭാരമുണ്ടോ? നിരാശയുടെ നിഴലാട്ടമുണ്ടോ? ഇല്ല, പ്രസാദഭാവംതന്നെയാണ്. അവൾ എന്നെ കുറ്റപ്പെടുത്തുന്നില്ല. എന്റെ തോൽവിയുടെ ആഴം അവൾ മനസ്സിലാക്കാത്തതാണോ കാരണം? ഒരു ലക്ച്ചർക്ലാസ്സിന്നു തയ്യാറെടുക്കാൻവേണ്ടി ഞാൻ അവളെ വിട്ടുപോയതാണെന്നു വിശ്വസിക്കാൻ മാത്രമുള്ള അജ്ഞത അവൾക്കുണ്ടോ? അതോ, നന്മയുടെയും സൗമനസ്യത്തിന്റെയും കൊടുമുടിയിൽ കയറിനിന്നുകൊണ്ട് അവൾ എനിക്കു മാപ്പുതരികയാണോ? എന്റെ പരാജയം ശാശ്വതമാവുകയില്ലെന്നു വിശ്വസിക്കാൻ അവൾക്കു കഴിയുന്നുണ്ടാവാം.

"ഓ! പോകാം." ഉത്സാഹത്തോടെ അവൾ പറഞ്ഞു.

ഞാൻ ഒരു ടാക്സി കാർ വരുത്തി.

പിൻസീറ്റിൽ ഒട്ടിയിരുന്നുകൊണ്ടു യാത്ര ചെയ്യുമ്പോൾ, വരാനിരിക്കുന്ന രാത്രിയെക്കുറിച്ച് ഞാൻ ഓർക്കുകയായിരുന്നു.

കാരണംകൂടാതെ ഞാൻ ഓരോന്ന് മെനഞ്ഞുണ്ടാക്കുകയല്ലേ? ചൊറി നുള്ളി സമുദ്രമാക്കുകയാണു ഞാൻ. ജലദോഷം വിഷജ്വരമാണെന്നു തെറ്റിദ്ധരിക്കുകയാണ്. ആരോഗ്യമല്ല, മുഖം മാത്രമാണ് എനിക്കു നഷ്ടപ്പെട്ടിട്ടുള്ളത്. കിടപ്പറയിൽ സ്ഥിരം തോൽവികളുണ്ടാകുമെന്നു ഞാൻ സംശയിക്കേണ്ട കാര്യമൊന്നുമില്ല. ഇന്നു മൂന്നു സമുദ്രങ്ങൾ ഒന്നുചേരുന്ന മനോഹരമായ പുണ്യഭൂമിയിൽവച്ച്, ഞാൻ എന്റെ ആത്മവിശ്വാസം വീണ്ടെടുക്കും.

ശുചീന്ദ്രം കടന്നപ്പോൾ ഞാൻ അഹല്യയെയും ദേവേന്ദ്രനെയും കുറിച്ചോർത്തു. അഹല്യ രാഗിണിയെക്കാളും സുന്ദരിയായിരുന്നിരിക്കണം. ഉർവശി മേനക രംഭ തിലോത്തമമാരെ ഏതു നിമിഷത്തിലും വിളിച്ചുവരുത്താൻ കഴിയുന്ന ഇന്ദ്രനല്ലേ, ആ മഹർഷിപത്നിയെ മോഹിച്ചത്!

"ഇന്ദ്രന് കുഴപ്പംപറ്റിയ സ്ഥലമാണിത്. അറിഞ്ഞുകൂടേ?" ഞാൻ ചോദിച്ചു.

"പുരാണമൊന്നും അറിഞ്ഞുകൂടെന്നു വ്യക്തം! ഇന്ദ്രന് ശാപമോക്ഷമാണിവിടെ കിട്ടിയത്."

എനിക്ക് ശാപം കിട്ടിയിട്ടുണ്ടോ? ഗ്രീക്ക് ഐതിഹ്യത്തിലെ 'ടാന്റലസ്' എന്ന കഥാപാത്രത്തെപ്പോലെ? വെള്ളം നിറച്ച ചഷകം ചുണ്ടിനോട്

അടുപ്പിക്കുമ്പോൾ എല്ലാം ചോർന്നുപോകുന്നു. ഒടുങ്ങാത്ത ദാഹം നിലനിൽക്കുന്നു.

അങ്ങനെയൊന്നുമില്ല... എന്റെ ഭാവന കാടുകയറുകയാണ്...എനിക്കൊരു കുഴപ്പവുമില്ല...ഒരു തകരാറുമില്ല... ഞാൻ പല തവണ നിശ്ശബ്ദനായി എന്നോടുതന്നെ പറഞ്ഞു.

ഗവർമ്മന്റ് അതിഥിമന്ദിരത്തിന്റെ അങ്കണത്തിൽ കാർ നിന്നു. വെളുത്ത യൂണിഫാറം ധരിച്ച ബെയറർ അല്പനേരം എന്നെ തുറിച്ചു നോക്കി.

“റൂമില്ലേ?”

“ഉണ്ട്.” അയാൾ പറഞ്ഞു. എന്നെയും രാഗിണിയെയും അയാൾ മാറിമാറി നോക്കി. എന്റെ മുഖം അയാളെ നടുക്കുന്നു. സുന്ദരി മൃഗമൊന്നിച്ച് വന്നിരിക്കയാണെന്ന് അയാൾ കരുതുന്നു.

മുകളിലത്തെ നിലയിലേക്ക് ഞങ്ങൾ കയറിപ്പോയി.

സമുദ്രത്തിനഭിമുഖമായ ഒരു മുറി കിട്ടി, വിശാലമായ മുറി. വലിയ ബാത്ത്റൂം. നല്ല ഫർണിച്ചർ. ജനലുകൾക്കു മഞ്ഞനിറത്തിലുള്ള കർട്ടനുകളുണ്ട്.

ബെയറർ ചായ കൊണ്ടുവന്നു.

ചായ കുടിച്ചശേഷം കടൽപ്പുറത്തു ചുറ്റിനടക്കാമെന്നു ഞാൻ പറഞ്ഞു. സന്ധ്യയാവുന്നതേയുള്ളൂ. ഇരുട്ടിയാലും സാരമില്ല. നിലാവുള്ള രാത്രിയാണ്.

മുറി വിട്ടു പുറത്തിറങ്ങുമ്പോൾ, രാഗിണി മന്ത്രിച്ചു: “ഒരു കാര്യം ശ്രദ്ധിച്ചോ?”

“എന്താ?”

“കട്ടിലുകൾ വെവ്വേറെയാണിട്ടിരിക്കുന്നത്.”

ഞാൻ അവളുടെ കവിളിൽ ഒരു വിരലൂന്നിക്കൊണ്ടു പറഞ്ഞു: “അമ്പടി പെണ്ണേ! ആട്ടെ...ചേർത്തിട്ടുകളയാം.” കട്ടിലുകൾ ചേർത്തിട്ടതിനുശേഷമേ ഞങ്ങൾ മുറി വിട്ടിറങ്ങിയുള്ളൂ.

അവൾ പ്രതീക്ഷാനിർഭരയായിരിക്കുന്നു. അവളുടെ സങ്കല്പങ്ങളിൽ മധുരം പുരണ്ടിരിക്കുന്നു. ഞാൻ പ്രാർത്ഥിച്ചു: ദൈവമേ, ഇന്നലെയുണ്ടായ അനുഭവം ആവർത്തിക്കരുതേ!

അങ്കണത്തിലേക്കിറങ്ങുമ്പോൾ ബെയറർ ചോദിച്ചു:

“ഡിന്നർ?”

“ഒമ്പതുമണിക്കു മതി.”

ഞാനും രാഗിണിയും അതിഥിമന്ദിരത്തിനു മുമ്പിലുള്ള പടവുകൾ ഇറങ്ങിത്തുടങ്ങി.

വെള്ളമണൽപ്പരപ്പിൽ എത്തിയപ്പോൾ ഞാൻ ചോദിച്ചു: “നടക്കണോ, ഇരിക്കണോ?”

“നടക്കാം.”

ഞങ്ങൾ കൈകോർത്തുപിടിച്ചുകൊണ്ടു നടന്നു. ഒട്ടേറെ ആളുകൾ അവിടെയുമിവിടെയും ചുറ്റിനടന്നിരുന്നു. രണ്ടുമൂന്നു ടൂറിസ്റ്റു ബസ്സുകൾക്കു ചുറ്റും ഒട്ടേറെ സ്കൂൾ കുട്ടികളെ കണ്ടു. ശംഖുകളും ചിപ്പികളും വിൽക്കുന്ന കടകൾക്കരികിലെത്തിയപ്പോൾ രാഗിണി പറഞ്ഞു: “മതി നടന്നത്...നമുക്കെവിടെയെങ്കിലും ഇരിക്കാം.”

ഒരു പാറക്കെട്ടിനരികിൽ ഞങ്ങളെത്തി. പാറയിൽ ആഞ്ഞടിച്ചിരുന്ന തിരമാലകൾ സമൃദ്ധമായി വെളുത്ത നുര തെറിപ്പിച്ചു. കണക്കിലേറെ ‘ഷാംപൂ’ തേച്ചു കുളിക്കുന്ന ഒരു കറുത്ത സുന്ദരിയാണ് ആ പാറക്കെട്ടെന്നു തോന്നി.

“നമുക്കിവിടെയിരിക്കാം.” രാഗിണി പറഞ്ഞു.

“നനഞ്ഞ മണ്ണാണ്.”

“സാരമില്ല.”

ഞങ്ങൾ ഇരുന്നു. വളരെ അകലത്തിലാണു വിളക്കുകൾ ചിമ്മിക്കൊണ്ടിരുന്നത്. ഞങ്ങൾ അതിഥിമന്ദിരം വിട്ടു വളരെദൂരം വന്നിരിക്കുന്നു.

ചന്ദ്രൻ ഉദിച്ചുയർന്നിരുന്നു. ഒരു മുഴുവൻ ചന്ദ്രനല്ല—പകുതിയിലേറെ വലിപ്പമുള്ള ഒരു ചന്ദ്രൻ. എനിക്കു തോന്നി—ചന്ദ്രനു പകുതി മുഖം നഷ്ടപ്പെട്ടിരിക്കുന്നു. എങ്കിലും ചന്ദ്രൻ എന്നെക്കാൾ ഭാഗ്യവാനാണ്. മാസത്തിലൊരിക്കൽ ചന്ദ്രനു മുഴുവൻ മുഖവും തിരിച്ചുകിട്ടുന്നു.

“ഈ മണൽ കണ്ടോ?” രാഗിണി ചോദിച്ചു.

നോക്കി. അരിയുടെ വലിപ്പവും ആകൃതിയുമുള്ള മണൽ.

“ചോറ് മണലായതാണ്. ദേവിയുടെ വിവാഹത്തിനൊരുക്കിയ സദ്യ മുഴുവനും മണലായിപ്പോയ കഥ കേട്ടിട്ടില്ലേ?”

“ഉണ്ട്. എത്ര സുന്ദരമായ കഥയാണത്! എത്ര മോഹനമായ സങ്കല്പം!” രാഗിണി പറഞ്ഞു.

“നിനക്കു കുമാരിയോട് അനുകമ്പ തോന്നുന്നില്ലേ?”

“എന്തിന്?”

“പാവം നിത്യകന്യകയായി കഴിയുകയല്ലേ!”

രാഗിണി അല്പനേരം മൗനംപൂണ്ടിരുന്നു.

“എന്താ, ഒന്നും പറയാത്തത്?”

“നിത്യകന്യകയായ ദേവി കാമുകനെ കാത്തുനില്ക്കുന്നു. യുഗങ്ങൾ കടന്നുപോയാലും ആ കാത്തുനില്പു തുടരും. കാലത്തിനു തരിമ്പെങ്കിലും നശിപ്പിക്കാൻ കഴിയാത്തതാണ് ആ പ്രേമം. ഈ പാറക്കെട്ടുപോലെ ശാശ്വതമാണത്. അനുകമ്പയല്ല, ആദരവാണ് എനിക്കു തോന്നുന്നത്.”

രാഗിണി ഇത്ര വാചാലയാകുമെന്നു ഞാൻ കരുതിയിരുന്നില്ല. തന്റെ യഥാർത്ഥമനോഭാവം മറച്ചുവയ്ക്കാനാവാം അവൾ ഇങ്ങനെ പറഞ്ഞത്. ദേവിയെപ്പോലെ തനിക്കും നിത്യകന്യകയായി കഴിയേണ്ടിവരുമെന്നറിഞ്ഞുകൊണ്ടാവാം അവൾ നിത്യകന്യകാത്വത്തിനു ത്യാഗസുരഭിലമായ പ്രേമത്തിന്റെ പട്ടുപാവാട അണിയിക്കുന്നത്. ദേവിയെക്കാൾ ഭയങ്കരമായ

ഒരു വിധിയാണു തനിക്കനുഭവിക്കാനുള്ളതെന്ന് അവൾ കരുതാം. നേരം വെളുക്കുന്നതിനുമുമ്പ് സ്ഥാണുമാലയൻ വന്നെത്താത്തതു കൊണ്ടാണു ദേവി നിത്യകന്യകയായിപ്പോയത്. ഇവിടെ ദേവനുണ്ട്. പക്ഷേ, ദേവൻ അശക്തനാണ്.

ഇല്ല, ഇമ്മട്ടിലൊന്നും അവൾ വിചാരിക്കയില്ല. കട്ടിലുകൾ ചേർത്തിടാൻ അവൾ പറഞ്ഞില്ലേ? അവൾ പ്രതീക്ഷാഭരിതയാണ്. മോഹത്തിന്റെ പനിനീരിൽ അവൾ കുളിച്ചിരിക്കുന്നു.

“ഞാൻ കുറേനേരം മടിയിൽ കിടക്കട്ടെ?'' രാഗിണി ചോദിച്ചു.

“എന്റെ അനുവാദം വേണോ?'' ഞാൻ ചിരിച്ചു.

എന്റെ മടിയിൽ അവൾ ഇരുന്നു. പിന്നെ എന്റെ മാറിലേക്കു ചാഞ്ഞു. അവളുടെ ഒരു കൈ എന്റെ കഴുത്തിനെ വലയം ചെയ്തു.

അപ്പോൾ ലോകം മുഴുവനും ആലിംഗനബദ്ധരായ ഞങ്ങളിലൊതുങ്ങി നിന്നു. കടൽപ്പുറമില്ല, പരന്നുകിടക്കുന്ന സമുദ്രമില്ല, പാറക്കെട്ടിൽ തട്ടി പൊട്ടിച്ചിരിക്കുന്ന തിരമാലകളില്ല, ഞങ്ങളല്ലാതെ മറ്റൊന്നുമില്ല.

ഞങ്ങൾ ആകാശത്തിലേക്കുയരുകയാണെന്ന് എനിക്കു തോന്നി. താമരനൂലുകൾകൊണ്ടു തീർത്ത രണ്ടു പാവകളായി മാറുകയാണ് ഞങ്ങൾ. എത്ര സുഖപ്രദമായ ഒരവസ്ഥാവിശേഷം! അന്തരീക്ഷത്തിൽ പാലപ്പൂക്കളുടെ മണം പരക്കുന്നു.

കണ്ണുകൾ തുറന്നപ്പോൾ ഞാൻ മണലിൽ കിടക്കുകയാണ്. രാഗിണി അടുത്തുണ്ട്.

“എനിക്കെന്തുപറ്റി?'' സംഭ്രമത്തോടെ ഞാൻ ചോദിച്ചു.

“അയ്യോ! ഞാൻ വല്ലാതെ ഭയന്നു. പെട്ടെന്നു ബോധക്ഷയം വന്നതെന്താണ്?'' രാഗിണി അരികിൽ മുട്ടുകുത്തി നിന്നുകൊണ്ട് എന്നെ തലോടി.

“എനിക്കു ബോധക്കേടുണ്ടായോ?''

“അതെ.''

“നാം ആകാശത്തിലേക്കുയരുന്നതുമാതിരിയാണ് എനിക്കു തോന്നിയത്.''

“വരൂ, നമുക്കു മടങ്ങാം. ഈ തണുത്ത കാറ്റുപറ്റാഞ്ഞിട്ടാണ്.'' രാഗിണി എന്നെ എഴുന്നേല്പിച്ചു.

എന്തുകൊണ്ടാണങ്ങനെ പൊടുന്നനേ ബോധക്ഷയം വന്നത്? തണുത്ത കാറ്റുകൊണ്ടാൽ ബോധക്ഷയം വരുമോ? അത്ഭുതം തോന്നി. പുലർച്ചയ്ക്കു പല്ലുകൾ കൂട്ടിയിടിക്കുന്ന തണുപ്പിൽ എത്രയോ തവണ ഞാൻ കോവളത്തു പോയി കുളിച്ചിട്ടുണ്ട്. ഇവിടെ അങ്ങനെ തണുപ്പൊന്നുമില്ല. എന്നിട്ടും ജീവിതത്തിലാദ്യമായി എനിക്കു ബോധക്ഷയമുണ്ടായിരിക്കുന്നു.

അതിഥിമന്ദിരത്തിൽ ഞങ്ങൾ മടങ്ങിയെത്തി.

ഡൈനിങ്ഹാളിൽ പോകുന്നതിനുമുമ്പ് മുഖം കഴുകണമെന്നു തോന്നി. കണ്ണാടി നോക്കിയപ്പോൾ ഞാൻ ഞെട്ടി. എന്റെ ചുണ്ടിന്റെ

മൂലയിൽനിന്നും രക്തം ഒരു നൂലുപോലെ വലതുകവിളിലേക്കിറങ്ങി വന്നിരുന്നു; കട്ട പിടിച്ചിരുന്നു.

രാഗിണി അടുത്തു വന്നു. എന്റെ കവിളിൽ കണ്ട ചോരയുടെ പാട് അവളെ നടുക്കി. "എന്താണിത്? ചോരയോ?'' അവൾ ചോദിച്ചു.

"അതെ. ഇതെങ്ങനെ പറ്റി?''

"പെട്ടെന്നു ചരിഞ്ഞുവീണപ്പോൾ കല്ലോ മറ്റോ കൊണ്ടതായിരിക്കും.'' രാഗിണി കാരണം കണ്ടുപിടിക്കാൻ ശ്രമിച്ചു.

ഞാൻ മുഖം കഴുകി. ഞങ്ങൾ ഡൈനിങ്ഹാളിലേക്കു പോയി.

മേശയുടെ ഒരറ്റത്തു ഞാനിരുന്നു. എന്റെ വലതുഭാഗത്താണ് രാഗിണി ഇരുന്നത്. ഞങ്ങളെക്കൂടാതെ മറ്റാരുമുണ്ടായിരുന്നില്ല.

ടൊമാറ്റോ സൂപ്പിൽ രാഗിണി വെറുതെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു.

"എന്താ?''

"എനിക്കു സൂപ്പ് വേണ്ട... രക്തംപോലെയിരിക്കുന്നു!''

"അതുകൊള്ളാം! എന്നാൽ കട്ലറ്റ് കൊണ്ടുവരാൻ പറയാം.''

"എനിക്കു വിശപ്പില്ല''

"കൊള്ളാം! ഇവിടെ വന്നിട്ട് ഒരു ചായ മാത്രമല്ലേ കഴിച്ചുള്ളൂ?''

"സത്യം. എനിക്കു വിശപ്പില്ല.''

"പെണ്ണിന്റെ തടിക്ക് കേടുവരും. കേട്ടോ! പട്ടിണി കിടക്കരുത്.''

"ശ്രീനി. എനിക്കു തീരെ വിശപ്പില്ല.''

"ഒരു കട്ലറ്റെങ്കിലും തിന്നൂ!''

"വേണ്ട, ശ്രീനി.''

"ശരി...നിരാഹാരവ്രതത്തിന് എന്നെ കിട്ടുകയില്ല. എനിക്കു വിശക്കുന്നു.'' ഞാൻ ഫോർക്കും കത്തിയും കൈയിലെടുത്തു.

"ഞാൻ കൂട്ടിരിക്കാം. നല്ലപോലെ ഭക്ഷണം കഴിക്കണം.'' മേശയ്ക്കടിയിൽ കൈയിട്ടുകൊണ്ട് രാഗിണി എന്റെ കാൽമുട്ടിൽ സ്നേഹപൂർവം മർദ്ദിച്ചു.

എനിക്കു വിശപ്പുണ്ടായിരുന്നു. എങ്കിലും വിസ്തരിച്ചു ഭക്ഷണം കഴിക്കാൻ എന്തുകൊണ്ടോ തോന്നിയില്ല. എല്ലാം തൊട്ടുകൂട്ടിയെന്നു പേരുവരുത്തിയശേഷം ഞാൻ എഴുന്നേറ്റു. ഒമ്പതരമണി കഴിഞ്ഞിരുന്നു.

മുറിയിലേക്കു മടങ്ങുമ്പോൾ ഞാൻ ആലോചിച്ചു: ഞങ്ങൾ കിടപ്പറയിലേക്കാണു മടങ്ങുന്നത്. രാഗിണിയെ ഇന്നു ഞാൻ കിടപ്പറയിലേക്കു കൊണ്ടു പോകുന്നത് ഒരു ഭർത്താവിന്റെ അവകാശബോധത്തോടെയാണ്. ഇന്നു ഞാൻ ശക്തനായില്ലെങ്കിൽ അവൾ എന്നോടൊരിക്കലും ക്ഷമിക്കുകയില്ല. ഈ രാത്രി ഒരു വഴിത്തിരിവാണ്. ഇന്നു ഞാൻ ജയിച്ചാൽ ആസ്വാദ്യമായ കുടുംബജീവിതത്തിന് അടിത്തറയിടാം. തോറ്റാൽ?

ഞങ്ങൾ കട്ടിലിലിരുന്നു.

ഒരു പാട്ടിന്റെ ശകലം മൂളിക്കൊണ്ട് രാഗിണി എന്റെ തോളിൽ തല ചായ്ച്ചു. പ്രണയത്തിന്റെ കോവിലിൽ പൂജനടത്താനുള്ള ക്ഷണമായിരുന്നു ആ ഗാനത്തിന്റെ ഉള്ളടക്കം.

പെട്ടെന്നു നിവർന്നിരുന്നുകൊണ്ട് രാഗിണി ചോദിച്ചു: "വിജയലക്ഷ്മി ക്കറിയാമോ, എന്നെ വിവാഹം കഴിച്ച കാര്യം?''

"നിനക്കെങ്ങനെ വിജയലക്ഷ്മിയെ അറിയാം?''

"എനിക്കറിയാം.''

"കണ്ടിട്ടുണ്ടോ?''

"ഇല്ല, പക്ഷേ, അറിയാം.''

"എങ്ങനെ?''

"ഇന്നു രാവിലെ തങ്കവും കല്യാണിയമ്മയും തമ്മിൽ രഹസ്യം പറയുന്നതു കേട്ടു.''

"എന്താണവർ പറഞ്ഞത്?'' ജിജ്ഞാസ മറച്ചുവയ്ക്കാതെ ഞാൻ ചോദിച്ചു.

"ഞാൻ വിജയലക്ഷ്മിയെക്കാൾ സുന്ദരിയാണെന്ന്...അവൾ എന്നെ കണ്ടാൽ അസൂയപ്പെടുമെന്ന്...''

"ശരിയാണ്, രാഗിണീ. അവളെക്കാൾ ആയിരം മടങ്ങു സുന്ദരിയാണു നീ. അന്നു രാത്രി ടൗൺഹാളിനടുത്തുവച്ചു നിന്നെ ആദ്യമായിക്കണ്ടപ്പോൾ എനിക്കെന്തു തോന്നിയെന്നോ?''

"എന്തു തോന്നി?''

"ബോട്ടിചെല്ലിയുടെ വീനസ്സിനെക്കാൾ സുന്ദരിയാണു നീയെന്ന്...''

"ആരാണീ ബോട്ടിചെല്ലി?''

"ഒരു ചിത്രകാരൻ.''

"ആട്ടെ...വിജയലക്ഷ്മിക്ക് എന്നോട് അസൂയ തോന്നേണ്ട കാരണം?''

"അവൾ എന്റെ ആദ്യത്തെ കാമുകിയായിരുന്നു.''

"അവളുടെ കഥ പറയുമോ?''

രാഗിണി യാതൊരു ഭാവവ്യത്യാസവും കാണിച്ചില്ല. ഞാൻ വിജയ ലക്ഷ്മിയുടെ കഥ പറഞ്ഞു; വിസ്തരിച്ചുതന്നെ. അവൾ ഓടിയൊളിച്ച ഭാഗം വർണ്ണിക്കുമ്പോൾ ഞാൻ കടുത്ത ചായക്കൂട്ടുകളൊന്നും ഉപ യോഗിച്ചില്ല. അവളെ ഞാൻ കുറ്റപ്പെടുത്തിയില്ല.

ഇടയ്ക്കു കയറി ഒന്നും പറയാതെ രാഗിണി മുഴുവനും കേട്ടു. പിന്നീട് അവൾ ജനലിനരികിലേക്കു നടന്നു. കുറേനേരം നിലാവിന്റെ കസവിട്ട സമുദ്രത്തിലേക്ക് അവൾ നോക്കിനിന്നു.

ഞാൻ എഴുന്നേറ്റു. എന്താണ് രാഗിണി ഒന്നും മിണ്ടാത്തത്? ഇങ്ങനെ യൊരു കഥ കേൾക്കുമ്പോൾ, ഒരു ഭാര്യ ആയിരമായിരം ചോദ്യങ്ങൾ ചോദിക്കയില്ലേ? പഴയ കാമുകിയൊന്നിച്ചു ചെലവാക്കിയ കാലത്തിന്റെ ഓരോ നിമിഷത്തിനും കണക്കു ബോധിപ്പിക്കാൻ പറയുകയില്ലേ? പ്രണയലേഖനങ്ങൾ കൈമാറിയിട്ടുണ്ടോ? അവളെ ചുംബിച്ചിട്ടുണ്ടോ? ചുംബനം മാത്രമേ ഉണ്ടായിട്ടുള്ളോ? അവളെക്കുറിച്ചുള്ള സ്മരണകൾ ഇന്നുമില്ലേ? ഒരു കാമുകിയെ, കാലമെത്ര ചെന്നാലും നിശ്ശേഷം മറക്കാ നാവുമോ? കുടുംബജീവിതത്തിന്റെ താളം വിരസമാകുമ്പോൾ, ഭാര്യയെ

പഴയ കാമുകിയോടു താരതമ്യപ്പെടുത്താൻ തോന്നാം. അങ്ങനെയാവുമ്പോൾ, ഭാര്യയുടെ ചിത്രത്തിനു മങ്ങലുണ്ടാവുകയില്ലേ? ഭൂതകാലം അയവിറക്കുമ്പോൾ, കൈവിട്ടുപോയതെന്തും കണക്കിലേറെ ആകർഷകമായിത്തോന്നാം.

ഞാൻ ജനലിനടുത്തെത്തി. പിന്നിൽ നിന്നു ഞാൻ അവളെ വട്ടം പിടിച്ചു.

"രാഗിണീ, നീയൊന്നും മിണ്ടാത്തതെന്ത്?"

അവൾ തിരിഞ്ഞുനോക്കിയില്ല.

"ഞാൻ വിജയലക്ഷ്മിയുടെ നഷ്ടത്തെക്കുറിച്ചോർക്കുകയാണ്." അവൾ മന്ത്രിച്ചു.

"എന്തു നഷ്ടം?"

എന്റെ കരവലയത്തിനകത്തു നിന്നുകൊണ്ടുതന്നെ രാഗിണി തിരിഞ്ഞ് എന്നെ അവൾ പ്രേമപൂർവം നോക്കി. എന്റെ നെഞ്ചിൽ രണ്ടു കൈകൊണ്ടും തലോടിക്കൊണ്ട് അവൾ പറഞ്ഞു: "ശ്രീനിയെ ഉപേക്ഷിച്ചപ്പോൾ അവൾക്കു നല്ല ഒരു കൂട്ടുകാരൻ നഷ്ടപ്പെട്ടു."

"എന്റെ മുഖം അവൾ എങ്ങനെ സഹിക്കും, രാഗിണീ?"

"ഞാൻ എങ്ങനെ സഹിക്കുന്നു?"

"അറിഞ്ഞുകൂടാ... ഒരിക്കലും എനിക്കറിയാൻ കഴിയുകയില്ല. എന്തിനാണ് രാഗിണി ഈ മുഖത്തിന്റെ പിന്നാലെ വന്നത്?"

"എനിക്കീ മുഖം ഇഷ്ടമാണ്."

"വെറുതെ പറയുന്നതല്ലേ?"

"ഇഷ്ടമില്ലായിരുന്നെങ്കിൽ ഞാൻ ശ്രീനിയുടേതാകുമായിരുന്നോ?"

അതിനൊരു മറുപടി പറയാൻ കിട്ടിയില്ല. എന്നെ വിവാഹം കഴിച്ചേ പറ്റൂ എന്ന് ആരും അവളെ നിർബ്ബന്ധിച്ചില്ല. എന്റെ കരിഞ്ഞ മുഖം സ്വീകാര്യമാക്കുന്ന കച്ചവടമൂല്യങ്ങളൊന്നും എനിക്കില്ല. കുടുംബമഹിമയില്ല. പ്രതാപവും പണവുമില്ല. അവളുടെ തീരുമാനം അവളുടേതു മാത്രമായിരുന്നു. എങ്കിലും അവൾക്ക് എന്റെ മുഖം ഇഷ്ടപ്പെടാൻ എങ്ങനെ കഴിയുന്നു?

"അന്നൊരിക്കൽ ഞാൻ മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റി പറഞ്ഞില്ലേ?"

"അങ്ങനെയൊരു സൗന്ദര്യമുണ്ടോ രാഗിണീ! അതൊക്കെ സൗകര്യപ്രദമായ ഒരു സങ്കല്പമാണ്. വിരൂപന്മാർക്കു പിടിച്ചുനില്ക്കാനുള്ള ഒരു തൂണ്!"

"ഒരിക്കലുമല്ല. കൊച്ചുകുട്ടികളെ നാം ഓമനിക്കുന്നില്ലേ? കറുത്ത കുട്ടിയായാലും വെളുത്ത കുട്ടിയായാലും ഓമനത്തം ഒന്നുപോലെയാണ്."

"വെളുത്തു കൊഴുത്ത ഒരു കുഞ്ഞിനോടു തോന്നുന്ന വാത്സല്യം മൂക്കൊലിപ്പിച്ചു നടക്കുന്ന ഒരു കരുമാടിക്കുട്ടനോട് ഒരിക്കലും എനിക്കു തോന്നുകയില്ല."

രാഗിണി പൊട്ടിച്ചിരിച്ചുപോയി.

"തർക്കിച്ചു ജയിക്കാനൊന്നും ഞാനാളല്ല. കുട്ടികൾക്കെല്ലാം മനസ്സിന്റെ സൗന്ദര്യമുണ്ട്. നിഷ്കളങ്കതയെന്നോ മറ്റോ പറഞ്ഞുകൊള്ളൂ... അതാണ് ഏറ്റവും വലിയ സൗന്ദര്യം! അതിനു തൊലിയും ദശയും നിറവും തുടുപ്പുമൊന്നും വേണ്ട.''

"ഇതൊക്കെ ഞാൻ വിശ്വസിക്കണോ?''

എന്നെ ചുംബിച്ചുകൊണ്ട് രാഗിണി പറഞ്ഞു: "ഒന്നു മാത്രം വിശ്വസിച്ചാൽ മതി, ശ്രീനി ഒരു കൊച്ചുകുട്ടിയെപ്പോലെ നിഷ്കളങ്കനാണെന്നു ഞാൻ കരുതുന്നു. ഒരു കവിയുടെ ഹൃദയംപോലെ സുന്ദരമാണ് ശ്രീനിയുടെ ഹൃദയം. ശ്രീനിയുടെ ഭാര്യയാവാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു.''

ഒന്നും പറയാതെ ഞാൻ നിന്നപ്പോൾ, രാഗിണി ഒരു കുസൃതിച്ചിരിയോടെ പറഞ്ഞു: "ഇങ്ങനെ സംസാരിച്ചു നേരം വെളുപ്പിച്ചാൽ മതിയോ?''

ഞാൻ അവളെ വാരിയെടുത്തു. അപ്പോൾ അവളുടെ മുതുകു പൊള്ളയാണെന്ന് എനിക്കു തോന്നി.

"എനിക്കു വല്ലാതെ ഇക്കിളി തോന്നുന്നു.'' ശരീരം മുന്നോട്ടു വളച്ചു പിടിച്ചുകൊണ്ട് എന്റെ കരവലയം ഭേദിക്കാൻ അവൾ പിടച്ചു.

അങ്ങനെ മുന്നോട്ടു വളഞ്ഞപ്പോൾ തോന്നിയതാണ്, മുതുകു പൊള്ളയാണെന്ന്. എന്റെ ഭാവന ഇങ്ങനെ കയറുപൊട്ടിച്ചുകൊണ്ടോടുന്നതെന്താണ്? എന്റെ ഗവേഷണം എന്റെ തലയ്ക്കുപിടിച്ചിരിക്കുന്നു. എന്റെ ഓലക്കെട്ടുകൾ ഞാൻ വലിച്ചെറിയണം. സമയം ചെലവാക്കാനുള്ള ഒരു മാർഗ്ഗം മാത്രമായിരുന്നില്ലേ, യക്ഷികളെപ്പറ്റിയുള്ള പഠനം? ഇനി അതു വേണ്ട. എനിക്ക് രാഗിണിയെ കിട്ടിയിരിക്കുന്നു.

ഞാൻ അവളെ മെല്ലെ കിടക്കയിൽ കൊണ്ടിട്ടു; വളരെ മെല്ലെ. അവൾ ഒരു കണ്ണാടിപ്രതിമയും കിടക്ക ഒരു കരിമ്പാറക്കെട്ടുമാണെന്ന മട്ടിൽ.

കിടക്കയിലിരുന്നുകൊണ്ടു ഞാൻ അവളെ അടിമുടി നോക്കി. സൗന്ദര്യം കുറുക്കിയൊഴിച്ചാണ് ഓരോ അവയവവും തീർത്തിരിക്കുന്നത്. എനിക്കു വല്ലാത്ത ഉന്മാദം തോന്നി. എന്റെ സിരകളിൽ ചോര പതഞ്ഞൊഴുകി. ഞാൻ അവളോടൊട്ടിക്കിടന്നു.

അപ്പോൾ ചോര തണുത്തു. ഉന്മാദം അവസാനിച്ചു. ഞാൻ അശക്തനാണ്... ഞാൻ അശക്തനാണ്... എന്റെ ഹൃദയത്തിൽനിന്ന് ഒരു ക്രൂരമായ ശബ്ദമുയർന്നു.

ഞാൻ മധുവിധു രാത്രിയിൽ തോല്ക്കുന്നു.

പിന്നെയും ഞാൻ ബോധരഹിതനായെന്നാണു തോന്നുന്നത്.

ഉണർന്നപ്പോൾ മുറിയിൽ വെയിലടിച്ചിരുന്നു. തലയണയുടെ വെളുത്ത ഉറയിൽ ചോരയുടെ കറ കണ്ടു. ചുണ്ടിന്റെ മൂലയിൽ ഞാൻ വിരലോടിച്ചു. ചോര ഉണങ്ങിയിട്ടുണ്ട്.

ഞാൻ രാഗിണിയെ നോക്കി.

അവൾ ജനലിനരികിൽ നിന്നുകൊണ്ടു സമുദ്രത്തിന്റെ ഭംഗി നോക്കി രസിക്കുന്നു.

അപ്പോൾ ഒരു സ്വപ്നത്തിന്റെ ശകലം ഓർമ്മവന്നു.

ഞാൻ ഒരു മണൽപ്പരപ്പിൽ കിടക്കുന്നു. എന്റെ കാലുകൾ കഴുകിക്കൊണ്ടു തിരമാലകൾ ചിന്നിച്ചിതറുന്നു. അരികിൽ രാഗിണിയുണ്ട്. അവൾ എന്നെ ആർത്തിയോടെ ചുംബിച്ചു. അവളുടെ ചുണ്ടുകൾക്കു നനവും രക്താഭയുമുണ്ടായിരുന്നു.

## ജൂഡി

ഇന്നു രാവിലെ ഞാൻ യക്ഷിയമ്പലത്തിന്റെ പടം പൂർത്തിയാക്കിക്കൊണ്ടിരുന്നപ്പോൾ ആശുപത്രിസൂപ്രണ്ട് മുറിയിൽ വന്നു.

"എന്താണീ പടം?'' അദ്ദേഹം ചോദിച്ചു.

"യക്ഷിയമ്പലം.''

"എന്തിനാണിതു വരച്ചത്?''

"എന്റെ രാഗിണിയുടെ വീടാണിത്... ഇവിടെവച്ചാണ് അവൾ അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നത്. അതാ, തറയിൽ കിടക്കുന്ന കരിങ്കൽത്തൂണു കണ്ടോ? അതിലാണു ഞാനിരുന്നത്. അവൾ എന്റെ മടിയിൽ കിടന്നു. പിന്നെ പുകച്ചുരുളായി മാറി.

വിശ്വസിക്കാത്തമട്ടിൽ പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "നല്ല ചിത്രം!''

എല്ലാവരും സൂപ്രണ്ടിനെപ്പോലെതന്നെ അവിശ്വാസികളാണ്. ചന്ദ്രശേഖരൻപോലും എന്റെ കഥ വിശ്വസിക്കുന്നില്ല. രാഗിണി വെറുമൊരു സ്ത്രീയാണെന്നാണ് അവന്റെ പക്ഷം. എല്ലാം എന്റെ തോന്നലാണത്രേ. രാഗിണി എന്നെ വിട്ടുപിരിഞ്ഞരംഗം ഞാൻ വർണ്ണിക്കുമ്പോഴെല്ലാം അവൻ പറയുന്നു: "കഴിഞ്ഞതിനെ ഓർത്തു ദുഃഖിക്കാതിരിക്കൂ! അതുമിതും പറഞ്ഞു മനസ്സിനു ചാഞ്ചാട്ടമുണ്ടാക്കരുത്.''

ഞാൻ 'അതുമിതും' പറയുകയാണെന്നുവച്ചാൽ...കള്ളം പറയുന്നുവെന്നോ? ചന്ദ്രശേഖരൻ വല്ലാതെ മാറിപ്പോയിരിക്കുന്നു. രാഗിണിയെ ഞാൻ വിവാഹം ചെയ്യുന്നതിനുമുൻപ് എനിക്കു താക്കീതുതന്നവനാണ്. ആരാണവൾ? നാടേത്? വീടേത്? ബന്ധുക്കളാര്? ഇങ്ങനെയൊക്കെ ചോദിച്ചവൻ ഇന്ന് എന്റെ കഥ വിശ്വസിക്കുന്നില്ല—അവൾ യക്ഷിയാണെന്ന് ഞാൻ ആണയിട്ടു പറഞ്ഞാൽപോലും!

ഈ അവിശ്വാസികൾ രാഗിണിയുടെ അന്ത്യത്തെപ്പറ്റി എങ്ങനെ വ്യാഖ്യാനിക്കും?

എല്ലാവരും യുക്തിവാദികളാണ്. ആളുകൾ മരിക്കുന്നതിനെപ്പറ്റി മാത്രമേ അവർക്കറിയാവൂ. സുഖക്കേടു പിടിച്ചു മരിക്കുന്നു. അപകടങ്ങളിൽപെട്ടു മരിക്കുന്നു. ആത്മഹത്യചെയ്യുന്നു. കൊല്ലപ്പെടുന്നു. മരണംകൂടാതെ രാഗിണി അന്തർദ്ധാനംചെയ്തുവെന്നു പറഞ്ഞാൽ അവർ നിഷേധഭാവത്തിൽ തല കുലുക്കും. അങ്ങനെയൊരു സങ്കല്പം അവർക്ക് അസ്വീകാര്യമാണ്. എന്റെ ഏറ്റവും നല്ല സുഹൃത്തായ ചന്ദ്രശേഖരൻപോലും എന്നെ അവിശ്വസിക്കുമ്പോൾ, മറ്റുള്ളവരെക്കുറിച്ച് ഞാൻ പരാതിപ്പെടുന്നതിലർത്ഥമുണ്ടോ?

കന്യാകുമാരിയിൽനിന്നു മടങ്ങുമ്പോൾ നങ്കൂരത്തിന്റെ കെട്ടുപൊട്ടി ഒഴുകിനടക്കുന്ന ഒരു യാനപാത്രംപോലെയായിരുന്നു എന്റെ ഹൃദയം. ഞാൻ അസ്വസ്ഥനായിരുന്നു.

അതിഥിമന്ദിരം വിട്ടുപോരുന്നതുവരെ അവൾ എനിക്കു ബുദ്ധിമുട്ടുണ്ടാക്കുന്ന ചോദ്യങ്ങളൊന്നും ചോദിച്ചില്ല. എങ്കിലും ഞാൻ ഭയന്നു. ഒരു വലിയ ചോദ്യം അവളുടെ മനസ്സിൽ ഉരുണ്ടുകൂടുകയില്ലേ? കന്യാകുമാരിയിൽ ഹണി മൂണിനു വന്നിട്ട് വെട്ടിയിട്ടപോലെ ഉറങ്ങിക്കളഞ്ഞതെന്ത്?

അങ്ങനെ ചോദിച്ചാൽ, എനിക്കു വീണ്ടും ബോധക്ഷയം വന്നെന്നു പറയാതെ വയ്യ. അവൾ പരിഭ്രമിക്കും. ഭർത്താവ് ഒരു രോഗിയാണെന്ന് അവൾ കരുതും.

കാറിന്റെ പിൻസീറ്റിൽ എന്നോടു ചേർന്നിരിക്കുമ്പോഴും അവൾ ഒന്നും ചോദിച്ചില്ല. ഭാഗ്യം! പക്ഷേ, അവളുടെ മൗനം എനിക്കെതിരായി ഉന്നയിക്കപ്പെടുന്ന ഒരു കുറ്റപത്രമല്ലേ? രണ്ടു രാത്രികൾ കഴിഞ്ഞിരിക്കുന്നു.... എന്നിട്ടും! "സംസാരിച്ചു നേരം വെളുപ്പിച്ചാൽ മതിയോ?'' എന്നു ചോദിച്ച രാഗിണി ഇതാ കന്യകയായിത്തന്നെ മടങ്ങുന്നു. കട്ടിലുകൾ ചേർത്തിടാൻ പറഞ്ഞ രാഗിണി, മൂന്നു സമുദ്രങ്ങൾ ഒന്നുചേരുന്ന ഈ പുണ്യഭൂമിയിൽവച്ചു വീണ്ടും നിരാശാഭരിതയായിരിക്കുന്നു. മോഹത്തിന്റെ ചോറും ഉപദംശങ്ങളും, കറുത്ത മണലും തവിട്ടുമണലും ഉരുളൻമണലുമായി മാറിയിരിക്കുന്നു.

ഒരു ഭർത്താവാകാൻ എനിക്കു കഴിയുമോ? ആകാശത്തിലേക്ക് ഉയർന്നു നില്ക്കുന്ന ആ കോണിപ്പടി എന്താണ്? ഞാൻ അതിന്റെ മുകളിൽനിന്നു തെറിച്ചുപോകുന്നതെന്തുകൊണ്ട്? കന്യാകുമാരിയിൽ വച്ചു ബോധരഹിതനെപ്പോലെ ഉറങ്ങിപ്പോയതെന്ത്? എന്റെ ശരീരത്തിന്റെ മാനം സംരക്ഷിക്കാൻവേണ്ടി മനസ്സു കണ്ടുപിടിച്ച ഒരു ഉപായമായിരുന്നോ ബോധക്ഷയം? ഞാൻ പൗരുഷമില്ലാത്തവനാണെന്ന് രാഗിണി വിചാരിക്കുന്നുണ്ടോ? സംശയങ്ങൾ കൂണുകൾപോലെ ഉയർന്നു. ഓരോ കൂണിനടിയിലും പരാജയബോധത്തിന്റെ തവളകൾ കുടിയിരുന്നു.

എങ്ങനെയെന്നറിഞ്ഞില്ല, ഉത്സാഹം വെടിയാതെതന്നെയാണ് രാഗിണി ദിവസങ്ങൾ തള്ളിനീക്കിയത്. അവൾ മുറ്റം ചെത്തിയൊരുക്കി. ഫ്ലോക്സ് ചെടികളുടെ ഒരു തടം വച്ചുപിടിപ്പിച്ചു. പാലമരത്തിനു ചുറ്റും

കാനകൾ നട്ടു. റോസപ്പടർപ്പു വെട്ടിച്ചെറുതാക്കി. ജനാലകൾക്കു കർട്ടൻ തുന്നിയിട്ടു. എന്നെക്കൊണ്ടു ചൂരൽസെറ്റി വാങ്ങിപ്പിച്ചു. എങ്ങും വൃത്തിയും വെളിച്ചവും പരത്തുന്ന ഗൃഹലക്ഷ്മിയുടെ ഭാഗം അവൾ ഭംഗിയായി അഭിനയിച്ചു.

എന്റെ ഹൃദയത്തിന്റെ എല്ലാ അറകളിലും പരാജയബോധം മുറ്റിനിന്ന ആ ദിവസങ്ങൾ അങ്ങനെ കടന്നുപോകുമ്പോൾ, ഒരു സംഭവമുണ്ടായി—എന്റെ ഓരോ ഞരമ്പിലും പുതിയ സംശയങ്ങൾ കടത്തിവിട്ട ഒരു സംഭവം!

ജൂഡി വല്ലാതെ മാറിപ്പോയിരുന്നു.

എന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു അവൾ. കോളേജ് വിട്ടു വരുമ്പോൾ എനിക്കുവേണ്ടി അവൾ കാത്തുനിന്നിരുന്നു. എന്റെ പുറകേ ഓടിവരും. അനക്കമില്ലാത്ത എന്റെ വീടിനു ചലനമുണ്ടാകും. അവളുടെ കുസൃതിയും കളിയും എന്റെ സായാഹ്നങ്ങൾക്കു രസംപകരും. ഇതൊക്കെ പഴയ കഥയാണ്. ഇപ്പോൾ അവൾ മാറിപ്പോയി. അനന്തന്റെ ഗേറ്റിനു വെളിയിൽ അവൾ കടന്നുവരുന്നില്ല. എന്നെക്കാത്ത് അനന്തന്റെ ഗേറ്റിനകത്ത് ജൂഡി നിന്നുപോന്നു. എങ്കിലും കൂടെ വരികയില്ല; വിളിച്ചാൽപ്പോലും.

ആരാധനനിറഞ്ഞ അവളുടെ കണ്ണുകൾ നനയുന്നുണ്ടെന്നു തോന്നും. സംസാരിക്കാൻ കഴിഞ്ഞെങ്കിൽ അവൾ പറഞ്ഞേനെ: “വരണമെന്നുണ്ട്. പക്ഷേ, വരാൻ വയ്യ.’’

ഈ മാറ്റം ഞാൻ ശ്രദ്ധിച്ചിരുന്നു. പണ്ടത്തെ ജൂഡിയേയും എന്റെ വീട്ടിൽ വരാൻ മടിക്കുന്ന പുതിയ ജൂഡിയേയുംപറ്റി രാഗിണിയോടു ഞാൻ ഉപന്യസിച്ചിട്ടുണ്ട്. ഞാനൊരിക്കൽ പറഞ്ഞു: “നീ ഇല്ലായിരുന്നെങ്കിൽ ജുഡിയുടെ പെരുമാറ്റം എന്നെ വല്ലാതെ സ്പർശിച്ചേനെ.’’ രാഗിണി മറുപടി പറഞ്ഞതിങ്ങനെയാണ്: “അപ്പോൾ ഒരു വളർത്തു നായയുടെ സ്ഥാനമാണ് ഞാൻ അലങ്കരിക്കുന്നത്!’’

ഒരു സായാഹ്നത്തിൽ, പതിവുപോലെ ജൂഡിയെക്കണ്ടു, അനന്തന്റെ ഗേറ്റിൽ.

എന്തുകൊണ്ടെന്നറിഞ്ഞില്ല, എനിക്കവളെ വാരിയെടുക്കാൻ തോന്നി. അവളെ എന്റെ വീട്ടിലേക്കു കൊണ്ടുപോകണം.

ഞാൻ അവളെ പിടികൂടിയപ്പോൾ, ജൂഡി ഞെട്ടി; ദീനഭാവത്തിൽ ഞരങ്ങി.

“ജൂഡി, ഇന്നു നിന്നെ ഞാൻ വിടുകയില്ല.’’ ഞാനറിയിച്ചു. അപ്പോൾ അവൾ മോങ്ങി.

ജൂഡിയെ നെഞ്ചോടു ചേർത്തുപിടിച്ചുകൊണ്ടു ഞാൻ എന്റെ വീട്ടിലേക്കു നടന്നു. അവൾ നീട്ടി നിലവിളിക്കാൻ തുടങ്ങി.

“ഇന്നു നിന്റെ സൂത്രമൊന്നും നടപ്പില്ല.’’ എന്നു പറഞ്ഞുകൊണ്ടു ഞാൻ അകത്തേക്കു കടന്നു. എന്റെ പിടിയിൽനിന്നു കുതറിച്ചാടാൻ അവൾ ശ്രമിച്ചു. ഞാൻ വിട്ടില്ല.

ഓഫീസ്മുറിയിലാണു ഞാൻ കയറിയത്. കിടക്കറയിലേക്കുള്ള കതക് ഞാൻ ബന്ധിച്ചു. വരാന്തയിലേക്കുള്ള കതകിനടുത്തു ഞാൻ നിലയുറപ്പിച്ചു.

“ഓടാനൊന്നും നോക്കണ്ട. ഇവിടെ ഞാൻ കാവലുണ്ട്.'' ഞാൻ മുന്നറിയിപ്പു നൽകി. പിന്നെ അവളെ ഞാൻ തറയിലിറക്കിവിട്ടു.

ഞെട്ടിവിറച്ചുകൊണ്ട്, ഒരു മൂലയിലേക്ക് ജൂഡി നടന്നു. അവിടെ അവൾ ചുരുണ്ടുകൂടി. കണ്ണുകൾ വലുതായി. അവൾ എന്നെ തുറിച്ചു നോക്കി.

അപ്പോഴാണ് രാഗിണി വരാന്തയിൽനിന്നു മുറിയിൽ കടന്നത്.

കനത്ത പ്രഹരമേറ്റിട്ടെന്നവണ്ണം ജൂഡി ഉച്ചത്തിൽ നിലവിളിച്ചു—ഒരു ഭയന്ന മൃഗത്തിന്റെ പ്രാണഭീതി നിറഞ്ഞ നിലവിളി!

“എന്തു പറ്റി ജൂഡിക്ക്?'' രാഗിണി ചോദിച്ചു.

ജൂഡി തുടരെത്തുടരെ നിലവിളിച്ചു. അവളുടെ വെള്ളരോമം മുള്ളുകൾ പോലെ ഒറ്റതിരിഞ്ഞു നിവർന്നുനിന്നു. പെട്ടെന്ന് ജൂഡി തറപറ്റിക്കിടന്നു. അവളുടെ വയറു തറയിൽ തൊട്ടപ്പോൾ, നാവു വെളിയിൽ ചാടി. അതിൽനിന്ന് ഒട്ടേറെ തുപ്പൽ തറയിലൊഴുകി. അവൾ തറയിൽ ഇഴഞ്ഞു. വായിൽനിന്നു നുരയും പതയും പുറപ്പെട്ടു.

രാഗിണി ജൂഡിയെ സ്പർശിച്ചു. എന്റെ സ്വപ്നങ്ങളിൽ, ഇന്നും കടന്നുവരുന്ന ദീർഘദീർഘമായ ഒരു രോദനം ആ മിണ്ടാപ്രാണിയുടെ തൊണ്ടയിൽനിന്നുയർന്നു. എനിക്കു തോന്നി, ജൂഡി ഒരു പട്ടിയല്ലെന്ന്. ഒരു ശിശുവിന്റെ രോദനമായിരുന്നു അത്. ഒരു മൃഗത്തിന് അങ്ങനെ നിലവിളിക്കാൻ പറ്റുമോ? അത്രയും വേദന ഒരു മൃഗത്തിന്റെ ശബ്ദത്തിൽ നിറഞ്ഞു നില്ക്കുമോ?

പെട്ടെന്ന് എല്ലാം നിശ്ശബ്ദമായി. ജൂഡി ഒന്നു പുളഞ്ഞു. അവളുടെ മുഖം മുന്നോട്ടു ചാടി, ചരിഞ്ഞു.

ജൂഡി മരിച്ചുപോയിരുന്നു.

രാഗിണി ജൂഡിയെ പിടിച്ചു കുലുക്കി. അനക്കമില്ല. തുപ്പലും നുരയും പതയും എന്റെ ശരീരത്തിൽ പുരണ്ടെങ്കിലും, ഞാൻ എന്നെ സ്നേഹിച്ചിരുന്ന ആ മൃഗത്തെ വാരിയെടുത്തു.

“എന്റെ മുൻപിൽവച്ച് എന്തിനു മരിച്ചു?'' ഞാൻ ചോദിച്ചു.

“എന്തുപറ്റി? എങ്ങനെ പെട്ടെന്നു ചത്തു?'' രാഗിണി അന്വേഷിച്ചു.

ഞാനെങ്ങനെ മറുപടി പറയാനാണ്! എന്റെ മനസ്സിൽ കുറ്റബോധത്തിന്റെ നുരയും പതയും നിറയുകയായിരുന്നു. ഇവിടെ വരാൻ ജൂഡിക്കിഷ്ടമില്ലാഞ്ഞിട്ടും ഞാൻ അവളെ കൊണ്ടുവന്നു. ബലംപ്രയോഗിച്ചാണു കൊണ്ടുവന്നത്, ഞാനല്ലേ അവളെ കൊന്നത്? ഇവിടെ കൊണ്ടുവരാതിരുന്നെങ്കിൽ അവൾ ജീവിച്ചിരിക്കയില്ലേ? അവൾ എന്തിനെയോ ഭയപ്പെട്ടിരുന്നു—ഈ വീട്ടിലുള്ള എന്തോ ഒന്നിനെ. ഭയമാണ് അവളെ കൊന്നത്.

ഭയം! ഇവിടെ ഭയപ്പെടാനെന്താണുള്ളത്? ഇത് അവളുടെ വീടല്ലേ? അവളുടെ വെളുത്ത രോമത്തിൽ പുരളാത്ത ഒരു തരിപോലും ഇവിടെയില്ല. എന്നിട്ടും അവൾ ഭയന്നു, എന്തിനെ?

എന്നാണവൾ ഭയന്നുതുടങ്ങിയത്?

അനന്തന്റെ വീട്ടിൽവെച്ച് രാഗിണി പറഞ്ഞ വാക്കുകൾ ഓർമ്മവന്നു. മനുഷ്യർക്കു കാണാനാവാത്തതു നായ്ക്കൾക്കു കാണാൻ കഴിയും.

അതിഭയങ്കരമായ ഒരു സംശയം എന്റെ തലച്ചോറിൽ മിന്നൽപ്പിണർപോലെ കടന്നുവന്നു. എന്റെ അസ്ഥികളെ വാഴപ്പിണ്ടികളായി മാറ്റിയ ഒരു സംശയം.

എന്റെ വീട്ടിൽ രാഗിണി ആദ്യമായി വന്ന രാത്രിയിൽ, അവളെ മടക്കിയയയ്ക്കുമ്പോൾ ജൂഡി റോഡിലുണ്ടായിരുന്നു. അപ്പോൾ ജൂഡി വല്ലാതെ മോങ്ങി. അനന്തന്റെ വീട്ടിൽവെച്ച് ജൂഡി മാത്രമല്ല, ബ്രൂണോയും ഭയന്നു നിലവിളിച്ചു... രാഗിണിയുള്ളപ്പോൾ.

രാഗിണിയെത്തന്നെയല്ലേ നായ്ക്കൾ ഭയന്നത്? രാഗിണി വന്നതിൽപ്പിന്നെയല്ലേ ജൂഡി ഇവിടെ വരാതായത്? ഇപ്പോൾ രാഗിണി മുറിയിൽ വന്നപ്പോഴല്ലേ കനത്തപ്രഹരമേറ്റിട്ടെന്നപോലെ ജൂഡി നിലവിളിച്ചത്?

മനുഷ്യർക്ക് കാണാനാവാത്തതു മൃഗങ്ങൾക്കു കാണാം. മേഘങ്ങൾ ആകാശം പൊതിയുന്നതിനു മുൻപുതന്നെ മഴയുടെ വരവിനെപ്പറ്റി മൃഗങ്ങളറിയുന്നു. വരാനിരിക്കുന്ന കൊടുങ്കാറ്റിനെപ്പറ്റി മനുഷ്യനു മുൻപ് മൃഗം മനസ്സിലാക്കിയ സംഭവങ്ങൾ സഞ്ചാരകഥകളിൽ വായിച്ചിട്ടുണ്ട്.

രാഗിണിയുടെ സ്പർശനമേറ്റപ്പോഴാണ് ജൂഡി മരിച്ചത്. അപ്പോൾ രാഗിണി ആരാണ്?

അവളെപ്പറ്റി എനിക്കെന്തറിയാം? വളരെക്കുറച്ചുമാത്രം. എന്നോടു മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റി സംസാരിച്ച ഒരു സുന്ദരിയാണ് അവൾ. അവൾക്കൊരു അമ്മൂമ്മയുണ്ട്.

ഇത്രമാത്രം!

ഇത്രയുമറിഞ്ഞാൽ മതിയോ സ്വന്തം ഭാര്യയെപ്പറ്റി?

അവൾ വന്ന രാത്രിയിൽ എങ്ങനെ പാല പൂത്തു? ആരാണ് അവളുടെ അമ്മൂമ്മ? ആ കഥ മുഴുവനും പൊളിയായിരിക്കാം. കൽമണ്ഡപത്തിൽവച്ചു ഞാൻ അമ്മൂമ്മയെ കാണാൻ ആഗ്രഹിച്ചതാണ്. അവൾ സമ്മതിച്ചില്ല. അടുത്ത രാത്രിയിൽ ഞാൻ കാത്തുനിന്നു. അവൾ വന്നില്ല. അമ്മൂമ്മ മരിച്ചെന്നാണു പറയുന്നത്. സത്യമാണോ? ഞാൻ കണ്ടുപിടിച്ച വീടു ചെറുതാണെങ്കിലും പഴക്കമുള്ളതല്ല. അവിടെ ഒരമ്മൂമ്മയും കൊച്ചുമകളും താമസിച്ചിരുന്നതായി ആർക്കുമറിഞ്ഞുകൂട. റബ്ബർഫാക്ടറിയിലെ ഒരു ജോലിക്കാരനാണ് ഒടുവിൽ അവിടെ താമസിച്ചിരുന്നത്. പിന്നെ വീടൊഴിഞ്ഞുകിടന്നു. എന്റെ ലാബറട്ടറി അറ്റൻഡറാണു പറഞ്ഞത്.

രണ്ടാമത്തെ രാത്രിയിൽ, കൽമണ്ഡപത്തിൽവച്ചു ഞാനുണരുമ്പോൾ നെഞ്ചിൽ പാലപ്പൂക്കൾ കിടക്കുന്നതായി തോന്നി. ആ തോന്നൽ എങ്ങനെയുണ്ടായി? കന്യാകുമാരിയിലെ അനുഭവങ്ങൾക്കെന്താണു വ്യാഖ്യാനം? എന്റെ ചുണ്ടിൽനിന്നു രക്തമൊലിച്ചില്ലേ?

ഇതൊക്കെ പോകട്ടെ. വിജയലക്ഷ്മിയെ പിന്തിരിപ്പിച്ച എന്റെ മുഖം രാഗിണിയെ പിന്തിരിപ്പിക്കാത്തതെന്ത്? അവൾക്ക് എന്റെ ഭാര്യയാവാൻ എങ്ങനെ മനസ്സുവന്നു? ആരെയും അടിമപ്പെടുത്താൻപോന്ന സൗന്ദര്യ മുള്ളവളാണ് രാഗിണി. എന്നിട്ടും എന്റെ കരിഞ്ഞ മുഖം അവൾ തേടി പ്പിടിച്ചു. അവളെ ഞാൻ കണ്ടെത്തിയത് ഒരു യാദൃച്ഛിക സംഭവമാണോ? എന്നെ കണ്ടുമുട്ടാൻ വേണ്ടിത്തന്നെ അവൾ അവിടെ കാത്തുനിന്നതാണോ?

എന്തിന്? എന്തിന്?

ഭ്രാന്തുപിടിപ്പിക്കുന്ന സംശയങ്ങളായിരുന്നു ഇവയെല്ലാം. ഭാര്യ വെറുമൊരു സ്ത്രീയല്ലെന്നു ഭർത്താവ് സംശയിക്കുന്നു. എത്ര ഭയങ്കരമായ ഒരവസ്ഥയാണിത്!

“എന്താ വല്ലാതെ നില്ക്കുന്നത്?'' രാഗിണി ചോദിച്ചു.

“ഓ.... ഒന്നുമില്ല.''

അവൾ അടുത്തുവന്നു. എന്റെ നെറ്റിത്തടത്തിൽ കൈ ചേർത്തു! “അയ്യോ! പൊള്ളുന്നു! പനിയുണ്ടെന്നു തോന്നുന്നു.''

ജൂഡിയുടെ ജഡം താങ്ങിക്കൊണ്ടുനിന്ന ഞാൻ തറയിൽ നോക്കി ക്കൊണ്ടു സംസാരിച്ചു; “എനിക്കു വല്ലാത്ത വിഷമം തോന്നുന്നു!''

“ജൂഡി മരിച്ചതുകൊണ്ടാണോ?''

“അതെ.''

“എനിക്കും വല്ലാത്ത വിഷമം തോന്നുന്നു.''

“എന്തുകൊണ്ട്?'' ഞാൻ ചോദിച്ചു.

എന്തായിരിക്കും അവളുടെ മറുപടി? ജിജ്ഞാസയോടെ ഞാൻ കാത്തുനിന്നു.

“ഞാനാണ് ജൂഡിയെ കൊന്നത്.'' അവൾ പറഞ്ഞു.

“നീയോ?''

“അതെ.... ജൂഡി ഭയന്നാണു മരിച്ചത്... എന്നെക്കണ്ടു ഭയന്നു....''

“അങ്ങനെ വിചാരിക്കാൻ കാരണം?'' എതിർവിസ്താരം നടത്തുന്ന ഒരു വക്കീലിനെപ്പോലെ ഞാൻ ചോദിച്ചു.

രാഗിണി എന്തു പറയും? അവൾ പറയുന്നത് യുക്തിസഹമായ എന്തെങ്കിലുമാവണേ എന്നു ഞാൻ പ്രാർത്ഥിച്ചു. ആ മറുപടിയിൽ ഒരു പക്ഷേ, എന്റെ ജീവിതമാകെ തൂങ്ങിനില്ക്കും. അതേ മറുപടിക്ക് എന്റെ ജീവിതത്തിന്റെ അടിത്തറ മാന്തിയെടുക്കാനും കഴിയും. ആ മറുപടി എന്റെ സംശയങ്ങളുടെ ജ്വാലയിൽ പച്ചവെള്ളമൊഴിക്കണേ! ഞാൻ മൂകനായി പ്രാർത്ഥിക്കുകയായിരുന്നു.

"എന്നെ കണ്ടപ്പോഴല്ലേ, ജൂഡി നിലവിളിച്ചത്? ഞാൻ തൊട്ടപ്പോഴല്ലേ, മരിച്ചത്?''

ഞാൻ പിന്നെയും ചോദിച്ചു: "നിന്നെക്കണ്ടാൽ ഭയം തോന്നുന്നതെന്തിന്?''

"എനിക്കു പറയാനറിഞ്ഞുകൂട... പക്ഷേ, ഒരു കാര്യം എനിക്കറിയാം. ആരംഭം മുതൽ ജൂഡി എന്നെ ഭയന്നിരുന്നു.''

ഈശ്വരാ! എത്രമാത്രം ആശ്വാസമാണ് എനിക്കു തോന്നിയത്!

അവൾ തുടർന്നു: "അന്ന് അനന്തന്റെ വീട്ടിൽവച്ച് ജൂഡി നിലവിളിച്ച തോർക്കുന്നോ?''

രാഗിണിക്കൊന്നും മറച്ചുവയ്ക്കാനില്ല. ഞാൻ മഠയനാണ്. ഞാൻ ഓരോന്നു സംശയിച്ചുകളഞ്ഞു.

"ജൂഡി മാത്രമല്ല... ബ്രൂണോയും...'' അവൾ പറഞ്ഞു.

രാഗിണി കുറ്റമേല്ക്കുകയാണ്. അവളെ സംശയിക്കാൻ യാതൊരു കാരണവുമില്ല. എന്റെ ഭാവന കാടുകയറിയതാണ്. എന്റെ സംശയങ്ങൾ ഞാൻതന്നെ പടച്ചുവിടുന്ന എന്റെ ശത്രുക്കളാണ്. ഞാൻ ഒരു സയന്റിസ്റ്റല്ലേ? ഞാൻ സംശയിച്ചുകൂടാ. ഞാനൊരു കവിയൊന്നുമല്ല—എനിക്ക് ഒരു കവിയുടെ മനസ്സുണ്ടെന്നോ മറ്റോ രാഗിണി ഒരിക്കൽ പറഞ്ഞുവെങ്കിലും!

ജൂഡി ഭയന്നാണു മരിച്ചത്. അല്ലെന്ന് രാഗിണി പറയുന്നില്ല. തന്നെയാണു ഭയന്നതെന്നു തുറന്നു സമ്മതിക്കുകയും ചെയ്യുന്നു. ഞാൻ ലജ്ജിക്കണം. എന്റെ ഭാര്യ ഒരു യക്ഷിയാണെന്നു സമർത്ഥിക്കാനല്ലേ ഞാൻ ശ്രമിച്ചത്? എന്നെ ആയിരം തവണ മഠയനെന്നു വിളിക്കണം. രാഗിണി വെറുമൊരു സ്ത്രീയാണ്. ചോരയും നീരും മാംസവും മജ്ജയും കൊണ്ടു നിർമ്മിക്കപ്പെട്ട ഒരു സുന്ദരി!... ഒരമ്മ പ്രസവിച്ച പെൺകുട്ടി. അവൾ എന്നോടു കളവൊന്നും പറഞ്ഞിട്ടില്ല. എന്റെ മനസ്സിലാണു കള്ളൻ. എന്റെ വികൃതമായ മുഖം ഒരു പെൺകുട്ടിക്കും സ്വീകാര്യമല്ലെന്ന വിശ്വാസത്തിൽ ഞാൻ പിടിച്ചുനില്ക്കുന്നു. അതുകൊണ്ടാണു സംശയങ്ങൾ തോന്നുന്നത്!

"വരൂ, രാഗിണി! നമുക്ക് അനന്തന്റെ വീട്ടിൽ പോകാം.''

ഞങ്ങൾ നടന്നു.

"വേഗം മടങ്ങണം. പനിയുണ്ട്!'' രാഗിണി വീണ്ടും എന്റെ നെറ്റിയിൽ തൊട്ടുനോക്കി.

അനന്തൻ ഉണ്ടായിരുന്നില്ല. കല്യാണിയമ്മ വല്ലാതെ സംഭ്രമിക്കുമെന്നാണു ഞാൻ കരുതിയത്. എനിക്കു തെറ്റി. ഞാൻ ജൂഡിയുടെ മൃതദേഹം മെല്ലെ തറയിൽ വച്ചപ്പോൾ അവർ ഒന്നേ ചോദിച്ചുള്ളൂ: "എങ്ങനെപറ്റി?''

ഞാൻ വിവരം പറഞ്ഞു.

"പാവം! കുറേദിവസമായി അതിനു നല്ല സുഖമില്ലായിരുന്നു.'' കല്യാണിയമ്മ പറഞ്ഞു.

ഞങ്ങൾ അവിടെ നില്ക്കുമ്പോൾ ബ്രൂണോ മുമ്പിലെത്തി. അവൻ മോങ്ങുമോ? എന്റെ സംശയങ്ങൾ തലനീട്ടാൻ ശ്രമിച്ചു. ബ്രൂണോ മോങ്ങിയില്ല. ഞങ്ങളെ ഒന്നു നോക്കിയശേഷം അവൻ അകത്തേക്കു പോയി. ഞാൻ രാഗിണിയെ സ്നേഹപൂർവ്വം നോക്കി. എന്റെ മനസ്സിൽ സംതൃപ്തിയും സമാധാനവും പകർന്ന ആ അൽസേഷ്യനോടു നന്ദി തോന്നി, അവൻ മോങ്ങിയിരുന്നെങ്കിൽ ഞാൻ തകരുമായിരുന്നു. തക്കസമയത്ത് എന്റെ സംശയങ്ങളുടെ ശവപ്പെട്ടിയിൽ ബ്രൂണോ നീണ്ട ആണികൾ അടിച്ചു കയറ്റിയിരിക്കുന്നു!

"അനന്തൻ വല്ലാതെ സങ്കടപ്പെടും.'' ഞാൻ പറഞ്ഞു.

"അതെയതെ.... പക്ഷേ, വേറൊരു പോമറേനിയൻ നായ്ക്കുട്ടിയെ ആരോ കൊടുക്കാമെന്നേറ്റിട്ടുണ്ട്.'' കല്യാണിയമ്മ അറിയിച്ചു.

ജൂഡിയുടെ നഷ്ടം സാരമില്ലെന്ന് അവർ സൂചിപ്പിച്ചതായി തോന്നി. വീട്ടിൽ ഒരു പോമറേനിയൻ നായ വേണം. ജൂഡി മരിച്ചു. കഷ്ടമായിപ്പോയി! പക്ഷേ, മറ്റൊന്നു കിട്ടും. അതുകൊണ്ടു കണ്ണുനീർ വാർക്കേണ്ട കാര്യമൊന്നുമില്ല. അത്രതന്നെ!

ഞങ്ങൾ മടങ്ങി.

എനിക്കു വല്ലാത്ത കുളിരു തോന്നി. രാഗിണിയുടെ സഹായത്തോടെയാണു ഞാൻ വീട്ടിന്നുള്ളിൽ കടന്നത്.

"അയ്യോ! പൊള്ളുന്ന പനി!''

"സാരമില്ല. ഇൻഫ്ലുവൻസ ആയിരിക്കും. രണ്ടു ദിവസം വിരിച്ചുകിടന്നാൽ മതി.'' ഞാൻ സമാധാനിപ്പിച്ചു.

കിടക്കയിലേക്കാണ് അവൾ എന്നെ കൊണ്ടുപോയത്. കിടക്കാൻ പറഞ്ഞപ്പോൾ ഞാൻ ഒരു കൊച്ചുകുട്ടിയെപ്പോലെ അനുസരിച്ചു. ഒരു കമ്പിളിപ്പുതപ്പുകൊണ്ട് അവൾ എന്നെ മൂടി.

"വിശക്കുന്നു.'' ഞാൻ പറഞ്ഞു.

"ഒന്നും കഴിക്കേണ്ട. കുറേ കഴിഞ്ഞ് ഞാൻ ഹോർലിക്സ് കലക്കിത്തരാം.''

എന്റെ അരികിൽ അവൾ ഇരുന്നു. ആർത്തിയോടെ ഞാനവളെ നോക്കി. ഇങ്ങനെയും സ്ത്രീകൾക്കു സൗന്ദര്യമുണ്ടാകുമോ! ഞാൻ അവളെ എന്നോടു ചേർത്തുപിടിച്ചു.

എനിക്കൊരു മോഹം തോന്നി. സ്ലീവ്‌ലെസ് ബ്ലൗസും പച്ച സിൽക്ക് പാവാടയും ധരിച്ച രാഗിണിയെ എനിക്കു കാണണം. എങ്ങനെ അവളോടു പറയാനാണ്? അങ്ങനെ അവൾ വന്ന ഒരു രാത്രിയിൽ ഞാൻ തോറ്റുപോയില്ലേ?

"എന്താ തുറിച്ചുനോക്കുന്നത്?''

"നോക്കിക്കൂടേ?''

"തീച്ചയായും നോക്കാം. മറ്റാരും നോക്കാനുള്ളതല്ലല്ലോ?'' അവൾ മന്ദഹസിച്ചു.

"ഇങ്ങനെ കണ്ടാൽ പോര.''

"പിന്നെ?''

അല്പം നിവർന്നിരുന്നുകൊണ്ട് അവളുടെ ചെവിയിൽ ഞാൻ മന്ത്രിച്ചു.

"എന്താ കൊച്ചുകുട്ടികളെപ്പോലെ?'' അവൾ ചോദിച്ചു. കുറ്റം പറയുന്നതുപോലെ. എങ്കിലും അവൾ ആനന്ദിക്കുകയായിരുന്നു.

അവൾ എഴുന്നേറ്റു.

"നല്ല പനിയുണ്ടെന്നോർമ്മവേണം.'' ഒരു താക്കീതു തന്നശേഷം അവൾ പോയി.

"ഓർമ്മയുണ്ട്.'' ഞാൻ വിളിച്ചു പറഞ്ഞു.

എന്താണവൾ ചിന്തിക്കുന്നത്? അവളുടെ 'ടാന്റലസ്' ഒരു ദിവസം ദാഹം തീർക്കുമെന്ന് അവൾ വിശ്വസിക്കുന്നുണ്ടോ?

അല്പനിമിഷങ്ങൾക്കുള്ളിൽ അവൾ മടങ്ങി, ഒരു കറുത്ത സ്ലീവ്‌ലെസ് ബ്ലൗസും പച്ച സിൽക്കു പാവാടയും ധരിച്ചുകൊണ്ട്.

ഞാനറിയാതെ ഒരു സീൽക്കാരം എന്റെ ചുണ്ടുകളിൽനിന്നുയർന്നു.

"പനിയുണ്ടെന്നോർമ്മ വേണം.''

"ഓ!''

"കൊതിയൻ?''

ആ നിമിഷത്തിൽ എല്ലാം തുറന്നു പറയണമെന്നു തോന്നി. എന്റെ തോല്വികളെപ്പറ്റി പറയണം. മാപ്പു ചോദിക്കണം. അതെ, ഞാൻ വെറും കൊതിയനാണ്. പക്ഷേ, ഞാൻ ഒരു ഭർത്താവാണെന്നു തെളിയിക്കാം. അല്പം സമയം തരൂ.

രാഗിണി എന്റെ തലമുടിയിലൂടെ വിരലുകൾ ചലിപ്പിച്ചു.

പറയണോ? കുറ്റസമ്മതം നടത്തണോ?

വേണ്ട. ഞാനൊരു പുരുഷനാണ്. എനിക്കു പറയാനുള്ളത് അപമാനകരമായ ഒരു കാര്യമാണ്. പറയേണ്ട. പറഞ്ഞാൽ എന്താണു പ്രയോജനം? ഞാൻ ഭാവിയിൽ തോല്ക്കുകയില്ലെന്ന് ആണയിട്ടു പറഞ്ഞാൽ അവൾ മാപ്പു തരുമോ? അങ്ങനെ പറഞ്ഞിട്ടെന്താണ് കാര്യം! ഒന്നേ വഴിയുള്ളൂ മാപ്പു നേടാൻ, ആ വഴിയിലൂടെ അവളെ സമീപിക്കാൻ കഴിഞ്ഞാൽ എന്റെ മാപ്പു സ്വീകരിക്കാൻ അവൾക്കു സമയമുണ്ടാവുകയില്ല. അവൾ നന്ദിപറയുന്ന തിരക്കിലായിരിക്കും.

ഞാൻ അവളെ എന്റെ നെഞ്ചോടു ചേർത്തു. പൊള്ളുന്ന ചുണ്ടുകൾകൊണ്ട് അവളെ ചുംബിച്ചു.

എന്റെ ശരീരമാകെ വിയർത്തുകുളിച്ചു. ഞാൻ കിതച്ചു.

രാഗിണി എഴുന്നേറ്റു. "അനങ്ങാതെ കിടക്കണം. ഭയങ്കരമായി പനിക്കുന്നു.''

ഞാൻ മിണ്ടിയില്ല.

തൊണ്ട വരണ്ടിരുന്നു.

## ഒഴുകിവരും ഗാനം

ഏഴെട്ടു ദിവസം ഞാൻ അങ്ങനെ പനിച്ചുകിടന്നു. രാഗിണിയുടെ പരിചരണമില്ലായിരുന്നെങ്കിൽ, എന്റെ പനി ആഴ്ചക്കണക്കിനു നീണ്ടു നിന്നേനേ, ആ ദിവസങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളാണ്. എന്റെ സംശയങ്ങൾ മടങ്ങിവന്നു; അവയുടെ ശവപ്പെട്ടിയിൽനിന്നും, പല്ലിളിച്ചുകൊണ്ട്, പുറത്തുവന്നു. എന്റെ ഹൃദയത്തിന്റെ തട്ടു പൊളിച്ചുകൊണ്ട് അവ താണ്ഡവമാടി. സ്നേഹപൂർവ്വം എന്നെ പരിചരിച്ചുപോന്ന രാഗിണിയെ ഞാൻ ശങ്കിച്ചു; ഒരളവിൽ ഭയന്നു.

പനിപിടിച്ചു കിടക്കുമ്പോൾ ചില സംഭവങ്ങളുണ്ടായി. ഒന്ന്: കല്യാണിയമ്മയെക്കുറിച്ചുള്ള ഒരു സ്വപ്നം. രണ്ട്: രാഗിണിയുടെ ആഭരണം. മൂന്ന്: പാലമരത്തിൽനിന്നുയർന്ന ഗാനം.

ഒരു ദിവസം, കണ്ണു തുറക്കുമ്പോൾ രാഗിണിയെ അരികിൽ കണ്ടില്ല. അവൾ കുറേനേരംകഴിഞ്ഞു മടങ്ങി—അനന്തന്റെ വീട്ടിൽനിന്നും.

"കല്യാണിയമ്മയ്ക്കു തീരെ സുഖമില്ല.'' അവൾ പറഞ്ഞു.

"ഉം?''

"വല്ലാതെ ഛർദ്ദിച്ചു.''

കല്യാണിയമ്മ എന്നും രാവിലെ ഛർദ്ദിക്കാറുണ്ട്. അതിന്റെ ശബ്ദം ചിലപ്പോൾ എന്റെ വീട്ടിലും കേൾക്കാം.

"ഛർദ്ദിച്ചുകൊണ്ടിരുന്നപ്പോൾ തലകറങ്ങിവീണു.''

"നീയെങ്ങിനെ അറിഞ്ഞു?''

"അനന്തൻ എന്നെ വിളിച്ചു.''

"ഇപ്പോഴെങ്ങനെയിരിക്കുന്നു?''

"ഓർമ്മ വന്നു. കിടക്കുകയാണ്.''

"നീ കൂടക്കൂടെ ചെന്നന്വേഷിക്കണേ.''

"തീർച്ചയായും.''

ഇത്രയും കാലം ഗർഭം ധരിക്കാത്ത കല്യാണിയമ്മ ഇപ്പോൾ ഗർഭം ധരിച്ചതെങ്ങനെ? ആദ്യകാലങ്ങളിൽ അനന്തന് എനിക്കുണ്ടായിരിക്കുന്ന പ്രശ്നങ്ങളുണ്ടായിരുന്നോ? ചോദിച്ചാലോ? പക്ഷേ, എങ്ങനെ ചോദിക്കും? പതിനേഴു പതിനെട്ടുവർഷങ്ങൾ മൂപ്പുള്ള മനുഷ്യനാണയാൾ. ഞങ്ങൾ നല്ല അയല്ക്കാരാണ്. കൂട്ടുകാരാണോ? ചന്ദ്രശേഖരനോടു സംസാരിക്കുന്നപോലെ, അനന്തനോടു സംസാരിക്കാൻ എനിക്കു സാദ്ധ്യമല്ല.

മാത്രമല്ല, അയാൾക്ക് ഒരിക്കലും ഒരു തകരാറും ഉണ്ടായിരുന്നിരിക്കയില്ല. തകരാറ് അവർക്കായിരുന്നിരിക്കാം. ചില സ്ത്രീകൾ അങ്ങനെയാണ്. കായ്ക്കാൻ വൈകുന്ന വൃക്ഷങ്ങൾ! വയസ്സാകുന്തോറും ഒരു കുഞ്ഞിക്കാലിനെക്കുറിച്ചുള്ള അവരുടെ സങ്കല്പങ്ങൾക്ക് ഉടവു തട്ടും. ഒരിക്കലും ഒരമ്മയാവാൻ സാധിക്കുകയില്ലെന്നു അവർ തീരുമാനിക്കും. അപ്പോൾ, അവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു പുതിയ ജീവന്റെ വേരോട്ടം. പിന്നെ അവർക്കെത്ര സംഭ്രമമാണെന്നോ? അവരെക്കാൾ സംഭ്രമമാണ് ഭർത്താക്കന്മാർക്ക്.

അന്നു രണ്ടുമൂന്നു തവണ, കല്യാണിയമ്മയുടെ ആരോഗ്യമന്വേഷിക്കാൻ രാഗിണി പോവുകയുണ്ടായി.

വൈകുന്നേരം അനന്തൻ എന്റെ വീട്ടിൽ വന്നു. “രാഗിണി വളരെ ബുദ്ധിമുട്ടുന്നു.'' അയാൾ പറഞ്ഞു.

“എനിക്കൊരു ബുദ്ധിമുട്ടുമില്ല.'' രാഗിണി പുഞ്ചിരിച്ചു.

“ഒരു രോഗി വീട്ടിൽതന്നെയുള്ളപ്പോൾ...''

“എനിക്കൊന്നുമില്ല... വെറും പനി. രാഗിണി അവിടെ കൂടക്കൂടെ വന്ന് കല്യാണിയമ്മയുടെ കാര്യമന്വേഷിക്കട്ടെ.'' ഞാനിടപെട്ടു. ഗർഭിണിയായ ഒരു സ്ത്രീക്ക് എത്ര പരിചരണം കിട്ടിയാലും അധികമാവില്ലെന്നും രാഗിണിയെ എപ്പോൾ വേണമെങ്കിലും വിളിക്കാൻ മടിക്കരുതെന്നും മറ്റും ഞാൻ പറഞ്ഞു.

അനന്തൻ ചിരിച്ചു: “പറയുന്നതു കേട്ടാൽ ശ്രീനിവാസൻ ഇതിലൊക്കെ വലിയ എക്സ്പർട്ട് ആണെന്നു തോന്നും.''

ഞാൻ പൊട്ടിച്ചിരിച്ചു.

“ഇങ്ങനെ പതിവായി ഛർദ്ദിച്ചാൽ ക്ഷീണം തട്ടുകയില്ലേ?'' രാഗിണി തിരക്കി.

“എന്തു ചെയ്യാനാണ്!'' അനന്തൻ നിസ്സഹായത നടിച്ചു.

“ഇതിനൊന്നും മരുന്നില്ലേ?'' രാഗിണി അന്വേഷിച്ചു.

മെഡിക്കൽഷാപ്പുടമസ്ഥനായ അനന്തൻ നാലഞ്ചിനം ഗുളികകളുടെ പേരുപറഞ്ഞു. “രാജ്യത്തുള്ളവർക്കെല്ലാം ഈ ഗുളികകൾ തിന്നാൽ ഭേദം കിട്ടും.... പക്ഷേ, കല്യാണിക്ക്...''

“വൈകിയുണ്ടായ പ്രെഗ്നൻസിയല്ലേ!'' ഞാൻ പറഞ്ഞു.

“കണ്ടോ, എക്സ്പർട്ട് സംസാരിക്കുന്നു!''

അനന്തൻ പോയശേഷം ഞാൻ രാഗിണിയോടു ചോദിച്ചു: “എത്ര മാസമായി?''

“അഞ്ച്.''

“കല്യാണിയമ്മയുടെ കുട്ടി ആണായിരിക്കുമോ, അതോ....''

“എനിക്കെങ്ങനെയറിയാം?''

“നിനക്കു ജ്യോത്സ്യമുണ്ടല്ലോ! നീ പറഞ്ഞപ്പോൾ പാല പൂത്തില്ലേ?''

"ഞാൻ പറഞ്ഞിട്ടാണോ? ഞാൻ പറഞ്ഞതും പാല പൂത്തതും ഒത്തിരുന്നു; അത്രതന്നെ!''

സന്ധ്യയ്ക്ക് അനന്തൻ വീണ്ടും വന്നു. കല്യാണിയമ്മയ്ക്കു വീണ്ടും തലകറക്കം വന്നിരിക്കുന്നു. ലേഡീഡോക്ടറെ വിളിക്കാൻ പോവുകയാണ്; രാഗിണി വീട്ടിലേക്കു വന്നാൽ കൊള്ളാം.

രാഗിണി ചെന്നു.

ഞാൻ കിടക്കയിൽ ചുരുണ്ടുകൂടി. ഉറങ്ങിയെന്നു തോന്നുന്നു.

ഒരു സ്വപ്നം കണ്ടുകൊണ്ടാണ് ഉണർന്നത്—ഞെട്ടിക്കൊണ്ട്.

കല്യാണിയമ്മയെക്കുറിച്ചുള്ള ഒരു സ്വപ്നം.

കുളിമുറിയിൽ, വെളുത്ത തിളങ്ങുന്ന ഒരു ബാത്ത്ടബ്ബിൽ കല്യാണിയമ്മ ഇരിക്കുന്നു. അടുത്തൊരു സ്റ്റൂളിൽ മഞ്ഞുപോലെ വെളുത്ത ടവ്വലുകൾ അടുക്കിവച്ചിട്ടുണ്ട്. കുളിമുറിയുടെ ഭിത്തികൾ പകുതിയോളം മാർബിളിൽ തീർത്തതാണ്. ബാത്ത്ടബ്ബിൽ വെള്ളം നിറച്ചശേഷം കല്യാണിയമ്മ സോപ്പു പതയ്ക്കുന്നു. എത്ര സമൃദ്ധമായ വെളുത്ത പത! കാറ്റടിച്ച് പത അങ്ങിങ്ങു പറക്കുന്നു, അപ്പൂപ്പൻതാടിപോലെ, പെട്ടെന്നു കുളിമുറിയിൽ വെള്ളനിറം കാണാനില്ല. ബാത്ത്ടബ്ബ് ചുവന്നിരിക്കുന്നു. ടവ്വലുകൾ ചുവന്നിരിക്കുന്നു. മാർബിൾഭിത്തി ചുവന്നിരിക്കുന്നു. സോപ്പിന്റെ പതയ്ക്ക് രക്തവർണ്ണമാണ്. ഞാൻ പിന്നെയും നോക്കി, ടബ്ബ് നിറയെ രക്തമാണ്, വെള്ളമല്ല. കല്യാണിയമ്മ രക്തത്തിൽ കുളിച്ചിരിക്കുന്നു. ഞാൻ ചുറ്റും നോക്കി. കുളിമുറിയിൽ മറ്റാരോ കൂടിയുണ്ട്. തറയിലാണിരിക്കുന്നത് ചുവന്ന ബ്ലൗസും ചുവന്ന പാവാടയും ധരിച്ച ഒരു പെണ്ണ്. അവളുടെ മുഖം കണ്ടുകൂട. ബ്ലൗസും പാവാടയും എങ്ങനെ ചുവന്നു? രക്തം പുരണ്ടതാണ്. എങ്ങും രക്തം ഒലിച്ചുനടക്കുന്നു. തറയിലിരുന്ന പെണ്ണ് പെട്ടെന്ന് എന്നെ തിരിഞ്ഞുനോക്കി. ഈശ്വരാ! അത് എന്റെ രാഗിണിയാണ്. അവളുടെ ചുണ്ടിൽനിന്നു രക്തം ഇറ്റിറ്റു വീഴുന്നു.

ഉണർന്നപ്പോൾ കണ്ടത് രാഗിണിയെയാണ്. അവളുടെ ചുണ്ടുകൾ ചുവന്നിരുന്നു.

"രാഗിണി! നിന്റെ ചുണ്ടിൽ രക്തം പുരണ്ടിരിക്കുന്നു.''

"എന്താ അലങ്കാരഭാഷയിൽ സംസാരിക്കയാണോ അതോ, ഡെലീറിയമോ? ഞാനൊന്നു മുറുക്കി.'' രാഗിണി മന്ദഹസിച്ചു.

"കല്യാണിയമ്മയ്ക്കെങ്ങനെയിരിക്കുന്നു?''

"മയക്കം തെളിഞ്ഞു.''

"അവർ കുളിമുറിയിലായിരുന്നോ?''

"എന്തൊക്കെയാണു ചോദിക്കുന്നത്?''

ഞാൻ കണ്ട സ്വപ്നത്തെപ്പറ്റി അവളോടു പറയണോ? വളരെനേരം ആലോചിച്ചു. വേണ്ട. എന്റെ കടിഞ്ഞാണില്ലാത്ത ഭാവനയെപ്പറ്റി അവൾ വല്ലതും പറയും; പരിഹസിക്കും. വേണ്ട, പറയണ്ട.

എന്താവാം ഈ സ്വപ്നത്തിന്റെ അർത്ഥം? എന്തുകൊണ്ടാണു ഞാൻ ഇങ്ങനെ വിചിത്രമായ സ്വപ്നങ്ങൾ കാണുന്നത്? സ്വപ്നങ്ങൾക്കു

വ്യാഖ്യാനം തരാൻ കഴിവുള്ള ആരെങ്കിലും ഈ പട്ടണത്തിലുണ്ടോ! പനി കഴിഞ്ഞാൽ ഉടൻ തിരക്കണം. കോണിപ്പടിസ്വപ്നത്തിന്റെയും ഈ കുളിമുറിസ്വപ്നത്തിന്റെയും പൊരുളെന്താണെന്നറിയണം.

അന്നു രാത്രി വീണ്ടും ആ സ്വപ്നം കണ്ടു. വെളുത്ത കുളിമുറിയിൽ രക്തമൊഴുകുന്ന ആ സ്വപ്നത്തിൽ രാഗിണി അതേ സ്ഥാനത്തുണ്ടായിരുന്നു—തറയിൽ. ചുവന്ന പാവാടയും ബ്ലൗസും, രക്തംപുരണ്ട അധരങ്ങൾ!

ഞാൻ ഞെട്ടിയെഴുന്നേറ്റു. ആകാശത്തിന്റെ ക്യാൻവാസിൽ വെളുപ്പിന്റെ വീതിയേറിയ 'വാഷ്' പരന്നു തുടങ്ങിയിരുന്നു.

പെട്ടെന്ന് എനിക്കൊരു വ്യാഖ്യാനം തോന്നി.

കല്യാണിയമ്മ പ്രസവിക്കുകയില്ല.

അവരുടെ ഗർഭം അലസിപ്പോകും.

അതാണു സ്വപ്നത്തിന്റെ അർത്ഥം. അതുകൊണ്ടാണ് ബാത്ത് ടബ്ബിലെ വെള്ളം രക്തമായി മാറിയത്. സോപ്പുപതപോലും ചുവന്നുപോയത്. രാഗിണി കുളിമുറിയുടെ തറയിലിരിക്കുന്നതെന്തിനാണ്? അതിന്റെ അർത്ഥമെന്ത്? കല്യാണിയമ്മയുടെ ഗർഭം അലസാൻ അവളാണു കാരണമെന്നോ? അപ്പോൾ ആരാണ് രാഗിണി?

യക്ഷികൾ ഗർഭിണികളെ പിടികൂടാറുണ്ട്. ഭ്രൂണം യക്ഷികൾക്ക് ഏറ്റവും പ്രിയപ്പെട്ട ഭക്ഷണസാധനമാണെന്ന് ഒരു താളിയോലഗ്രന്ഥത്തിൽ വായിച്ചിട്ടുണ്ട്. രക്തവും രാഗിണിയും തമ്മിൽ എന്തോ ബന്ധമുണ്ടെന്നു തോന്നി. കന്യാകുമാരിയിൽവച്ച് എന്റെ വായിൽനിന്നും ചോര വന്നില്ലേ?

ആരാണിവൾ? എന്റെ സുന്ദരിയായ ഭാര്യ എവിടെനിന്നാണു വന്നത്?

ഞാൻ അവളെ നോക്കി. എന്റെ കട്ടിലിനു സമീപം താഴെ, തറയിൽ ഒരു പായും തലയണയും മാത്രം വിരിച്ചുകിടക്കുകയാണ് അവൾ. ഉറങ്ങുന്നു. മുഖം ശാന്തമാണ്, നിഷ്കളങ്കമാണ്.

ഞാൻ പനിപിടിച്ചു കിടക്കുമ്പോൾ, എന്നെക്കാണാൻ ചന്ദ്രശേഖരനും തങ്കവും വന്നു.

ഞാനും ചന്ദ്രശേഖരനും ബെഡ്റൂമിൽ ഇരിക്കുമ്പോൾ രാഗിണിയും തങ്കവും അടുത്ത മുറിയിൽച്ചെന്നിരുന്നു വെടിപറയാൻ തുടങ്ങി.

കുറേ കഴിഞ്ഞപ്പോൾ ചന്ദ്രശേഖരൻ പറഞ്ഞു: "വലിയ ക്ഷീണമില്ലെങ്കിൽ നമുക്കും അങ്ങോട്ടു പോകാം.''

"ശരി... ലെറ്റസ് ജോയിൻ ദി ലേഡീസ്!''

ഞാൻ മെല്ലെ എഴുന്നേറ്റു. ചന്ദ്രശേഖരനും ഞാനും അടുത്ത മുറിയിലെത്തി.

തങ്കം രാഗിണിയുടെ ചെവി പരിശോധിക്കുന്ന കാഴ്ചയാണു കണ്ടത്.

"എന്താണു ചെവിയിൽ?'' ഞാൻ ചോദിച്ചു.

"ഓല നോക്കിയതാണ്....'' തങ്കം പറഞ്ഞു.

സ്ത്രീകളെക്കാണുമ്പോൾ, എന്തുകൊണ്ടോ, അവർ ധരിച്ചിരിക്കുന്ന ആഭരണങ്ങൾ ഞാൻ കാണാറില്ല. ഞാൻ ശ്രദ്ധിക്കാറില്ല. രാഗിണിയുടെ

കാതിൽ ഓലയുണ്ടോ എന്ന് ആരെങ്കിലും എന്നോടു ചോദിച്ചിരുന്നെങ്കിൽ, അറിഞ്ഞുകൂടെന്നേ ഞാൻ പറയൂ. ഭൂരിപക്ഷം പുരുഷന്മാരും എന്നെ പ്പോലെ അശ്രദ്ധരാണെന്നു ഞാൻ കരുതുന്നു. "ഒരു സ്ത്രീയെക്കാണുമ്പോൾ നിങ്ങൾ ആദ്യം ശ്രദ്ധിക്കുന്നതെന്ത്?'' എന്ന ശീർഷകത്തിൽ, ഒരു പടി ഞ്ഞാറൻ ഡൈജസ്റ്റ് മാസികയിൽ മുമ്പെങ്ങോ ഞാൻ ഒരു ഫീച്ചർ വായിക്കയുണ്ടായി. ചിത്രകാരന്മാരും ശില്പികളും ഫോട്ടോഗ്രാഫർമാരും എഴുത്തുകാരും ടെക്സ്റ്റൈൽ ഡിസൈൻവിദഗ്ദ്ധന്മാരും അവരുടെ മറുപടികൾ നൽകിയിരുന്നു. ഭൂരിപക്ഷമാളുകളും ആദ്യം ശ്രദ്ധിക്കുന്നതു മാറിടമാണ്, പിന്നെ മുഖം. ചിലർ തലമുടി ശ്രദ്ധിക്കുന്നുവെന്നു പറഞ്ഞിരുന്നു. ഒരാളോ മറ്റോ കണങ്കാലും നിറവുമാണത്രേ ആദ്യം ശ്രദ്ധിക്കുന്നത്. ചിത്രകാരന്മാരും, ശില്പികളും, ഫോട്ടോഗ്രാഫർമാരും, ഒരു 'റെപ്രസന്റേറ്റീവ് സാമ്പിൾ' അല്ലെന്നു സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ എന്റെ സ്നേഹിതന്മാർ പറഞ്ഞേക്കും. ആ ലേഖനത്തിൽ കണ്ട അഭി പ്രായങ്ങൾ ഭൂരിപക്ഷം പുരുഷന്മാരുടെ അഭിപ്രായമായി പരിഗണിച്ചു കൂടെന്നു പറയും. അങ്ങനെയാവട്ടെ. പക്ഷേ, സ്വർണ്ണപ്പണിക്കാർ ഏറ്റവും അധികമുള്ള ഒരു സാമ്പിളല്ല ഈ പഠനത്തിനു സ്വീകരിക്കുന്നതെ ങ്കിൽ ആഭരണങ്ങൾ ശ്രദ്ധിക്കുന്ന പുരുഷന്മാരുടെ ശതമാനം ഒന്നിൽ കുറവായിരിക്കുമെന്നാണ് എന്റെ പക്ഷം. മാറിടവും മുഖവുംതന്നെയാണ് ആദ്യം ശ്രദ്ധിക്കപ്പെടുക.

"രാഗിണിക്ക് ഓലയുണ്ടോ?'' ഞാൻ ചോദിച്ചു.

"കൊള്ളാം! ഇതുവരെ അറിഞ്ഞുകൂടേ?'' രാഗിണി വിസ്മയം നടിച്ചു.

"സത്യം.... അറിഞ്ഞുകൂടാ.''

"ഇതൊരു സൂത്രമാണ്, കേട്ടോ! ആഭരണങ്ങളോട് ഇഷ്ടമില്ലെന്നു സൂചിപ്പിക്കുകയാണ്, ശ്രീനി...എന്നുവച്ചാൽ വളയും മാലയുമൊന്നും ഉണ്ടാക്കാൻ പറയരുതെന്നർത്ഥം!'' ചന്ദ്രശേഖരൻ തമാശ പറഞ്ഞു.

"എനിക്കിതുമാതിരി ഒരെണ്ണം ഉണ്ടാക്കണം.'' തങ്കം പറഞ്ഞു.

"പുതിയ പാറ്റേൺ വല്ലതുമാണോ?'' ചന്ദ്രശേഖരൻ ചോദിച്ചു.

"പഴയത്.... വളരെപ്പഴയത്.'' രാഗിണി പറഞ്ഞു.

"രാഗിണീ, നിന്റെ ചെവി ചന്ദ്രശേഖരനു കാണിച്ചുകൊടുക്കൂ! എത്ര രൂപയുണ്ടാക്കണമെന്നു പാവം കണക്കുകൂട്ടിക്കൊള്ളട്ടെ!'' ഞാൻ ചന്ദ്രശേഖരനെ കളിയാക്കാൻ നോക്കി.

രാഗിണി സമൃദ്ധമായ അവളുടെ തലമുടി ഒതുക്കിപ്പിടിച്ചു. വെളുത്ത ചെവിയുടെ തുമ്പ് കാണാറായി. അതിൽ ധരിച്ചിരുന്ന ഓല എന്നെ വിസ്മയാധീനനാക്കി. മുന്നൂറോ നാനൂറോ കൊല്ലം മുമ്പ് കേരളത്തിലെ സ്ത്രീകൾ ധരിച്ചുപോന്ന ഒരാഭരണമായിരുന്നു, അത്. എന്റെ പഴയ പഠനത്തിൽ ഞാൻ ഇത്തരം ഓലകളെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഇന്ന് ആരും ഇതു ധരിക്കാറില്ല. ഇങ്ങനെയൊരു മാതൃക ഒരു ക്യാറ്റ്ലോഗിലും

ചേർത്തിട്ടില്ല. ഉമയമ്മ റാണിയുടെ കാലത്തുള്ള ഒരാഭരണമാണിത്. ഇത് രാഗിണിക്കെങ്ങനെ കിട്ടി?

"ഇതു വളരെ പഴയതാണല്ലോ." ഞാൻ പറഞ്ഞു.

"അതെ... വളരെപ്പഴയത്."

"മുന്നൂറു കൊല്ലമെങ്കിലും പഴക്കമുള്ളതാണ്."

"തനിക്കെങ്ങനെയറിയാം?" ചന്ദ്രശേഖരൻ ചോദിച്ചു.

"കണ്ടാലറിയാം. ഞാൻ കേരളത്തിലെ പഴയ ആഭരണങ്ങളെപ്പറ്റി പഠിച്ചിട്ടുണ്ട്."

"പഴയതാണെങ്കിലെന്താ! എത്ര ഭംഗി!" തങ്കം സംസാരിച്ചു.

"രാഗിണീ, നിനക്കിതെങ്ങനെ കിട്ടി?"

"അമ്മൂമ്മ തന്നതാണ്."

"അമ്മൂമ്മയ്ക്കെങ്ങനെ കിട്ടി?"

"അവരുടെ അമ്മ കൊടുത്തു."

തലമുറതോറും ഒരു കുടുംബത്തിൽ കൈമാറപ്പെടുന്ന ഒരാഭരണമാണിത്. ഇത്തരത്തിലുള്ള ഓലകൾ ഇന്നാരും ഉണ്ടാക്കാറില്ല. ഇന്നിത് 'ഫാഷ'നല്ല. എത്ര സ്ത്രീകൾ ഇതു ധരിച്ചുകാണും? എത്ര അമ്മൂമ്മമാരും അമ്മമാരും? ഇതു നിർമ്മിക്കപ്പെട്ടതു കേരളചരിത്രത്തിലെ ഏതു കാലഘട്ടത്തിലാണ്? ഉമയമ്മറാണിയുടെ കാലത്തിനു മുൻപുതന്നെ ഈ മാതൃക ഉണ്ടായിരുന്നിരിക്കണം.

"ഇതൊരു 'മ്യൂസിയം പീസ്' ആണ്. രാഗിണീ! പതിവായി ധരിച്ചു കേടു വരുത്തണ്ടാ." ഞാൻ പറഞ്ഞു.

ഇതു കേട്ടപ്പോൾ തങ്കത്തിന്റെ കൗതുകം ഉണർന്നു; "രാഗിണിയുടെ കൈയിൽ ഇത്തരം പഴയ ആഭരണങ്ങൾ വേറെയുമുണ്ടോ?"

രാഗിണി ചോദ്യം കേട്ടില്ലെന്നു തോന്നി. "ചായ കൊണ്ടുവരട്ടെ." അവൾ ചോദിച്ചു.

വളരെ ദിവസങ്ങൾ, എന്റെ ചിന്താവിഷയമായിരുന്നു ഈ ആഭരണം.

പനികഴിഞ്ഞു കുളിച്ചതിന്റെ തലേന്നു രാത്രിയാണു മൂന്നാമത്തെ സംഭവം നടന്നത്.

അർദ്ധരാത്രി കഴിഞ്ഞാണെന്നു തോന്നുന്നു. അതിമധുരമായ ഒരു ഗാനം എവിടെനിന്നോ ഒഴുകിവരുന്നതായി തോന്നി ദൂരെ ദൂരെനിന്നും... വാക്കുകളില്ലാത്ത ഒരു ഗാനം! ക്രമേണ അത് അടുത്തടുത്തു വന്നു. അപ്പോഴും വാക്കുകളില്ല. നാദധാര മാത്രം. പിന്നെയും ആ ഗാനം അടുത്തെത്തി. വളരെയടുത്ത്. ശ്രദ്ധിച്ചു. പാലമരത്തിനടുത്തുനിന്നാണു ഗാനം പുറപ്പെട്ടിരുന്നത്. യുലിസിസ്സിനെ ആകർഷിക്കാൻ ശ്രമിച്ച സൈറനുകളുടെ ഗാനം ഇത്രതന്നെ മധുരമായിരുന്നിരിക്കയില്ല. ഈ ഗാനത്തിൽ വീണാനാദമുണ്ട്, വയലിൻനാദമുണ്ട്... സിത്താറും ഷെഹ്നായിയുമുണ്ട്. പിന്നെ എനിക്കറിഞ്ഞുകൂടാത്ത ആയിരമായിരം വാദ്യോപകരണങ്ങളും! പക്ഷേ, വാക്കുകളില്ല! ഈ വാദ്യവിശേഷങ്ങളെല്ലാം ഒന്നിച്ചലിഞ്ഞു

ചേർന്ന്, മനുഷ്യഹൃദയങ്ങൾകൊണ്ടു തീർത്ത ഒരു പട്ടുതുണിയിലൂടെ, കരടുകളഞ്ഞു പുറത്തേക്ക് വരികയാണ്. ആ നാദപ്രപഞ്ചം എന്റെ ഓരോ തരിയിലും കുളിരുകോരിയിട്ടു. ഞാൻ കണ്ണുതുറന്നു.

താഴെക്കിടന്നിരുന്ന രാഗിണി എഴുന്നേറ്റിരിക്കുകയാണ്. അവൾ ആ ഗാനം ശ്രദ്ധിക്കുകയായിരുന്നു. പാലമരത്തിന്റെ നേർക്കാണ് അവൾ നോക്കുന്നത്. അവളെ ഞാൻ വിളിക്കാൻ ഭാവിച്ചു. വിളിച്ചില്ല. എന്റെ വാക്കുകൾ ചുണ്ടിൽനിന്നും അടർന്നുവീഴുന്നതിനു മുൻപ് രാഗിണി എഴുന്നേറ്റു. ഞാൻ അനങ്ങാതെ കിടന്നു. ഞാൻ ഉണർന്നുകിടക്കുക യാണെന്ന് അവൾ അറിഞ്ഞിട്ടില്ല. എന്താണവൾ ചെയ്യാൻപോകുന്നത്? ഞാൻ വീർപ്പടക്കിക്കൊണ്ടു കിടന്നു.

എന്റെ ആഫീസ്റൂമിലേക്ക് അവൾ കടന്നു. അപ്പോൾ ഗാനം അല്പം ഉച്ചത്തിലായി.

റോസപ്പടർപ്പിനടുത്തുള്ള ജനലിന്നുസമീപം അവൾ ചെന്നുനിന്നു. അതിന്റെ കമ്പികളിൽ പിടിച്ചുകൊണ്ട് അവൾ വെളിയിലേക്കു നോക്കി. അവിടെ നിന്നാൽ പാലമരം നന്നായി കാണാം.

ഈ ഘട്ടത്തിൽ ഗാനം അത്യുച്ചത്തിലായി. അതിന്റെ മാധുര്യം ആയിരം മടങ്ങു വർദ്ധിച്ചു. വാക്കുകളില്ലാത്ത ആ ഗാനത്തിൽ വികാര ങ്ങളുടെ ഒരു മഹാസമുദ്രമുണ്ടെന്നു തോന്നി. ഒരു കാമുകന്റെ ഗാന മാണത്. മാധുര്യം മാത്രമല്ല, വേദനയും അതിൽ ചേർന്നിരിക്കുന്നു. ആരാണു കാമുകൻ! ആരാണു കാമുകി?

ഞാൻ എഴുന്നേറ്റുനിന്നു. കിടക്കറയിൽ നിന്നാലും പാലമരം കാണാം.

അലൗകികമായ ഒരു വെളിച്ചത്തിൽ പാലമരം കുളിച്ചുനിന്നിരുന്നു!

എല്ലാ വാദ്യോപകരണങ്ങളുടെയും കമ്പികൾ ഒന്നിച്ചുപൊട്ടിയാലെന്ന പോലെ ഗാനം അപ്രതീക്ഷിതമായി നിലച്ചു. പെട്ടെന്നുണ്ടായ നിശ്ശബ്ദത ഭയജനകമായിരുന്നു! ജനലഴികളിൽ പിടിച്ചു നിന്നിരുന്ന രാഗിണി, വെളിയിലേക്കു കൈനീട്ടിയെന്നു തോന്നി—നിന്നുപോയ ഗാനം പിടിച്ചെടു ക്കാൻ ശ്രമിക്കുന്നപോലെ, ആത്മാവിന്റെ തേങ്ങൽപോലെ, ഒരു നെടിയ നിശ്വാസം എവിടെനിന്നോ ഉയർന്നു!

ഞാൻ വേഗം കിടക്കയിൽ നിവർന്നുകിടന്നു. കണ്ണടച്ചു; ഒരു കള്ളനെ പ്പോലെ.

രാഗിണി കിടക്കറയിലേക്കു മടങ്ങി. അവൾ വളരെനേരം തറയിലിരുന്നു; പാലമരത്തിലേക്കു നോക്കിക്കൊണ്ട്.

അല്പം കഴിഞ്ഞ്, പെട്ടെന്നുണർന്നിട്ടെന്നപോലെ ഞാൻ ചോദിച്ചു: “എന്താ രാഗിണി, ഉറങ്ങിയില്ലേ?...

“വല്ലാതെ കൊതുകു കടിക്കുന്നു.'' പരിപൂർണ്ണമായ ഒരുത്തരം നൽകുന്ന മട്ടിലാണ് അവൾ സംസാരിച്ചത്.

പിന്നെ അടിമുടി പുതച്ചുകൊണ്ട്, അവൾ കിടന്നു.

ആ ഗാനം അവൾ കേട്ടതാണ്. എന്തിനാണ് അക്കാര്യം അവൾ മറച്ചുവയ്ക്കുന്നത്? അവൾ ജനലിന്നരികിൽ പോയതാണ്—ആ ഗാനം നന്നായി കേൾക്കാൻവേണ്ടി.

എന്നിട്ടും കൊതുകിന്റെ കാര്യമാണവൾ പറഞ്ഞത്.

ആ ഗാനം തന്നെ ഉണർത്തിയതാണെന്നു പറയാത്തതെന്ത്? അവൾ എന്തോ മറച്ചുവയ്ക്കുന്നു. ആ ഗാനത്തിന് എന്തോ അർത്ഥമുണ്ട്. ആ പാലമരം എന്തുകൊണ്ടാണ് അലൗകികമായ വെളിച്ചത്തിൽ മുങ്ങിനിന്നത്? അതിലെന്തോ രഹസ്യമുണ്ട്! രാഗിണിക്കറിയാം. പക്ഷേ, എനിക്ക് എല്ലാം അജ്ഞാതമാണ്!

നേരം വെളുത്തപ്പോൾ ഒരു ശുദ്ധഗതിക്കാരനെപ്പോലെ, ഞാൻ പറഞ്ഞു: "ഇന്നലെ ഞാനൊരു സ്വപ്നം കണ്ടു... അല്ല... ഒരു ഗാനം കേട്ടു.''

"ഗാനമോ!''

"അതെ.... ഒഴുകിവരുന്ന ഒരു ഗാനം.''

ആ ഗാനത്തെപ്പറ്റി ഞാൻ വാചാലനായി.

ഒടുവിൽ ഞാൻ ചോദിച്ചു: "നീയതു കേട്ടോ?''

"ഇല്ല.... ശ്രീനിയുടെ സ്വപ്നത്തിലെ ഗാനം ഞാനെങ്ങനെ കേൾക്കാനാണ്?''

"അതൊരു കാമുകന്റെ ഗാനമായിരുന്നു.''

"ഞാൻ പണ്ടു പറഞ്ഞതെത്ര ശരിയാണ്! ശ്രീനിക്ക് ഒരു കവിയുടെ ഹൃദയമാണുള്ളത്. കെമിസ്ട്രി പഠിച്ചിട്ടും ആ ഹൃദയം ഭാവനയുടെ മഴവില്ലിലാണ് ചവുട്ടിനില്ക്കുന്നത്.'' രാഗിണി എന്നെ നോക്കി പുഞ്ചിരിച്ചു.

കവിയുടെ ഹൃദയം! എല്ലാം എന്റെ തോന്നലാണെന്നോ? എന്റെ സംശയങ്ങൾ ആളിക്കത്തി. അവ ഞങ്ങളെ അകറ്റിനിർത്തുന്ന മതിലുകളായി വളർന്നു. രാഗിണി ആരാണ്, ഒരു വെറും സ്ത്രീതന്നെയാണോ?

നിന്റെ കഥ മുഴുവനും അപ്പോൾ പറയാത്തതെന്താണ് രാഗിണി? പറഞ്ഞിരുന്നെങ്കിൽ നീ എന്റെകൂടെ ഇന്നും ഉണ്ടായിരുന്നിരിക്കുമോ? ഇല്ല. എല്ലാം പറഞ്ഞിരുന്നെങ്കിലും നീ പുകച്ചുരുളായി മാറിപ്പോയേനെ. നിന്റെ ശാപം നിന്നെ വിട്ടുപോകുമായിരുന്നില്ല. പക്ഷേ, എല്ലാം ഞാനറിഞ്ഞിരുന്നുവെങ്കിൽ ഞാൻ അല്പമെങ്കിലും സ്നേഹം പകർന്നുതരാൻ ശ്രമിച്ചേനെ. ഞാൻ നിന്നെ ഒരു ഭയങ്കരിയായ യക്ഷിയായി കരുതുകയില്ലായിരുന്നു. സ്നേഹമുള്ള, ത്യാഗമൂർത്തിയായ, ഒരു യക്ഷിയാണു നീയെന്ന് എത്ര വൈകിയാണു ഞാനറിഞ്ഞത്!

ഞാൻ വരച്ച യക്ഷിയമ്പലത്തിന്റെ ചിത്രം തറയിൽ കിടക്കുന്നു. അത് ഒരിക്കൽക്കൂടി വരയ്ക്കണം. പശ്ചാത്തലത്തിൽ ഞാൻ ഒരു പാലമരംകൂടി വരച്ചുചേർക്കണം.

നിഴലുകൾ നീളുന്നു. ക്ഷണത്തിൽ ഇരുട്ടു പരക്കും—ഇരുട്ട് ഒരു രോഗമാണ്. ഒരുതരം അർബുദം! വെളിച്ചം വളരുമ്പോൾ, ഇരുട്ടും

വളർന്നുകൊണ്ടിരിക്കുന്നു. ഒടുവിൽ വെളിച്ചത്തിന്റെ ഉടൽ അത് അരിച്ചുതിന്നും.

ഇനിയും എഴുതണമെന്നുണ്ട്.

പക്ഷേ, വയ്യ.

അതാ, ആ പോലീസുദ്യോഗസ്ഥൻ ഇങ്ങോട്ടു വരുന്നു. ഡാലിയെ അനുസ്മരിപ്പിക്കുന്ന മനുഷ്യൻ.

ഡാലി യക്ഷികളുടെ ലോകത്തെപ്പറ്റി ഒരു ചിത്രം വരച്ചാൽ എങ്ങനെ യിരിക്കും? അതിൽ കാലത്തിന്റെ പ്രതീകം പരന്നുമടങ്ങി തൂങ്ങിക്കിടക്കുന്ന വാച്ചുകളായിരിക്കുമോ?

പോലീസുദ്യോഗസ്ഥൻ യൂണിഫോം ധരിച്ചിട്ടില്ല. എങ്കിലും എനിക്കയാളെ തിരിച്ചറിയാം. അയാളുടെ മീശ എവിടെ കണ്ടാലും ഞാൻ തിരിച്ചറിയും.

എന്തിനാണു പോലീസുകാർ ഇവിടെ വട്ടമടിക്കുന്നത്? കഴുക്കളെ പ്പോലെ?

## ഡയറി

പനി മാറിയശേഷം ഞാൻ പബ്ലിക്‌ലൈബ്രറിയിൽ ചെന്നു. ഷെൽഫു തോറും നടന്നുനോക്കി. സ്വപ്നങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ തേടുകയായിരുന്നു, ഞാൻ. ഫിലോസഫി ഗ്രന്ഥങ്ങളുടെ ഷെൽഫിൽ വഴി തെറ്റിയെത്തിയ ഒരു പുസ്തകം ഒടുവിൽ കണ്ടെത്തി. 'ഹാൻഡ്ബുക്ക് ഓഫ് ഡ്രീം അനാലിസിസ്.'

ഞാൻ ആ പുസ്തകമെടുത്തു. ഇന്റർവൽസമയത്ത്, സ്റ്റാഫ്റൂമിൽ വച്ച്, ഞാൻ അതിന്റെ പേജുകൾ മറിച്ചുനോക്കി.

'സെക്സ് സിംബൽസ്', 'ഇംപൊട്ടെൻസ് ഇൻ ദ മെയിൽ', 'ഫ്രിജിഡിറ്റി ഇൻ വിമെൻ' എന്നീ ഖണ്ഡങ്ങളാണു ഞാൻ നോക്കിയത്. എന്റെ സ്വപ്ന ങ്ങളുടെ അർത്ഥം മനസ്സിലാക്കാനുതകുന്ന യാതൊന്നും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല.

സ്റ്റാഫ്റൂമിൽ അങ്ങനെ വായിച്ചുകൊണ്ടിരിക്കുമ്പോൾ, ശിപായി ഒരു കവർ കൊണ്ടുവന്നു. തുറന്നുനോക്കി. എന്റെ ജോലിയെപ്പറ്റി പ്രതികൂലാഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രിൻസിപ്പലിന്റെ കത്തായിരുന്നു അത്.

"നിങ്ങൾ ലക്ചർക്ലാസ്സുകളിൽ പലപ്പോഴും ഒന്നും മിണ്ടാതെ നില്ക്കു ന്നെന്നും ചിലപ്പോൾ ക്ലാസ്സുകൾ നേരത്തെ പിരിച്ചുവിടുന്നെന്നും ചില ദിവസങ്ങളിൽ മുൻകൂട്ടി വിവരം നല്കാതെ ക്ലാസ്സിൽ ഹാജരാകുന്നില്ലെന്നും എന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു...." എന്നൊക്കെയാണു പ്രിൻസിപ്പൽ എഴുതിയിരുന്നത്.

ഈ പ്രതികൂലാഭിപ്രായക്കുറിപ്പ് എന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ കടന്നുകൂടിയിട്ടുണ്ടെന്നു വ്യക്തമായിരുന്നു. എന്റെ വകുപ്പിലെ പ്രധാന പ്രഫസ്സർ എഴുതിയതാവണം.

പറഞ്ഞിരിക്കുന്നതെല്ലാം ശരിയാണ്. എനിക്കു ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ല. മനസ്സിനെ നിയന്ത്രിക്കാനാവുന്നില്ല.

ലാബറട്ടറിയിലെ അപകടത്തിനുമുൻപ് ഒരു ഫോർഡ് ഫൗണ്ടേഷൻസ് സ്കോളർഷിപ്പ് കൈയിലൊതുങ്ങിക്കിട്ടിയതാണ്. അമേരിക്കയിൽ പ്പോയി പഠിക്കാൻ കഴിയുമായിരുന്നു. പ്ലാസ്റ്റിക് വ്യവസായത്തിന്റെ കെമിസ്ട്രി പഠിക്കാനായിരുന്നു മോഹം. കോളേജിന്റെ ഇടുങ്ങിയ വേലിക്കെട്ടു പൊളിച്ചു വെളിയിൽ ചാടാനും തടിച്ച ശമ്പളം പറ്റുന്ന ഒരു ഇൻഡസ്ട്രിയൽ കെമിസ്റ്റ് ആവാനും കഴിഞ്ഞേനെ. അപ്പോഴാണ് അപകടമുണ്ടായത്. ഉടൻ പോകാൻ പറ്റില്ലെന്ന് എഴുതിക്കൊടുത്തു. ഇനി ആ സ്കോളർഷിപ്പ് കിട്ടുമോ? കിട്ടാനിടയില്ല. എന്റെ കോൺഫിഡൻഷ്യൽ റിക്കാർഡ് മോശമായിരിക്കുന്നു! ജോലിക്കുകൊള്ളാത്തവനാണു ഞാനെന്നു വിധിക്കപ്പെട്ടിരുന്നു.

പ്ലാസ്റ്റിക് സർജറിയെപ്പറ്റി ഇടയ്ക്കിടെ ചിന്തിക്കാറുണ്ടായിരുന്നു. ഗൗരവമായി ചിന്തിച്ചിരുന്നെന്നു പറഞ്ഞുകൂടാ. ചെലവേറിയ കാര്യമാണ്. അമേരിക്കയിൽപ്പോയാൽ എനിക്കു പ്ലാസ്റ്റിക് സർജറിക്കു വിധേയനാകാമായിരുന്നു. വേണ്ടത്ര പണം സംഭരിക്കാൻ കഴിഞ്ഞെങ്കിൽ! എന്റെ മുഖത്തിന്ന്, അവിടെയുള്ള സമർത്ഥന്മാരായ സർജന്മാർ റിപ്പെയർ നടത്തിയേനെ. അവർ അത്ഭുതങ്ങൾ പ്രകടിപ്പിക്കുന്നവരാണ്. സൗന്ദര്യത്തെ അവർ സ്പെഷ്യലിസ്റ്റുകളുടെ 'ബിഗ് ബിസിനസ്സാ'യി മാറ്റിയിരിക്കുന്നു. ശുഷ്കിച്ച മാറിടമുള്ള പെണ്ണുങ്ങൾക്കു പ്ലാസ്റ്റിക് സർജന്മാർ ഉഗ്രൻ മാറിടങ്ങളുണ്ടാക്കിക്കൊടുക്കുന്നു. അകത്തു ബില്യാർഡ്സ് പന്തുകൾപോലും കടത്തിവയ്ക്കുമത്രെ.

ഇങ്ങനെയൊക്കെ ചിന്തിച്ചിരുന്നു... ചന്ദ്രനെപ്പിടിക്കാൻ മോഹിക്കുന്ന ശിശുവിനെപ്പോലെ. സർജറിക്കുവേണ്ട പണം ഒരിക്കലും എനിക്കുണ്ടാക്കാനൊക്കുകയില്ല. എന്റെ കരിഞ്ഞ മുഖത്തിന്റെ റിപ്പെയർബില്ല് എനിക്ക് താങ്ങാൻ സാദ്ധ്യമല്ല. എങ്കിലും ഈ പ്രതികൂലാഭിപ്രായക്കുറിപ്പു കിട്ടിയപ്പോൾ മറിച്ചാണു തോന്നിയത്. എങ്ങനെയെങ്കിലും ആ സ്കോളർഷിപ്പ് കിട്ടിയിരുന്നെങ്കിൽ ഞാൻ അമേരിക്കയിൽ ചെന്നേനെ. എങ്ങനെയെങ്കിലും പണം സംഭരിച്ചേനെ. എന്റെ പ്ലാസ്റ്റിക് സർജൻ എനിക്കൊരു പുതിയ മുഖം തന്നേനെ.... ഇനി അതൊന്നും നടപ്പില്ല. എന്റെ റിക്കാർഡ് മോശമായിരിക്കുന്നു. സങ്കടം തോന്നി.

പ്രിൻസിപ്പലിനെ കാണണോ? വേണ്ട. എന്തെങ്കിലും 'റെപ്രസന്റേഷൻ' ഉണ്ടെങ്കിൽ എഴുതിത്തരൂ, എന്നോ മറ്റോ പറയും. അത്രതന്നെ. ചന്ദ്രശേഖരന്റെ ഉപദേശം തേടിയാലെന്തെന്നു നിമിഷനേരത്തേക്കു തോന്നി. വേണ്ട, സത്യത്തോടു കയർത്തിട്ടെന്താണു കാര്യം? പ്രതികൂലാഭിപ്രായ

ക്കുറിപ്പിൽ പറഞ്ഞിരിക്കുന്നതു നൂറുശതമാനവും സത്യമാണ്. എന്റെ ലക്ചർക്ലാസ്സുകൾ ഞാൻ ഈയിടെയായി തൃപ്തികരമായ വിധത്തിൽ കൈകാര്യം ചെയ്യുന്നില്ല.

എന്റെ മനസ്സ് അസ്വസ്ഥമാണ്. എന്നെ ഭയപ്പെടുത്തുന്ന സ്വപ്നങ്ങളാണു ഞാൻ കാണുന്നത്. രാത്രികളെ ഞാൻ ഭയപ്പെടുന്നു.

രാത്രിയാണു ജനാധിപത്യമെന്ന് എവിടെയോ വായിച്ചിട്ടുണ്ട്. ശക്തനായ ഒരു രാജാവിന്റെ ആഡംബരത്തോടെ, പകൽ കടന്നു പോകുന്നു. അപ്പോൾ ആകാശഗംഗയിൽ, അടുക്കും ചിട്ടയുമില്ലാതെ നക്ഷത്രങ്ങൾ തിക്കിത്തിരക്കുന്നു—ചന്തസ്ഥലത്തു വരുന്ന ഒരു ജനക്കൂട്ടത്തെപ്പോലെ, നിന്ദിതരും പീഡിതരും വേട്ടയാടപ്പെടുന്നവരും പതിതരും പകലിന്റെ രാജവാഴ്ച നടക്കുമ്പോൾ പുറത്തുവരാറില്ല. രാത്രിയിലാണ് അവർ മാളങ്ങൾ വിട്ടിറങ്ങുന്നത്.

രാത്രിയിലാണു മനസ്സിന്റെ കോണുകളിൽ ഭംഗികുറഞ്ഞ കിനാക്കൾ പ്രത്യക്ഷപ്പെടുന്നത്. ഇരുണ്ട മൂലകളിൽ, ബഹുമാന്യത കുറഞ്ഞ ഭാവനകൾ പതിയിരിക്കുന്നു... അവ നഷ്ടപ്പെട്ട സന്തോഷത്തിന്റെ പ്രേതങ്ങളാണ്. നപുംസകങ്ങളായ ഖേദങ്ങളാണ്.

അന്നത്തെ ജോലി കഴിഞ്ഞു വീട്ടിലേക്കു നടക്കുമ്പോൾ ഞാൻ എന്റെ സ്വപ്നങ്ങളെപ്പറ്റി ചിന്തിക്കയായിരുന്നു. എന്തുകൊണ്ടാണു ഞാൻ ആ കോണിപ്പടി കയറുന്നത്?

മ്യൂസിയത്തിനടുത്തെത്തിയപ്പോൾ ആരോ എന്നെ കൈതട്ടി വിളിച്ചു. നോക്കി. ചന്ദ്രശേഖരനായിരുന്നു.

"എന്താ, താൻ ഒരു ഭയങ്കര ചിന്തകനെപ്പോലെ നടക്കുന്നത്...സ്ഥലകാലബോധം കൈവെടിഞ്ഞമട്ടിൽ?''

ഞാൻ ഒന്നും പറയാതെ, മന്ദഹസിച്ചു. ചന്ദ്രശേഖരൻ അടുത്തെത്തി. "എന്താണു പുസ്തകം?'' അവൻ ചോദിച്ചു.

"സ്വപ്നങ്ങളെപ്പറ്റിയുള്ള ഗ്രന്ഥം.''

"യക്ഷികളെ കൈവിട്ടോ?'' സ്വപ്നങ്ങളെക്കുറിച്ചാണോ ഗവേഷണം?''

"ഞാനീയിടെ ചില ഭയങ്കര സ്വപ്നങ്ങൾ കാണുന്നുണ്ട്.'' ഞാൻ പറഞ്ഞു.

"എന്താണ്? വരൂ...നമുക്കു പാർക്കിൽച്ചെന്നിരുന്നു സംസാരിക്കാം... സ്വപ്നങ്ങളെപ്പറ്റി എനിക്കു ചിലതൊക്കെ അറിയാം.''

"നേരോ?''

പാർക്കിന്റെ ഒഴിഞ്ഞ ഒരു മൂലയിൽ ഞങ്ങൾ ചെന്നിരുന്നു. എന്റെ കോണിപ്പടിസ്വപ്നത്തെപ്പറ്റി ഞാൻ പറഞ്ഞുതുടങ്ങി.

"കോണിപ്പടികയറ്റം ഒരു സിംബലാണ്.'' ചന്ദ്രശേഖരൻ പറഞ്ഞു.

"എന്തിന്റെ?''

"സെക്സിന്റെ.''

"സത്യമോ?''

"അതെ.'' അവൻ ഉറപ്പായി പറഞ്ഞു. ലൈംഗികപ്രതീകങ്ങളെപ്പറ്റി അവൻ ദീർഘമായി ഉപന്യസിച്ചു. കുട, ഹാറ്റ്, പെൻസിൽ, പാമ്പ് എന്നിവയെല്ലാം പുരുഷലിംഗത്തിന്റെ പ്രതീകങ്ങളാണ്. ഗ്രീക്കുകഥകളിൽ പാമ്പ് സംഭോഗത്തിന്റെ ഒരു സ്ഥിരം പ്രതീകമാണെന്ന് അവൻ പറഞ്ഞു. 'അപ്പോളോ' ദേവൻ 'അറ്റിസി'നെയും 'സീയൂസ്' ദേവൻ 'പേഴ്സിഫോണി'നെയും പാമ്പിന്റെ രൂപത്തിലാണു പ്രാപിച്ചത്.

എന്റെ സ്വപ്നത്തെപ്പറ്റി വിശകലനം നടത്താൻ അവൻ മുതിർന്നു, ഒരു മുഖവുരയോടെ.

"ഞാൻ ചില കാര്യങ്ങൾ ചോദിച്ചാൽ തുറന്ന മറുപടി പറയുമോ?''

"പറയാം.''

"നിനക്ക് എന്തെങ്കിലും കഴിവുകേടു തോന്നുന്നുണ്ടോ?''

എന്റെ കിടക്കറക്കാര്യം ചോദിക്കയാണവൻ. ഇതിനെപ്പറ്റിയെല്ലാം ഒരു പണ്ഡിതനെപ്പോലെ സംസാരിക്കാൻ ഇവനെങ്ങനെ സാധിക്കും? പണ്ടെങ്ങോ വായിച്ച വല്ല പുസ്തകത്തിലും കണ്ട വിവരങ്ങൾ, വിജ്ഞാനത്തിന്റെ മേലങ്കിയണിഞ്ഞുകൊണ്ട്, വെച്ചുകാച്ചാനാണ് ഭാവം. എന്റെ അപമാനത്തിന്റെ കഥ ഇവനോടു പറഞ്ഞുകൂടാ.

"കഴിവുകേടോ? എന്തോന്നു കഴിവുകേട്?''

"ബെഡ്റൂമിൽ...''

"ഓ! അവിടെ ഞാനൊരു അത്‌ലറ്റാണ്!'' ഞാൻ ഒട്ടും കൂസാതെ പച്ചക്കള്ളം പറഞ്ഞു.

ചന്ദ്രശേഖരൻ കുറേനേരത്തേക്കു മിണ്ടിയില്ല. പിന്നെ, ഒരു ക്ഷമാപണത്തിന്റെ മട്ടിലാണു സംസാരിച്ചത്. "കോണിപ്പടികയറ്റം ഒരു പ്രതീകമാണ്. അതിൽനിന്നും വീഴുന്ന സ്വപ്നം കാണുന്നതെന്താണ്? എന്തെങ്കിലും 'ഫ്രസ്ട്രേഷൻ' ആവാമെന്നാണ് എനിക്ക്...''

ഞാൻ ഇടയ്ക്കുകയറി വീണു: "തനിക്കിതിനെപ്പറ്റി വല്ലതുമറിയാമോ?''

"ഞാൻ ചിലതൊക്കെ വായിച്ചിട്ടുണ്ട്.''

"മുറിവൈദ്യൻ!'' ഞാൻ കളിയാക്കി.

ഞാൻ അവനോടു യാത്രപറഞ്ഞു. വീട്ടിലേക്കു നടക്കുമ്പോൾ ഞാൻ എന്റെ കോണിപ്പടിസ്വപ്നത്തെപ്പറ്റി ചിന്തിച്ചു. അതു ഭോഗത്തിന്റെ പ്രതീകമാണെങ്കിൽ...

എങ്കിൽ കോണിപ്പടികയറ്റം കാമത്തിന്റെ ആരോഹണമാണ്, അതിന്റെ ഏറ്റവും മുകളിലത്തെ പടി സംതൃപ്തിയുടെ സിംബലാവാം. കാമത്തിന്റെ മൂർദ്ധന്യത്തിലെത്തുമ്പോഴും സംതൃപ്തി കിട്ടുന്നില്ല, താഴെ വീഴുന്നു.

താലമേന്തിയ പെണ്ണുങ്ങളും പട്ടുമെത്തയിൽ കിടക്കുന്ന സുന്ദരിയും ഇതിനോടു ബന്ധപ്പെട്ടുനില്ക്കുന്ന ഉപപ്രതീകങ്ങളാവാം.

എനിക്ക് ഈ കുഴപ്പം എങ്ങനെയുണ്ടായി? ആ വാഴക്കൂട്ടം ഞാൻ മുൻപിൽ കണ്ടു. ഒരിക്കലും അതിനെക്കുറിച്ചു മറക്കാനാവുന്നില്ല.

ഒരനുഭവം ശാശ്വതമായി മനസ്സിനു പരുക്കേല്പിക്കുമോ? മാംസക്കച്ചവടം നടക്കുന്ന ആ മരയഴിയിട്ട വീട്ടിൽവച്ച് എന്റെ മാർദ്ദവമുള്ള മനസ്സിനു ചേതം സംഭവിച്ചു കാണുമോ? ആ ചേതം എന്റെ ശരീരത്തിന്റെ കഴിവിനെ ബാധിക്കുകയാണോ?

വളഞ്ഞുപുളഞ്ഞു പോകുന്ന ആ ഇടവഴി കടന്ന്, ഞാൻ വീട്ടിലെത്തി. രാഗിണിയെക്കണ്ടില്ല. മേശപ്പുറത്ത് ഒരു കുറിപ്പു കണ്ടു.

"ഞാൻ കല്യാണിയമ്മയുടെ വീട്ടിലുണ്ടാവും. വന്നാലുടൻ വിളിക്കൂ."

ഞാൻ വിളിച്ചില്ല. മടങ്ങുമ്പോൾ മടങ്ങട്ടെ.

ആ കുളിമുറി സ്വപ്നം ഓർമ്മവന്നു.

ഒരു പണ്ഡിതനെപ്പോലെ ഞാൻ അതിനെ വിശകലനംചെയ്യാൻ നോക്കി. ചന്ദ്രശേഖരന് സ്വപ്നങ്ങളെ വിശകലനം ചെയ്യാമെങ്കിൽ എനിക്കും ആവാം.

ആ രക്തം ഒരു പ്രതീകമാണ്!

എത്രയോ കൊല്ലങ്ങളായി, കല്യാണിയമ്മ ഒരു മാതാവാകാൻ അഭിലഷിക്കുന്നു. ആ മോഹത്തിന്റെ പാല് പിരിഞ്ഞുപോകാതെ അവർ കാത്തുസൂക്ഷിച്ചു. ഇതാ വിചാരിക്കാതെ ഗർഭധാരണമുണ്ടായിരിക്കുന്നു. ഒരു ഭാഗ്യക്കുറി കിട്ടിയപോലെ. വൈകിവന്ന ഗർഭമാണ്. അവർ പ്രായം ചെന്ന വൃക്ഷമാണ്. ആദ്യമായി ഫലം പേറാൻ ശ്രമിക്കുന്നു. കണ്ണിമാങ്ങയായി അതു വാടിവീഴരുത്. അതു വളരണം, മാമ്പഴമാകണം, പക്ഷേ, വെള്ളം രക്തമായി മാറുന്നു. രക്തവും ഗർഭവും തമ്മിൽ ബന്ധമുണ്ട്. ആർത്തവത്തിന്റെ പ്രതീകമാണ് ആ കുളി.

വിശകലനം ഇത്രയുമായപ്പോൾ സംശയങ്ങളുയർന്നു. ഇങ്ങനെയൊരു സ്വപ്നം കാണേണ്ടത് കല്യാണിയമ്മയല്ലേ? അവർ പ്രസവിച്ചാലും ഇല്ലെങ്കിലും എനിക്കൊരു ചുക്കുമില്ല. ഞാനീ സ്വപ്നം കാണുന്നതെന്തിന്? സ്വപ്നത്തിൽ രക്തത്തിൽക്കുളിച്ച രാഗിണി പ്രത്യക്ഷപ്പെടുന്നതെന്തുകൊണ്ട്?

യക്ഷി ഭ്രൂണം തിന്നാൻ കാത്തിരിക്കുന്നു! എന്റെ തല പുകഞ്ഞു.

ഒന്നു കുളിച്ചാലെന്തെന്നു തോന്നി. എണ്ണതേച്ചു കുളിക്കണം. എത്രയോ വർഷങ്ങളായി, എണ്ണതേച്ചു കുളിച്ചിട്ട്. അഞ്ചുകൊല്ലം മുൻപു വടക്കേ ഇന്ത്യയിൽ രണ്ടാഴ്ചക്കാലം താമസിക്കേണ്ടിവന്നു. നാറുന്ന ഒരുതരം എണ്ണയാണു കുളിക്കാൻ കിട്ടിയത്. ഉപയോഗിച്ചില്ല. രണ്ടാഴ്ചക്കാലം എണ്ണതേയ്ക്കാത്തതുകൊണ്ട് ഒരു കുഴപ്പവുമുണ്ടായില്ല. അതുകൊണ്ടു പിന്നെ എണ്ണ തേയ്ക്കേണ്ടെന്നു വച്ചു. ഇപ്പോൾ ഉറക്കം കുറവാണ്. കിടക്കയിൽക്കിടന്നുരുളുന്നു. അനാവശ്യമായ ചിന്തകൾ, ലഹളക്കാരുടെ ഒരു സംഘംപോലെ, തലച്ചോറിന്റെ ഗേറ്റുകളിൽ ഒത്തുചേരുന്നു. ലേശം ഉറങ്ങിയാലും ഗാഢനിദ്രയുണ്ടാവുന്നില്ല. സ്വപ്നങ്ങൾ കാണുന്നു. നേരിയ ശബ്ദങ്ങൾപോലും എന്നെ ഉണർത്തുന്നു.

എണ്ണ തേച്ചാൽ തല തണുക്കുമെന്നല്ലേ പറയാറുള്ളത്? ഇന്നുരാത്രി നന്നായി ഉറങ്ങണം. അല്ലെങ്കിൽ ആ പ്രതികൂലാഭിപ്രായക്കുറിപ്പിനെ പ്പറ്റി, വെറുതെ ഓരോന്നാലോചിച്ചുകൊണ്ടിരിക്കും. അതൊരു പുണ്ണാണ്. അതിനു ചുറ്റും ചൊറിഞ്ഞുകൊണ്ടിരിക്കാൻ രസം തോന്നും: ആലോചനയുടെ നഖംകൊണ്ട്.

രാഗിണിയുടെ എണ്ണ ഉപയോഗിക്കാം. നീലിഭൃംഗാദി. നല്ല തണുപ്പാണെന്നു കേട്ടിട്ടുണ്ട്. നന്നായി തേച്ചുകുളിക്കണം, ഒന്നാന്തരമായി ഉറങ്ങണം. അങ്ങനെ ഉറങ്ങിയ രാത്രികൾ ഞാൻ മറന്നിരിക്കുന്നു.

എണ്ണ തേച്ചുകഴിഞ്ഞപ്പോൾ എന്റെ തോർത്തു കണ്ടില്ല. പെട്ടി പരിശോധിച്ചു—അലക്കിയ തോർത്തില്ല. രാഗിണിയുടെ പെട്ടിയിലുണ്ടാവും.

അവളുടെ പെട്ടി ഞാൻ തുറന്നു.

മുകളിൽ സാരികളാണ്. ഞാൻ അവയ്ക്കിടയിൽ തപ്പിനോക്കി. ഒരു ഡയറിയാണു കിട്ടിയത്. രാഗിണിയുടെ ഡയറി.

അവൾ ഡയറിക്കുറിപ്പുകൾ എഴുതാറുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല.

ആദ്യത്തെ കുറിപ്പിതായിരുന്നു: ഇതു നന്മനിറഞ്ഞ ലോകമാണെന്നാണു ഞാൻ കരുതിപ്പോന്നത്. എന്തൊരബദ്ധം! ആളുകൾ കറുത്ത മഷിയും ബ്രഷുകളുമേന്തി നില്ക്കുന്നു. വെളുത്തതെന്തിലും അവർക്കു കറുത്ത ചായം പുരട്ടണം. അങ്ങനെ ചെയ്യുമ്പോൾ ഒരു ജീവിതം തകർന്നാൽ അവർക്കെന്താണ്! വിശ്വാസം നശിച്ചലോകം! ഞാനിതാ ഏകയായിരിക്കുന്നു. ഒറ്റപ്പെട്ടുപോയിരിക്കുന്നു. ആരെയാണു കുറ്റപ്പെടുത്തേണ്ടത്?

പിന്നെ കുറേ പുറങ്ങളിൽ ഒന്നും എഴുതിയിരുന്നില്ല. ഞാൻ പേജുകൾ മറിച്ചു.

രണ്ടു പേജുകൾക്കിടയിൽ ഉണങ്ങിയ ഒരു പാലപ്പൂവു കണ്ടു. തീയതി നോക്കി. രാഗിണി എന്റെ വീട്ടിൽ വന്ന ദിവസമാണ്. ആ ഉണങ്ങിയ പൂവ് ഒരു ഓർമ്മക്കുറിപ്പായി വച്ചിരിക്കയാണ്.

അതാ വീണ്ടുമൊരു കുറിപ്പ്: വിഷമിച്ചുനിന്ന എനിക്കു കൂട്ടുവന്നു. നല്ല മനുഷ്യൻ!

ശൂന്യമായ കുറെ പുറങ്ങൾ.

വീണ്ടുമൊന്ന്: എന്നെ വീട്ടിലേക്കു കൊണ്ടുപോയി. ലോകത്തിൽ നന്മ ഇനിയും ബാക്കിയുണ്ട്. എനിക്കു പ്രതീക്ഷകളുമുണ്ട്. വെളിച്ചം പരന്നേക്കാം.

അടുത്തത്: കൽമണ്ഡപത്തിലെ നിമിഷങ്ങൾ മറക്കാനാവില്ല.

പിന്നെ: അമ്മൂമ്മ മരിച്ചു. ഇനി ഞാൻ അനാഥയാണ്...തികച്ചും.

ഒന്നുമെഴുതാത്ത പുറങ്ങൾ പിന്നെയും മറിച്ചുനോക്കി. അതാ—

ഞാൻ പ്രതീക്ഷിച്ചതുപോലെ തുറന്ന കൈയോടെ സ്വീകരിച്ചു. നാളെയാണു വിവാഹം. ഞാൻ പാവാടയും ബ്ലൗസുമിട്ടു നിന്നപ്പോൾ

എന്തൊരാർത്തിയാണു കാണിച്ചത്! കൊതിയൻ! ഒരു നശിച്ച ലക്ച്ചർ ക്ലാസ് സ്വർഗത്തിൽ കടന്നുവന്നു. പഴഞ്ചൊല്ലിലെ കട്ടുറുമ്പുപോലെ.

അടുത്ത കുറിപ്പിതായിരുന്നു: എനിക്കു ചുറ്റും ഒരു കോവിലുണ്ടാക്കിയാൽ ഞാൻ മറ്റൊരു കുമാരിയാവും. പക്ഷേ, എനിക്കു കോവിൽ വേണ്ട. ഭക്തന്റെ പൂജ മാത്രം മതി.

അടുത്തത്: കന്യാകുമാരിയിലെ അനുഭവം ആവർത്തിക്കുമോ?

വീണ്ടും: ജൂഡി മരിച്ചു. എന്നെ ഭയന്നിട്ടാണോ?

പിന്നെ: എന്തൊക്കെയോ സംശയിക്കുന്നു. പാലമരത്തിൽനിന്നും പാട്ടു കേട്ടത്രേ! ഞാൻ കേട്ടില്ല. പനിയുടെ ശക്തികൊണ്ട് തോന്നിയതാവണം!

ഞാൻ സാരികൾക്കിടയിൽ ഡയറി മടക്കിവച്ചു. തോർത്തിനുവേണ്ടി പിന്നെയും തിരഞ്ഞപ്പോൾ ഒരു ചെറിയ ആഭരണപ്പെട്ടി കണ്ടു. ആറു വളകളും രണ്ടു മാലകളും അതിലുണ്ടായിരുന്നു. പഴയ ആഭരണങ്ങൾ. നൂറ്റാണ്ടുകൾക്കു മുമ്പുള്ളവ.

ഞാൻ ചിന്താധീനനായി.

രാഗിണി എന്നെ വഞ്ചിക്കുകയാണ്. ഒട്ടും മടിക്കാതെ അവൾ കള്ളം പറയുന്നു. “ഇത്തരം ആഭരണങ്ങൾ വേറെയുണ്ടോ?'' എന്ന് തങ്കം ചോദിച്ചപ്പോൾ, ഒന്നും മിണ്ടാതെ ചായ കൊണ്ടുവരാനല്ലേ അവൾ പോയത്? അവളുടെ ഓല ഒരു ‘മ്യൂസിയം പീസാ’ണെന്നു ഞാൻ പറഞ്ഞതാണ്. പഴയ ആഭരണങ്ങളെപ്പറ്റി നടത്തിയ പഠനത്തെപ്പറ്റിയും ഞാൻ പറഞ്ഞു. സ്വാഭാവികമായി രാഗിണി ചെയ്യേണ്ടതെന്താണ്? കൈവശമുള്ള പഴയ ആഭരണങ്ങൾ മുഴുവനും എന്നെ കാണിക്കണം. അതു ചെയ്തില്ല.

ഒളിച്ചുവച്ചു. മറച്ചുവച്ചു. അതൊരു കള്ളിയുടെ പ്രവൃത്തിയാണ്.

പാലമരത്തിലെ ഗാനം എന്റെ തോന്നലാണെന്നു പറഞ്ഞു നില്ക്കാം. പക്ഷേ, ഈ പഴയ ആഭരണങ്ങൾ തോന്നലല്ല—ഒരു വസ്തുതയാണ്.

ജനലഴികളിൽ പിടിച്ചുനിന്നുകൊണ്ട് ആ ഗാനം അവൾ കേട്ടു. അലൗകികമായ ആ പ്രകാശം അവൾ കണ്ടു. എന്നിട്ട് എന്നെ കബളിപ്പിക്കാൻ നോക്കി. കൊതുകുകടിയുടെ കഥ പറഞ്ഞു.

തുടക്കംമുതൽ അവൾ കളവുപറയുകയായിരുന്നോ? ആണെന്നു തോന്നി.

ആ അമ്മൂമ്മ ഒരു കളവാണ്. ആ ചെറിയ, പഴയ വീടു മറ്റൊരു കളവാണ്. എന്റെ മനസ്സിന്റെ സൗന്ദര്യം അവളെ എന്നോടടുപ്പിച്ചെന്നു പറയുന്നതു ഭയങ്കരമായ പൊളിയാണ്.

ആരാണ് ഇവൾ? മനുഷ്യവർഗ്ഗത്തിൽപ്പെട്ടവൾതന്നെയോ?

ഛെ! ശാസ്ത്രകാരനാണു ഞാൻ. ഇങ്ങനെ ഓരോന്നു ചിന്തിച്ചുകൂടാ. സംശയിച്ചുകൂടാ.

സംശയങ്ങൾക്കു കടിഞ്ഞാണിടാൻ ഞാൻ ശ്രമിച്ചു. അവ നിന്നില്ല. കറുത്ത കുതിരകളെപ്പോലെ അവ കുതിച്ചു മുന്നേറി.

ശാസ്ത്രം! എന്തോന്നു ശാസ്ത്രം?ശാസ്ത്രത്തിന്റെ മുതൽക്കൂട്ടു മുഴുവനും കഴിഞ്ഞ മുന്നൂറു കൊല്ലങ്ങളിലുണ്ടായതാണ്. ശാസ്ത്രവും ടെക്നോളജിയും ഇന്നും ശിശുക്കളല്ലേ? എല്ലാത്തിനും ഉത്തരം പറ യാൻ കഴിയുന്ന അത്ഭുതശിശുക്കളല്ല അവ രണ്ടും.

ഫുട്ട്ലൈറ്റുകൾകൊണ്ടു പ്രദീപ്തമായ അരങ്ങിൽ നാം ജീവിതനാടകം അഭിനയിക്കുന്നു. പക്ഷേ, സൈഡ് കർട്ടനുകൾക്കു പിന്നിൽ വെളിച്ചം കുറവാണ്. ചില ഭാഗങ്ങളിൽ ഇരുട്ടുതന്നെയാണ്.

ജൂലിയൻ ഹക്സലിയും മറ്റൊരാളും ചേർന്നെഴുതിയ ഒരു പുസ്തക പരമ്പര ഞാൻ വായിച്ചിട്ടുണ്ട്. ഒന്നിൽ 'സിയാൻസ്'കളെപ്പറ്റി പറയുന്നു. തറയിൽനിന്നും സ്വയം ഉയരുന്ന മേശകൾ. പറന്നു നടക്കുന്ന കസേരകൾ. എങ്ങുനിന്നോ വരുന്ന സംഗീതം. മരിച്ചവരുടെ ശബ്ദം പകർന്നുതരുന്ന മീഡിയങ്ങൾ. ചെവിയിൽക്കൂടെ ഒലിച്ചുവരുന്ന എക്ടോപ്ലാസം!

ഒട്ടേറെ ഫോട്ടോകൾ ആ പുസ്തകങ്ങളിലുണ്ട്. ചെവിയിൽനിന്നൊലി ക്കുന്ന 'എക്ടോപ്ലാസം' ഒരു മുഖത്തിന്റെ രൂപം സ്വീകരിക്കുന്നതാണ്, ഒരു ഫോട്ടോ. മറ്റൊരു ഫോട്ടോ ഒരു പ്രേതത്തിന്റേതാണ്. ത്രിമാന പ്രതീതിയില്ലാത്ത ഒരു ചിത്രം! നേർത്ത പുകച്ചുരുൾപോലെയുള്ള മുഖവും ഉടലും!

ഭൂരിപക്ഷം ശാസ്ത്രജ്ഞന്മാരും നിരീശ്വരവാദികളല്ല. ദൈവമുണ്ടെങ്കിൽ മറ്റു ചിലതുകൂടി ഉണ്ടാവരുതോ? ചെകുത്താൻ പല മതങ്ങളുടെയും കാതലാണ്—ദൈവത്തെപ്പോലെതന്നെ. ക്രിസ്ത്യാനിക്കു ലൂസിഫറും അനുയായികളുമുണ്ട്. ഹിന്ദുവിനു യക്ഷിയും മാടനും അറുകൊലയും.

യക്ഷികളും പ്രേതങ്ങളും അന്ധവിശ്വാസത്തിന്റെ സന്താനങ്ങളാ ണെങ്കിൽ, ആ സന്താനങ്ങളുടെ മൂത്ത ചേട്ടനല്ലേ ദൈവം?

ആരാണ് രാഗിണി?

വിഷമുള്ള ഒരു സുന്ദരഫലമോ?

ഞാൻ ആ ഡയറി വീണ്ടുമെടുത്തു. എന്തിനാണിവൾ ഡയറിക്കുറി പ്പുകളെഴുതുന്നത്?

ഞാൻ അവളെ കൈനീട്ടി സ്വീകരിച്ചെന്നാണു പറഞ്ഞിരിക്കുന്നത് —അവൾ പ്രതീക്ഷിച്ചതുപോലെ.

എന്നു പറഞ്ഞാൽ, അവളുടെ ആസൂത്രണം ഫലിച്ചെന്നോ?

പണ്ട് ചന്ദ്രശേഖരൻ ചോദിച്ചതെല്ലാം ഓർമ്മവന്നു. ആരാണിവൾ? നാടേത്? വീടേത്? ബന്ധുജനങ്ങളാര്?

"അവളെപ്പറ്റി തനിക്കു കാര്യമായൊന്നുമറിഞ്ഞുകൂടാ." ചന്ദ്രശേഖരന്റെ വാക്കുകൾ ഒരു കൊട്ടുവടിയുടെ ശക്തിയോടെ എന്റെ തലയിൽ വീണ്ടും വീണ്ടും വന്നടിച്ചു.

ഇത്രയും നാൾ ഒന്നിച്ചു താമസിച്ചിട്ടും എനിക്കവളെ അറിഞ്ഞുകൂടാ.

"എന്തൊക്കെയോ സംശയിക്കുന്നു!"—ഞാൻ ആ ഡയറിക്കുറിപ്പു നോക്കി. ഇനി അവൾ കുറേക്കൂടി കരുതി നടക്കുമായിരിക്കാം. എനിക്കു

മുഖം മാത്രമാണു നഷ്ടപ്പെട്ടിട്ടുള്ളത്. ബുദ്ധി എന്റെ കൂടെത്തന്നെയുണ്ട്. അമ്മൂമ്മ മരിച്ചെന്നു ഡയറിയിൽ കുറിച്ചിരിക്കുന്നു. പാലമരത്തിൽനിന്നുയർന്ന ഗാനം അവൾ കേട്ടില്ലെന്നു ഡയറിയിൽ എടുത്തെഴുതിയിരിക്കുന്നു. എന്തിനാണ്? എന്നെ ചതിക്കാനാണ്. എന്നെങ്കിലും ഞാൻ ഡയറി കണ്ടെത്തുമെന്ന് അവൾ ഊഹിക്കുന്നു. അപ്പോൾ ഞാൻ ഇങ്ങനെ ചിന്തിച്ചുകൊള്ളണം. 'പാവം, രാഗിണി! അവളുടെ അമ്മൂമ്മ മരിച്ചുപോയി... ആ ഗാനം എനിക്കുണ്ടായ തോന്നലാണ്...പനിപിടിച്ചു കിടക്കുമ്പോൾ!'

അങ്ങനെ ഒരു മരത്തലയനെപ്പോലെ ഞാൻ ചിന്തിച്ചാൽ, അവൾക്കു ക്രമേണ എന്റെ മുഴുവൻ വിശ്വാസവും വീണ്ടെടുക്കാം. ഭയങ്കരി!

ഡയറി ഞാൻ വീണ്ടും തിരിച്ചുവച്ചു. തോർത്തെടുത്തില്ല. പെട്ടിയടച്ചു.

തോർത്തെടുത്താൽ പെട്ടി തുറന്നുവെന്നറിയും. ഡയറി കണ്ടെന്നു സംശയിക്കും. ഞാൻ ഡയറി കണ്ടതായി രാഗിണി സംശയിച്ചുകൂടാ. അവൾ ഇനിയും എന്തൊക്കെയാണ് എഴുതാൻപോകുന്നതെന്നറിയണം. ഈ ഡയറി ഒന്നുമാത്രമാണ്, അവളെക്കുറിച്ചെന്തെങ്കിലും വെളിച്ചം പരത്താനിടയുള്ള രേഖ.

വെളിയിൽ കിടന്നിരുന്ന, രാഗിണിയുടെ മുഷിഞ്ഞ തോർത്ത് എടുത്തുകൊണ്ടു ഞാൻ കുളിമുറിയിൽ കയറി. ഷവറിനടിയിൽ നിന്നപ്പോൾ സുഖം തോന്നി. നീലിഭൃംഗാദി എണ്ണ കൊള്ളാം. കണ്ണുകൾ പുകഞ്ഞ് അവയിലൂടെ എന്റെ തലച്ചോറിലെ ചൂടു വെളിയിലേക്കു പറക്കുന്നു. ഒടുവിൽ കണ്ണുകൾ തണുത്തു.

രാഗിണി മടങ്ങിവന്നിരുന്നില്ല.

നീലിഭൃംഗാദി എന്നെ നിദ്രയുടെ പൂഞ്ചോലയിലേക്കു ക്ഷണിച്ചു. ആഹാരമൊന്നും കഴിക്കാതെ, ഞാൻ കിടക്കാനൊരുങ്ങി.

കിടക്കറയിൽ പോകരുതെന്നു തോന്നി. രാഗിണിയുടെ കൂടെ കിടക്കാൻ വയ്യ.

ആഫീസ്മുറിയിൽ, ഒരു വെറും ഷീറ്റ് തറയിൽ വിരിച്ച്, ഞാൻ കിടന്നു.

നീലിഭൃംഗാദിക്ക് സ്വപ്നങ്ങളോടു മല്ലിടാൻ കഴിഞ്ഞില്ല.

അന്നു രാത്രി ഞാൻ കല്യാണിയമ്മയെ കുളിമുറിയിൽ കണ്ടു. എങ്ങും രക്തം!

തറയിലിരിക്കുന്ന രാഗിണിയുടെ ചുണ്ടുകളിൽനിന്നു ചോര ഇറ്റിറ്റു വീഴുന്നു.

## കാണാത്ത കാൽപ്പാടുകൾ

ഇന്ന് ചന്ദ്രശേഖരൻ വന്നിരുന്നു. ഞങ്ങൾ ഒട്ടേറെ സംസാരിച്ചു. കോളേജിൽ വിശേഷമൊന്നുമില്ല. പ്രിൻസിപ്പൽ എന്റെ കാര്യം തിരക്കി. എനിക്കു വേഗം സുഖമാകുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നു.

"അതായത് എന്റെ ഭ്രാന്തു മാറുമെന്ന്!'' ഞാൻ മന്ദഹസിച്ചു!

ചന്ദ്രശേഖരൻ എന്നെ അനുതാപപൂർവം നോക്കി.

"ആളുകൾ എന്നെപ്പറ്റി വല്ലതുമൊക്കെ പറയുന്നുണ്ടോ?'' ഞാൻ ചോദിച്ചു.

"ഏങ്ങ്?''

"രാഗിണിയുടെ അന്ത്യത്തെപ്പറ്റി...''

ചന്ദ്രശേഖരൻ മൗനം ദീക്ഷിച്ചു.

അപ്പോൾ ഞാൻ രാഗിണിയുടെ അന്ത്യത്തെപ്പറ്റി വിവരിക്കാൻ തുടങ്ങി. പലതവണ പറഞ്ഞിട്ടുള്ളതാണ്. എങ്കിലും വിശദമായി ആവർത്തിച്ചു:

"അവളുടെ ശരീരം ചലിച്ചു. അതിൽ ഓളങ്ങൾ നൃത്തംവച്ചു. ഞാൻ കരിങ്കൽത്തൂണിലിരിക്കയാണ്, അവൾ പുകച്ചുരുളായി മാറി. അപ്പോൾ ആകാശം ചോരയിൽ കുളിച്ചിരുന്നു. കാടുകളിൽ നിണമൊഴുകിയിരുന്നു.

"പറയൂ, ഞാൻ രാഗിണിയെ കൊന്നുവെന്നോ മറ്റോ....''

അവൻ മറുപടിതന്നില്ല.

"ഇവിടെ പോലീസുദ്യോഗസ്ഥന്മാർ വരുന്നുണ്ട്.''

"എനിക്കറിയാം.''

"അവർ എന്നെ തുറിച്ചുനോക്കുന്നു!''

ഒന്നും മിണ്ടാതെ ചന്ദ്രശേഖരൻ എഴുന്നേറ്റു. പിന്നെ, വളരെ മടിച്ചിട്ടെന്ന വണ്ണം, തറയിൽ നോക്കിക്കൊണ്ട് അവൻ പറഞ്ഞു: "ശ്രീനി, പോലീസുകാർ നിന്നോട് രാഗിണിയെപ്പറ്റി വല്ലതും ചോദിക്കുന്നെങ്കിൽ, നീ മറുപടിയൊന്നും പറയരുത്...എന്നെ വിവരമറിയിക്കണം.''

എന്തുകൊണ്ടാണ് അവൻ അങ്ങനെ പറഞ്ഞത്? എന്നെ പോലീസുകാർ സംശയിക്കുന്നുണ്ടോ? അവർ എന്നെ ചോദ്യം ചെയ്യുമോ?

രാഗിണി മരിച്ചിട്ടില്ലെന്ന് അവർക്കു മനസ്സിലാക്കാൻ കഴിയുകയില്ലേ? അവൾ അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു, പുകച്ചുരുൾപോലെ, അവൾ രൂപം മാറി.

പോലീസുകാർ കരുണയില്ലാത്തവരാണ്, ഭാവനയില്ലാത്തവരാണ്. സ്റ്റാർച്ച്ചെയ്ത അവരുടെ യൂണിഫോറംപോലെ പരുക്കനാണ് അവരുടെ ഹൃദയങ്ങൾ!

ചന്ദ്രശേഖരൻ പോയശേഷം ഞാൻ എഴുതാനിരുന്നു. അപ്പോൾ ആ പോലീസുദ്യോഗസ്ഥന്മാർ പ്രത്യക്ഷപ്പെട്ടു.

മീശക്കാരൻ സർക്കിൾ ഇൻസ്പെക്ടർ എന്റെ മുറിയിൽ കടന്നുവന്നു. ഇന്നോളം വന്നിട്ടില്ല. ഇന്നു വന്നതെന്തുകൊണ്ടാണ്?

"ഹലോ! മിസ്റ്റർ ശ്രീനിവാസൻ!'' അയാൾ എന്നെ വിളിച്ചു. അതു കേട്ടാൽ തോന്നും, എത്രയോ നാളത്തെ പരിചയമുണ്ടെന്ന്!

"ഹലോ!'' ഞാൻ മന്ദഹസിക്കാൻ ശ്രമിച്ചു.

അയാൾ ഇരുന്നു. സബ്ബിൻസ്പെക്ടർ വരാന്തയിൽത്തന്നെ നിന്നതേയുള്ളു.

"എന്താണെഴുതുന്നത്?'' സർക്കിൾ ഇൻസ്പെക്ടർക്കറിയണം.

"എന്റെ കഥ!''

"തീരാറായോ?''

"ഇനിയും എഴുതാൻ ബാക്കിയുണ്ട്.''

"ഗുഡ്! എല്ലാമെഴുതണം!'' അയാൾ പ്രോത്സാഹിപ്പിച്ചു.

"നിങ്ങൾ ഇവിടെ കൂടക്കൂടെ വരുന്നതെന്താണ്.''

അയാൾ എന്നെ തുറിച്ചുനോക്കി. മീശ പിരിച്ചുകയറ്റി. വല്ലാത്ത ഒരു ചിരിയോടെ അയാൾ പറഞ്ഞു:

"ഒരു കേസന്വേഷിക്കയാണ്.''

"എന്തു കേസ്?''

"ഒരു കൊലപാതകം.''

"ആരാണു മരിച്ചത്?''

"ഒരു സ്ത്രീ.''

"ഏതു സ്ത്രീ?''

എന്റെ ചോദ്യത്തിനു മറുപടി കിട്ടിയില്ല. അയാൾ എഴുന്നേറ്റു.

"സോറി! ഞാൻ നിങ്ങളുടെ സമയം വെയ്സ്റ്റ് ചെയ്യുകയാണ്, ഇറങ്ങട്ടെ.'' മേശപ്പുറത്തു വച്ചിരുന്ന തൊപ്പിയെടുത്തുകൊണ്ട് അയാൾ നടന്നു.

ഞാൻ ചിന്താധീനനായി. എന്നെക്കാണാൻ അയാൾ വന്നതെന്ത്? കൊലക്കേസന്വേഷിക്കുന്നു. ഒരു സ്ത്രീയാണ് മരിച്ചത്. ഏതു സ്ത്രീ? ഒരു സ്ത്രീ മരിച്ചതിന് എന്നെ തുറിച്ചുനോക്കണോ? എന്നെ സംശയിക്കുന്നുണ്ടോ? ആ സ്ത്രീ രാഗിണിയാണോ? പോലീസുകാർ മഠയന്മാരാണ്. അവർ കഥകൾ മെനഞ്ഞുണ്ടാക്കും.

എന്റെ രാഗിണി മരിച്ചിട്ടില്ല. ഞാൻ ആവർത്തിച്ചുതന്നെ പറയട്ടെ.... അവൾ പുകച്ചുരുളായി മാറുകയാണുണ്ടായത്.

ഞാനും രാഗിണിയും തമ്മിൽ നടന്ന ആദ്യത്തെ വഴക്കിനെപ്പറ്റി ഞാനെഴുതട്ടെ.

ഞാൻ അവളെ വിളിക്കാൻ കൂട്ടാക്കാതെ, ആഹാരം കഴിക്കാതെ, കിടന്നുറങ്ങിയതെന്താണെന്ന് അവൾ ചോദിച്ചു.

"എനിക്കുറക്കം വന്നു. ഞാൻ എണ്ണതേച്ചു കുളിച്ചു.... അതുകൊണ്ട്.'' ഞാൻ പറഞ്ഞു.

“വന്നപ്പോൾ വിളിക്കാഞ്ഞതെന്ത്? ഞാൻ കുറിപ്പെഴുതിവച്ചിട്ടാണല്ലോ കല്യാണിയമ്മയുടെ വീട്ടിൽ പോയത്?”

“വിളിക്കണമെന്നു തോന്നിയില്ല.” ഞാൻ അല്പം ഉറക്കെയാണു സംസാരിച്ചത്.

രാഗിണിയുടെ കണ്ണുകൾ നനഞ്ഞു.

“എന്താണ് ആഫീസ്റൂമിൽ കിടന്ന് ഉറങ്ങിയത്?”

“അങ്ങനെ തോന്നി.”

“ഈയിടെ എന്നോടു വല്ലാതെ പെരുമാറുന്നു.” അവൾ കണ്ണീരൊലിപ്പിച്ചു.

ഞാനൊന്നും മിണ്ടിയില്ല.

“എന്നെ വേദനിപ്പിക്കരുത്!” അവൾ തുടർന്നു.

എനിക്കു ദേഷ്യം വന്നു: “വേദനിപ്പിച്ചാൽ?”

രാഗിണി അത്ഭുതത്തോടെ എന്നെ നോക്കി—നിങ്ങൾക്കിങ്ങനെ സംസാരിക്കാൻ കഴിയുന്നതെങ്ങനെ എന്നു ചോദിക്കുന്ന മട്ടിൽ.

“പറയൂ, വേദനിപ്പിച്ചാൽ—?”

“ഞാൻ സഹിക്കും. ഞാനൊരു പെണ്ണല്ലേ? ആരുമാരുമില്ലാത്ത ഒരു പെണ്ണ്... പെണ്ണുങ്ങൾ വേദനയനുഭവിക്കാൻ ജനിച്ചവരാണ്.” അവൾ പൊട്ടിക്കരഞ്ഞു.

“നീയെന്തിനു കരയുന്നു?” ഞാൻ ചോദിച്ചു. എന്റെ വാക്കുകളിൽ അനുതാപമുണ്ടായിരുന്നില്ല.

അങ്ങനെ ഞങ്ങൾ അകന്നുതുടങ്ങി. അവൾ ഒരു യക്ഷിയാണ്. ഒരേ കൂരയ്ക്കടിയിൽ ഞാൻ അവളൊന്നിച്ചു താമസിക്കുന്നു. അവൾ എന്നെ എന്തു ചെയ്യും? എന്റെ രക്തം കുടിക്കുമോ? അവളെ തൊട്ടുകൂട. അവളുടെ ചൂടേറ്റുകൊണ്ട് ഉറങ്ങിക്കൂട. ഞാൻ ഭയന്നു. നിഴലുകൾ എന്റെ ചുറ്റും പതിയിരിക്കുന്നു.

ഞാൻ പതിവായി നീലിഭൃംഗാദി എണ്ണ തേച്ചുകുളിക്കാൻ തുടങ്ങി. നല്ല എണ്ണ. ഉറങ്ങാൻ കഴിഞ്ഞു; എങ്കിലും സ്വപ്നങ്ങൾ കാണും. വണ്ടുകളെപ്പോലെ അവ തലയോട്ടിനുള്ളിൽ ഓടിനടക്കും. ഒരു പ്രത്യേകതരം മാമ്പഴമുണ്ട്. അണ്ടി പൊളിച്ചാൽ അകത്ത് ഒന്നോ രണ്ടോ വണ്ടുകളുണ്ടാവും. ആ മാങ്ങയണ്ടിപോലെയാണ് എന്റെ തലയോട്. മൂളിപ്പറക്കുന്ന വണ്ടുകൾ അതിനകത്തുണ്ട്.

ആയുർവേദക്കാർ കവികളാണ്. എത്ര നല്ല പേരുകളാണ് അവർ കണ്ടു പിടിച്ചിരിക്കുന്നത്! നീലിഭൃംഗാദി...ജാതികുസുമാദി...മധുസ്നീഹി... മദനകാമേശ്വരി...

ഞാൻ എന്റെ ആഫീസമുറിയിലാണു കിടന്നുപോന്നത്. വെറും തറയിൽ, ഒരു ഷീറ്റുമാത്രം വിരിച്ചുകിടന്നു. വളരെ കരുതി നടക്കണം. അവളുടെ സൗന്ദര്യം എന്നെ അപകടപ്പെടുത്തരുത്.

അനന്തന്റെ ഭാര്യയുടെ അസുഖം മാറിയിരുന്നില്ല. ഇടയ്ക്കിടെ രാഗിണിയെ വിളിക്കാൻ ആളു വരും. ഒരു നല്ല അയല്ക്കാരിയെപ്പോലെ, കല്യാണിയമ്മയുടെ പരിചരണത്തിന് അവൾ മടികൂടാതെ ചെല്ലും.

അനന്തനു മുന്നറിയിപ്പു നല്കണോ? എന്റെ ഭാര്യ യക്ഷിയാണ്. ഭ്രൂണങ്ങളെ തിന്നാൻ അവൾക്കു കൊതിയാണ്, അവൾ ചോര കുടിക്കും. കന്യാകുമാരിയിൽവച്ച് അവൾ എന്റെ ചോര കുടിക്കാൻ ശ്രമിച്ചു. അവൾ എന്നെ ചുംബിക്കാൻ വന്നാൽ ഞാൻ ഒഴിഞ്ഞുമാറിക്കളയും. അവളുടെകൂടെ ഞാൻ കിടക്കുകയില്ല. കല്യാണിയമ്മയുടെ ഭ്രൂണം അവൾ ഭക്ഷിക്കും. അതുകൊണ്ടു കൂട്ടിനു വിളിക്കരുത്.

ഇങ്ങനെയൊക്കെ പറഞ്ഞാൽ അനന്തൻ വിശ്വസിക്കയില്ല. അയാൾ ചിരിക്കും. എനിക്കു ചിത്തഭ്രമമുണ്ടെന്നു വിചാരിക്കും. ഭാര്യമാരെപ്പറ്റി ഭർത്താക്കന്മാർ ഇങ്ങനെയൊന്നും പറഞ്ഞുകൂട. അതുകൊണ്ടു ഞാനൊന്നും പറഞ്ഞില്ല.

പക്ഷേ, കണ്ണിമാങ്ങ തറയിൽ വീണുപോകും. അതു വളരുകയില്ല. മൂത്ത ഫലമാകുകയില്ല!

ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം അനന്തന്റെ വീട്ടിലേക്കു രാഗിണി പോയപ്പോൾ ഞാൻ അവളുടെ പെട്ടി തുറന്നു. പുതിയ ഡയറിക്കുറിപ്പുകളുണ്ടോ?

ദീർഘമായ ഒരു കുറിപ്പുണ്ടായിരുന്നു.

"അദ്ദേഹം എന്നെ സംശയിക്കുന്നു...ഭയങ്കരമായി സംശയിക്കുന്നു. എന്റെയരികിൽ വരാൻ മടിയാണ്. എന്റെ മുറിയിൽ കിടക്കുന്നില്ല. ഒറ്റയ്ക്ക്, ആഫീസ്മുറിയിൽ, തറയിൽ കിടന്നുറങ്ങുന്നു. എന്റെ പ്രതീക്ഷകൾ തകരുകയാണ്. ഞാൻ സുന്ദരിയല്ലേ? എന്നിട്ടും! ഞാൻ ഒരു മണിവീണയാണ്. എങ്കിലും കമ്പികൾ മീട്ടാൻ അദ്ദേഹം തയ്യാറാവുന്നില്ല. കവിഹൃദയമുള്ള മനുഷ്യനാണെങ്കിലും...ഇതെവിടെച്ചെന്നവസാനിക്കും?''

ആ ചോദ്യംതന്നെയാണ് എനിക്കും ചോദിക്കാനുണ്ടായിരുന്നത്. എവിടെച്ചെന്നെത്തും? എന്തു സംഭവിക്കും?

അവൾ എന്നെ കുറ്റപ്പെടുത്തുകയാണ്. മണിവീണക്കമ്പികൾ ഞാൻ മീട്ടുന്നില്ല. എനിക്കതിനു കഴിവില്ലാഞ്ഞിട്ടാണെന്ന് അവൾ അറിയുന്നുണ്ടോ? ഞാൻ ശ്രമിക്കുമായിരുന്നു പക്ഷേ, ഒരു യക്ഷിയോട് ഞാൻ എങ്ങനെ അടുക്കാനാണ്?

അന്നു വൈകുന്നേരം ചന്ദ്രശേഖരനും തങ്കവും വീട്ടിൽ വന്നു. തങ്കത്തിനു രാഗിണിയുടെ ഓല വാങ്ങിക്കൊണ്ടു പോകണം. തങ്കവും രാഗിണിയും ആഭരണങ്ങളെപ്പറ്റിയും സാരികളെപ്പറ്റിയും സംസാരിച്ചു തുടങ്ങിയപ്പോൾ ഞാനും ചന്ദ്രശേഖരനും മറ്റൊരു മൂലയിലേക്ക് പോയി. പാർക്കിൽവച്ചു നടന്ന സംഭാഷണം അവൻ ഓർമ്മിച്ചുവെന്നു തോന്നുന്നു, അവൻ ചോദിച്ചു: "തനിക്കെന്തുപറ്റി? എന്താണ് ഇങ്ങനെ തളർന്ന മട്ടിലിരിക്കുന്നത്?''

"ഏയ്! അങ്ങനെയൊന്നുമില്ല,'' ഞാൻ പറഞ്ഞു.

ചന്ദ്രശേഖരൻ എന്താണു സംശയിക്കുന്നത്? സ്വപ്നങ്ങളെപ്പറ്റി സംസാരിച്ചപ്പോൾ, പാർക്കിൽവച്ച് അവൻ എന്റെ കിടക്കറരഹസ്യങ്ങളറിയാൻ ശ്രമിച്ചില്ലേ? തങ്കത്തിനോട് രാഗിണി വല്ലതും പറഞ്ഞുകാണുമോ? സ്ത്രീകൾക്ക് ഇത്തരം കാര്യങ്ങളെല്ലാം കണ്ടുപിടിക്കാൻ വിരുതേറും. രാഗിണി ഒന്നും പറഞ്ഞിട്ടില്ലെങ്കിൽപ്പോലും, തങ്കം എന്റെ പ്രശ്നമെന്താണെന്ന് ഒരുപക്ഷേ, ഊഹിച്ചിരിക്കാം. ചന്ദ്രശേഖരനോടു പറഞ്ഞിരിക്കാം.

"തന്നെ വെളിയിലെങ്ങും കാണുന്നില്ലല്ലോ. രാഗിണിയെ താൻ വീട്ടിലടച്ചു വച്ചിരിക്കുന്നതെന്താ?''

ഞാൻ ഒന്നും പറഞ്ഞില്ല.

"കല്യാണംകഴിഞ്ഞപ്പോൾ താൻ കുറേ ഭേദപ്പെടുമെന്നാണു ഞാൻ വിചാരിച്ചത്... തന്റെ കൂടുവിട്ടു പുറത്തുവരുമെന്നു കരുതി.''

ഈ ഘട്ടത്തിൽ തങ്കവും രാഗിണിയും ഞങ്ങളുടെ സമീപം വന്നു.

"എന്താ ചർച്ച?'' തങ്കം ചോദിച്ചു.

"ഞാൻ ശ്രീനിയെ കുറ്റപ്പെടുത്തുകയാണ്.''

"എന്തിന്?''

"ഇപ്പോഴും കൂടുവിട്ടു പുറത്തിറങ്ങുന്നില്ലല്ലോ.''

"അതു ശരിയാണ്.'' തങ്കം പറഞ്ഞു.

സംഭാഷണത്തിന്റെ ഗതി രാഗിണിക്ക് ഇഷ്ടമാകുന്നില്ലെന്ന് എനിക്കു തോന്നി. അവളുടെ മുഖം വാടിയിരുന്നു.

ഞാൻ ഒതുങ്ങിക്കഴിയുന്നതിനെ കുറ്റപ്പെടുത്തിക്കൊണ്ട് ചന്ദ്രശേഖരനും തങ്കവും കുറേനേരം സംസാരിച്ചു. "വിവാഹം കഴിഞ്ഞവർ ഇങ്ങനെയൊന്നുമല്ല ജീവിക്കേണ്ടത്. ഉത്സാഹമായി കഴിയണം. വീട്ടിൽ പൊട്ടിച്ചിരിയും ബഹളവും വേണം. രാഗിണിയെപ്പോലെ സുന്ദരിയായ ഒരു ഭാര്യയെ സൂര്യപ്രകാശമേല്പിക്കാതെ വീട്ടിൽ അടച്ചുവയ്ക്കുന്നതെന്താണ്? ഒന്നിച്ചു നടക്കാനിറങ്ങരുതോ? ബീച്ചിൽ പോകരുതോ? കോളേജിൽ ഈയിടെ നടന്ന നാടകത്തിന് എല്ലാം പ്രഫസർമാരും ലക്ചറർമാരും ഭാര്യമാരൊന്നിച്ചു വന്നിരുന്നു. വരാത്തത് ശ്രീനിയും രാഗിണിയും മാത്രമാണ്. "അൺഫെയർ!'' തങ്കം അല്പം നാടകീയമായിത്തന്നെ എന്റെ നേർക്കു വിരൽചൂണ്ടി.

"എന്ത്?'' ഞാൻ ചോദിച്ചു.

"ആണുങ്ങൾ കുറേക്കൂടെ നന്നായി പെരുമാറണം. ഞങ്ങൾ വീട്ടിൽ അടങ്ങിയൊതുങ്ങിക്കഴിയുന്നവരാണ്. വല്ലപ്പോഴും ഞങ്ങൾക്കും ഈ ലോകമൊന്നു കാണണ്ടേ?'' തങ്കം പറഞ്ഞു.

ചന്ദ്രശേഖരൻ രാഗിണിയെ നോക്കി. അവൾ ഒന്നും പറഞ്ഞില്ല. എങ്കിലും അവളുടെ വിഷാദഭാവം അവൻ ഗൗനിച്ചു. അവളുടെ കണ്ണുകൾ സംസാരിച്ചു: അതെ, തങ്കം പറയുന്നത് എത്ര ശരിയാണ്! ഇവിടെ ഞാനൊരു തടവുകാരിയാണ്. ഞങ്ങൾ അന്യരെപ്പോലെ കഴിയുന്നു. ഒന്നിച്ചു കിടക്കുന്നില്ല. എന്നെ അദ്ദേഹം എങ്ങും കൊണ്ടുപോകുന്നില്ല.

"എടോ! ഇന്നു നമുക്ക് സ്ത്രീകളെ അനുസരിച്ചുകളയാം... അഞ്ചര യായതേയുള്ളൂ. നമുക്കൊരു സിനിമ കാണാം." ചന്ദ്രശേഖരൻ അഭിപ്രായ പ്പെട്ടു.

"സിനിമയൊന്നും എനിക്കിഷ്ടമല്ല." ഞാൻ ഒഴിഞ്ഞുമാറാൻ നോക്കി.

"തന്റെ ഇഷ്ടമെന്താണെന്നു ഞാൻ അന്വേഷിച്ചില്ലല്ലോ! പുറപ്പെടൂ! രാജ്ഞിമാർ ഉത്തരവിടുന്നു. നാം അനുസരിക്കുന്നു. അത്രതന്നെ!"

"സിനിമയ്ക്ക് പോകണമെന്ന് അവർ പറഞ്ഞില്ലല്ലോ."

"തനിക്ക് തങ്കത്തിന്റെ ഭാഷ മനസ്സിലാവാഞ്ഞിട്ടാണ്. വല്ലപ്പോഴും ലോകം കാണണ്ടേ എന്നു ചോദിച്ചാൽ അതിന്റെ അർത്ഥം—"

"സിനിമ കാണണമെന്നാണോ?"

"അതെ."

ഞാൻ കീഴടങ്ങി—ഒട്ടും സന്തോഷമില്ലാതെതന്നെ.

രാഗിണി വേഷം മാറാൻ അകത്തുപോയി.

"തന്നെക്കണ്ടാൽ എന്തോ ത്യാഗമനുഷ്ഠിക്കാൻ പോവുകയാണെന്നു തോന്നും. ഒന്നു ചിരിക്കെടോ?!"

"ചിരിക്കാൻ ഞാൻ മറന്നിരിക്കുന്നു. ഞാൻ ആകെ മാറിയിരിക്കുന്നു." ഞാൻ പിറുപിറുത്തു.

"അതാണു ഞാനും പറഞ്ഞത്."

"എന്റെ മുഖംപോലെ ഹൃദയവും പൊള്ളിക്കരിഞ്ഞിരിക്കുന്നു."

"പോടോ! പ്രിൻസിപ്പലിന്റെ കത്തു വായിച്ചപ്പോഴേക്കും താൻ തകർന്നുപോയോ?"

"ഏതു കത്ത്?"

"എന്നോടു മറച്ചുവച്ചതെന്തിനാണ്? ശ്രീനി, തന്നെപ്പറ്റി പ്രതികൂലാഭി പ്രായമെഴുതിയ കഥ കോളേജു മുഴുവനും അറിയാം."

"നേരോ?"

"അതെ. രഹസ്യാഭിപ്രായങ്ങളാണല്ലോ നമ്മുടെ നാട്ടിൽ ആദ്യം പരസ്യമാകുന്നത്! പക്ഷേ, താൻ വിഷമിക്കാനൊന്നുമില്ല. ഈ ടേമിൽ കൂടുതൽ ഉത്സാഹിച്ചാൽ മതി, നല്ല റിപ്പോർട്ട് വാങ്ങാം."

പാവം, ചന്ദ്രശേഖരൻ! എന്റെ ദുഃഖങ്ങൾ ആ റിപ്പോർട്ടിനെച്ചുറ്റിയുള്ള വയാണെന്ന് അവൻ കരുതുന്നു. എന്റെ ജീവിതം തകർന്ന ഒരു പളുങ്കു പാത്രമാണെന്ന് അവനറിയുന്നില്ല. വേണ്ട, അറിയേണ്ട. എന്റെ അഭിമാനം സംരക്ഷിക്കപ്പെടണം. ആ റിപ്പോർട്ടാണ് എന്നെ തളർത്തിക്കളഞ്ഞതെന്ന് അവൻ വിശ്വസിച്ചുകൊള്ളട്ടെ.

ഞങ്ങൾ പുറപ്പെട്ടു. പ്രധാന റോഡിലെത്തുന്നതുവരെ ചന്ദ്രശേഖരനും തങ്കവും തമ്മിൽ ഉഗ്രൻ വാദപ്രതിവാദം നടന്നു. ഏതു സിനിമ കാണണം? സോഫിയാ ലോറൻ അഭിനയിച്ചിട്ടുള്ള ഒരു ഇംഗ്ലീഷ് ചിത്രം ഓടുന്നുണ്ട്. അതാണ് അവനു കാണേണ്ടത്. തങ്കത്തിനു കാണേണ്ടത് ശിവാജിഗണേ ശന്റെ പടമാണ്. ഗണേശന്റെ തട്ടുപൊളിപ്പൻ പ്രസംഗം കേൾക്കാൻ വയ്യെന്നായി അവൻ. അങ്ങനെ അവർ തർക്കിച്ചു.

"താനെന്തു പറയുന്നു?'' എന്റെ അഭിപ്രായം അവൻ ചോദിച്ചു.

"രാജ്ഞിമാർ ഉത്തരവിടുന്നു...'' ഞാൻ ഓർമ്മിപ്പിച്ചു.

ഞങ്ങൾ ഗണേശനെക്കാണാൻതന്നെയാണു പോയത്.

തിയേറ്ററിലെത്തി വളരെനേരം കഴിഞ്ഞേ പടം തുടങ്ങിയുള്ളൂ. ബാൽക്കണിയിൽ, മുൻനിരയിൽ, ഞങ്ങളിരുന്നു. മുമ്പിലുള്ള അഴികളിൽ കാലുകയറ്റിവയ്ക്കാമല്ലോ!

അന്നു സിനിമ മുഴുവനും കാണാൻ കഴിഞ്ഞില്ല. ഒരപകടമുണ്ടായി.

ഇന്റർവെൽ സമയത്തു ഞങ്ങൾ താഴെയുള്ള കാന്റീനിൽ കാപ്പികുടിക്കാൻ പോയി. സിനിമ വീണ്ടും തുടങ്ങാറായിട്ടും, രാഗിണി കാന്റീൻവിട്ടു പോരാനുള്ള ഭാവമൊന്നും കാണിച്ചില്ല. അവൾ തങ്കത്തിനോട് അതുമിതും സംസാരിച്ചുകൊണ്ടിരുന്നു.

"ഒന്നെഴുന്നേല്ക്കാമോ?'' ചന്ദ്രശേഖരൻ ചോദിച്ചു.

"സിനിമ തുടങ്ങിയില്ലല്ലോ.'' രാഗിണി പറഞ്ഞു.

"വലിയ രസമുള്ള സിനിമയൊന്നുമല്ലല്ലോ. കുറേ കണ്ടില്ലെന്നുവച്ചു തരക്കേടൊന്നും വരാനില്ല.'' തങ്കം അഭിപ്രായപ്പെട്ടു.

"അതാണ് അപ്പോഴേ പറഞ്ഞത്, സോഫിയാ ലോറനെ കാണാമെന്ന്!'' ചന്ദ്രശേഖരൻ നെറ്റിചുളിച്ചു.

തങ്കത്തിനോട് രാഗിണി പിന്നെയും സംസാരിച്ചുകൊണ്ടിരുന്നു.

"രാജ്ഞിമാരുടെ ചർച്ച അവസാനിക്കട്ടെ. കാത്തുനില്ക്കുകതന്നെ,'' ചന്ദ്രശേഖരൻ പറഞ്ഞു. ഞങ്ങൾ മാറിനിന്നു.

അപ്പോൾ തിയേറ്ററിനകത്തു വലിയ കോലാഹലം കേട്ടു. എന്തോ പൊളിഞ്ഞുവീഴുന്നശബ്ദം. കൂട്ടനിലവിളി! ആളുകൾ വെളിയിലേക്കു ചാടുന്നു.

"എന്താണത്?'' രാഗിണി ചോദിച്ചു.

മറുപടി പറയാതെ, ഞങ്ങൾ മുന്നോട്ടു നീങ്ങി. എന്താണു സംഭവിച്ചത്? ഉത്സവസ്ഥലത്ത് ആന പിണങ്ങിയ മട്ടുണ്ട്.

വെളിയിലേക്ക് ഒരാളെ താങ്ങിക്കൊണ്ടുവരുന്നതു കണ്ടു. തല പൊട്ടി ചോരയൊലിക്കുന്നു.

ബാൽക്കണിയുടെ ഒരു ഭാഗം ഇടിഞ്ഞുവീണതാണ് കാരണമെന്നറിഞ്ഞു. നടുഭാഗം—ഞങ്ങളിരുന്ന സ്ഥലം! എങ്ങനെയാണതു പൊളിഞ്ഞത്? കോൺക്രീറ്റ്കൊണ്ടു തീർത്തതല്ലേ?

അവിടെയുമിവിടെയും ഞങ്ങൾ നടന്നു, വിവരം തിരക്കാൻ. ഇരുപതിലധികം പേർക്കു പരിക്കേറ്റത്രേ. മൂന്നുപേരുടെ പരുക്കു ഗുരുതരമാണ്.

"രാഗിണിയും തങ്കവും കാന്റീനിൽതന്നെയിരുന്നതെത്ര നന്നായി?'' ചന്ദ്രശേഖരൻ പറഞ്ഞു.

നേരാണ്. സാധാരണഗതിയിൽ, സ്ലൈഡുകൾ തീരുന്നതിനുമുമ്പ്, ഞങ്ങൾ അകത്തുകടന്നിരിക്കേണ്ടതാണ്. അങ്ങനെ കയറിയിരുന്നെങ്കിൽ,

ബാൽക്കണിയോടൊപ്പം ഞങ്ങളും താഴെ വീണേനെ. ഒരുപക്ഷേ, കഴുത്തൊടിഞ്ഞേനെ.

രാഗിണിക്ക് ഈ അപകടം മുൻകൂട്ടി കാണാൻ കഴിഞ്ഞുവോ? അല്ലെങ്കിൽ അവൾ കാന്റീനിൽ ഇരുന്നുകളഞ്ഞതെന്ത്? നടക്കാൻ പോകുന്ന ഒരു സംഭവത്തെപ്പറ്റി അവൾക്കു മുൻകൂട്ടിയറിയാൻ കഴിഞ്ഞതെങ്ങനെ? മനുഷ്യർക്കുള്ള ഒരു സിദ്ധിയല്ലല്ലോ അത്.

ഞാൻ രാഗിണിയെ തുറിച്ചുനോക്കി, അവളുടെ ചുണ്ടുകളുടെ കോണിൽ, ഒരു നേർത്ത പുഞ്ചിരി ഉയരുന്നതായി തോന്നി. അവൾ എന്തിനെന്നെ രക്ഷിച്ചു? എന്നെ പിന്നീടു കൊല്ലാനോ? ചോര കുടിക്കാനോ? കശാപ്പുകാരൻ, വെട്ടാൻ വളർത്തുന്ന മൃഗത്തോടു സ്നേഹം കാണിക്കുന്നതുപോലെ!

പോസ്റ്റാഫീസിനടുത്തുവച്ച് ചന്ദ്രശേഖരനും തങ്കവും യാത്രപറഞ്ഞു പിരിഞ്ഞു. ചന്ദ്രശേഖരൻ പ്രഖ്യാപിച്ചു:

"നമ്മുടെ രാജ്ഞിമാർ നമ്മെ രക്ഷിച്ചു.''

ഒന്നും സംസാരിക്കാതെയാണു ഞാനും രാഗിണിയും നടന്നത്. അകന്നു നടന്നു. എത്ര പെട്ടെന്നാണ്. പ്രകാശിക്കാൻ തുടങ്ങിയ എന്റെ ജീവിതത്തിൽ, സംശയത്തിന്റെ കരിനിഴൽ വീണുകളഞ്ഞത്! അവളുടെ അരക്കെട്ടിൽ ചുറ്റിപ്പിടിച്ചുകൊണ്ടു നടക്കാനല്ലേ മുൻപു ഞാൻ മോഹിച്ചിരുന്നത്! ആരാണവൾ! എന്നെ പിന്തുടരുന്ന ഇവൾ ഒരു സ്ത്രീയാണോ? ഇവൾ ജൂഡിയെ കൊന്നവളാണ്. എന്നോടു കള്ളം പറഞ്ഞവളാണ്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള സ്വർണ്ണാഭരണങ്ങൾ സൂക്ഷിക്കുന്നവളാണ്. എന്തോ ഭയങ്കരരഹസ്യം അവളെ പൊതിഞ്ഞുനില്ക്കുന്നു!

രാഗിണിയെപ്പോലെ സുന്ദരിയായ ഒരു പെണ്ണ് ഒരിക്കലും ഒരിടത്തുമുണ്ടാവുകയില്ല. എന്റെ കരിഞ്ഞ മുഖം അവൾ എന്തിനു സ്വീകരിച്ചു? എനിക്ക് അവളിൽനിന്ന് അകന്നുനില്ക്കാതെ വയ്യ. അവളെ ഞാൻ എങ്ങനെയാണു സ്വന്തമാക്കുക? ലുബ്ധനു കിട്ടിയ മുതലാണ് അവൾ. ഉപയോഗിക്കപ്പെടുകയില്ല. അവൾ യക്ഷിയാണ്. തൊട്ടുകൂട. എങ്കിലും നിശ്ശബ്ദരായി അങ്ങനെ നടക്കുമ്പോൾ ഞാൻ ഇളകിപ്പോയി. എത്ര സുന്ദരമായ തോളുകൾ... എത്ര ആകർഷകമായ നിതംബം! ഞാൻ ഒരു പടക്കുതിരയെപ്പോലെ കിതച്ചു, തളർച്ച പറ്റിയ ഒരു പടക്കുതിരയെപ്പോലെ. എന്റെ മോഹം വളർന്നു. കഴുത്തിനു പിന്നിലുള്ള ഞരമ്പുകൾ പിടച്ചുനിന്നു. തലയിൽ ചോരയിരച്ചുകയറി. ഞാൻ വിയർത്തു. ഞങ്ങളുടെ വളഞ്ഞുപുളഞ്ഞ ഇടവഴിയിൽ എത്തിയപ്പോൾ, ഞാൻ ഒരു തീരുമാനമെടുത്തു കഴിഞ്ഞിരുന്നു. ഒരിക്കലെങ്കിലും രാഗിണി എന്റേതാവണം. അവൾ യക്ഷിയാണെങ്കിലും എനിക്കവളെ അനുഭവിക്കണം. ഇന്നുതന്നെ...ഇന്നു രാത്രിതന്നെ.

അപ്പോൾ മഴ പെയ്തുതുടങ്ങി.

രാഗിണി എന്നോടു ചേർന്നു നടന്നു. അവൾ സാരിത്തുമ്പ് എന്റെ തലയുടെ മകുളിൽ പിടിച്ചു.

വീട്ടിലെത്തി.

രാഗിണിയാണ് ആദ്യം അകത്തു കടന്നത്. അവളുടെ കാലുകൾ തറയിൽ തൊട്ടിരുന്നില്ല, ഞാൻ വിയർത്തുകുളിച്ചു.

മഴപെയ്തതുകൊണ്ട് ഗേറ്റിനുമുമ്പിൽ കുറെ ചെളിയുണ്ടായിരുന്നു. ഞാൻ അകത്തു കയറി. ഒരു ടോർച്ച്ലൈറ്റ് എടുത്തുകൊണ്ടു വെളിയിൽ വന്നു. അവളുടെ കാലുകൾ തറയിൽ തൊട്ടിരുന്നില്ലെന്ന് എനിക്കു വെറുതെ തോന്നിയതാണോ? തൊട്ടിരുന്നെങ്കിൽ ചെളിയിൽ കാല്പാടുകൾ കാണണം. ഞാൻ ടോർച്ച് മിന്നിച്ചുനോക്കി.

അത്ഭുതം!

ആ ചെളി മുഴുവനും താറുമാറായി കിടന്നിരുന്നു. സർവത്ര ഇളകിമറിഞ്ഞിരിക്കുന്നു. ആരോ, എന്തോ, അവിടെത്തന്നെ നിന്നുകൊണ്ടു നൃത്തം വച്ചതുപോലെ!

എന്റെ കാല്പാടുകൾപോലും കാണാനില്ല.

അവൾ തെളിവു നശിപ്പിച്ചിരിക്കുന്നു.

അവളെ എന്റേതാക്കണമെന്നു ഞാൻ ഏതാനും മിനിറ്റുകൾക്കു മുൻപാണ് ആഗ്രഹിച്ചത്. പക്ഷേ, അന്നുരാത്രിയിലും ഞാൻ ഒറ്റയ്ക്കു കിടന്നു. ആഫീസ് മുറിയിലെ വെറും തറയിൽ.

യക്ഷിയാണവൾ!

അന്നു രാത്രിയിലും ആ ഗാനം എന്നെ ഉണർത്തി. വാക്കുകളില്ലാത്ത ഗാനം... മൃദുലഭാവങ്ങളുടെ മായാവാഹിനി...ഒരു കാമുകന്റെ ഗാനം.

ഗാനം അടുത്തടുത്തു വന്നു.

അതു പാലമരത്തിലെത്തി. അപ്പോൾ പാലമരം അലൗകികമായ വെളിച്ചത്തിൽ കുളിച്ചുനിന്നു.

ആരാണിങ്ങനെ പാടുന്നത്? ഗന്ധർവനോ?

മാളികയിലിരിക്കുന്ന സുന്ദരിയെ നോക്കി ഒരു പടിഞ്ഞാറൻ കാമുകൻ 'സെരനേഡ്' നടത്തുന്ന ചിത്രം മുൻപിലുയർന്നു. പടിഞ്ഞാറൻ കാമുകന്റെ കൈയിൽ 'ഗിറ്റാർ' മാത്രമേ കാണൂ. ഗന്ധർവന്റെ കൈയിൽ സമസ്ത വാദ്യോപകരണങ്ങളുമുണ്ട്.

പെട്ടെന്ന് ആ ഗാനം അത്യുച്ചത്തിലായി. പിന്നെ പെട്ടെന്നുതന്നെ, നിലച്ചു.

## രക്ഷാകവചം

പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ രാഗിണി ചോദിച്ചു: "എന്താണ് വല്ലാതിരിക്കുന്നത്? എന്തെങ്കിലുമോർത്തു വിഷമിക്കുകയാണോ?"

"ഞാൻ വിഷമിച്ചാൽ നിനക്കെന്താണ്?"

അവൾ കരഞ്ഞു. എന്റെ മുതുകിൽ തല ചായ്ച്ചു പിടിച്ചുകൊണ്ടാണ് അവൾ കരഞ്ഞത്.

ഞാൻ ആശ്വസിപ്പിക്കാൻ ശ്രമിച്ചില്ല. മിനിറ്റുകൾ കഴിഞ്ഞു. എന്നിട്ടും അവൾ കരച്ചിൽ നിറുത്തിയില്ല.

"മാറൂ, ഞാനെഴുന്നേല്ക്കട്ടെ!''

അവൾ മാറി. ഒരു വെള്ളച്ചാട്ടംപോലെയാണു കണ്ണുനീരൊലിച്ചിരുന്നത്.

"ഞാനെന്തുചെയ്തു? പറയൂ,'' അവൾ അപേക്ഷിച്ചു.

"തെറ്റും ശരിയും പങ്കിട്ടുപറയാൻ ഞാനാരാണ്!''

ഞാൻ ഒഴിഞ്ഞുമാറി.

ഞാൻ ആലോചിക്കുകയായിരുന്നു; നീയാരാണ്? യക്ഷിയാണോ? നിന്റെ ഉദ്ദേശ്യമെന്ത്? എങ്കിലും ആ ചോദ്യങ്ങളൊന്നും ഞാൻ ചോദിച്ചില്ല. ഞാൻ മൃദുലചിത്തനാണ്. കണ്ണുനീർ തുടർച്ചയായി കണ്ടുകൊണ്ടിരിക്കാൻ എനിക്കു വയ്യ. ഒരു പിശാച് എന്റെ മുമ്പിൽ വന്നുനിന്നു തുടർച്ചയായി കരഞ്ഞാൽപ്പോലും ഞാൻ ഇളകിപ്പോകും.

അവളുടെ കണ്ണുനീർ എന്നെ സ്പർശിക്കുന്നുണ്ടെന്ന് രാഗിണി മനസ്സിലാക്കി. എന്റെ മുമ്പിൽ അവൾ വന്നുനിന്നു. പെട്ടെന്ന് എന്നെ ആലിംഗനം ചെയ്തു. എന്നെ ചുംബിക്കാൻ ശ്രമിച്ചപ്പോൾ ഞാൻ മുഖം തിരിച്ചുകളഞ്ഞു.

എന്റെ മുതുകിൽ പിണച്ചുചേർത്തിരുന്ന അവളുടെ കൈകൾ താണു. അവൾ എന്നെ വിട്ടു. ഏങ്ങലടിച്ചുകൊണ്ട് അവൾ ചോദിച്ചു: "ആദ്യമായി നാം ഇവിടെ വന്ന ആ രാത്രി ഓർമ്മയുണ്ടോ?''

"ഉം.''

"അന്നു ഞാൻ ചുംബിച്ചപ്പോൾ ശ്രീനി ഇങ്ങനെ മുഖം തിരിച്ചുകളഞ്ഞില്ല.''

ഞാനൊന്നും പറഞ്ഞില്ല.

"വീണ്ടും കണ്ടപ്പോൾ റോഡിൽവച്ചുപോലും എന്നെ ശ്രീനി ചുംബിച്ചു...''

ഞാൻ മൗനം ദീക്ഷിച്ചു.

"വിവാഹത്തിനുശേഷം ഇന്നലെയാണ് ആദ്യമായി എന്റെകൂടെ പുറത്തേക്കിറങ്ങിയത്... കന്യാകുമാരി യാത്രയ്ക്കുശേഷം... അതുതന്നെ ചന്ദ്രശേഖരന്റെ നിർബ്ബന്ധംകൊണ്ടാണ്...'

ഞാൻ ഒന്നും പറയാൻ കൂട്ടാക്കിയില്ല.

"എന്നെ വിവാഹം ചെയ്യാൻ ശ്രീനിക്കെത്ര തിടുക്കമായിരുന്നു! അന്നു രാത്രി ഞാൻ പാവാടയും ബ്ലൗസും ധരിച്ചുനിന്നപ്പോൾ ശ്രീനി എന്നെ കെട്ടിപ്പിടിച്ചില്ലേ? എന്റെ വയറിൽ തലോടിയില്ലേ? അതൊക്കെ മറന്നോ? ഇത്ര വേഗം എന്നെ വേണ്ടാതായോ? പറയൂ... ആയിരമായിരം തവണ ശ്രീനി വാഴ്ത്തിയ എന്റെ സൗന്ദര്യം...''

"നിറുത്തൂ!'' ഞാൻ അലറി.

"ഞാൻ നിറുത്തുകയില്ല, ശ്രീനി! ഞാൻ ശ്രീനിയുടെ ഭാര്യയാണ്. ഞാനൊരു സ്ത്രീയാണ്. എന്റെ ശരീരം എന്റെ ഭർത്താവിനു നിഷിദ്ധമായിപ്പോയതെന്താണെന്ന് എനിക്കറിയണം.''

ഞാൻ എഴുന്നേറ്റു. രാഗിണി എന്നോടു വാദപ്രതിവാദത്തിനു തയ്യാറെടുക്കുകയാണ്. എത്ര ചതുരമായി അവൾക്കു സംസാരിക്കാൻ കഴിയുന്നു! കണ്ണുനീരും വാക്ചാതുരിയും ഒന്നുചേർന്നാൽ ഞാൻ കീഴടങ്ങിപ്പോകും. പാടില്ല, ഞാൻ വെളിയിലേക്കിറങ്ങി ഓടി.

റോഡിലിറങ്ങിയപ്പോൾ വനജയെ കണ്ടു. അവൾ ഒരു തുണിക്കടയിൽ നിന്ന് ഇറങ്ങിവരികയാണ്. ഒരു പാക്കറ്റ് കൈയിലുണ്ട്. സാരിയോ? അതോ 'മെയിഡൻഫോം' ബ്രേസിയറോ! അങ്ങനെ വല്ലതുമാവണം. സൗന്ദര്യം കടകളിൽനിന്നു വാങ്ങാം. പക്ഷേ, എന്റെ രാഗിണിയുടെ സൗന്ദര്യം കൃത്രിമമല്ല. അതിനു ലിപ്സ്റ്റിക്കും, 'പെർമനന്റ്‌വേവും, റൂഷും മെയിഡൻഫോമും ഒന്നും വേണ്ട.

വനജയെ നേരിടാൻ ഞാൻ തയ്യാറല്ലായിരുന്നു. ലക്ചർക്ലാസ്സിനു പുറത്തുവച്ച് അവളെ അടുത്തകാലത്തൊന്നും കണ്ടിട്ടില്ല. എന്നെ അവൾ കണ്ടു: "സാർ!" അവൾ വിളിച്ചു. അടക്കമില്ലാത്ത പെണ്ണ്!

"സാർ ഞങ്ങളെയാരെയും വിവരമറിയിച്ചില്ലല്ലോ!"

"എന്തു വിവരം?"

"കല്യാണം കഴിച്ച വിവരം."

"അറിയിക്കാനെന്തിരിക്കുന്നു?"

"അറിയിക്കാതെ, പിന്നെ!"

"അറിയിക്കണമെന്നു തോന്നിയില്ല."

"സാറിനിപ്പോഴും എന്നോടു ദേഷ്യമാണ്."

"അങ്ങനെയൊന്നുമില്ല."

"നല്ല കുട്ടിയാണോ?"

"ഉം."

"സുന്ദരിയായിരിക്കും?"

"അതെ."

"എനിക്കു കാണണം... ഞാൻ സാറിന്റെ കൂടെ വരാം."

"ഇനിയൊരിക്കലാവട്ടെ."

"പ്ലീസ്, സാർ..."

"എനിക്കു ധൃതിയുണ്ട്... നേരമായി. കോളേജുള്ള ദിവസമാണ്."

വനജ പൊട്ടിച്ചിരിച്ചു: "ആരു പറഞ്ഞു?"

അപ്പോഴാണു ഞാനോർത്തത്—അവധിദിവസമാണ്.

"ഞാൻകൂടെ വരട്ടെ, സാർ?"

ഞാൻ മിണ്ടിയില്ല.

"എന്താ, സാർ? ഞാൻ വരുന്നതു മിസ്സിസ് ശ്രീനിവാസന് ഇഷ്ടമാവുകയില്ലേ?"

തുടങ്ങി! എന്തൊരു നാവാണീ പെണ്ണിന്? എന്നെ ചൊടിപ്പിക്കാൻ നോക്കുന്നു.

"മിസ്സിസ് ദേഷ്യപ്പെടുമെങ്കിൽ ഞാൻ വരുന്നില്ല; സാർ!"

"ദേഷ്യപ്പെടാനെന്തിരിക്കുന്നു?''

"എന്നാൽ പോകാം, സാർ... പ്ലീസ്.''

"ഓ!''

അവൾ എന്നെ പുച്ഛിക്കയാണോ? അവളോടു സന്മാർഗ്ഗത്തെപ്പറ്റി പറഞ്ഞവനാണ്, ഞാൻ. എന്റെ സൗന്ദര്യം നശിച്ചപ്പോൾ ആരെങ്കിലും സന്തോഷിച്ചെങ്കിൽ അത് വനജയാണ്. അവൾക്കിപ്പോൾ എന്റെ ഭാര്യയെ കാണണം. ഞാൻ ഏതോ കരിംഭൂതത്തിനെ വിവാഹം ചെയ്തു കൊണ്ടുവന്നിരിക്കുന്നെന്നാവണം അവൾ കരുതുന്നത്. അവൾ രാഗി ണിയെ കാണട്ടെ. കണ്ടില്ലെങ്കിൽ അവൾ കോളേജു മുഴുവനും നടന്നു പറയും: "ഞാൻ ശ്രീനിസ്സാറിന്റെ ഭാര്യയെ കാണണമെന്നു പറഞ്ഞു. സാർ സമ്മതിച്ചില്ല. വെളിയിൽ കാണിക്കാൻ കൊള്ളുന്നതല്ല. ഒരു ഹിഡിംബി! തറൊലി അഗ്ലി!''

ഞങ്ങൾ എന്റെ വളഞ്ഞുപുളഞ്ഞ ഇടവഴിയിൽ കടന്നു. അപ്പോൾ ഞാൻ വിചാരിച്ചു: വനജയ്ക്കു നിരാശയുണ്ടാകാൻ പോകുന്നു. എന്റെ ഭാര്യയുടെ സൗന്ദര്യം വനജയുടെ അടക്കമില്ലാത്ത നാവിനു കയറിടും. അവളുടെ പരിഹാസത്തിന്റെ ഉറവകൾ വറ്റിപ്പോകും.

"നാലഞ്ചു മാസമായല്ലോ സാർ കല്യാണം കഴിച്ചിട്ട്...എന്നിട്ടിതുവരെ വെളിയിലെങ്ങും കൊണ്ടുവന്നില്ലല്ലോ! കോളേജിലെ നാടകത്തിന് എല്ലാം പ്രഫസർമാരും ലക്ചറർമാരും വന്നിരുന്നു—അവരുടെ ഭാര്യമാരും.'' വനജ പറഞ്ഞു.

"ഓ! കൊണ്ടുവന്നില്ല...അത്രതന്നെ.''

"വിജയലക്ഷ്മിയെ കാണാറുണ്ടോ, സാർ?''

"ഇല്ല. ഞാനെന്തിനു കാണണം?''

വിജയലക്ഷ്മിക്കറിയാമോ?''

"എന്ത്?''

"സാർ കല്യാണം കഴിച്ച കാര്യം?''

"അറിയാമായിരിക്കാം. വനജ അറിഞ്ഞില്ലേ!''

"വിജയലക്ഷ്മിയുടെ മാര്യേജ് ഉറച്ചു.''

"ഓഹോ!''

"ഫോറിൻ സർവ്വീസിലുള്ള ഒരാളാണു വരൻ...വളരെ ഹാൻസം ആണത്രേ.''

"നല്ലത്!''

ഞാൻ അത്രവേഗം മടങ്ങുമെന്ന് രാഗിണി അറിഞ്ഞിരുന്നില്ല—ഒരു പെൺകുട്ടിയൊന്നിച്ച്.

രാഗിണിയുടെ കണ്ണുകൾ അപ്പോഴും നനഞ്ഞിരുന്നു.

ഞങ്ങളെക്കണ്ടപ്പോൾ രാഗിണി പറഞ്ഞു: "ഇരിക്കൂ...ഞാനിതാ വരാം.''

കണ്ണുനീർ കഴുകിക്കളയാൻ പോയതാണ്.

സംസാരിക്കാനുള്ള ശക്തി വനജയ്ക്കു നഷ്ടപ്പെട്ടുപോയെന്നു തോന്നി. രാഗിണി പോയവഴിതന്നെ നോക്കിനില്ക്കുകയായിരുന്നു. അവൾ.

“ഇരിക്കൂ.’’ ഞാൻ പറഞ്ഞു.

ഒരു അത്ഭുതം കണ്ടതുപോലെയാണ് വനജ പെരുമാറിയത്. രാഗിണിയുടെ സൗന്ദര്യം അവളെ അത്ഭുതപ്പെടുത്തിയിരിക്കുന്നു. മറിച്ചെങ്ങനെ വരാനാണ്? സാരിയുടുത്ത വൈരൂപ്യത്തെയാണല്ലോ അവൾ പ്രതീക്ഷിച്ചിരുന്നത്.

“വെരി ബ്യൂട്ടിഫുൾ!’’ അങ്ങനെ തുറന്നു പ്രശംസിക്കാതിരിക്കാൻ വനജയ്ക്കു കഴിഞ്ഞില്ല.

“എന്റെ ഭാര്യ ഒരു സുന്ദരിയായിരിക്കുമെന്നു കരുതിയില്ല. അല്ലേ?’’

അവൾക്കു മറുപടി പറയാനാവുന്നതിനുമുൻപ് രാഗിണി മടങ്ങിവന്നു. വനജയെപ്പോലെ പൗഡറിട്ടിട്ടില്ല. തലമുടിയിൽ ജാലവിദ്യകളൊന്നു കാണിച്ചിട്ടില്ല. അലങ്കാരമെന്നു വിളിക്കാവുന്നതു നെറ്റിയിലുള്ള ചെറു പൊട്ടു മാത്രമാണ്. ബാക്കിയെല്ലാം ദൈവം കൊടുത്തതാണ്.

വനജ രാഗിണിയെത്തന്നെ നോക്കിയിരുന്നു.

“പരിചയപ്പെടുത്തിയില്ലല്ലോ.’’ രാഗിണി പറഞ്ഞു.

വനജ പറഞ്ഞു: “ഞാൻ ശ്രീനിസ്സാറിന്റെ ഒരു സ്റ്റുഡന്റാണ്.’’

രാഗിണി വെറുതെയൊന്നു മന്ദഹസിച്ചു. സംസാരിക്കാൻ വിഷയം തേടുകയാണെന്നു തോന്നി.

അപ്പോൾ വനജ ചോദിച്ചു: “ഏതു കോളേജിലാണു പഠിച്ചിരുന്നത്? എവിടെയോവെച്ചു കണ്ടതുപോലെ തോന്നുന്നു!’’

“ഞാൻ ഒന്നൊന്നരക്കൊല്ലമേ പഠിച്ചുള്ളൂ...നിങ്ങളുടെ കോളേജിൽത്തന്നെ.’’

“എങ്കിൽ ഞാൻ കണ്ടിരിക്കാം.’’ വനജ പറഞ്ഞു.

ഞാൻ അത്ഭുതപ്പെട്ടു. എന്റെ കോളേജിൽ രാഗിണി പഠിച്ചിരുന്നോ? ഇതുവരെ എന്നോടു പറഞ്ഞിട്ടില്ല. കളവു പറയുകയാണോ? കോളേജിന്റെ നട കണ്ടിട്ടില്ലെന്നു പറഞ്ഞാൽ മോശമാണെന്നു കരുതുന്നുണ്ടോ?

രാഗിണിയുടെ സൗന്ദര്യത്തിന്റെ വശ്യതയിൽനിന്നും അപ്പോഴും വനജയ്ക്കു മോചനം കിട്ടിയിരുന്നില്ല. വനജ സുന്ദരിയല്ല. പ്രായത്തിന്റെ കൊഴുപ്പും തടിമിടുക്കും മാത്രമാണ് അവളുടെ കൈമുതൽ. അവളുടെ കൈത്തണ്ടിൽ കറുത്ത രോമം കാണാം, മോഹത്തിന്റെ കാടുപോലെ. അകത്തേക്കു കടന്നുവന്ന ഒരു കൊച്ചുകാറ്റ്, വനജയുടെ മടിയിൽക്കിടന്നിരുന്ന രണ്ടു ബില്ലുകൾ തറയിലേക്കു പറപ്പിച്ചു. ഞാനാണ് അവ പെറുക്കിയെടുത്തത്. ഒരു ബില്ല് ‘ആനിഫ്രഞ്ച് ഹെയർ റിമൂവർ’ വാങ്ങിയതിനുള്ളതാണ്. കൈത്തണ്ടിലെ കാടു കളയാൻ വാങ്ങിയതാണോ? സൗന്ദര്യം ഷോപ്പുകളുടെ കണ്ണാടിഷെൽഫുകൾക്കു പിന്നിൽ വില്പനയ്ക്കു വച്ചിരിക്കുന്നു.

രാഗിണിയുടെ സൗന്ദര്യം എത്ര കണ്ടിട്ടും മതിയാവാത്ത മട്ടിലാണ് വനജ പെരുമാറിയത്. അവളുടെ തുറിച്ചനോട്ടം രാഗിണിയെ അല്പം ലജ്ജാവതിയാക്കിയെന്നു തോന്നുന്നു. പുതിയ പരിചയക്കാരോടു സംസാരിക്കാൻ പ്രയാസമാണ്. സംഭാഷണത്തിനു വിഷയങ്ങൾ തേടിയെടുക്കാൻ ഞെരുങ്ങും. അതുകൊണ്ട് സംഭാഷണം ഇടയ്ക്കിടെ മുറിയും. നിശ്ശബ്ദത നീളും. ആദ്യമായി കാണുന്ന ഭർത്താവിന്റെ വിദ്യാർത്ഥിനിയോട് എന്താണു സംസാരിക്കേണ്ടതെന്ന് രാഗിണി തല പുകഞ്ഞാലോചിക്കുകയായിരുന്നു. ഒടുവിൽ വനജയുടെ പാക്കറ്റ് നോക്കിക്കൊണ്ട് അവൾ ചോദിച്ചു: "ഷോപ്പിങ്ങിനു പോയിരുന്നോ?"

"അതെ, ഒരു സാരി വാങ്ങി. പിന്നെ ഒന്നു രണ്ടു ടോയ്‌ലറ്റ് ആർട്ടിക്കിൾസും..."

അതിനെത്തുടർന്നൊന്നും രാഗിണി ചോദിക്കാത്തതിനാലാവണം, വനജ എന്റെ നേർക്ക് തിരിഞ്ഞത്. "സാർ ഞങ്ങളെ പേരു പറഞ്ഞു പരിചയപ്പെടുത്തിയില്ല."

"സോറി!" ഞാൻ രണ്ടാളെയും പേരു പറഞ്ഞു പരിചയപ്പെടുത്തി.

"രാഗിണി ഇത്ര ലവ്‌ലിയാണെന്ന് ശ്രീനിസ്സാർ ഞങ്ങളോടൊന്നും പറഞ്ഞില്ല." വനജ രാഗിണിയെ പ്രശംസിക്കാൻ നോക്കി. രാഗിണിയുടെ മുഖം ലജ്ജകൊണ്ടു ചുവന്നു.

"വളരെ ഷൈ ആണെന്നു തോന്നുന്നല്ലോ!" വനജ ഒരഭിപ്രായം രേഖപ്പെടുത്തി.

"അങ്ങനെയൊന്നുമില്ല." ഞാൻ ഇടപെട്ടു.

"എക്സ്ട്രീംലി ലവ്‌ലി!" വനജ വീണ്ടും പറഞ്ഞു.

എന്തിനാണിവൾ പിന്നെയും പിന്നെയും രാഗിണിയുടെ സൗന്ദര്യത്തെപ്പറ്റി പറയുന്നത്? എന്തിനെയും പരിഹസിക്കുന്നവളാണ് വനജ. പക്ഷേ, ഇപ്പോൾ അവൾ കലവറകൂടാതെ പ്രശംസിക്കുന്നു. അവൾ അത്ഭുതപ്പെടുന്നുണ്ടാവും, തീർച്ച. ഈ മുഖമില്ലാത്ത ശ്രീനിസ്സാറിന്റെ പിന്നാലെ ഈ മറയി വന്നതെന്താണ്? രാഗിണി എന്താവാം ചിന്തിക്കുന്നത്? സൗന്ദര്യത്തെപ്പറ്റി പറയേണ്ടതു ഭർത്താവാണ്. പറഞ്ഞാൽ മാത്രം പോരാ. അതു നുകരുകയും വേണം. പക്ഷേ, അദ്ദേഹം എന്നെ ചുംബിക്കുന്നില്ല. ഞാൻ ചുംബിക്കാൻ ശ്രമിച്ചാൽ മുഖം തിരിച്ചുകളയുന്നു. എന്റെ ശരീരം അദ്ദേഹത്തിനു നിഷിദ്ധമായിരിക്കുന്നു.

"ഇന്നു ക്ലാസ്സില്ലേ?" രാഗിണി ചോദിച്ചു. എങ്ങനെയെങ്കിലും സംഭാഷണം തുടരണ്ടേ?

"അവധിയാണ്... ആട്ടെ, രാഗിണി എങ്ങനെ സമയം ചെലവാക്കുന്നു. വെളിയിലൊന്നുമിറങ്ങാറില്ലേ?" വനജ തിരക്കി.

"എനിക്കു വിട്ടുജോലിയില്ലേ? അങ്ങനെ ഒഴിവുസമയമൊന്നുമില്ല."

എന്റെ മാനം സംരക്ഷിക്കാൻ രാഗിണി കളവു പറഞ്ഞതല്ലേ? എന്താണിവിടെ വീട്ടുജോലി? കാര്യമായിട്ടൊന്നുമില്ല. പക്ഷേ, ഭർത്താവു

തന്നെ എങ്ങും കൊണ്ടുപോകുന്നില്ലെന്നു പറഞ്ഞുകൂടല്ലോ. ഒരു യക്ഷി തന്റെ ഭർത്താവിന്റെ മാനം കാത്തുസൂക്ഷിക്കാൻ നോക്കുന്നു!

"എത്ര ജോലിയുണ്ടെങ്കിലും വൈകുന്നേരമെങ്കിലും പുറത്തിറങ്ങണ്ടേ? ക്ലബ്ബിൽ വല്ലതും ചേരണം." വനജ ഉപദേശിച്ചു.

"അതിനൊന്നും സമയം കിട്ടുകയില്ല." രാഗിണി മന്ദഹസിക്കാൻ ശ്രമിച്ചു.

വനജ ഹോസ്റ്റലിലും കോളേജിലും പരത്താനിടയുള്ള ഒരു വാർത്ത എന്റെ ഭാവനയിലുദിച്ചു: ശ്രീനിസ്സാറിന്റെ ഭാര്യ കാണാൻ തരക്കേടില്ല; പക്ഷേ, തനി കൺട്രിയാണ്. വീട്ടുജോലി ചെയ്യാനേ സമയമുള്ളത്രേ!

"ശ്രീനിസ്സാറിന്റെ കുറ്റമാണ്!"

"എന്റെ കുറ്റമോ?"

"അതെ. ഇങ്ങനെ വീടേ ശരണമെന്നും പറഞ്ഞിരിക്കാൻ സമ്മതിക്കരുത്." വനജ നിർദ്ദേശിച്ചു.

"താങ്ക്സ്, വനജയുടെ അഭിപ്രായം പരിഗണിച്ചുകളയാം." അർദ്ധഗൗരവ ഭാവത്തിൽ ഞാനറിയിച്ചു.

"വിജയലക്ഷ്മിയെക്കണ്ട് വിവരം പറയാൻ എനിക്കു ധൃതിയായി, സാർ."

ഞാനൊന്നും മിണ്ടിയില്ല. വനജയുടെ മനസ്സു പ്രവർത്തിക്കുന്നതിങ്ങനെയാവാം: പഴയ കാമുകിയുടെ കഥ ഞാൻ പറയാം. രാഗിണി കേൾക്കട്ടെ. വീട്ടിൽ കലഹമുണ്ടാവട്ടെ.

"ഏത് വിജയലക്ഷ്മി?" രാഗിണി ചോദിച്ചു.

"അന്നു ഞാൻ പറഞ്ഞില്ലേ... കന്യാകുമാരിയിൽവച്ച്... ആ കുട്ടി." ഞാൻ പറഞ്ഞു.

വനജ ഞെട്ടിപ്പോയി. അവൾ പൊട്ടിക്കാനുദ്ദേശിച്ച പടക്കത്തിന്റെ കരിമരുന്ന് ആരംഭത്തിൽത്തന്നെ നനഞ്ഞിരിക്കുന്നു.

"വിജയലക്ഷ്മിയെ രാഗിണിക്കറിയാമോ?"

"കണ്ടിട്ടില്ല. പറഞ്ഞുകേട്ടിട്ടുണ്ട്."

"കഥ മുഴുവനും അറിയാമോ?" വനജ ചോദിച്ചു.

"എല്ലാമറിയാം, വനജേ! വഴക്കുണ്ടാക്കാനൊന്നും നോക്കണ്ട." ഞാൻ പറഞ്ഞു.

വനജ നാണിച്ചുപോയി.

അല്പസമയംകൂടി സംസാരിച്ചുകൊണ്ടിരുന്നശേഷം, വനജ എഴുന്നേറ്റു. എല്ലാ വിധത്തിലും നിരാശാജനകമായ ഒരു സന്ദർശനം! ശ്രീനിസ്സാറിന്റെ ഭാര്യ സുന്ദരിയാണ്. പഴയ കാമുകിയോടു ഭാര്യയ്ക്കു വിരോധമില്ലതാനും!

വനജ പോയതിനുശേഷം ഞാൻ ഒരു മാസികയെടുത്തുകൊണ്ടു സെറ്റിയിൽ ഇരിപ്പുറപ്പിച്ചു. രാഗിണി അടുക്കളയിൽ പോയി. എന്നോടു സംസാരിക്കാൻ അവൾ മടിക്കുന്നു. ഞാൻ കലഹിച്ചുപിരിഞ്ഞത്

അല്പം മുൻപു മാത്രമല്ലേ? വനജ വന്നില്ലായിരുന്നെങ്കിൽ ഞാൻ മടങ്ങു മായിരുന്നില്ല. എവിടെയെങ്കിലും ചുറ്റിത്തിരിഞ്ഞേനെ.

ഞാൻ രാഗിണിയോട് അനുതാപമില്ലാതെ പെരുമാറുകയാണോ? ആളുകളുടെ വിമർശനം ശരിയാണ്. വിളക്കെടുത്തു കുടത്തിലടച്ചു വച്ചിരിക്കയാണ്, ഞാൻ. ചന്ദ്രശേഖരൻ പറഞ്ഞതുതന്നെയാണ് വനജയും പറഞ്ഞത്. എല്ലാവരും അങ്ങനെതന്നെ പറയും. അതിസുന്ദരി യായ ഭാര്യയെ വീട്ടിൽ അടച്ചുവയ്ക്കുന്ന ഭർത്താവിനെപ്പറ്റി ആളുകൾ എന്തു വിചാരിക്കും? അയാൾക്കു പേടിയാണ്, മറ്റു വല്ലവരും ഭാര്യയെ നോക്കുമോ എന്ന്. എന്നെപ്പറ്റി മറ്റൊന്നുകൂടെ പറഞ്ഞേക്കാം. അയാളുടെ മുഖം കരിഞ്ഞുപോയില്ലേ? കൊള്ളാവുന്ന ചെറുപ്പക്കാരെ ഭാര്യ കണ്ടു കൂടെന്നാണു നിർബ്ബന്ധം!

എല്ലാവരും എന്റെ ഭാര്യയുടെ സൗന്ദര്യത്തെപ്പറ്റി സംസാരിക്കുന്നു. ഞാൻ ഭാഗ്യവാനാണെന്ന് അവരെല്ലാം കരുതുന്നു. ഇതു കൊതിയന്മാരുടെ ഒരു ലോകമാണ്. ഭൂരിപക്ഷമാളുകൾക്കും സൗന്ദര്യം കുറഞ്ഞ പെണ്ണു ങ്ങളെയാണു ഭാര്യമാരായി കിട്ടുന്നത്. സുന്ദരിമാരുടെ ഭർത്താക്കന്മാരോട് അവർക്ക് അസൂയ തോന്നും. ആ സുന്ദരിമാരെ ആർത്തിയോടെ അവർ തുറിച്ചുനോക്കും. മനസ്സുകൊണ്ട് ആ സുന്ദരിമാരെ അവർ വസ്ത്രാക്ഷേപം ചെയ്യും.

ഇപ്പോഴും എന്റെ രാഗിണിയെ ഞാൻ അനുഭവിച്ചിട്ടില്ല. ഇങ്ങനെ ഞാൻ തോല്ക്കുന്നതെന്ത്? അവൾക്കു കരയാതിരിക്കാൻ കഴിയുമോ? മീട്ടപ്പെടാത്ത മണിവീണ! ഞാനൊരു മഠയനാണ്. ഒരു തോല്വി മറ്റൊന്നി ലേക്കു നയിക്കുന്നു. എനിക്ക് ആത്മവിശ്വാസമുണ്ടാകണം. എങ്കിൽ എല്ലാം നേരെയാവും. രാഗിണി എന്നെപ്പറ്റി ആരോടും കുറ്റം പറഞ്ഞിട്ടില്ല. വനജയോടുപോലും. വീട്ടുജോലിയുണ്ടെന്നു കള്ളമാണ് പറഞ്ഞത്. ഭർത്താവ് ഒരു മുരടനാണെന്ന് ആരും മനസ്സിലാക്കിക്കൂട. പാവം, രാഗിണി! ഞാൻ അവളെ വേദനിപ്പിക്കുന്നു—ഇമ്മട്ടിലൊക്കെ ചിന്തിച്ചപ്പോൾ എനിക്ക് ആ മാസികയിൽ ശ്രദ്ധ പതിപ്പിക്കാൻ കഴിഞ്ഞില്ല. രാഗിണിയോടു മാപ്പു ചോദിക്കണം. ഞാൻ എഴുന്നേറ്റു.

രാഗിണിയെ അടുക്കളയിൽ കണ്ടില്ല. കുളിമുറിയിൽ ശബ്ദം കേട്ടു. ശ്രദ്ധിച്ചു. രാഗിണി കുളിക്കുകയാണ്.

ഞാൻ കതകിൽ തട്ടി.

“ആര്!”

“ഞാൻതന്നെ, രാഗിണീ....തുറക്കൂ....

“ഞാൻ കുളിച്ചുതീർന്നില്ല.”

“സാരമില്ല തുറക്കൂ.”

“ഞാൻ.....”

എന്റെ ക്ഷമ നശിച്ചു. ഞാൻ കതക് ആഞ്ഞുതള്ളി. ഇളകി നില്ക്കുന്ന ബോൾട്ട് താഴെവീണു. എന്റെ ഭാര്യയെ ഞാൻ ആദ്യമായി കണ്ടു, നൂൽ ബന്ധമില്ലാതെ.

അവളുടെ നനഞ്ഞ തലമുടിയും നനഞ്ഞ ശരീരവും കണ്ടപ്പോൾ എന്റെ തലയിൽ ചോര ഇരച്ചുകയറി. ഞാൻ കിതച്ചു തുടങ്ങി. എന്റെ സകല നിയന്ത്രണവും പമ്പകടന്നു. ഞാൻ അവളെ കടന്നുപിടിച്ചു. ശരീരം തണുത്തിരിക്കുന്നു. വെള്ളത്തിന്റെ മുത്തുകൾ പൊക്കിളിലേക്ക് ഒഴുകിപ്പോകുന്നു. ഞാൻ അവളുടെ തലമുടി പിടിച്ചുമാറ്റി കഴുത്തിനു പിന്നിൽ ഉമ്മവെച്ചു.

“ശ്രീനി! ശ്രീനി!'' ആനന്ദഭരിതയായി അവൾ എന്റെ നെഞ്ചിൽ ചേർന്നു നിന്നു.

ഞാൻ ഉന്മത്തനായി. എന്റെ രാഗിണിയെ ഇന്നെങ്കിലും...

ഞാൻ അവളെ കിടക്കറയിലേക്കു താങ്ങിയെടുത്തു കൊണ്ടുപോയി.

ഞാൻ ശക്തനാണ്. എന്റെ മാംസപേശികൾ ദൃഢമാണ്. രാഗിണി എന്റെ കൈകളിൽ ഒരു നനഞ്ഞ തൂവൽപോലെയാണു കിടന്നത്.

ഞാൻ ഭയപ്പെടരുത്. ആ വാഴക്കൂട്ടത്തെപ്പറ്റി ചിന്തിക്കരുത്. മുമ്പുണ്ടായ പരാജയങ്ങളെക്കുറിച്ചോർക്കരുത്. എന്റെ മുമ്പിൽ പ്രതീക്ഷകളോടെ കിടക്കുന്ന നഗ്നയായ രാഗിണിയെപ്പറ്റി മാത്രമേ ഞാൻ ചിന്തിക്കാവൂ.

എന്റെ ഞരമ്പുകൾ കഴുത്തിനു പിന്നിൽ തടിച്ചുനിന്നു. ഞാൻ വിയർത്തുകുളിച്ചു.

മിനിറ്റുകൾ കഴിഞ്ഞു.

ഞാൻ വീണ്ടും തോറ്റിരിക്കുന്നു!

“പോകരുതേ പോകരുതേ!'' കിടക്കയിൽനിന്നും രാഗിണിയുടെ ശബ്ദമുയർന്നു.

ഉൽക്കടമായ വേദനയാണ് ആ വാക്കുകളിൽ തുളുമ്പി നിന്നത്.

ഒന്നും മിണ്ടാതെ ഞാൻ പുറത്തുവന്നു.

എന്റെ സംശയങ്ങൾ വീണ്ടും ഉയർന്നു. രാഗിണി യക്ഷിയാണ്. കരുതി നടക്കണം. ഒരു യക്ഷിയുടെ ശരീരം നിഷിദ്ധമാണ്. തൊട്ടുകൂടാ.

എന്നെ വിട്ടുപോവുകയില്ലെന്നു പറഞ്ഞുകൊണ്ട്, അന്നു രാത്രി പാലമരത്തിന്റെ ചുവട്ടിൽ അവൾ നിന്നപ്പോൾ, എനിക്കു സംശയങ്ങളൊന്നും ഉണ്ടായിരുന്നില്ല. നേരം വെളുക്കുമ്പോൾ ഒരു സബ്‌രജിസ്ട്രാറുടെ മുമ്പിൽവച്ച് എന്റെ വധുവാകേണ്ട അവളെ ഞാൻ കിടക്കയിൽ കൊണ്ടിട്ടപ്പോൾ, യക്ഷികളെപ്പറ്റിയൊന്നും ഞാൻ ചിന്തിച്ചിരുന്നില്ല. എന്നിട്ടും ഞാൻ തോറ്റു.

എന്റെ ബുദ്ധിക്കു മനസ്സിലാക്കാൻ കഴിയാത്തതു ശരീരത്തിനു മനസ്സിലായതല്ലേ?

ആലോചിക്കുന്തോറും അങ്ങനെയാവണമെന്നു തോന്നി. ഒരു യക്ഷിയെ പ്രാപിച്ചാൽ മരിച്ചുപോകും. മനസ്സിനു തെറ്റുപറ്റും. യക്ഷിയെ കണ്ടാൽ വെറുമൊരു സുന്ദരിയാണെന്നു മനസ്സു തെറ്റിദ്ധരിക്കാം. പക്ഷേ, ശരീരം കൂടുതൽ കരുതലോടെ പെരുമാറുന്നു. അത് ഒരു

രക്ഷാകവചം കണ്ടുപിടിച്ചിരിക്കുന്നു. അതുകൊണ്ടാണു ഞാൻ കിടപ്പറയിൽ തോറ്റത്... കന്യാകുമാരിയിൽ ഹണിമൂണിനു ചെന്നിട്ടും ഉറങ്ങിപ്പോയത്.

കന്യാകുമാരിയിൽവച്ചു വായിൽനിന്നു ചോരവന്നതെന്ത്? മണലിൽ ബോധമറ്റു വീണപ്പോൾ കല്ലുകൊണ്ടതാണെന്നും മറ്റും പറഞ്ഞാൽ വിശ്വസിക്കാൻ വയ്യ. ഫോംറബ്ബർമെത്തയിൽ മൂർച്ചയുള്ള സാധനങ്ങളൊന്നുമില്ല. എന്നിട്ടും ചോരയൊലിച്ചു, തലയണയിൽ നിണം പുരണ്ടു.

രാഗിണി യക്ഷിയാണ്. എന്റെ ചോരയൂറ്റിക്കുടിക്കാനാണ് അവൾ ശ്രമിച്ചത്.

രക്തം അവളുടെ പ്രിയപ്പെട്ട പാനീയമാണ്. ടൊമാറ്റോ സൂപ്പു കാണുമ്പോഴും അവൾ രക്തത്തെക്കുറിച്ചോർമ്മിക്കുന്നു. ഞാൻ കാണുന്ന സ്വപ്നത്തിൽ അവളുടെ ചുണ്ടിൽനിന്നും ചോര ഇറ്റുവീഴുന്നു.

അവളോട് ഒരു ഭർത്താവിനെപ്പോലെ പെരുമാറിയാൽ ഞാൻ മരിക്കും.

അതു പാടില്ല.

അതുകൊണ്ടാണു കിടക്കറയിൽ ഞാൻ അപ്രാപ്തനാവുന്നത്.

എന്റെ ശരീരം ഒരു രക്ഷാകവചം കണ്ടുപിടിച്ചിരിക്കുന്നു.

## കനി മൂത്തില്ല

ഒടുവിലുണ്ടായ എന്റെ പരാജയം രാഗിണിയെ വല്ലാതെ സ്പർശിച്ചു.

അടുത്ത തവണ അവളുടെ ഡയറി പരിശോധിച്ചപ്പോൾ കണ്ട കുറിപ്പ് ഇതാണ്:

ആശകളെല്ലാം കരിഞ്ഞുവെന്നു തീരുമാനിച്ചശേഷം ഒരു കൂമ്പുയരുന്നതു കണ്ടാൽ ആനന്ദം പതഞ്ഞൊഴുകും. കുളിമുറിയിൽ ശ്രീനി കടന്നുവന്നപ്പോൾ ഞാൻ എത്രമാത്രം സന്തോഷിച്ചെന്നോ? എന്റെ കഴുത്തിനു പിന്നിൽ ചുംബിച്ചു. എന്നെ വാരിയെടുത്തുകൊണ്ടു പോയി. എന്നിട്ടും... എന്നിട്ടും! ഇതെന്തെങ്കിലും തരത്തിലുള്ള രോഗമാണോ? ഞാൻ എങ്ങനെ ചോദിക്കും! ആരോടു പറയും! ഈശ്വരാ! ഇങ്ങനെയൊരവസ്ഥ ഒരു പെൺകുട്ടിക്കും ഉണ്ടാകരുതേ! എന്നെ ശ്രീനി അകറ്റിനിറുത്തുന്നത് ഈ കുഴപ്പംകൊണ്ടാണോ? എല്ലാം നേരെയാവണേ!

രോഗമോ? എന്റെ കഴിവുകേട് എന്റെ രക്ഷാകവചമാണ്. എന്നെ അപകടപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല.

അവൾ കൂടക്കൂടെ കരയുന്നത് ഒരു പതിവായി. എന്തോ നഷ്ടപ്പെട്ടതുപോലെ. എല്ലാം തന്ത്രമാണ്. എന്റെ ഭാര്യ സുന്ദരിയാണെന്നു പറയുകയും, അതുകൊണ്ട് എന്നോട് അസൂയ വച്ചുപുലർത്തുകയും ചെയ്യുന്ന

ആളുകളറിയുന്നുണ്ടോ, എന്റെ ദുരവസ്ഥ? എപ്പോഴും കരുതലോടെ കഴിയണമെന്നു വന്നാൽ എന്തൊരു ബുദ്ധിമുട്ടാണ്! മനസ്സിലെന്തൊരു സംഘർഷമാണ്! അനുഭവിച്ചെങ്കിലേ അറിയാൻ പറ്റൂ. ഞാൻ എങ്ങനെയാണ് ഈ ദുർഘടത്തിൽനിന്നും മോചനം നേടുന്നത്?

അങ്ങനെ, തകർന്ന ഹൃദയത്തോടെ, ഭയങ്കരമായ സംശയങ്ങളോടെ, ഞാൻ ദിവസങ്ങൾ തള്ളിനീക്കി. എന്റെ രാഗിണി, അന്നൊന്നും ഞാൻ നിന്നെ മനസ്സിലാക്കിയില്ല. രക്തദാഹമുള്ള ഒരു യക്ഷിയാണു നീയെന്ന് ഞാൻ തെറ്റിദ്ധരിച്ചു. എന്റെ ബീഭത്സമായ മുഖം തേടി നീ വന്നത്, അതിഭയങ്കരമായ ഒരുദ്ദേശ്യത്തോടെയാണെന്നു ഞാൻ വിചാരിച്ചു. എന്റെ മടിയിൽ കിടന്നുകൊണ്ടു നീ നിന്റെ കഥ മുഴുവനും പറഞ്ഞപ്പോഴാണു ഞാൻ പരമാർത്ഥമറിഞ്ഞത്. എത്ര വൈകിപ്പോയി! നീ പുകച്ചുരുളായി മാറി.

എന്തുകൊണ്ടാണു നീ നേരത്തേ എന്നോടു നിന്റെ കഥ പറയാഞ്ഞത്? എനിക്കു കവിഹൃദയമുണ്ടെന്നു നീ പലപ്പോഴും സൂചിപ്പിച്ചു, എന്തുകൊണ്ടു തെളിച്ചു പറഞ്ഞില്ല, ഞാൻ മുൻപൊരു ജന്മത്തിൽ ഒരു കവിയായിരുന്നെന്ന്? നൂറ്റാണ്ടുകൾക്കു മുമ്പു നാം കണ്ടുമുട്ടിയെന്ന്? അങ്ങനെ നീ പറഞ്ഞിരുന്നെങ്കിൽ എല്ലാം ശുഭമായി കലാശിച്ചിരിക്കുമോ? എനിക്കറിഞ്ഞുകൂടാ. നിന്റെ ശാപം അപ്പോഴും നിന്നെ പിടികൂടിയിരിക്കാം. എങ്കിലും നാം ഒന്നിച്ചു കഴിഞ്ഞ കാലം അല്പമെങ്കിലും ആഹ്ലാദകരമായിരുന്നിരിക്കയില്ലേ? സംശയത്തിന്റെ കടുത്ത വിഷം ശരീരത്തിൽ കലരാതെ സൂക്ഷിക്കാൻ കഴിയുമായിരുന്നില്ലേ?

നടന്നതു നടന്നു. ഒന്നുമാത്രം നീ മനസ്സിലാക്കുമോ, രാഗിണീ? ഞാൻ പശ്ചാത്തപിക്കുന്നു. ഒരിക്കലെങ്കിലും നിന്നെയൊന്നു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ നിന്റെ പാദങ്ങളിൽ വീണു മാപ്പു ചോദിച്ചേനേ. പക്ഷേ, അതു സാദ്ധ്യമല്ല. നീ രൂപം മാറിയിരിക്കുന്നു. അന്തരീക്ഷത്തിൽ വിലയം പ്രാപിച്ചിരിക്കുന്നു. നീ മരിച്ചെന്ന് പോലീസുകാർ വിശ്വസിക്കുന്നുണ്ടോ? നീ മരിച്ചിട്ടില്ല. മരിച്ചെങ്കിൽ എന്റെ സ്വപ്നങ്ങളിൽ നീ കടന്നു വന്നേനെ. മരിച്ചവർ നടന്നെത്തുന്ന നൂൽപാലങ്ങളാണു സ്വപ്നങ്ങൾ!

സംശയത്തിന്റെ വിഷം എന്റെ സിരാചക്രത്തിൽ കുതിച്ചുകയറിയ ആ നാളുകളിൽ, എനിക്ക് ആരുടെയെങ്കിലും ഉപദേശം തേടണമെന്നു തോന്നി. ഞാൻ ചന്ദ്രശേഖരനെക്കാണാൻ ചെന്നു. എന്നെ ഉപദേശിക്കാൻ ഈ ലോകത്തിൽ മറ്റാരുമില്ല.

“എനിക്കു നിന്റെ സഹായം വേണം.'' ഞാൻ പറഞ്ഞു. എന്റെ ദൈന്യഭാവം അവനെ ആശങ്കാഭരിതനാക്കി.

“എന്താണ് ശ്രീനി, പറയൂ.''

“പറയാം...ദീർഘമായിത്തന്നെ പറയാം...നീ എന്നെ കൈവിടരുത്.'' ഒരു കൊച്ചുകുട്ടിയെപ്പോലെയാണു ഞാൻ സംസാരിച്ചത്.

എന്റെ കൈയിൽ അവൻ ഒന്നമർത്തിപ്പിടിച്ചു—എന്തോ ഉറപ്പു തരുന്നതുപോലെ.

“ഞാൻ നിന്നെ കൈവിടുമോ? ഒരിക്കലുമില്ല. പറയൂ, എന്താണെങ്കിലും പറയൂ!’’

“അന്നു നാം പാർക്കിൽവച്ചു സംസാരിച്ചതോർക്കുന്നോ? സ്വപ്നങ്ങളെപ്പറ്റി...’’

“ഉവ്വ്.’’

“അന്നു ഞാൻ നിന്നോടു തുറന്നു സംസാരിച്ചില്ല. ഞാൻ നിന്നോടു കളവു പറഞ്ഞു.’’

പിന്നീട് എന്റെ കഥ അണപൊട്ടിയൊഴുകി. എന്റെ മാംസദാഹത്തെപ്പറ്റി പറഞ്ഞു. ലാബറട്ടറിയിലെ അപകടത്തിനുശേഷം ക്ലാസ്മുറിയിൽവച്ച് വനജയോടു തോന്നിയ വികാരത്തെപ്പറ്റിയും, വാഴക്കൂട്ടത്തിന്റെ പിന്നിലുള്ള മരയഴിയിട്ട വീട്ടിലേക്കു പോയതിനെപ്പറ്റിയും ഞാൻ തുറന്നു സംസാരിച്ചു. ടൗൺഹാളിനടുത്തുള്ള വളവിൽവച്ച് രാഗിണിയെ ആദ്യമായി കണ്ട രാത്രി, എന്റെ കിടക്കറപ്പരാജയങ്ങൾ, കന്യാകുമാരിയിലെ അനുഭവം, എന്റെ കോണിപ്പടിസ്വപ്നങ്ങൾ, പാലമരത്തിൽനിന്നുയരുന്ന ഗാനധാര—അവയെക്കുറിച്ചെല്ലാം ഞാൻ വിവരിച്ചു. കെട്ടഴിച്ചുകൊണ്ട്, ഒട്ടേറെ വ്രണങ്ങൾ ഞാൻ പ്രദർശിപ്പിക്കുകയായിരുന്നു.

ഒടുവിൽ ഞാൻ ഇങ്ങനെ നിറുത്തി: “അന്നു നീ ചോദിച്ചു—ആരാണവൾ, നാടേത്, വീടേത്? അന്നു നീ മുന്നറിയിപ്പു തന്നു. എന്നിട്ടും രാഗിണിയെ ഞാൻ വിവാഹം ചെയ്തു.’’

ഇത്തരമൊരു കുമ്പസാരവുമായി ഞാൻ വന്നിരിക്കയാണെന്ന് അവൻ അറിഞ്ഞിരുന്നില്ലല്ലോ. അതുകൊണ്ടാണ് അവൻ വായും പൊളിച്ചിരുന്നത്. അവന്റെ കണ്ണുകളിൽ അവിശ്വാസത്തിന്റെ നിഴലാട്ടം ഞാൻ കണ്ടു.

“ആരാണവൾ? പറയൂ!’’ ഞാൻ നിർബ്ബന്ധിച്ചു.

അവൻ ഒന്നും പറഞ്ഞില്ല.

“അവൾ പറഞ്ഞതുപോലെ ആ പാല പൂത്തു. അമ്മൂമ്മയെപ്പറ്റിയും അവരുടെ വീടിനെപ്പറ്റിയും അവൾ കള്ളം പറഞ്ഞു. അവളെ കണ്ടാൽ നായ്ക്കൾക്ക് ഭയമാണ്. എന്തുകൊണ്ടാണ് ജൂഡി മരിച്ചത്? എന്റെ വായിൽനിന്നും ചോരയൊലിച്ചതെന്താണ്? ബാൽക്കണി തകരുമെന്ന് അവൾ മുൻകൂട്ടിയറിഞ്ഞതെങ്ങനെ? അവളുടെ കാലുകൾ തറയിൽ തൊട്ടില്ല. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ആഭരണങ്ങൾ അവൾ സൂക്ഷിച്ചുവച്ചിരിക്കുന്നു.’’

എന്റെ ഭയങ്കരമായ കഥ ചന്ദ്രശേഖരന്റെ നെഞ്ചിൽ തറച്ചുകൊണ്ടു. അവൻ വേദനയനുഭവിക്കയായിരുന്നു.

“ആരാണവൾ? ആരാണവൾ?’’ ഉറക്കെ ചോദിച്ചുകൊണ്ടു ഞാൻ എഴുന്നേറ്റു. എന്റെ തലച്ചോറിന്റെ അസ്ഥിവാരത്തിൽ ഒരു ഭൂകമ്പമുണ്ടാകുന്നതുപോലെ തോന്നി. ഞാൻ രണ്ടു കൈയും നെറ്റിയിൽ അമർത്തിപ്പിടിച്ചു.

ചന്ദ്രശേഖരൻ എന്നെ താങ്ങി; മുറിയുടെ മൂലയിലിട്ടിരുന്ന സോഫയിൽ എന്നെ മെല്ലെ കിടത്തി: "ശ്രീനീ, നീ ഓരോന്നോർമ്മിച്ചു ക്ഷോഭിക്കാതിരിക്കൂ."

"നീ എന്നെ വിശ്വസിക്കുന്നില്ലേ?''

"നിനക്കെന്തോ അസുഖമുണ്ട്...അന്നു ഞാൻ പറഞ്ഞില്ലേ, ആ കോണിപ്പടിസ്വപ്നം നിന്റെ പരാജയത്തിന്റെ പ്രതീകമാവാമെന്ന്? നീ ഒരു ഡോക്ടറെ കാണണം.''

ഞാൻ പൊട്ടിച്ചിരിച്ചു: "നീ എന്നെ വിശ്വസിക്കുന്നില്ല. ആരും എന്നെ വിശ്വസിക്കയില്ല! എനിക്കറിയാം. ഞാൻ ഭ്രാന്തു പറയുകയാണെന്ന് ആളുകൾ കരുതും...ഞാൻ ഒരു ഭ്രാന്തുകൂടി പറയട്ടെ? കല്യാണിയമ്മ യുടെ ഗർഭം അലസിപ്പോകും.''

"എന്താണു നീ പറയുന്നത്?''

"രാഗിണി യക്ഷിയാണ്. അവൾക്കു ഭ്രൂണങ്ങളെ തിന്നാൻ വളരെ ഇഷ്ടമാണ്.''

ചന്ദ്രശേഖരൻ ഞെട്ടി.

"ശ്രീനീ, അല്പം റെസ്റ്റ് എടുക്കൂ.''

"എന്നോട് ഒരു കൊച്ചുകുട്ടിയോടെന്നപോലെ പെരുമാറാതിരിക്കാമോ? എനിക്കൊരു റെസ്റ്റും വേണ്ട. നിന്റെ സഹായമാണു വേണ്ടത്.''

"ഞാനെന്തു ചെയ്യണം?''

"എനിക്ക് രാഗിണിയെ ഉപേക്ഷിക്കണം. വിവാഹമോചനം നട ത്തണം...''

"എന്ത്!''

"ഞാൻ അവളെ ഉപേക്ഷിക്കും. മനുഷ്യനും യക്ഷിയും തമ്മിൽ വിവാഹബന്ധം പാടില്ല... ഒരുപക്ഷേ, വിവാഹമോചനത്തിനുശേഷം അവൾ പിന്നെയും വന്നാലോ? അങ്ങനെ എന്നെ പിടികൂടാൻ അവൾ വരുമോ? വന്നാൽ, വന്നാൽ... ഞാൻ അവളെ തകർക്കും! നിനക്കറിയാമോ? ഉറുമ്പുകളെപ്പിടിച്ചു ഹോമിച്ചാൽ മതി...യക്ഷികൾ നശിക്കും.''

"ശ്രീനീ, നിനക്കു ഭ്രാന്തുണ്ടോ? നീ എന്താണിങ്ങനെ പുലമ്പുന്നത്?''

"എനിക്കൊരു ഭ്രാന്തുമില്ല. അവൾ യക്ഷിയാണ്. എനിക്ക് അവളെ ഉപേക്ഷിക്കണം. ഞാൻ അവളെ ഭയപ്പെടുന്നു. ഞാൻ എങ്ങോട്ടെങ്കിലും ഓടിപ്പോയാലോ? രക്ഷയില്ല. അവൾ പിറകെ വരും. ഉപേക്ഷിക്കണം. വിവാഹമോചനത്തിനു കേസു കൊടുക്കണം.''

ചന്ദ്രശേഖരന്റെ കണ്ണുകൾ നനഞ്ഞു. എന്തിനാണ് അവൻ ദുഃഖിക്കു ന്നത്? എനിക്കൊരു സ്നേഹിതനേയുള്ളൂ. അവനെ ഞാൻ ദുഃഖിപ്പിക്കുന്നു. കടുത്ത പാപമാണു ഞാൻ ചെയ്യുന്നത്. ഞാൻ സോഫയിൽ കമിഴ്ന്നു കിടന്നു. ഒരു കൊച്ചുകുട്ടിയെപ്പോലെ തേങ്ങിക്കരഞ്ഞു.

അടുത്തിരുന്നുകൊണ്ട് അവൻ കരുണയോടെ എന്റെ മുതുകിൽ തട്ടി.

തങ്കം അവിടെ വന്നെന്നു തോന്നുന്നു.

"തങ്കം, ഞങ്ങളൊരു കാര്യം സംസാരിച്ചുകൊണ്ടിരിക്കയാണ്. നീ കുറച്ചു കാപ്പിയുണ്ടാക്ക്..." ചന്ദ്രന്റെ ശബ്ദം കേട്ടു. തങ്കത്തിനെ പറഞ്ഞയയ്ക്കാൻ ശ്രമിക്കുകയാണവൻ.

എന്റെ മുതുകിൽ അവൻ അങ്ങനെ തട്ടിക്കൊണ്ടിരുന്നപ്പോൾ, ഞാൻ ഉറങ്ങിപ്പോയി.

കണ്ണു തുറന്നപ്പോൾ സായാഹ്നമായിരുന്നു. അപ്പോഴും ചന്ദ്രശേഖരൻ എന്റെയരികിലുണ്ട്. എന്റെ മനസ്സിന്റെ ഭാരം അല്പം കുറഞ്ഞിട്ടുണ്ടെന്നു തോന്നി.

"സുഖം തോന്നുന്നുണ്ടോ?'' അവൻ ചോദിച്ചു:

"ഉം.''

"ശ്രീനിയോടു ഞാൻ ചിലതു പറയട്ടെ, തുറന്നുതന്നെ?''

"എന്താണ്?''

"ഇന്നെന്നോടു സംസാരിച്ചമട്ടിൽ ആരോടും സംസാരിക്കരുത്...''

എന്റെ പ്രതികരണമറിയാൻ അവൻ ഒന്നു നിറുത്തി. പിന്നെ പറഞ്ഞതിതാണ്: "ഇന്നോളം രാഗിണിയൊന്നിച്ച്...''

"ഇന്നോളം ഉണ്ടായിട്ടില്ല.''

"ശ്രമിച്ചിട്ടില്ലേ?''

"ഞാൻ പറഞ്ഞില്ലേ? ഞാൻ അശക്തനാവുന്നു.''

"ആ വാഴക്കൂട്ടത്തിനടുത്തുള്ള വീട്ടിൽ പോകുന്നതിനുമുമ്പ്...''

"ഒന്നും ഉണ്ടായിട്ടില്ല...ഞാൻ ഇന്നും ബ്രഹ്മചര്യം കാത്തുസൂക്ഷിക്കുന്നു."

"ശ്രീനി ഒരു നല്ല ഡോക്ടറെക്കാണണം.''

"എന്തിന്? എനിക്ക് ഒരു രോഗവുമില്ല.''

"അങ്ങനെ പറയരുത്, ശ്രീനീ...എന്തോ തകരാറുണ്ട്. അതു താൽക്കാലികമാവാം. ആ വാഴക്കൂട്ടത്തിന്റെ ഓർമ്മയാവാം ഇതിന്റെയൊക്കെ അടിയിലുള്ളത്...'സൈക്കിക്ക് ട്രോമ' എന്നൊക്കെ കേട്ടിട്ടില്ലേ?''

"ഇതു ഡോക്ടർ നോക്കേണ്ട രോഗമല്ല; ഇതിനു നല്ല മന്ത്രവാദികളാണു വേണ്ടത്.''

"കിടക്കറയിൽ നിനക്ക്...''

"എന്റെ കഴിവുകേടു രാഗിണിയോട് മാത്രമാണ്. അത് എന്റെ രക്ഷാകവചമാണ്. അല്ലെങ്കിൽ ഞാൻ മരിച്ചുപോകും.''

"ബി സെൻസിബിൾ, ശ്രീനി! നീ ഒരു സയന്റിസ്റ്റാണ്. ഇതൊക്കെ നിന്റെ തോന്നലാണ്. നിന്റെ സംശയങ്ങൾ ബാലിശങ്ങളാണ്...''

"അല്ല! അല്ല!'' ഞാൻ ശഠിച്ചു.

"നീ ഒന്നു തിരിഞ്ഞുനോക്കൂ! നിന്റെ മുഖം പൊള്ളിയതിനുശേഷം, നീ എല്ലാവരിൽനിന്നും അകന്നു. നിന്റേതു മാത്രമായ ഒരു ലോകത്തിലേക്കു നീ പൊയ്ക്കളഞ്ഞു. അതിനിടയ്ക്കാണു നീ യക്ഷികളെപ്പറ്റിയുള്ള ഗവേഷണം തുടങ്ങിയത്...''

"അതേ, അതുകൊണ്ട്?''

"ആ സ്റ്റാഫ് യോഗം നീ ഓർക്കുന്നില്ലേ? അന്നു നീ പറഞ്ഞു, മുൻവിധികൾകൂടാതെ മന്ത്രവാദത്തെപ്പറ്റിയും മറ്റും പഠിക്കാൻ പോവുകയാണെന്ന്."

"അതെ."

"അതൊന്നു മാത്രമാണ് നീ ചെയ്യാത്തത്. നീ അന്വേഷണമല്ല നടത്തിയത്. കണ്ണടച്ചുപിടിച്ചുകൊണ്ടു നിന്റെ ഓലക്കെട്ടുകളെ നീ വിശ്വസിച്ചു."

"അല്ല! അല്ല! എനിക്കു വേണ്ടത്ര തെളിവുകളുണ്ട്. ഞാൻ പറഞ്ഞല്ലോ—"

"നീ പറഞ്ഞതൊക്കെ ഞാൻ കേട്ടു."

"ആ സംഭവങ്ങൾക്കു വ്യാഖ്യാനം നൽകാമോ?"

"ഓഹോ! എല്ലാം നിന്റെ തോന്നലാണ്."

"അവളുടെ അമ്മൂമ്മയാരാണ്?"

"അതു കണ്ടുപിടിക്കാവുന്ന കാര്യമാണ്. അവളോട് ഇന്നോളം നീ ചോദിക്കാത്തതെന്ത്?"

"കന്യാകുമാരിയിൽവച്ചു നടന്നത്?"

"നീ ബോധംകെട്ടു വീണപ്പോൾ ചുണ്ടു മുറിഞ്ഞതാവാം."

"തലയണയിൽ ചോര പുരണ്ടത്?"

"അതേ മുറിവിൽനിന്നും വന്നതാവാം."

"ഓ!" ഞാൻ അല്പം നീരസത്തോടെ മുരണ്ടു.

"മറ്റെല്ലാം നിനക്കു തോന്നിയതാണ്. എല്ലാത്തിനും നിന്റെ തെളിവു മാത്രമാണുള്ളത്."

"എന്നു പറഞ്ഞാൽ...നീ എന്നെ അവിശ്വസിക്കുന്നു!"

"എന്നു പറഞ്ഞില്ലല്ലോ. നിനക്കു ചില തോന്നലുകളുണ്ടായി. അവയൊക്കെ നേരാണെന്നു നീ ധരിച്ചു, അത്രതന്നെ."

"ജൂഡി മരിച്ചില്ലേ? അതു തോന്നലാണോ?"

"മരണകാരണം നിന്റെ സങ്കല്പമാണ്."

"രാഗിണിപോലും പറയുന്നു, അവളെക്കണ്ടു ഭയന്നിട്ടാണെന്ന്..."

"അതും എന്റെ വാദത്തിനു ശക്തി കൂട്ടുന്നതേയുള്ളൂ. രാഗിണി ഒന്നും മറച്ചുവച്ചില്ലെന്നർത്ഥം! അവളുടെ തോന്നലും തെറ്റാവാം. എന്തെങ്കിലും രോഗമില്ലാതെ ജൂഡി മരിച്ചിരിക്കയില്ല."

"പാലമരത്തിലെ ഗാനം?"

"നീ മാത്രമല്ലേ, അതു കേട്ടത്?"

"ആട്ടെ, പാല പൂത്തത്?"

"മൊട്ടുകൾ മുമ്പുതന്നെ ഉണ്ടായിരുന്നു!"

"അവളുടെ കാലുകൾ തറയിൽ തൊട്ടില്ല."

"നിന്റെ തോന്നലാണ്, ശ്രീനി!"

"ആ പഴയ ആഭരണങ്ങളോ?"

"അമ്മൂമ്മ കൊടുത്തതുതന്നെയാവാം."

"അപ്പോൾ, നീ രാഗിണിയുടെ പക്ഷത്താണ്?''

ചന്ദ്രശേഖരൻ കുറേനേരം എന്നെ നോക്കിക്കൊണ്ടിരുന്നു—ഒരത്ഭുത വസ്തുവിനെ കാണുന്നതുപോലെ. പിന്നീട്, പതിഞ്ഞ സ്വരത്തിൽ, നിറുത്തി നിറുത്തി, അവൻ സംസാരിച്ചപ്പോൾ ഞാൻ നിഷേധഭാവത്തിൽ തല കുലുക്കി.

"രാഗിണിയെ കിട്ടിയതു നിന്റെ ഭാഗ്യമാണ്. നിന്റെ മുഖം വിരൂപ യായ ഒരു പെൺകുട്ടിക്കുപോലും ഇഷ്ടമാവുകയില്ല. എന്നിട്ടും രാഗിണി നിന്റേതായി. അതു നിന്റെ ഭാഗ്യമാണ്. അവളുടെ മനസ്സിനെ കീഴടക്കാനേ നിനക്കു കഴിഞ്ഞിട്ടുള്ളൂ. അവളുടെ ശരീരം ഇന്നും നിനക്കു കിട്ടിയിട്ടില്ല. നിനക്കു ചികിത്സ ആവശ്യമാണ്. നീ ഒരു ഡോക്ടറെ കാണണം. വേണ്ടിവന്നാൽ ഒരു സൈക്കിയാട്രിസ്റ്റിനെ കാണണം, ഒരു വിദഗ്ദ്ധനെ....''

ഒന്നും പറയാതെ ഞാൻ തല കുനിച്ചുപിടിച്ചപ്പോൾ, അവൻ തുടർന്നു: "ഒളിച്ചുകളിക്കേണ്ട കാര്യമൊന്നുമില്ല. എല്ലാം നേരെയാവും. കഴിവുകേടിനു മറപിടിക്കാൻ നീ ഇന്നു സങ്കല്പങ്ങളെ തേടുന്നു. മാംസവും മജ്ജയുമുള്ള ഒരു പെൺകുട്ടിയെ യക്ഷിയായി മുദ്രകുത്താൻപോലും നീ തയ്യാറാവുന്നു."

എനിക്കു കലശലായ ദേഷ്യം വന്നു. ഞാൻ സഹായം തേടാൻ ചെന്ന താണ്. ഒരു തീസ്സിസ് കേൾക്കാനല്ല. എന്റെ ചന്ദ്രശേഖരനുപോലും എന്നെ വിശ്വസിക്കാൻ കഴിയുന്നില്ല, അവനുപോലും സഹതാപം നൽ കാനില്ല. മറ്റുള്ളവർ ഹൃദയം വച്ചുസൂക്ഷിക്കുന്ന സ്ഥാനത്ത് ഇവൻ എന്താണു സൂക്ഷിക്കുന്നത്? കരിങ്കല്ലോ?

ഞാൻ പിന്നെ അവിടെ നിന്നില്ല. ഇറങ്ങി വേഗം നടന്നു.

"ശ്രീനീ...ശ്രീനീ!'' അവൻ വിളിച്ചു. ഞാൻ തിരിഞ്ഞുനോക്കിയില്ല.

വീട്ടിലേക്കു പോകാൻ എനിക്കു തോന്നിയില്ല. ഞാൻ അലഞ്ഞു നടന്നു. ചന്ദ്രശേഖരന്റെ വിശകലനം സ്വീകരിക്കാൻ എനിക്കു കഴിഞ്ഞില്ല. അവൻ യുക്തിവാദിയാണ്. ലോകം മുഴുവൻ യുക്തിവാദികളാണ്. അവർ ഒന്നിച്ചുനിന്നു കൂവും: "ശ്രീനിവാസനു ഭ്രാന്താണ്, ഭ്രാന്താണ്!''

എനിക്കു ചികിത്സ വേണമത്രെ! ആരോഗ്യവാനാണ് ഞാൻ. കരുത്ത നാണ്. എന്റെ കൈത്തണ്ടുകൾക്ക് ഇരുമ്പിന്റെ ദാർഢ്യമുണ്ട്. ഞാൻ ഒന്നാംകിട ടെന്നീസ് കളിക്കാരനായിരുന്നു. എനിക്കു ചികിത്സയൊന്നും വേണ്ട. എന്റെ കഴിവുകേടു ശാശ്വതമല്ല. അതൊരു രക്ഷാകവചമാണ്.

എങ്കിലും അവളെ കാണുമ്പോൾ ഞാൻ ഇളകിപ്പോകുന്നു. അവളുടെ ശരീരസൗഭാഗ്യം എനിക്കു കിതപ്പുണ്ടാക്കുന്നു. എന്റെ സംശയങ്ങൾ തെറ്റാണെന്നുവരുമോ? ആ ഡയറിക്കുറിപ്പുകൾ ഒരു യക്ഷിയുടെ വികാരങ്ങളാണോ പ്രതിഫലിപ്പിക്കുന്നത്? മനസ്സിന്റെ ഭിത്തിയിൽ ചിന്തകളുടെ പായൽ പടരാൻ തുടങ്ങി.

ഞാൻ തളർന്നുകൂടാ. മുൻകരുതൽ വേണം. ഇത്രയൊക്കെയായിട്ടും അവൾ ഒരുപക്ഷേ, യക്ഷിയായിരിക്കയില്ലെന്ന് എനിക്കു തോന്നുന്നതു

തന്നെ അവൾക്കെതിരായുള്ള ഒന്നാന്തരം തെളിവാണ്. അവളുടെ മായാജാലമാണ് എനിക്കിത്തരം ചാഞ്ചാട്ടമുണ്ടാക്കുന്നത്. ഒട്ടും സംശയിക്കാനില്ല. അവൾ യക്ഷിയാണ്.

വീട്ടിലെത്തിയപ്പോൾ സന്ധ്യകഴിഞ്ഞു. ഞാൻ വല്ലാതെ ക്ഷീണിച്ചിരുന്നു. എന്റെ കാലിലെ മാംസപേശികൾ പിരിമുറുക്കംകൂടിയ കമ്പികളാണെന്നു തോന്നി.

ഞാൻ ലൈറ്റിട്ടു. രാഗിണിയെ കണ്ടില്ല.

അവൾ അനന്തന്റെ വീട്ടിലായിരിക്കും. രക്തയക്ഷി! ഭ്രൂണം തിന്നാൻ പോയിരിക്കുന്നു.

ഒരു കാറിന്റെ ശബ്ദം കേട്ടു. ഞാൻ വെളിയിലിറങ്ങി നോക്കി. അനന്തന്റെ ഗേറ്റിലാണ് അതു നിന്നത്. ഒരു ലേഡീഡോക്ടർ ഇറങ്ങുന്നതു കണ്ടു.

എന്തു പറ്റി? കല്യാണിയമ്മയ്ക്കെന്തെങ്കിലും...?

ഞാൻ അനന്തന്റെ വീട്ടിലെത്തി. അയാൾ പരിഭ്രാന്തനായി മുറ്റത്തു നടക്കുകയാണ്.

"എന്തുപറ്റി?" ഞാൻ ചോദിച്ചു.

"കല്യാണിക്കു സുഖമില്ല."

"എന്താണസുഖം?"

"അബോർഷനായെന്നു തോന്നുന്നു!"

"ലേഡീഡോക്ടറെവിടെ?"

"കുളിമുറിയിലാണ്."

"കുളിമുറിയിലോ?"

"അതെ, കുളിക്കാൻ കയറിയപ്പോഴാണ്..."

"രാഗിണി ഇവിടെ വന്നോ?"

"കുളിമുറിയിലുണ്ട്."

ഞാൻ വിചാരിച്ചമട്ടിലാണു കാര്യങ്ങൾ നടന്നിരിക്കുന്നത്. ആ സ്വപ്നം ഒരു മുന്നറിയിപ്പായിരുന്നു. വെള്ള മാർബിൾ പതിച്ച കുളിമുറിയിൽ, വെളുത്ത ബാത്ത്ടബ്ബിൽ ചോരയൊഴുകുന്നു. സോപ്പിന്റെ വെളുത്ത പത രക്തവർണ്ണം കൈക്കൊള്ളുന്നു.

അനന്തന്റെ വീട്ടിലെ കുളിമുറിയിൽ വെള്ളമാർബിളില്ല. ബാത്ത്ടബ്ബില്ല. എങ്കിലും അതൊരു കുളിമുറിയാണ്. കുളിക്കുമ്പോഴാണു സംഭവം. രാഗിണി കുളിമുറിയിലുണ്ട്.

യക്ഷിയുടെ വിശപ്പു തീർന്നുവോ? അവൾക്കു കൊതിച്ചതു കിട്ടിയിരിക്കുന്നു.

കുളിമുറിയിൽ രക്തം തളംകെട്ടി നില്ക്കയായിരിക്കും.

വൈകിവന്ന ഗർഭമാണ്. എത്ര കരുതലോടെയാണ് അനന്തൻ കല്യാണിയമ്മയെ പരിചരിച്ചുപോന്നത്! എങ്കിലും കനി മൂത്തില്ല. കണ്ണിമാങ്ങ ഉതിർന്നു പോയി. എങ്ങനെയാണ് ആശ്വസിപ്പിക്കുക?

കുറെനേരം ഞാൻ പരുങ്ങി നിന്നു; പിന്നെ മന്ത്രിച്ചു:

"ടേക്ക് ഇറ്റ് ഈസി!''

പിന്നെയവിടെ നിന്നില്ല.

പാവം, കല്യാണിയമ്മ! ഇനി ഒരിക്കലും അവർക്കൊരു കുഞ്ഞുണ്ടാവുകയില്ല. ആ പഴയ വൃക്ഷം ഇനി ഉണങ്ങിത്തുടങ്ങും. അതിന്റെ ഉൾക്കാമ്പിലാണു യക്ഷി കൈവച്ചത്.

എല്ലാം എന്റെ തോന്നലാണെന്നു പറയുന്ന ചന്ദ്രശേഖരൻ എത്ര മഠയനാണ്. അവനൊന്നുമറിഞ്ഞുകൂട.

എന്റെ വിശകലനമാണു ശരി. എന്റെ കഴിവുകേട് എന്റെ രക്ഷാകവചമാണ്.

ആ കോണിപ്പടിസ്വപ്നത്തിന്റെ അർത്ഥം അതാണ്. മുകളിലത്തെ പടിയിൽ കയറരുത്. ആ പട്ടുമെത്തയിൽ കയറിയിരിക്കരുത്. അതു നിന്റെ ചുടുകാടാണ്. മടങ്ങൂ! ഉരുണ്ടുവീഴൂ! ഭൂമിയിലേക്ക്.

അതാ, ആശുപത്രിസൂപ്രണ്ട് ഇങ്ങോട്ടു വരുന്നു.

ഇന്നും ആ പോലീസുദ്യോഗസ്ഥന്മാർ ഇവിടെ വന്നിരുന്നു.

ഡാലിയുടെ മുഖമുള്ള ആ സർക്കിൾ ഇൻസ്പെക്ടർ ഒരു ഭയങ്കരനാണ്. അയാളുടെ നോട്ടം തുളച്ചുകയറുന്നതാണ്. പക്ഷേ, അയാൾ മഠയനാണ്. അതുകൊണ്ട് അയാൾ എന്നെ സംശയിക്കുമോ? എന്തിനു സംശയിക്കണം?

രാഗിണി മരിച്ചിട്ടില്ല!

## ജ്വാല

ഇന്നലെ, തീരെ പ്രതീക്ഷിച്ചിരിക്കാത്ത ഒരു അഭ്യർത്ഥനയാണ് ആശുപത്രി സൂപ്രണ്ട് നടത്തിയത്.

"എഴുതിക്കഴിഞ്ഞോ മുഴുവനും?''

"ഇനിയും എഴുതാനുണ്ട്.''

"എഴുതിയിടത്തോളം തരൂ! ഞാൻ വായിക്കട്ടെ.''

"ഡോക്ടർക്കു രസമുള്ള യാതൊന്നും ഇതിലില്ല.''

"ആരു പറഞ്ഞു? ഞാൻ ഒരു നല്ല വായനക്കാരനാണ്.''

ഇങ്ങനെ അദ്ദേഹം ചോദിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഞാൻ കുത്തിക്കുറിക്കുന്ന ഈ കടലാസുകൾ അദ്ദേഹമെന്തിനു വായിക്കുന്നു! ഏതായാലും ഞാൻ കടലാസുകൾ അടുക്കി, മടക്കി, കൊടുത്തു. അദ്ദേഹം നല്ല മനുഷ്യനാണ്. എനിക്കിവിടെ പരിപൂർണ്ണമായ സ്വാതന്ത്ര്യം തന്നിരിക്കുന്നു.

"ഡോണ്ട് വറി! തിരിച്ചു തരാം.'' മന്ദഹസിച്ചുകൊണ്ട് അദ്ദേഹം യാത്രയായി.

പിന്നീടാണ് എനിക്കൊരു സംശയം തോന്നിയത്. പോലീസുദ്യോഗസ്ഥന്മാരെ കാണിക്കാൻ വേണ്ടിയാവാം സൂപ്രണ്ട് എന്റെ കടലാസുകൾ എടുത്തുകൊണ്ടുപോയത്. അങ്ങനെയാണെങ്കിൽ, എന്നെ അവർ സംശയിക്കുന്നുണ്ട്. ഒരു കൊലക്കേസ് അന്വേഷിക്കുകയാണെന്നല്ലേ ഡാലി പറഞ്ഞത്? മരിച്ചതൊരു സ്ത്രീയാണ്. ആ സ്ത്രീ രാഗിണിയാണോ? അല്ലെന്നു പുരപ്പുറത്തു കയറിനിന്ന് വിളിച്ചുകൂവാൻ ഞാൻ തയ്യാറാണ്.

ഈ പോലീസുകാരൻ ഡാലിയെ വിശ്വസിച്ചുകൂടാ. അയാൾ ഒരു എഴുത്തുകാരനായിരുന്നെങ്കിൽ ഒരു ഡിറ്റക്ടീവ് നോവലെഴുതിക്കളയും. കോളജ് പ്രഫസ്സർ ഭാര്യയെ കൊന്നിരിക്കുന്നു! ആ നോവൽ അയാൾ എഴുതുമെങ്കിൽ ഒന്നാന്തരം പേരു ഞാൻ പറഞ്ഞുകൊടുക്കാം.

റെഡ് ലിറ്റ്മസ്!

ആസിഡും ആൽക്കലിയും തിരിച്ചറിയാൻ ലിറ്റ്മസ് കടലാസുകളുപയോഗിക്കുന്നു. കഥാനായകൻ രസതന്ത്രം പഠിപ്പിക്കുന്നവനാണ്. ചുവന്ന ലിറ്റ്മസ്! തകർപ്പൻ പേര്!

പക്ഷേ, കാക്കിയണിഞ്ഞ ഡാലി! ഞാൻ നിരപരാധിയാണ്. രാഗിണി മരിച്ചിട്ടില്ല. അവൾ പുകച്ചുരുളായി മാറി.

എന്തിനാണ് കഴിഞ്ഞതവണ ഇവിടെ വന്നപ്പോൾ ചന്ദ്രശേഖരൻ എനിക്കൊരു താക്കീതു തന്നത്? രാഗിണിയെപ്പറ്റി ആരു ചോദിച്ചാലും ഒന്നും പറഞ്ഞുപോകരുത്! അവനെ വിവരമറിയിക്കണം! എന്നെ പോലീസുകാർ ചോദ്യം ചെയ്യുമോ? എന്റെ കുറ്റസമ്മതം അവർ രേഖപ്പെടുത്താൻ ശ്രമിക്കുമോ? എനിക്കു നിയമമൊന്നും അറിഞ്ഞുകൂടാ. പക്ഷേ, കുറ്റസമ്മതം രേഖപ്പെടുത്തുന്നതു മജിസ്ട്രേറ്റന്മാരാണ്. അതെനിക്കറിയാം. എന്റെ കടലാസുകൾ, സൂപ്രണ്ട് പോലീസുകാരെ ഏല്പിക്കുമോ? ഏല്പിക്കട്ടെ.

ആ കടലാസുകളിൽ ഒരു കുറ്റസമ്മതമുണ്ട്. എന്നോട് രാഗിണിക്കുണ്ടായിരുന്ന അഗാധമായ സ്നേഹത്തെപ്പറ്റി അവസാനംവരെ ഞാനറിഞ്ഞിരുന്നില്ല. അതാണു കുറ്റസമ്മതം.

യക്ഷിയമ്പലത്തിനടുത്തുവച്ച്, പുകച്ചുരുളായി മാറുന്നതിനുമുമ്പ്, എന്റെ ഓരോ തരിയിലും ചലനമുണ്ടാക്കത്തക്കവിധം, എന്തിനാണ് രാഗിണീ, നിന്റെ പ്രേമത്തെപ്പറ്റി നീ പറഞ്ഞത്?

എത്രയോ നൂറ്റാണ്ടുകളായി നീ ഈ ഭൂമിയിൽ ചുറ്റിക്കറങ്ങുകയായിരുന്നു. എത്രയോ കാലഘട്ടങ്ങളിൽ, നീ സൗന്ദര്യത്തിന്റെ ദേവതയായി വാണിരുന്നു.

അതിനെപ്പറ്റിയെല്ലാം നീ പറഞ്ഞപ്പോൾ എത്ര വൈകിപ്പോയി!

അതിനുമുമ്പാണ് ആ പത്രത്തിൽ വന്ന പഴയ വാർത്ത, എന്റെ സംശയങ്ങൾക്കു കൂടുതൽ എണ്ണയൊഴിച്ചു കൊടുത്തത്. സംശയങ്ങളുടെ ജ്വാലകൾ ഉയരത്തിലുയർന്നു.

ഞാൻ വാങ്ങുന്ന ദിനപത്രത്തിൽ ഒരു കോളമുണ്ട്.

'അമ്പതുകൊല്ലം മുമ്പ്.'

അമ്പതു കൊല്ലംമുമ്പ് ഈ പത്രത്തിൽ അച്ചടിച്ചു വന്നിട്ടുള്ള നാട്ടു വർത്തമാനങ്ങൾ, ഈ കോളത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നു.

എന്നും ഞാൻ ഈ കോളം വായിക്കാറുണ്ട്. കഴിഞ്ഞ കാലത്തിന്റെ രസകരമായ നിഴലുകൾ ഈ വാർത്തകളിൽ കാണാം. ഇന്ന് ആരും റിപ്പോർട്ടു ചെയ്യാൻ കൂട്ടാക്കാത്ത നിസ്സാര സംഭവങ്ങൾക്കുപോലും പഴയകാലത്തു വാർത്താപ്രാധാന്യമുണ്ടായിരുന്നെന്നു തോന്നുന്നു. ഒരു മലയാളം മുൻഷിക്ക് എട്ടുതരത്തിൽ വഞ്ചിപ്പാട്ടു പാടാൻ കഴിയുമെന്ന വാർത്തയാണ്, ഒരിക്കൽ ഈ കോളത്തിൽ വന്നത്. അമ്പതു കൊല്ലം മുമ്പ്, അതൊരു പ്രധാനപ്പെട്ട വാർത്തയായിരുന്നു!

കല്യാണിയമ്മയുടെ ഗർഭച്ഛിദ്രത്തിനുശേഷം വന്ന പത്രത്തിൽ, എന്നെ വല്ലാതെ ഭയപ്പെടുത്തിയ ഒരു വാർത്ത വന്നു—ഈ കോളത്തിൽ.

ചെറുപ്പക്കാരനായ ഒരു ഭർത്താവിന്റെ മരണം. ഒരു ഗോപാലപിള്ള. പേരു ഞാൻ മറന്നിട്ടില്ല. പക്ഷേ, അയാളുടെ നാടിന്റെ പേര് ഓർമ്മയില്ല.

സംഭവമിതാണ്: ഗോപാലപിള്ള നല്ല ഒരു ചെറുപ്പക്കാരനായിരുന്നു. പത്രഭാഷയിൽ പറഞ്ഞാൽ, 'ജനസമ്മതൻ.' അതിസുന്ദരിയായ ഒരു പെൺകുട്ടിയെ അയാൾ വിവാഹം ചെയ്തു. ദൂരെയെവിടെയോനിന്നു വന്ന ഒരു പെൺകുട്ടിയാണ്. ഗോപാലപിള്ള മുടന്തനായിരുന്നു. മുടന്തന് ഒരു സുന്ദരിയെ കിട്ടിയതെങ്ങനെയാണെന്നു നാട്ടുകാർ അത്ഭുതപ്പെട്ടിരുന്നത്രെ. ഗോപാലപിള്ളയും ഭാര്യയും അധികകാലം ഒന്നിച്ചു ജീവിച്ചില്ല. ഒരു പ്രഭാതത്തിൽ ഗോപാലപിള്ളയുടെ മൃതശരീരം ആളുകൾ കണ്ടു. മുറിവുകളില്ല. പക്ഷേ, ശരീരം വല്ലാതെ ശോഷിച്ചുപോയതായി തോന്നി. ചോരയും നീരും വാർന്നുപോയപോലെ. ഭാര്യയെ കണ്ടില്ല. എത്ര അന്വേഷിച്ചിട്ടും കണ്ടുകിട്ടിയില്ല. പോലീസന്വേഷണം ഊർജ്ജിതമായി നടക്കുന്നെന്നാണു ലേഖകൻ പറഞ്ഞിരുന്നത്. ഒരു തുമ്പും കിട്ടിയിരുന്നില്ല. ഒരു കാര്യംകൂടി ലേഖകൻ പറഞ്ഞിരുന്നു. നാട്ടുകാരിൽ ചിലർ പ്രശ്നം വച്ചു നോക്കിയത്രെ. ഒരു യക്ഷിയുടെ ഉപദ്രവംകൊണ്ടാണ് ഗോപാലപിള്ള മരിച്ചതെന്നു പ്രശ്നക്കാരൻ പറഞ്ഞു. നാട്ടുകാർ വിശ്വസിച്ചു. മുറിവുകളില്ലെങ്കിലും, ചവച്ചുതുപ്പിയ ചണ്ടിപോലെയല്ലേ ഗോപാലപിള്ളയുടെ ശരീരം കിടന്നിരുന്നത്! ആളുകളുടെ അന്ധവിശ്വാസത്തെ കണക്കിനു കളിയാക്കിക്കൊണ്ടാണു ലേഖകൻ റിപ്പോർട്ട് ഉപസംഹരിച്ചിരുന്നത്.

അമ്പതുകൊല്ലം മുമ്പു നടന്ന ഈ സംഭവം എന്നെ നടുക്കിക്കളഞ്ഞു.

ആ ഗോപാലപിള്ള എന്നെപ്പോലെ ഒരാളായിരുന്നോ? എനിക്കു മുഖമില്ല. അയാൾക്കു കാലിനു സ്വാധീനമില്ലായിരുന്നു. സാധാരണഗതിയിൽ എന്നെ ഒരു പെൺകുട്ടിയും ഇഷ്ടപ്പെടുകയില്ല. ആ മുടന്തന്റെ സ്ഥിതിയും അതായിരുന്നില്ലേ? എന്നിട്ടും അയാൾക്കൊരു ഭാര്യയെ കിട്ടി. ഒരു സുന്ദരിയെ. എന്നെപ്പോലെതന്നെ. അവൾ ദൂരെയെവിടെയോ നിന്നും വന്നവളാണ്. എത്ര അവ്യക്തമായ പ്രയോഗം! അവളെക്കുറിച്ച്

ആർക്കും ഒന്നുമറിഞ്ഞുകൂടായിരുന്നു എന്നു വ്യക്തം! രാഗിണിയെക്കുറിച്ച് എനിക്കെന്തറിയാം? ഒന്നുമറിഞ്ഞുകൂടാ. അവളെപ്പറ്റി ആരെങ്കിലും അയൽക്കാരോടു ചോദിച്ചാൽ എന്തായിരിക്കും മറുപടി? ദൂരെനിന്നെങ്ങോ വന്ന ഒരു പെൺകുട്ടിയാണ്. അങ്ങനെ വല്ലതുമാവും, തീർച്ച. ആർക്കും ഒന്നുമറിഞ്ഞുകൂടാ.

ആ ഗോപാലപിള്ള എങ്ങനെ മരിച്ചു? അയാളുടെ ശവം ശോഷിച്ചുപോയിരുന്നു. പ്രശ്നക്കാരൻ പറഞ്ഞതു ശരിയാണ്. ഒരു യക്ഷി അയാളുടെ ചോര ഊറ്റിക്കുടിച്ചു. ആ യക്ഷി അയാളുടെ ഭാര്യതന്നെയല്ലേ? അതുകൊണ്ടല്ലേ, ആരും അവളെ പിന്നീടു കാണാത്തത്?

യക്ഷികൾക്കു നാശമില്ല. ഗോപാലപിള്ളയെ സംഹരിച്ച യക്ഷി ഇന്നും ചുറ്റിനടക്കുന്നുണ്ടാവാം. ആ യക്ഷിതന്നെയാണോ രാഗിണി? ഗോപാലപിള്ളയ്ക്കുമുമ്പും അവൾക്കു ഭർത്താക്കന്മാരുണ്ടായിരുന്നോ? അവരെയെല്ലാം അവൾ കൊന്നോ?

കൊന്നിരിക്കും. ചോര കുടിച്ചു കൊന്നിരിക്കും. എന്റെ അന്ത്യം അടുത്തിരിക്കുന്നു! കാലത്തിന്റെ ചട്ടക്കൂട്ടിലൊതുങ്ങുന്നവളല്ല, യക്ഷി. ഭൂമിയിൽ രാഗിണി വന്നിട്ടെത്ര കാലമായി? അവളുടെ ആഭരണങ്ങൾക്കു നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഗോപാലപിള്ളയ്ക്കു മുമ്പ് എത്രപേരെ അവൾ കൊന്നെന്ന് അറിയാൻ സാദ്ധ്യമല്ല. പത്രങ്ങൾ വന്നിട്ട് അധികം കാലമായില്ലല്ലോ!

ഇങ്ങനെ ഞാൻ ഭയന്നു കഴിയുമ്പോഴാണ്, കല്യാണിയമ്മയുടെ സഹായത്തിന് ഒരു അകന്ന ബന്ധു വന്നെത്തിയത്. എഴുപതു വയസ്സു ചെന്ന ഒരു സ്ത്രീ.

അവർ കൂടക്കൂടെ എന്റെ വീട്ടിലേക്കു നോക്കി നില്ക്കാറുണ്ടായിരുന്നു. എന്തോ പരിശോധിക്കുന്നതുപോലെ. ആരെയോ തേടുന്നതുപോലെ.

“വീട്ടിൽ പ്രായംചെന്ന ഒരു സ്ത്രീയെ കാണുന്നല്ലോ...ആരാണ്?'' ഒരു ദിവസം ഞാൻ അനന്തനോടു ചോദിച്ചു.

“കാർത്ത്യായനിയമ്മയാണ് അകന്ന ബന്ധു. കല്യാണിക്കു സഹായത്തിനു കൊണ്ടുവന്നതാണ്. അയാൾ പറഞ്ഞു.

ആ സ്ത്രീ എന്റെ വീട്ടിലേക്ക് കൂടക്കൂടെ നോക്കുന്നതെന്താണ്? എന്നെയാണോ നോക്കുന്നത്? അതോ രാഗിണിയെയോ? ഇപ്പോൾ കൂടക്കൂടെ രാഗിണി അനന്തന്റെ വീട്ടിൽ പോകാറില്ല. ആ തള്ള അവിടെ വന്നതുകൊണ്ടാണോ? അവരിൽനിന്നും അകന്നു നില്ക്കാൻ രാഗിണി ശ്രമിക്കുകയാണോ!

ഇങ്ങനെ തോന്നിത്തുടങ്ങിയപ്പോഴാണു ഡയറിയിൽ ഒരു പുതിയ കുറിപ്പു കണ്ടത്.

“കാർത്ത്യായനി അമ്മ എന്നെ തിരിച്ചറിഞ്ഞു. അവർ എന്തെങ്കിലും പറയുമോ! പറഞ്ഞാൽ...? വിശ്വാസം കരുത്തുകുറഞ്ഞ ഒരു ചെടിയാണ്. എളുപ്പം വാടും.'' തിരിച്ചറിഞ്ഞിരിക്കുന്നു!

അപ്പോൾ എന്തോ രഹസ്യമുണ്ട്. എന്താണ് അതിഭയങ്കരമായ ആ രഹസ്യം?

രാഗിണി ആ ഗോപാലപിള്ളയെ കൊന്നതുപോലെ, കാർത്ത്യായനി യമ്മയുടെ ബന്ധുക്കളെ ആരെയെങ്കിലും...

പിന്നീട് അനന്തനെ കണ്ടപ്പോൾ ഞാൻ ചോദിച്ചു: "കാർത്ത്യായനി യമ്മയുടെ സ്വന്തത്തിൽപ്പെട്ട ആരെങ്കിലും...ആണുങ്ങളാരെങ്കിലും... പെട്ടെന്നു മരിച്ചുപോയിട്ടുണ്ടോ?''

ചോദ്യം അനന്തനെ വിസ്മയഭരിതനാക്കി: "എന്താണിങ്ങനെ ചോദിക്കുന്നത്?''

"വെറുതെ...''

"അവർക്കൊരു സഹോദരനുണ്ടായിരുന്നു. അയാൾ പണ്ടേ മരിച്ചു. കർത്ത്യായനിയമ്മയ്ക്കു മുപ്പതു വയസ്സുള്ളപ്പോൾ...''

"അതായത് എത്ര കൊല്ലം മുമ്പ്?''

"കാർത്ത്യായനിയമ്മയ്ക്ക് എഴുപത്തിരണ്ടാണ് പ്രായം...അപ്പോൾ കണക്കുകൂട്ടിക്കൊള്ളു.''

നാല്പത്തിരണ്ടു കൊല്ലം മുമ്പ്.

"എങ്ങനെ മരിച്ചു?''

"മരിച്ചെന്നാണ് ഊഹിക്കുന്നത്........''

"എന്നു പറഞ്ഞാൽ?''

"എനിക്കു ശരിക്കറിഞ്ഞുകൂടാ. പണ്ടെങ്ങോ പറഞ്ഞുകേട്ടിട്ടുള്ളതാണ്... അയാളൊരിക്കൽ ആലുവാ ശിവരാത്രിക്കു പോയി. പിന്നെ മടങ്ങിയില്ലത്രെ.''

"കല്യാണംകഴിച്ചിരുന്നോ?''

"കഴിച്ചിരുന്നു.''

"ഭാര്യയ്ക്കെന്തു പറ്റി?''

"ഇതെന്തൊരു ക്രോസ്വിസ്താരമാണ്! ഭാര്യയ്ക്കെന്തു പറ്റാൻ! അവൾ അവളുടെ വീട്ടിൽ പോയിരിക്കും.

എനിക്കെല്ലാം വ്യക്തമായിത്തന്നെ മനസ്സിലായി. കാർത്ത്യായനിയമ്മയുടെ സഹോദരന്റെ ഭാര്യ രാഗിണിയായിരുന്നു. അതുകൊണ്ടാണ് നാല്പത്തിരണ്ടു കൊല്ലങ്ങൾക്കുശേഷം അവർക്ക് രാഗിണിയെ തിരിച്ചറിയാൻ കഴിഞ്ഞത്. അയാളെ ആലുവാമണൽപ്പുറത്തുവച്ചാണ് രാഗിണി കൊന്നത്. കൊന്നു ചോര കുടിച്ചു. ആരും അറിഞ്ഞില്ല. അയാൾ ഒറ്റയ്ക്കാവാം പോയത്. രാഗിണിയക്ഷിയല്ലേ? രാത്രിയിൽ അയാളെ തേടിച്ചെന്നിരിക്കാം. നാല്പത്തി രണ്ടു കൊല്ലംമുമ്പ്! അതായത്, ഗോപാലപിള്ളയുടെ മരണം കഴിഞ്ഞ് എട്ടു കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ!

ഈ മനുഷ്യനും എന്തെങ്കിലും അംഗഭംഗമുണ്ടായിരുന്നിരിക്കാം. എനിക്കു മുഖമില്ല. ഗോപാലപിള്ളയ്ക്കു മുടന്തുണ്ടായിരുന്നു. ശരീരത്തിന്നു വൈകല്യമുള്ളവരെ മാത്രമാവാം, രാഗിണി തേടിപ്പിടിക്കുന്നത്.

വികലാംഗർ ചോദ്യങ്ങൾ ചോദിക്കയില്ല. അവർക്കു പ്രേമത്തെപ്പറ്റിയും ദാമ്പത്യത്തെപ്പറ്റിയും പ്രതീക്ഷകളുണ്ടായിരിക്കില്ല.

എങ്ങുനിന്നോ ഒരു സുന്ദരി വന്നു ചേരുമ്പോൾ—അവരെ നോക്കി പുഞ്ചിരിക്കുമ്പോൾ—അവർ അടിമപ്പെടുന്നു. അവരെല്ലാം തുറന്ന കൈയോടെ അവളെ സ്വീകരിക്കും. രാഗിണി ഡയറിയിൽ കുറിച്ചിരിക്കുന്ന തങ്ങനെയല്ലേ. "ഞാൻ പ്രതീക്ഷിച്ചതുപോലെ തുറന്ന കൈയോടെ സ്വീകരിച്ചു.''

ഞാൻ അനന്തനോടു ചോദിച്ചു: "കാർത്ത്യായനിയമ്മയുടെ സഹോദരന് എന്തെങ്കിലും അംഗവൈകല്യമുണ്ടായിരുന്നോ?''

"എന്തൊരു ചോദ്യമാണിത്! എനിക്കറിഞ്ഞുകൂട.''

"അയാൾക്കെന്തോ അംഗവൈകല്യമുണ്ടായിരുന്നു.''

"എങ്ങനെയറിയാം?''

"എന്റെ ഒരു ഊഹമാണെന്നു വച്ചോളൂ........''

കാർത്ത്യായനിയമ്മയുടെ സഹോദരനെപ്പറ്റി ഏറെ അറിയാൻ ഞാൻ കാണിച്ച ഔത്സുക്യം അനന്തനെ ചിന്താധീനനാക്കിയോ? എന്റെ അന്വേഷണം വിചിത്രമാണെന്ന് അയാൾ കരുതിക്കാണും.

രാഗിണിയുടെ ഡയറി പരിശോധിക്കുമ്പോൾ ഒരു ദിവസം അവളെന്നെ കണ്ടുപിടിച്ചു.

ഞാൻ ലജ്ജിച്ചുപോയി, ഞാൻ ഒരു കള്ളനെപ്പോലെ പെരുമാറുകയായിരുന്നു. മറ്റൊരാൾക്കു വരുന്ന കത്തുകൾ തുറന്നു വായിക്കുന്നതുപോലെ ഗർഹണീയമായ ഒരു പ്രവൃത്തിയാണ്, സ്വകാര്യ ഡയറി വായിക്കുന്നതും. ഡയറി ഭാര്യയുടേതാവുമ്പോൾ, ഭർത്താവിന് അവളെ വിശ്വാസം പോരെന്നാണർത്ഥം. സംസ്കാരമുള്ളവർ അങ്ങനെ ചെയ്തുകൂട. സംശയമുണ്ടെങ്കിൽ വെട്ടിത്തുറന്നു ചോദിക്കണം. അതാണു ചുണ.

എന്നെ അവൾ കണ്ടുപിടിക്കുമ്പോൾ ഞാൻ അവളുടെ അവസാനത്തെ ഡയറിക്കുറിപ്പു വായിക്കുകയായിരുന്നു:

കല്യാണിയമ്മയുടെ ഗർഭം അലസിയതിനുശേഷം അദ്ദേഹം മുമ്പെങ്ങുമില്ലാത്തയളവിൽ എന്നെ സംശയിക്കുന്നു. ആ സംഭവം അദ്ദേഹത്തെ വല്ലാതെ സ്പർശിച്ചിരിക്കുന്നു. എന്താണു കാരണം? മുറുക്കിച്ചുവന്ന എന്റെ ചുണ്ടു കണ്ടപ്പോൾ അന്നൊരിക്കൽ പറഞ്ഞു, രക്തം പുരണ്ടിരിക്കുന്നെന്ന്. കല്യാണിയമ്മ കുളിമുറിയിലാണോ എന്നും ചോദിച്ചു. എന്താണദ്ദേഹത്തിന്റെ സംശയം?

"എന്താണു നോക്കുന്നത്?'' രാഗിണി ചോദിച്ചു.

ഞാൻ ഡയറി പെട്ടിയിലിട്ടു. എന്തു മറുപടി പറയാനാണ്? ഗോപാലപിള്ളയെയും പിന്നീട് കാർത്ത്യായനിയമ്മയുടെ സഹോദരനെയും കൊന്ന ഒരു യക്ഷിയോടു ഞാനെന്തു പറയാനാണ്?

വെളിയിൽ കടന്നുകൊണ്ടു ഞാൻ പറഞ്ഞു: "നിന്റെ ഡയറി വായിക്കുകയായിരുന്നു.''

"മുഴുവനും വായിച്ചോ?''

"വായിച്ചു.''

"എന്റെ വേദനകളെല്ലാം അതിൽ പകർത്തിയിട്ടുണ്ട്.'' അവൾ കരയാൻ ഭാവിച്ചു.

സൂക്ഷിക്കണം. ഞാൻ കണ്ണീരിന്റെ മുമ്പിൽ അധീരനാണ്.

"എന്നെ എന്താണിങ്ങനെ സംശയിക്കുന്നത്? ഞാൻ എന്തു കുറ്റം ചെയ്തു?''

മറുപടി പറയരുത്. പറഞ്ഞാൽ സംഭാഷണം നീളും. കുപ്പിവളകൾ പൊട്ടുന്നപോലെയുള്ള അവളുടെ ശബ്ദം തുടർച്ചയായി കേട്ടാൽ ഞാൻ മയങ്ങിപ്പോകും—ഒരു ഹിപ്നോട്ടിസ്റ്റിന്റെ മുമ്പിലിരുന്നുകൊടുക്കുന്ന ഒരു ദുർബ്ബലനെപ്പോലെ, ഒരു പാമ്പിന്റെ കണ്ണിൽ നോക്കിനില്ക്കുന്ന ഒരു ചുണ്ടെലിയെപ്പോലെ.

"ശ്രീനി എന്താണൊന്നും മിണ്ടാത്ത്? ഞാൻ എന്തെങ്കിലും തെറ്റു ചെയ്തോ? പറയൂ, ഞാൻ തെറ്റു തിരുത്താം, മാപ്പു ചോദിക്കാം. എന്നെ വെറുക്കരുത്. ഞാൻ പാവപ്പെട്ട ഒരു പെണ്ണാണ് കണ്ണീരിന്റെ പ്രവാഹമാണു പിന്നീടുണ്ടായത്.

ഞാൻ ചെവി പൊത്തിപ്പിടിച്ചു. ഞാൻ വെളിയിലേക്കോടി. നിരത്തിലിറങ്ങി.

അനന്തൻ ഗേറ്റിനടുത്തു നിന്നിരുന്നു.

"എങ്ങോട്ടാണു വലിയ ധൃതിയിൽ?''

ഞാൻ ഒരുതരത്തിൽ പറഞ്ഞൊപ്പിച്ചു: "ഒരു സ്ഥലംവരെ പോകുന്നു...''

"ങാ, ഞാൻ അന്നത്തെ കാര്യം തിരക്കി.''

"എന്തു കാര്യം?''

"കാർത്ത്യായനിയമ്മയുടെ സഹോദരനു യാതൊരു വിധത്തിലുള്ള അംഗവൈകല്യവുമില്ലായിരുന്നു. അയാൾ ഒരു സുന്ദരനായിരുന്നത്രെ. ഒരു ചങ്കൻ!''

ഞാൻ ഒരു വിഡ്ഢിച്ചിരി പുറപ്പെടുവിച്ചു—ഈ വാർത്ത എന്നെ ഒരു തരത്തിലും ബാധിക്കുന്നില്ലെന്നമട്ടിൽ.

ഒരു സ്ഥലംവരെ പോകുന്നെന്നല്ലേ അനന്തനോടു പറഞ്ഞത്? അതുകൊണ്ട് മുന്നോട്ടു നടക്കാതിരിക്കാൻ കഴിഞ്ഞില്ല. അപ്പോൾ അയാൾ പിന്നിൽ നിന്നും വിളിച്ചുപറഞ്ഞു: "അന്നൊരു ബെറ്റ് വച്ചിരുന്നെങ്കിൽ ഇപ്പോൾ ശ്രീനിവാസന്റെ കൈയിൽനിന്നും എനിക്കു പണം വാങ്ങാമായിരുന്നു!''

നടന്നുപോകുമ്പോൾ ഞാൻ സുന്ദരനും ചങ്കനുമായ ആ മനുഷ്യനെ പ്പറ്റിയാണ് ആലോചിച്ചത്. അയാൾ എങ്ങനെ യക്ഷിയുടെ വലയിൽപ്പെട്ടു? മേൽവിലാസമുള്ള നല്ല മനുഷ്യപ്പെൺകൊടികളെ അയാൾക്കു കിട്ടുമായിരുന്നല്ലോ. എന്റെ തിയറി മുഴുവനും ശരിയല്ല. അംഗവൈകല്യമുള്ളവരെ പിടിച്ചെടുക്കാനാണ് എളുപ്പം. എങ്കിലും ഇടയ്ക്കിടെ സുന്ദരന്മാരെയും

ചങ്കന്മാരെയും കിട്ടും. അങ്ങനെ ഇയാളെയും കിട്ടി. വിഡ്ഢി! അവളുടെ രക്തദാഹത്തിനിരയായി. ഇയാളെപ്പോലെ വിഡ്ഢികളായിരുന്നു, തൃശൂർപൂരത്തിനു പോകുമ്പോൾ രണ്ടു സുന്ദരിമാരെ പിന്തുടർന്ന് ഒടുവിൽ കരിമ്പനയിൽ കലാശിച്ച ആ നമ്പൂരിമാരും.

കോളേജിൽ പോകാതെ ഞാൻ അലഞ്ഞുനടന്നു.

രാഗിണിയെ എങ്ങനെയെങ്കിലും ഉപേക്ഷിക്കാൻ കഴിയുകയില്ലേ? വെളിയിലെവിടെയെങ്കിലും കൊണ്ടുപോവുക...ഒറ്റയ്ക്കു വിട്ടിട്ടു പോരിക...ഛെ! ഛെ! നടക്കുന്ന കാര്യമല്ല. അവൾ തിരിച്ചു വരും. ഞാൻ മടങ്ങും മുമ്പുതന്നെ വീട്ടിൽ തിരിച്ചെത്തിക്കളയും. ദൂരവും കാലവും യക്ഷികൾക്കൊരു പ്രശ്നമല്ല.

ഞാൻ ഈ വീടുവിട്ടു പോയാലോ? നാടുവിട്ടു പോയാലോ? എങ്കിലും അവൾ എന്നെ പിന്തുടരും. എന്നെ കണ്ടുപിടിക്കാൻ അവൾക്കു കഴിയും. കാർത്ത്യായനിയമ്മയുടെ സഹോദരൻ വാസ്തവത്തിൽ ശിവരാത്രി കാണാൻ പോയതാണോ? രാഗിണിയുടെ പിടിയിൽനിന്നും മോചനം തേടിപോയതാവാം. ശിവരാത്രിക്കാണെന്നു കളവു പറഞ്ഞ് മറ്റെങ്ങോ പോയി. അവൾ പിന്തുടർന്നു. എത്രകാലത്തിനുശേഷമാണ് ഇവൾ ആ ഭാഗ്യഹീനനെ കണ്ടുപിടിച്ചത്? കണ്ടു പിടിച്ചെന്നു തീർച്ച! അപ്പോൾ അയാൾ മരിച്ചു. കൊല്ലപ്പെട്ടു.

എത്രനേരം ഞാനങ്ങനെ ചുറ്റിത്തിരിഞ്ഞെന്നോർമ്മയില്ല. വീട്ടിലെത്തിയപ്പോൾ ഓരോ മാംസപേശിയും വേദനിച്ചിരുന്നു.

എന്നെ കാത്തുനില്ക്കുകയായിരുന്നു, രാഗിണി. ഞാൻ കണ്ട ഭാവം നടിച്ചില്ല.

“ഊണുകഴിക്കാൻ വരൂ.”

“വേണ്ട.”

അവൾ കരയാൻ തുടങ്ങി.

“വേണ്ടെന്നു പറഞ്ഞില്ലേ!” ഞാൻ കയർത്തു.

“എന്നാൽ കിടന്നുറങ്ങാം...വരൂ...”

“നിന്റെ കൂടെയോ?”

അപ്പോൾ അവൾ വിമ്മിവിമ്മിക്കരഞ്ഞു.

ആഫീസ് റൂമിന്റെ തറയിൽ കിടക്കണമെന്നാണ് ഞാനുദ്ദേശിച്ചിരുന്നത്. അതാണു പതിവ്. അത് അപകടമാണെന്നിപ്പോൾ തോന്നി. വരാന്തയിൽ കിടക്കാം. ഇറങ്ങി ഓടാൻ എളുപ്പമാണ്.

“ഞാൻ വരാന്തയിൽ കിടന്നുകൊള്ളാം.”

പിന്നെയും അവൾ കരഞ്ഞപ്പോൾ ഞാൻ അലറി: “അകത്തു പോയി കതകടച്ചുകൊള്ളൂ!”

സാരിത്തുമ്പുകൊണ്ടു മുഖം പൊത്തിപ്പിടിച്ച് അവൾ അകത്തേക്കു പോയി.

നിലാവെളിച്ചമുള്ള രാത്രിയായിരുന്നു. ഞാൻ വരാന്തയിൽ കിടന്നുകൊണ്ട് നക്ഷത്രങ്ങളെ നോക്കി. എത്ര ദൂരത്തിലാണവ! ഏറ്റവുമടുത്ത

നക്ഷത്രം നാലു പ്രകാശവർഷങ്ങൾക്കപ്പുറമാണ്. എന്നുവെച്ചാലെന്താണ്? സെക്കൻഡിന് ഒരു ലക്ഷത്തി എൺപത്തിയാറായിരം മൈലുകൾ വീതം, നാലു കൊല്ലക്കാലം, സഞ്ചരിക്കുമ്പോഴാണ് നാം അതിന്റെ വെളിച്ചം കാണുന്നത്. ഇന്നു നാം കാണുന്നത് നാലു കൊല്ലങ്ങൾക്കു മുമ്പുള്ള സംഗതികളാണ്. അങ്ങനെ ആയിരമായിരം പ്രകാശവർഷങ്ങൾ ദൂരെ സ്ഥിതിചെയ്യുന്ന നക്ഷത്രങ്ങളുമുണ്ട്. ബുദ്ധന്റെ കാലത്തും ക്രിസ്തുവിന്റെ കാലത്തും അവ എങ്ങനെയായിരുന്നോ അമ്മട്ടിലാണ് ഇന്നു നാം അവയെ കാണുന്നത്. അപ്പോൾ കാലമെന്നു പറഞ്ഞാലെന്താണ്? കഴിഞ്ഞുപോയതെന്നും, വരാനിരിക്കുന്നതെന്നുമൊക്കെ നാം പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ? നക്ഷത്രങ്ങളെ നോക്കിക്കൊണ്ടിരുന്നാൽ എനിക്കു വല്ലാത്ത അസ്വസ്ഥത തോന്നും. അന്നും അസ്വാസ്ഥ്യം തോന്നി. ആകാശഗംഗയിൽ നക്ഷത്രങ്ങൾ തിക്കിത്തിരക്കുന്നു. പകൽ രാജകീയമായ ആഡംബരത്തോടെ കടന്നു പോയിട്ട് എത്ര നേരമായി! പണ്ടു വായിച്ചിട്ടുള്ള ഒരു കവിത ഓർമ്മവന്നു. ആ കവിതയിൽ പകൽ ഒരു രാജാവല്ല. വെള്ളപ്പരിച മുതുകിലേറ്റിക്കൊണ്ട്, രംഗത്തുനിന്നും നിഷ്ക്രമിക്കുന്ന പടയാളിയാണ്.

ഞാൻ ഉറങ്ങാതെ കിടന്നു.

പാലമരത്തിനു ചുറ്റും അലൗകികമായ ഒരു പ്രകാശം ഉയരുന്നതു ഞാൻ കണ്ടു. ഈ രാത്രിയിൽ, ആ പ്രകാശത്തിന് ഒരു ശരീരത്തിന്റെ മട്ടുണ്ടായിരുന്നു. കട്ടിയല്ലാത്ത, ഊതിയാൽ പറന്നുപോകുന്ന ഒരു ശരീരം. എങ്കിലും ശരീരത്തിന്റെ ആകൃതി വ്യക്തമാണ്. തലയുണ്ട്, കഴുത്തുണ്ട്, വിരിഞ്ഞ മാറിടമുണ്ട്, നീണ്ട കൈകാലുകളുണ്ട്.

ഞാൻ അതിനെത്തന്നെ നോക്കിക്കൊണ്ടു കിടന്നപ്പോൾ അതിന്റെ തലയിൽ ഒരു കിരീടമുണ്ടെന്നു തോന്നി. വജ്രങ്ങൾ പതിച്ച ഒരു കിരീടം..... വെളിച്ചത്തിനകത്തു കൂടുതൽ പ്രകാശമാനമായ വെളിച്ചത്തിന്റെ ബിന്ദുക്കൾ!

ആ പ്രകാശം—ആ ഉടൽ—ചലിച്ചു, ആടിക്കളിച്ചു. പിന്നീടു ചെറുതായി. മുകളിൽനിന്നും താഴേക്കു ചുരുങ്ങി. ഇപ്പോൾ തലയില്ല. മാറിടമില്ല. കാലുകളും കൈകളുമില്ല. നീണ്ട നേർത്ത ഒരു ജ്വാലമാത്രം!

ഗ്യാസ് കുറഞ്ഞ ഒരു 'ബൂൺസൻ' വിളക്കിൽനിന്നും കത്തിയെരിയുന്ന, നീണ്ട, നീലനിറമുള്ളു ഒരു ജ്വാല!

ഞൊടിയിടകൊണ്ട് അതും മറഞ്ഞു. ജ്വാല ഭൂഗർഭത്തിലേക്ക് ഒരു മുതലക്കൂപ്പു നടത്തിയെന്നു തോന്നി.

അപ്പോഴാണു ലോകത്തിലുള്ള സകല വാദ്യോപകരണങ്ങളും മുഴങ്ങിത്തുടങ്ങിയത്. വിദഗ്ദ്ധനായ ഒരു 'കണ്ടക്ടർ' സംഘടിപ്പിച്ചിട്ടുള്ള ഒരു പടുകൂറ്റൻ ഓർക്കസ്ട്രയിൽനിന്നും ഒഴുകിവരുന്ന ഗാനധാര. ഓർക്കസ്ട്രാ കണ്ടുകൂടാ. കണ്ടക്ടറെ ഞാൻ കാണുന്നില്ല. എങ്കിലും അദൃശ്യനായ അയാൾ എന്റെ മുന്നിലുണ്ട്. അയാൾ ബാറ്റൺ ചുഴറ്റുന്നു. ഓർക്കസ്ട്രായുടെ താളം തെറ്റാതെ ഗാനം ഒഴുകുന്നു.

എങ്കിലും, ഓർക്കസ്ട്രായുടെ മുഴക്കം കുറയുമ്പോൾപ്പോലും, വാക്കുകളില്ല. ഗാനത്തിനു വാക്കുകൾ വേണോ? ചിത്രങ്ങൾക്കു വിഷയം എന്തിനാണ്? വർണ്ണങ്ങൾ പോരേ? ഗാനങ്ങൾക്കു വാക്കു വേണ്ട.

ഇങ്ങനെയൊരു ഗാനപ്രപഞ്ചം നിർമ്മിക്കാൻ മനുഷ്യനു സാധിക്കയില്ല. ഇത് ഈ മണ്ണിന്റേതല്ല.

പതിവിലേറെനേരം ഗാനം തുടർന്നു. എന്റെ ശരീരത്തിലൂടെ ഭയത്തിന്റെ പ്രവാഹമുണ്ടായി. ഭയത്തെ ഒരു ലോഹത്തോടുപമിക്കാമെങ്കിൽ തിളച്ചുരുകിയ ആ ലോഹം ആരോ എന്റെ തലയോടിനുള്ളിൽ ഒഴിക്കുകയായിരുന്നു

പെട്ടെന്നു ഗാനം നിലച്ചു.

മണിനാദം കേട്ടുതുടങ്ങി. ആയിരം ചിലങ്കകൾ ഒന്നിച്ചു ചലിക്കുന്നു. ആരോ നൃത്തമാടുന്നു.

അപ്പോഴും ഞാൻ കണ്ണു തുറന്നുകൊണ്ടുതന്നെ കിടക്കുകയാണ്. നൃത്തം വയ്ക്കുന്നതാരാണ്? ആരായാലും, ഉത്സാഹപ്രകർഷത്തോടെയാണു നൃത്തം വയ്ക്കുന്നത്. അതാ, പാലച്ചുവട്ടിലെ കാനകൾ ഞെരിയുന്നു. ഫ്ലോക്സ് ചെടികളുടെ തടത്തിൽ ആരോ ചവുട്ടുന്നു. ആളെ കണ്ടുകൂടാ. പക്ഷേ, ചെടികൾ താഴുന്നതു കാണാം...ഞെരിയുന്നതു കാണാം.

ആ നൃത്തം ഒരിക്കലും നിലയ്ക്കുകയില്ലെന്നു തോന്നി. എനിക്കു തെറ്റി. അതാ, അതുനിന്നു! പെട്ടെന്ന്...ഒരു ശബ്ദവുമില്ല. എല്ലാം ശാന്തം, നിശ്ചലം.

ഞാൻ വിയർത്തുകുളിച്ചു!

അപ്പോൾ രാഗിണിയെ കണ്ടു.

അവൾ പുറത്തുവരുന്നു; കതകു തുറന്നുകൊണ്ടല്ല. ചുവരിലൂടെ കടന്നുവരുന്നു. വരുന്നതു കണ്ടാൽ അവിടെ ചുവരില്ലെന്നു തോന്നും.

എന്നെ ഒട്ടുംതന്നെ ശ്രദ്ധിക്കാതെ അവൾ പാലമരത്തിനടുത്തു ചെന്നു.

ഭൂമിയിലേക്കിറങ്ങിപ്പോയ ആ നേർത്ത ജ്വാല ഇപ്പോൾ ഉയർന്നു വളർന്നു.

അതിനു കൈയും കാലും കഴുത്തും തലയുമുണ്ടായി. അതിന്റെ കൈകൾ മുന്നോട്ടു നീണ്ടു. അവയ്ക്കുള്ളിൽ രാഗിണി കടന്നുനിന്നു.

പിന്നെയെന്താണു നടന്നത്? നല്ല ഓർമ്മയില്ല.

മുറ്റത്ത് ആരോ ഒരു ചുവന്ന പരവതാനി വിരിക്കുന്നതുപോലെ തോന്നി.

എങ്ങും ചുവപ്പ്! ആരോ ചുവന്ന സർച്ച്ലൈറ്റുകൾ ആകാശത്തുനിന്നും വീശിക്കാണിക്കുന്നു!

ഓടണമെന്നു തോന്നി. കാലുകൾ അനങ്ങിയില്ല.

നിലവിളിക്കണമെന്നു തോന്നി. തല പൊങ്ങിയില്ല. നാവു ചലിച്ചില്ല.

നേരം വെളുക്കുന്നതുവരെ ഭയന്നുവിറച്ചുകൊണ്ടു ഞാൻ വരാന്തയിൽ കിടന്നു. പാലമരത്തിലെ ജ്വാലയെപ്പറ്റി ഞാൻ വളരെനേരം ചിന്തിച്ചു. മുമ്പെല്ലാം ഗാനധാര മാത്രമാണുണ്ടായിട്ടുള്ളത്... പിന്നെ മരത്തിനാകെക്കൂടി ഒരുതരം പ്രകാശവും.

പക്ഷേ, ഇത്തവണ കണ്ടത് ഒരു ജ്വാലയാണ്. വളരുകയും ചെറുതാവുകയും വീണ്ടും വളരുകയും ചെയ്യുന്ന ഒരു ജ്വാല. തലയും ഉടലും കൈകാലുകളും അതിലുണ്ടാവുന്നു. വെറും തലയല്ല, കിരീടം വച്ച തല.

ജ്വാലയുടെ കരവലയത്തിൽ ഒരു കാമുകിയെപ്പോലെയാണ് രാഗിണി നിന്നത്.

എനിക്കെല്ലാം മനസ്സിലായി, അതൊരു ഗന്ധർവനാണ്. അവൻ രാഗിണിയുടെ പഴയ കാമുകനാണ്. അവളെത്തേടി എങ്ങുനിന്നോ അവൻ വരുന്നു. ഏതോ പഴയ യുഗത്തിൽനിന്നാവാം. കാലത്തെപ്പറ്റിയുള്ള കണക്കുകൂട്ടലുകളെല്ലാം തെറ്റിച്ചുകൊണ്ട് നിലനില്ക്കുന്നതാണവരുടെ ലോകം. രാഗിണിയെ അവനു പിരിഞ്ഞിരിക്കാൻ വയ്യ. പാലമരത്തിൽ രാത്രിയിൽ കണ്ടത് ഒരുപക്ഷേ, അവരുടെ ഇണചേരലാവാം.

ഞാൻ വീട്ടിനകത്തു കടന്നു. എന്റെ ധൈര്യം മടങ്ങിവന്നിരുന്നു. ഇരുട്ടിന്റെകൂടെ ഭയവും അസ്തമിക്കുന്നു.

രാഗിണി ഉണർന്നിരുന്നില്ല. കിടക്കയിൽ അവൾ മലർന്നു കിടന്നിരുന്നു. അവളുടെ കണ്ണിനടിയിൽ ലേശം കറുപ്പുനിറമുണ്ട്. കാമുകനൊന്നിച്ചുണ്ടായ മദനോത്സവത്തിന്റെ ക്ഷീണമാണോ? അവളുടെ മുഖം സംതൃപ്തമാണ്. പതിവായി ഈ സമയത്ത് ഉണർന്നു വീട്ടുകാര്യങ്ങൾ നോക്കുന്ന രാഗിണി, ഇങ്ങനെ ഉറങ്ങിക്കിടക്കുന്നത് എന്താണ്?

ഞാൻ കട്ടിലിനരികിൽ കുറേനേരം നിന്നു. സുന്ദരമായ ഈ ശരീരം വിഷലിപ്തമാണ്. ഇതിനെ തഴുകുന്നവൻ, ഇതിനെ ഓമനിക്കുന്നവൻ, നശിക്കും. അങ്ങനെ എത്രയോപേർ നശിച്ചിട്ടുണ്ടാവും. രണ്ടുപേരെ എനിക്കുതന്നെ അറിയാം—ഗോപാലപിള്ളയും കാർത്ത്യായനിയമ്മയുടെ സഹോദരനും.

ഞാൻ കഠിനഹൃദയനായിരുന്നെങ്കിൽ, കിടന്നുറങ്ങുന്ന രാഗിണിയെ കൊന്നുകളഞ്ഞേനെ. യക്ഷികളെ കൊല്ലാനൊക്കുമോ? ഉറുമ്പുകളെ വരുത്തി ഹോമിക്കണം. എങ്കിലേ പറ്റൂ. അല്ലെങ്കിൽ യക്ഷികൾക്കു മരണമില്ല. അവർ എന്നും തുടരും. നൂറ്റാണ്ടിൽനിന്നു നൂറ്റാണ്ടിലേക്കു ചാടിക്കടക്കും.

പക്ഷേ, ഉറുമ്പുകളെ വരുത്തി ഹോമിക്കാൻ എനിക്കറിഞ്ഞുകൂടാ. മാത്രമല്ല, ഞാനൊരു മൃദുലചിത്തനാണ്. എങ്കിലും എന്തെങ്കിലും ചെയ്യാതെ വയ്യ. എന്നെ ഇവൾ വകവരുത്തും. അതിനുമുമ്പ് അവളെ

നേരിടണം. ഒരു യക്ഷിയുടെ രക്തദാഹത്തിനു ഞാൻ ഇരയാകുന്നെങ്കിൽ അത് ഒരു വിഡ്ഢിയെപ്പോലെയാവരുത്. എല്ലാം ആദ്യം തൊട്ടേ സംശയിച്ചിരുന്ന ഒരുവനെപ്പോലെയാവണം!

ഞാൻ അവളെ വിളിച്ചില്ല. കാത്തുനിന്നതേയുള്ളൂ.

ഒടുവിൽ അവൾ കണ്ണു തുറന്നു.

“ശ്രീനീ!” അവൾ പ്രേമപൂർവം വിളിച്ചു. എന്റെ നേർക്ക് അവൾ കൈ നീട്ടി.

“തൊടരുത്!” ഞാൻ ചീറി.

ഇന്നലെ രാത്രി ചുവരു തുളച്ചു വെളിയിൽ വന്നവളാണ്. എന്നിട്ടിപ്പോൾ ഒരു പരിശുദ്ധയെപ്പോലെ പ്രേമം നടിക്കുന്നു!

“എന്റെ ശ്രീനീ!” അവൾ എഴുന്നേറ്റു; എന്റെ അരികിലേക്കു നീങ്ങി.

“എന്നെ തൊടരുത്!”

“ഞാൻ ശ്രീനിയുടെ ഭാര്യയാണ്.”

“അല്ല! നീയൊരു യക്ഷിയാണ്.” ഞാൻ അലറി.

“ഈശ്വരാ! അവൾ തറയിൽ മുട്ടുകുത്തിനിന്നുകൊണ്ടു കരയാൻ തുടങ്ങി.

“രാഗിണി, എന്നെ എന്നും കബളിപ്പിക്കാമെന്നു വിചാരിച്ചോ? എനിക്കെല്ലാമറിയാം. എന്റെ ചോര കുടിക്കാൻ നീ കാത്തുനില്ക്കുന്നു.”

“അയ്യോ! എന്തൊക്കെയാണു പറയുന്നത്?”

“ഞാനൊരു മഠയനായിരുന്നു. എന്റെ കരിഞ്ഞ മുഖം, നിരാശയുടെ കയത്തിൽ എന്നെ ചവുട്ടിത്താഴ്ത്തിയപ്പോൾ നീ കടന്നുവന്നു...”

അങ്ങനെ ഞാൻ പറഞ്ഞുതുടങ്ങി. എനിക്കു മനസ്സിന്റെ സൗന്ദര്യമുണ്ടെന്ന് നീ പറഞ്ഞപ്പോൾ ഞാൻ വിശ്വസിച്ചു. എന്റെ വികൃതമായ മുഖം കണ്ടപ്പോൾ നീ ഞെട്ടിയില്ല. നിന്റെ അഭിനയം എന്നെ ആശ്വസിപ്പിച്ചു. ഞാൻ അതിഭാഗ്യവാനാണെന്നു വ്യാമോഹിച്ചു. നീലക്കടലാസിൽ നീ കത്തെഴുതി. നീ എന്തിനാണ് നീലക്കടലാസ് തിരഞ്ഞെടുത്തത്? രക്തവർണ്ണമാണല്ലോ നിനക്കിഷ്ടം. ഞാൻ നിന്റെ വെളിച്ചമാണെന്നു നീ പറഞ്ഞപ്പോൾ ഞാൻ ഒരു മഠയനെപ്പോലെ ആനന്ദിച്ചു. എന്റെ വികൃതമായ മുഖം നീ സ്വീകരിച്ചത് ഒരൊറ്റ ഉദ്ദേശ്യത്തോടെയായിരുന്നു, വികൃതമുഖമുള്ളവനും രക്തമുണ്ട്.

അവൾ മുട്ടുകുത്തിനിന്നുകൊണ്ടു വിമ്മിക്കരയുമ്പോൾ ഞാൻ ചോദിച്ചു: “നീ ഒരമ്മൂമ്മയെപ്പറ്റി പറഞ്ഞു. അമ്മൂമ്മയില്ലെങ്കിലും നിന്നെ ഞാൻ സ്വീകരിച്ചേനെ. പിന്നെ ആ കളവ് എന്തിനു പറഞ്ഞു?”

“കളവല്ല, ശ്രീനി! അമ്മൂമ്മയുണ്ടായിരുന്നു. എന്നെ നോക്കാൻ അവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആശുപത്രിയിൽവച്ചാണു മരിച്ചത്.”

“എന്നു പറഞ്ഞാൽ അതു തെളിവാകുമോ?”

“തെളിവോ? തെളിയിക്കാം ശ്രീനി! ആശുപത്രിയിൽ രേഖകളുണ്ടാവും.” അവൾ കണ്ണുതുടച്ചുകൊണ്ട് എഴുന്നേറ്റു.

ഞാൻ ഒരു ചുവടു പിന്നാക്കം വച്ചു.

അവൾ തുടർന്നു: “ഞാൻ കള്ളമൊന്നും പറഞ്ഞിട്ടില്ല, ശ്രീനി! ശ്രീനിക്ക് എന്തോ ഭയങ്കരമായ സംശയങ്ങൾ തോന്നുന്നു...ശ്രീനിയുടെ സമനിലതെറ്റിയിരിക്കുന്നു.”

“എനിക്കു ഭ്രാന്താണെന്നു പറയുകയാണോ നീ!”

“എന്തു പറയണമെന്ന് എനിക്കറിഞ്ഞുകൂട...അയ്യോ! എന്റെ ശ്രീനി ഇങ്ങനെയായിപ്പോയല്ലോ!” അവൾ നിലവിളിച്ചു.

“നീ അഭിനയിക്കുകയാണ്. കണ്ണുനീരിന്റെ മുമ്പിൽ ഞാനിനി തളരുകയില്ല.”

“ശ്രീനീ!”

“ഒരു പഴയ വീടിനെപ്പറ്റി നീ പറഞ്ഞു. അങ്ങനെയൊരു വീടില്ല!”

“ഉണ്ട്, ബീച്ചിലുണ്ട്. മുമ്പവിടെ റബ്ബർഫാക്ടറിയിലെ ഒരു ജോലിക്കാരൻ താമസിച്ചിരുന്നു. അയാൾ ഒഴിഞ്ഞപ്പോഴാണു ഞാനും അമ്മൂമ്മയും അവിടെ താമസിക്കാൻ തുടങ്ങിയത്.”

“പച്ചക്കള്ളം! അയാൾ പോയശേഷം ആ വീട് ഒഴിഞ്ഞുകിടക്കുകയാണ്. അതു പഴയ വീടല്ലതാനും.”

“ഞാൻ പറയുന്നതു ദയവായി ഒന്നു കേൾക്കുമോ?

ഞാനും അമ്മൂമ്മയും അവിടെ താമസിച്ചിരുന്നതിനു തെളിവുണ്ട്. ഞങ്ങൾക്ക് അടുത്തൊരാൾ പാലു വിറ്റിരുന്നു.”

ഭയങ്കരി! എന്തിനും തെളിവ് ഹാജരാക്കാമെന്നാണു പറയുന്നത്. അവൾക്ക് അതിനു കഴിഞ്ഞേക്കാം. യക്ഷികൾക്കു വേഷം മാറാൾ കഴിയും. മനുഷ്യർക്കില്ലാത്ത ആയിരം സിദ്ധികൾ അവർക്കുണ്ട്. അപ്പോൾ എന്തുകൊണ്ട് ഇല്ലാത്ത ഒരു പാൽക്കച്ചവടക്കാരനെ ഉണ്ടാക്കാൻ കഴിയുകയില്ല?

“നീ പറഞ്ഞപ്പോൾ പാല പൂത്തതെന്താണ്?”

“ഞാൻ പറഞ്ഞ ദിവസം അതു നടന്നു. നേരാണ്. പക്ഷേ, അതു വെറും യാദൃച്ഛികസംഭവമാണ്, ശ്രീനി!”

“കന്യാകുമാരിയിൽവെച്ചു നീ എന്റെ ചോര കുടിക്കാൻ ശ്രമിച്ചു!”

അവളുടെ കണ്ണുനീർ വറ്റിപ്പോയെന്നു തോന്നി. അവൾ തലയുയർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു: “ശ്രീനി എന്നെ എന്തുവേണമെങ്കിലും ചെയ്തുകൊള്ളു! പക്ഷേ, ഭയങ്കരമായ സംശയങ്ങൾ വച്ചുപുലർത്താതിരിക്കൂ! ഞാൻ കരയാൻ പിറന്നവളാണ്. വന്നതുപോലെ ഞാൻ മടങ്ങിപ്പോകാം. ഒന്നുമാത്രം, എനിക്കൊരു മനുഷ്യസ്ത്രീയായി വേണം പോകാൻ. ഭർത്താവു സംശയിക്കുന്നതുപോലെ, ഒരു യക്ഷിയായിട്ടല്ല!”

“എന്നെ തർക്കിച്ചു മടക്കാൻ നോക്കുകയാണോ? ചോരയുടെ കാര്യം പറഞ്ഞപ്പോൾ നീ ഞെട്ടുന്നതെന്തിന്?”

“ബോധരഹിതനായപ്പോൾ കല്ലു കൊണ്ടതല്ലേ?”

ഞാൻ ഉറക്കെ ചിരിച്ചു: “എന്തിനും സമാധാനം പറയാൻ നിനക്കറിയാം. പക്ഷേ, അന്നു രാത്രി മെത്തയിൽ കല്ലുകളുണ്ടായിരുന്നില്ല. എന്നിട്ടും തലയണയുറയിൽ...''

“ആ മുറിവിൽനിന്നും വീണ്ടും ചോരയൊലിച്ചു. എനിക്കറിയാം...''

“നീ അറിയാതിരിക്കുന്നതെങ്ങനെ?''

“പറയൂ ശ്രീനി, ഇനിയുമെന്തൊക്കെയുണ്ട്? ഒന്നും മറച്ചുവയ്ക്കാതെ പറയൂ. എന്തു പറഞ്ഞാലും ഇപ്പോഴുള്ളതിലേറെ വേദന എനിക്കുണ്ടാവുകയില്ല. എന്നെപ്പോലെ ഒരു പാപിയുണ്ടോ?''

“നീ ജൂഡിയെ കൊന്നു!''

“എന്നെക്കണ്ടു ജൂഡി ഭയന്നിട്ടുണ്ട്. അക്കാര്യം ഞാൻ മറച്ചുവച്ചില്ലല്ലോ?''

“ഒരു പട്ടി നിന്നെ കണ്ടപ്പോൾ മരിച്ചതെന്തിന്? അതിനുമുമ്പ് മോങ്ങിയതെന്തിന്?''

“നല്ല ചോദ്യം! ആ വീട്ടിൽ മറ്റൊരു പട്ടിയുണ്ടല്ലോ. അത് ഇന്നും ജീവിച്ചിരിക്കുന്നുണ്ട്.''

“അതിനെയും നീ കൊല്ലും!''

അവൾ ചെവി പൊത്തിപ്പിടിച്ചു.

“പാലമരത്തിൽനിന്നും നിന്നെ പാട്ടുപാടി വിളിക്കുന്നതാരാണ്? ആ ഗാനം കേട്ടില്ലെന്നു നീ എന്നോടു കള്ളം പറഞ്ഞു.''

“ഗാനമോ? അതൊക്കെ ശ്രീനിയുടെ തോന്നലാണ്.''

“തോന്നൽ! എന്തു നടന്നാലും തോന്നൽ! എത്ര സൗകര്യപ്രദമായ വാക്ക്! ഇന്നലെ നീ ചുവരിലൂടെ ഇറങ്ങിവന്നു ആ വെളിച്ചത്തിന്റെ കരവലയത്തിൽ ഒതുങ്ങിനിന്നു. അതെല്ലാം തോന്നലാണെന്നു നീ പറയും! ആരാണവൻ? നിന്റെ പഴയ കാമുകനോ? ഗന്ധർവനാണ്, അല്ലേ?''

അവൾ എന്നെ ഉറ്റുനോക്കി—പരിഭ്രാന്തിയോടെ.

“ശ്രീനീ, എനിക്കു ഭയമാകുന്നു.''

“ഭയമോ? നിനക്കോ? നീ ഭയപ്പെടുത്തുന്നവളാണ്. യക്ഷിയാണ്. നിന്റെ കൈയിൽ പഴക്കമേറിയ ആഭരണങ്ങളുണ്ട്. മുൻകൂട്ടി നിനക്കു കാര്യങ്ങളറിയാൻ കഴിയും. അന്നു നീ എന്നെ സിനിമാതിയേറ്ററിൽവച്ചു രക്ഷിച്ചതെന്തിന്? എന്റെ ചോര കുടിക്കാനല്ലേ? ജീവനുള്ള ശരീരത്തിലെ ചോരയാണ് നിനക്കു വേണ്ടത്; എനിക്കറിയാം നിന്റെ വർഗ്ഗത്തെപ്പറ്റിയൊക്കെ ഞാൻ വായിച്ചിട്ടുണ്ട്.'' ഒന്നു നിർത്തിയശേഷം ഞാൻ തുടർന്നു: “കല്യാണിയമ്മയുടെ ഭ്രൂണം നീ തിന്നു! അമ്പതു കൊല്ലങ്ങൾക്കുമുമ്പ് ഒരു ഗോപാലപിള്ളയെ നീ കൊന്നു. അയാൾ നിന്റെ ഭർത്താവായിരുന്നു. പിന്നെ കാർത്ത്യായനിയമ്മയുടെ സഹോദരനെ നീ കശാപ്പു ചെയ്തു.''

“ശ്രീനീ, നിറുത്തൂ, നിറുത്തൂ... എനിക്കു ഭയമാകുന്നു.'' അവൾ നീട്ടി നിലവിളിച്ചു. അത്യുച്ചത്തിൽ. എന്റെ വീട്ടിലേക്കു നയിക്കുന്ന ഇടവഴി മുഴുവനും ആ നിലവിളി മുഴങ്ങിക്കാണും.

ആ നിലവിളി കേട്ട് ആരെങ്കിലും വരുമോ? അനന്തന്റെ വീട്ടിലേക്കു ഞാൻ നോക്കി. കാർത്ത്യായനിയമ്മ ഇങ്ങോട്ടു നോക്കിനില്ക്കുന്നു.

കാർത്ത്യായനിയമ്മേ, ഞാൻ കണക്കു ചോദിക്കയാണ്. എണ്ണിയെണ്ണി ചോദിക്കയാണ്. ഓരോ സംഭവവും ഞാൻ രാഗിണിയുടെ മുമ്പിലേക്കെറിയുകയാണ്.

“നിർത്തൂ നിർത്തൂ!'' വീണ്ടും രാഗിണി നിലവിളിച്ചു. അപ്പോൾ ശബ്ദം ദുർബ്ബലമായിരുന്നു.

ഞാൻ അവളുടെ ശരീരത്തിന്റെ ഓരോ ഭാഗത്തും കണ്ണോടിച്ചു. എത്ര സുന്ദരമായ ശരീരം! എന്തൊരു മാറിടം! എത്ര ഭംഗിയുള്ള തോളുകൾ! എത്രപരപ്പാർന്ന ഉദരം! എത്ര മാദകമായി ചരിഞ്ഞിറങ്ങുന്ന നിതംബം! ഇതൊക്കെ ഞാൻ നോക്കി—ആദ്യമായി കാണുന്നപോലെ.

“രാഗിണീ, നീ അതിസുന്ദരിയാണ്. എന്നിട്ടും ഞാൻ നിന്നെ ചുംബിക്കാൻ മടിക്കുന്നു. നിന്നെ എന്നോടണയ്ക്കാൻ മടിക്കുന്നു. നീ മദാലസയായി കിടക്കയിൽ കിടക്കുമ്പോൾ, നിന്റെ കൺകോണുകളിൽ കാമത്തിന്റെ സമുദ്രങ്ങളിരമ്പുമ്പോൾ, ഞാൻ ഓടിയകലുന്നു. നിന്നെ ഞാൻ ഇന്നോളം അനുഭവിച്ചിട്ടില്ല. എന്തുകൊണ്ടാണെന്നറിയാമോ? മീട്ടപ്പെടാത്ത മണിവീണയാണെന്നു ഡയറിയിലെഴുതിയിട്ടില്ലേ? എന്തുകൊണ്ടാണെന്നറിയാമോ?''

“എനിക്കറിഞ്ഞുകൂടാ... എന്റെ വേദനകൾ പകർത്താനേ എനിക്കറിയാവൂ... സമയമുണ്ടായിരുന്നെങ്കിൽ ഞാൻ ലക്ഷം ഡയറികളിൽ എന്റെ നിരാശയുടെ ആഴവും പരപ്പും വിവരിക്കുമായിരുന്നു.'' അവൾ എന്നെ തുറിച്ചു നോക്കിക്കൊണ്ടാണു സംസാരിച്ചത്.

ഞാൻ തുടർന്നു: “നീയൊരു യക്ഷിയാണ്. യക്ഷിയും മനുഷ്യനും ഇണചേർന്നുകൂടാ. അവരുടെ മദ്ധ്യത്തിൽ ഒരു വലിയ മതിലുണ്ട്. ആ മതിൽ ചാടിക്കടന്നാൽ, മനുഷ്യൻ മരിക്കും. നിന്നെ എന്റേതാക്കാൻ ഞാൻ മുതിരുന്ന നിമിഷത്തിൽ ഞാൻ മരിച്ചുപോകാം. അതൊന്നുകൊണ്ടുമാത്രമാണു നിന്റെ ശരീരം എനിക്കു നിഷിദ്ധമായിപ്പോയത്!''

രാഗിണി നിവർന്നുനിന്നു. അവളുടെ മുഖം വല്ലാതെ ചുവന്നിരുന്നു. ദേഷ്യമുണ്ട്. അതിലേറെ പുച്ഛവും വെറുപ്പും. ഇങ്ങനെ ഒരിക്കലും ഞാനവളെ കണ്ടിരുന്നില്ല.

“ശ്രീനീ! അതല്ല കാരണം.'' വളരെ സാവധാനത്തിൽ അവൾ പറഞ്ഞു.

“പിന്നെ?''

“കയ്പുള്ള ഒരു സത്യമാണെനിക്കു പറയാനുള്ളത്. ഞാനൊരിക്കലും മുഖത്തുനോക്കി ഇങ്ങനെ പറയുകയില്ലായിരുന്നു. പക്ഷേ...''

“ഓ! എന്നോടു കരുണകാണിക്കുകയാണോ? എന്താണാ സത്യം? കയ്പു നിറഞ്ഞ ആ സത്യമെന്താണ്?''

രാഗിണി എന്നെ കോപാന്ധനാക്കിയ ഒരു മറുപടിയാണു പറഞ്ഞത്.

"ശ്രീനിക്കതിനു കഴിവില്ല. ഒരു സ്ത്രീയെ കീഴടക്കാൻ ശ്രീനിക്കു കഴിവില്ല!'' ആത്മാവിന്റെ അടിയിൽനിന്നെന്നപോലെ, നേർത്ത ശബ്ദത്തിൽ അവൾ അലറി. പെട്ടെന്നു വെട്ടിയിട്ടതുപോലെ അവൾ തറയിൽ ചുരുണ്ടുകൂടി വീണു.

ഞാൻ മുന്നോട്ടു കുതിച്ചു. അവളുടെ തലമുടിയിൽ പിടിച്ചു വലിച്ചു നോക്കി. ഒരു പമ്പരംപോലെ ഞാൻ അവളെ കറക്കി. അവളെ ഞാൻ അങ്ങനെ എത്രനേരമാണു തലമുടിക്കു പിടിച്ചു കറക്കിയത്! ഞാൻ പിടിവിട്ടപ്പോൾ അവൾ ചുവരിൽ ചെന്നിടിച്ചു. താഴെവീണു. അവളുടെ തല പൊട്ടിയിരുന്നു. ഒരു ചുവന്ന റിബ്ബൺപോലെ, അവളുടെ തലമുടിയിൽ ചോര പടർന്നു. രാഗിണി പിന്നെ അനങ്ങിയില്ല. മിണ്ടിയില്ല. യക്ഷികൾക്ക് ബോധം കെടാറുണ്ടോ?

അങ്ങനെ രാഗിണിയെ നോക്കിനില്ക്കുമ്പോൾ ഒരു കൊടുങ്കാറ്റുപോലെ കാർത്ത്യായനിയമ്മ എന്റെ വീട്ടിലേക്കോടിക്കയറി. അവർ എല്ലാം കണ്ടിരുന്നു. വരട്ടെ. യക്ഷിയോട് അവരും കണക്കുചോദിക്കട്ടെ. ആലുവാ ശിവരാത്രിമണൽപ്പുറത്തൊഴുകിയ സ്വന്തം സഹോദരന്റെ ചോരയ്ക്കു പകരം ഇതാ യക്ഷിയുടെ തലയിൽനിന്നും ചോരയൊഴുകുന്നു. അതു കണ്ട് കാർത്ത്യായനിയമ്മയുടെ കണ്ണു കുളിർക്കട്ടെ!

പക്ഷേ, ഞാൻ വിചാരിച്ചതുപോലെയല്ല കാർത്ത്യായനിയമ്മ പെരുമാറിയത്. അവർ വെറുപ്പോടെ എന്നെ നോക്കി. "നിങ്ങളൊരു മനുഷ്യനാണോ?'' അവർ എന്റെ മുഖത്തുനോക്കി ചോദിച്ചു.

അവർ രാഗിണിയെ വാരിയെടുത്തു മടിയിൽ കിടത്തി.

"തൊടരുത്! യക്ഷിയാണ്! നിങ്ങളുടെ സഹോദരനെ ആലുവായിൽവച്ചു കൊന്ന യക്ഷിയാണ്.'' ഞാൻ പറഞ്ഞു.

"നിങ്ങൾക്കു ഭ്രാന്താണ്...തനിഭ്രാന്ത്!'' ആ വൃദ്ധ എന്റെ നേർക്കു ചുക്കിച്ചുളിഞ്ഞ ഒരു കൈവീശിക്കാണിച്ചു.

എന്തുപറ്റി ഈ തള്ളയ്ക്ക്? രാഗിണിയെ അവർ തുറിച്ചുനോക്കിയിരുന്നില്ലേ? തിരിച്ചറിഞ്ഞില്ലേ? എന്നിട്ടിപ്പോൾ—!

"തല പൊട്ടിയിരിക്കുന്നു... പാവം!'' ആരോടെന്നില്ലാതെ കാർത്ത്യായനിയമ്മ സംസാരിച്ചു.

"പാവമോ? ചോര കുടിക്കുന്ന യക്ഷി പാവമാണെന്നോ?''

"ബോധമില്ല. രാക്ഷസൻ!''

എന്നെ രാക്ഷസൻ എന്ന് ആ തള്ള വിളിച്ചപ്പോൾ ഞാൻ പൊട്ടിച്ചിരിച്ചുപോയി.

ആടിനെ പട്ടിയാക്കുന്ന ലോകമാണിതെന്നു ഞാനോർത്തു. ഞാൻ രാക്ഷസനാണ്. രാഗിണി ഒരു പാവപ്പെട്ട പെൺകുട്ടിയും.

"ചിരിക്കുന്നോ! ഇങ്ങനെ കാണിച്ചിട്ടു ചിരിക്കുന്നോ?'' അവർ ചോദിച്ചു. എനിക്ക് ഒരമ്മൂമ്മയുണ്ടായിരുന്നെങ്കിൽ, അവർ ഇത്ര അധികാരത്തോടെ സംസാരിച്ചിരിക്കയില്ല.

അനന്തൻ കയറിവന്നു.

"എന്തുപറ്റി?'' അയാൾ തിരക്കി.

"ഈ പാവം കുട്ടിയെ ഈ മനുഷ്യൻ കൊന്നിരിക്കുന്നു.'' കാർത്ത്യായനിയമ്മ നിലവിളിച്ചു.

അനന്തൻ അടുത്തുചെന്നു. കുനിഞ്ഞിരുന്നുകൊണ്ട് രാഗിണിയുടെ തല പരിശോധിച്ചു. അപ്പോഴും ആ ചുവന്ന റിബ്ബൺ ഒഴുകുകയാണ്! വീതിയേറിയ ചുവന്ന റിബ്ബൺ!

"ഇങ്ങനെ നോക്കിയിരിക്കാതെ ഡോക്ടറെ വിളിക്കാമോ?'' കാർത്ത്യായനിയമ്മ അനന്തനോടു കയർത്തു. എല്ലാ ചുമതലയും അവർ ഏറ്റെടുക്കുകയാണെന്നുതോന്നി.

അനന്തൻ എന്റെയടുത്തു വന്നു: "എന്താണീ കാണിച്ചത്?''

ഞാൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: "രാഗിണി ഒരു യക്ഷിയാണ്. കാർത്ത്യായനിയമ്മ അവളെ മടിയിൽ കിടത്തുന്നതു ശരിയല്ല.''

"എന്താണു ഭ്രാന്തു പറയുന്നത്?''

"അനന്തനെങ്കിലും വിശ്വസിക്കൂ...അവൾ യക്ഷിയാണ്. എന്റെ ചോര കുടിക്കാൻ കാത്തിരിക്കുന്നവളാണ്.''

ഒന്നും പറയാതെ അനന്തൻ വെളിയിലേക്കു നടന്നു.

"കുറേ പഞ്ചസാരയെടുത്തുകൊണ്ടുവരൂ.'' കാർത്ത്യായനിയമ്മ എന്നോടാജ്ഞാപിച്ചു.

"എന്തിന്?''

"മുറിവിൽ വയ്ക്കാൻ.''

"വേണ്ട. യക്ഷിയാണ്.''

കാർത്ത്യായനിയമ്മ എന്നെ ദഹിപ്പിക്കാൻ പോന്ന ഒരു നോട്ടമാണു നോക്കിയത്. അവർ തറയിൽ തുപ്പി. എന്നെ ശപിക്കുകയാണവർ. നിന്ദിക്കുകയാണ്!

എനിക്കു പുതിയൊരു സംശയം തോന്നി. കാർത്ത്യായനിയമ്മ ആരാണ്? അനന്തന് അവരെപ്പറ്റി എന്തറിയാം? അകന്ന ബന്ധുവെന്നു പറഞ്ഞാൽ...ഹോ! എത്ര അവ്യക്തമായ പ്രസ്താവന! കാർത്ത്യായനിയമ്മ തന്നെയാണോ രാഗിണിയുടെ അമ്മൂമ്മ? അമ്മൂമ്മ കൊച്ചുമകളോടെന്ന മട്ടിലല്ലേ, രാഗിണിയോട് ഇപ്പോൾ പെരുമാറുന്നത്? എന്തൊരധികാര ഭാവമാണ്, എന്നോടു സംസാരിക്കുമ്പോൾ! അമ്മൂമ്മ മരിച്ചെന്ന് രാഗിണി പറഞ്ഞതു കളവാണ്. അമ്മൂമ്മ ഈ തള്ളയാണ്. രാഗിണിയുടെ വർത്തമാനങ്ങളറിയാൻ വന്നിരിക്കുന്നു. അതാണു തുറിച്ചു നോക്കിനിന്നത്. ആദ്യം സംശയം തോന്നിക്കാണും. ഇവിടെത്തന്നെയാണോ എന്റെ കൊച്ചുമകൾ വന്നെത്തിയിരിക്കുന്നത്? ഈ മുഖം കരിഞ്ഞവനാണോ ഭർത്താവ്? അങ്ങനെയാണെങ്കിൽ കാർത്ത്യായനിയമ്മയും ഒരു യക്ഷിയാണോ? ഛെ, ആവില്ല. ചുക്കിച്ചുളിഞ്ഞ യക്ഷികളെപ്പറ്റി ഞാൻ വായിച്ച പുസ്തകങ്ങളിൽ ഒന്നും പറഞ്ഞിട്ടില്ല. എല്ലാ യക്ഷികളും

ചെറുപ്പക്കാരികളാണ്. സുന്ദരിമാരാണ്. കടഞ്ഞെടുത്തമട്ടിലുള്ള ശരീരമാണവർക്ക്. അവർ കണ്ണെറിയുമ്പോൾ മനുഷ്യർ വശീകരിക്കപ്പെടുന്നു. ഈ തള്ള എത്ര കണ്ണെറിഞ്ഞാലും ഒന്നും സംഭവിക്കയില്ല. കണ്ണു വേദനിക്കും, അത്രതന്നെ. മാത്രമല്ല, അവരെന്തെങ്കിലും പുറത്തു പറയുമോ എന്ന ആശങ്കയല്ലേ, രാഗിണിയുടെ ഡയറിക്കുറിപ്പിൽ കണ്ടത്? അമ്മൂമ്മ യക്ഷി കൊച്ചു യക്ഷിയെപ്പറ്റി വെളിയിൽ പറഞ്ഞുനടക്കുകയില്ല. അതുകൊണ്ട് കാർത്ത്യായനിയമ്മ യക്ഷിയല്ല. എങ്കിലും അവർ രാഗിണിയോടു സഹതാപം കാണിക്കുന്നതെന്താണ്? സ്വന്തം സഹോദരന്റെ ചോര കുടിച്ച യക്ഷിയോടു സ്നേഹം തോന്നുമോ?

"പഞ്ചസാര കൊണ്ടുവരികയില്ല, അല്ലേ?''

അങ്ങനെ ചോദിച്ചശേഷം അവർ രാഗിണിയെ മെല്ലെ മടിയിൽ നിന്നുയർത്തി, തറയിൽ കിടത്തി. അടുക്കളയിൽനിന്നും പഞ്ചസാരയും ഒരുമൊന്ത വെള്ളവുമായി അവർ തിരിച്ചുവന്നു. മുറിവിൽ പഞ്ചസാര പൊടിച്ചിട്ടു.

"എന്തിനാണു പഞ്ചസാരയിട്ടത്?''

"രക്തം കട്ടപിടിക്കാൻ.'' കാർത്ത്യായനിയമ്മ വെറുപ്പോടെ പറഞ്ഞു.

രാഗിണിയുടെ മുഖത്ത് അവർ വെള്ളം തളിച്ചു. എന്നിട്ടും രാഗിണി കണ്ണു തുറന്നില്ല.

അല്പം കഴിഞ്ഞപ്പോൾ ഒരു കാർ വന്നുനിന്ന ശബ്ദം കേട്ടു. ഒരു ഡോക്ടറും അനന്തനും.

ഡോക്ടർ രാഗിണിയെ പരിശോധിച്ചശേഷം പറഞ്ഞു: "ഭാഗ്യം! മുറിവു വളരെ ഡീപ് അല്ല...പക്ഷേ, ആശുപത്രിയിലേക്കു കൊണ്ടുപോകാതെ വയ്യ. ഇവിടെവച്ചു ഡ്രസ്സുചെയ്താൽ പോര.''

"ബോധം വന്നില്ലല്ലോ, ഡോക്ടർ?'' അനന്തൻ പറഞ്ഞു.

ഡോക്ടർ തന്റെ പെട്ടിയിൽനിന്നും മരുന്നും സൂചിയുമെടുത്തു. എന്തോ ആലോചിച്ചിട്ടെന്നവണ്ണം, മരുന്നും സൂചിയും പെട്ടിയിൽ തിരിച്ചിട്ടു. മറ്റൊരു കുപ്പിയും പഞ്ഞിയുമെടുത്തു. പഞ്ഞി മൂക്കിൽ ചേർത്തുപിടിച്ച് അല്പം കഴിഞ്ഞപ്പോൾ രാഗിണി കണ്ണുതുറന്നു. അവൾ ചുറ്റും നോക്കി.

"മോളേ!'' കാർത്ത്യായനിയമ്മ വിളിച്ചു.

എന്താണങ്ങനെ വിളിച്ചത്?

പ്രായംചെന്ന ഒരു തള്ളയ്ക്ക്, സ്നേഹപൂർവം ഒരു ചെറുപ്പക്കാരിയെ അങ്ങനെ വിളിക്കാവുന്നതാണ്. അങ്ങനെ വിളിച്ചതാണോ? അതോ—

അപ്പോൾ ഡോക്ടർ ചോദിക്കുന്നതു കേട്ടു: "ഇതെങ്ങനെ പറ്റി?''

രാഗിണി എന്തു പറയും? അതോ അവൾക്കുമുമ്പ് ആരെങ്കിലും പറയുമോ? "രാക്ഷസനായ ശ്രീനി അവളെപ്പിടിച്ചു ചുവരിൽ തള്ളി.'' അപ്പോൾ ഡോക്ടർക്കും പറയാം: "രാക്ഷസൻ!''

രാഗിണിയുടെ ദുർബ്ബലമായ ശബ്ദമുയർന്നു: "ഞാൻ കുളിമുറിയിൽ കാലിടറി വീണു.''

അനന്തനും കാർത്ത്യായനിയമ്മയും പരസ്പരം നോക്കി; പിന്നെ എന്നെ നോക്കി.

രാഗിണി അങ്ങനെ പറയുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്നെ ചീത്തയാക്കരുതെന്നു വിചാരിച്ചാണങ്ങനെ പറഞ്ഞത്. അങ്ങനെ ഒരു യക്ഷി വിചാരിക്കേണ്ടയാവശ്യമില്ല. സ്നേഹമുള്ള ഒരു ഭാര്യ മാത്രമേ അങ്ങനെയൊരു കള്ളം പറയൂ, ഭർത്താവിന്റെ പേരിനു കളങ്കം വരാതിരിക്കാൻ.

"നമുക്ക് ആശുപത്രിയിലേക്കു പോകാം.'' ഡോക്ടർ പറഞ്ഞു.

"ശ്രീനിവാസൻ വരണമെന്നില്ല. ഞങ്ങൾ പൊയ്ക്കൊള്ളാം.'' അനന്തൻ അറിയിച്ചു.

ഡോക്ടറുടെ പിന്നാലെ അനന്തനും അതിനു പിന്നിൽ രാഗിണിയെ പിടിച്ചുകൊണ്ട് കാർത്ത്യായനിയമ്മയും നടന്നു.

ആ ഘോഷയാത്ര ഗേറ്റിനു വെളിയിൽ നിന്നിരുന്ന കാറിലേക്കു നീങ്ങി.

## ഹോമകുണ്ഡം

കാർ നീങ്ങിത്തുടങ്ങുമ്പോൾ ഒരു ഭയങ്കരസംഭവം നടന്നു. അനന്തന്റെ വീട്ടിൽനിന്നും ബ്രൂണോ കുരച്ചുകൊണ്ട് പെട്ടെന്ന് വെളിയിലേക്കു ചാടി.

കാറിന്റെ മുൻചക്രങ്ങളുടെ നേർക്കാണ് അതു ചാടിയത്. അവിടെ കുടുങ്ങി.

ഡ്രൈവർ കാർ നിർത്തി. അനന്തൻ ചാടിയിറങ്ങി.

വളരെ ഹ്രസ്വമായ ഒരു നിലവിളി മാത്രമാണ്, കാറിനടിയിൽപ്പെട്ടപ്പോൾ ബ്രൂണോ പുറപ്പെടുവിച്ചത്. ഇപ്പോൾ എല്ലാം നിശ്ശബ്ദമായിരിക്കുന്നു. കാറിന്റെ ശബ്ദമില്ല. ബ്രൂണോയുടെ നിലവിളിയില്ല. ആരും ശ്വാസം വിടുന്നില്ലെന്നുപോലും തോന്നി. സ്നേഹിച്ചു വളർത്തിയ നായാണ്.

"പാവം!'' അനന്തൻ പറഞ്ഞു.

എന്റെ ഗേറ്റിൽ നിന്നുകൊണ്ടു ഞാൻ ഇതെല്ലാം കണ്ടു. പക്ഷേ, ഞാൻ ഓടിയിറങ്ങിച്ചെന്നില്ല.

കാർത്ത്യായനിയമ്മ സംസാരിക്കുന്നതു കേട്ടു: "അനന്തൻ വരണമെന്നില്ല. ഞാൻ മാത്രം മതി ആശുപത്രിക്ക്.''

കാർ മുന്നോട്ടു നീങ്ങി.

ബ്രൂണോയുടെ ചതഞ്ഞരഞ്ഞ ശരീരം അനന്തൻ കാലുകൊണ്ടു തട്ടി, മതിലിനരികിൽ ചേർത്തിട്ടു.

കാറും ലോറിയും മുട്ടി റോഡിൽ ചത്തുകിടക്കുന്ന നായ്ക്കളെ ഞാൻ കണ്ടിട്ടുണ്ട്. ഉറങ്ങുന്നതുപോലെയാണ് അവ കിടക്കുക.

അവയുടെ വായിൽനിന്നും അല്പം ചോരയേ ഒലിക്കാറുള്ളൂ. കിടക്കുന്നതു കണ്ടാൽ തോന്നും, അല്പം ചോര ഛർദ്ദിച്ചശേഷം, ക്ഷീണം തീർക്കാൻ ചരിഞ്ഞു കിടന്നുറങ്ങുകയാണെന്ന്.

പക്ഷേ, ബ്രൂണോ ഒട്ടേറെ ചോര തുപ്പിയിരുന്നു. കഴുത്തും മുൻകാലുകളും വല്ലാതെ അരഞ്ഞിട്ടുണ്ട്.

അല്പം മുമ്പ് മാത്രമാണ് ജീവിച്ചിരിക്കുന്ന ബ്രൂണോയെ രാഗിണി അവളുടെ ഭാഗം സാക്ഷിയായി അവതരിപ്പിച്ചത്. ജൂഡി ചത്താലും ബ്രൂണോ ജീവിച്ചിരിക്കുന്നില്ലേ? അതായിരുന്നു വാദം. ഇതാ അവൾ ബ്രൂണോയെയും വക വരുത്തിയിരിക്കുന്നു.

ഞാൻ ഇടവഴിയിലിറങ്ങി. അനന്തനെ നോക്കി.

നിശ്ചലനായി നില്ക്കുകയാണ്. കരയുന്നില്ല. പക്ഷേ, കണ്ണീരൊലിപ്പിക്കാതെ കരയാനാവുമെങ്കിൽ, അനന്തൻ കരയുകയായിരുന്നെന്നു വേണം പറയാൻ. ജൂഡിയുടെ മരണം അയാളെ ഇത്തരത്തിൽ സ്പർശിച്ചില്ല. ഈ നായ അയാളുടെ ഓമനയാണ്. ഇതൊന്നിച്ചാണു ഗേറ്റിൽ നില്ക്കുന്നത്. മരുന്നുഷോപ്പിലെ പ്രവൃത്തി കഴിഞ്ഞു മടങ്ങിയാൽ ബ്രൂണോയെ മേയ്ക്കലാണ്—ആയിരുന്നു—ജോലി. പാവം അനന്തൻ!

“ഇപ്പോഴെങ്കിലും ബോദ്ധ്യമായോ?’’ ഞാൻ ചോദിച്ചു.

“എന്ത്?’’

“രാഗിണി യക്ഷിയാണെന്ന്!’’

“എന്താണിങ്ങനെയൊക്കെ പറയുന്നത്?’’

“സത്യമാണ്. ബ്രൂണോ മരിച്ചതെങ്ങനെയാണെന്നു മനസ്സിലായില്ലേ?’’

ചത്തുകിടക്കുന്ന ബ്രൂണോയേയും എന്നെയും അനന്തൻ മാറിമാറി നോക്കി. അയാളുടെ നെറ്റിത്തടത്തിൽ വിയർപ്പിന്റെ മുത്തുകൾ ഉയർന്നു.

“ശ്രീനിവാസൻ, വരൂ, എന്റെ വീട്ടിലേക്കു വരൂ. നമുക്കു കുറെനേരം സംസാരിക്കാം.’’

ഞാൻ കൂടെ ചെന്നു.

ഒരു മൂത്ത സഹോദരന്റെ മട്ടിലാണ് അനന്തൻ സംസാരിക്കാൻ തുടങ്ങിയത്.

“രാഗിണിയെപ്പറ്റി ഇങ്ങനെയൊന്നും പറയരുത്. എത്ര നല്ല കുട്ടിയാണ്! ശ്രീനിവാസൻ ഇങ്ങനെയൊക്കെ പറഞ്ഞാൽ ആ കുട്ടി എന്തു ചെയ്യും? എങ്ങനെ സഹിക്കും? വാസ്തവം പറയട്ടെ, ശ്രീനിവാസൻ ബാലൻസ് തെറ്റിയ മട്ടിലാണു പെരുമാറിക്കളഞ്ഞത്.’’

“കഥ മുഴുവൻ അറിയാതെ നിങ്ങൾ സംസാരിക്കുന്നു.’’ ഞാൻ ആരംഭിച്ചു.

ടൗൺഹാളിനടുത്തുള്ള വളവിൽവച്ച് രാഗിണിയെ കണ്ട രാത്രിയെപ്പറ്റി ഞാൻ പറഞ്ഞു. ഞങ്ങളുടെ പ്രേമത്തെപ്പറ്റി പറഞ്ഞു. പിന്നീടുണ്ടായ സംഭവങ്ങളെല്ലാം വർണ്ണിച്ചു. ഞാൻ ചോദിച്ചു: “എന്റെ കരിഞ്ഞ മുഖം

അവൾക്കു സ്വീകാര്യമായതെങ്ങനെ? ഏതെങ്കിലുമൊരു പെണ്ണ് എന്നെ ത്തേടി വരുമോ? ഭംഗിവാക്കൊന്നും പറയേണ്ട...വരികയില്ല...അതാണു സത്യം. എന്നിട്ടും രാഗിണി വന്നു. ആരാണവൾ? എവിടെനിന്നു വന്നു? എന്നെ വിവാഹം കഴിക്കുന്നതിനുമുമ്പും അവൾക്കു മാനുഷിക ബന്ധങ്ങൾ വേണ്ടതല്ലേ? മാനത്തുനിന്നും പൊട്ടിവീണപോലെയല്ലേ വന്നത്! പിടിച്ചുതൂങ്ങാൻ അവൾക്ക് ഒരമ്മൂമ്മയുണ്ട്. ഒരമ്മൂമ്മയുടെ കഥ! ആരും കണ്ടിട്ടില്ലാത്ത ഒരമ്മൂമ്മ! അവൾക്ക് അച്ഛനുണ്ടോ? അമ്മ യുണ്ടോ? നാടുണ്ടോ? വീടുണ്ടോ?''

"എല്ലാമുണ്ട്—ഉണ്ടായിരുന്നു.''

"എങ്ങനെയറിയാം?''

"അറിയാം, ശ്രീനിവാസൻ! കാർത്ത്യായനിയമ്മയ്ക്ക് പണ്ടുതന്നെ രാഗിണിയെ അറിയാം.''

"അതാണ് ഞാനൂഹിച്ചത്.''

"ശ്രീനിവാസൻ ഊഹിച്ചമട്ടിലൊന്നുമല്ല.''

"പിന്നെ?''

അനന്തൻ കുറേനേരം മടിച്ചുനിന്നു. അയാൾ എന്തോ ആലോചിക്കുക യായിരുന്നു. എന്തോ പറയാനുണ്ട്. വേണോ വേണ്ടയോ?

മുതുകിൽ കൈകെട്ടിക്കൊണ്ട് അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു. നടക്കുന്നതിനിടയിൽ, ആത്മഗതത്തിന്റെ മട്ടിൽ, അയാൾ പറഞ്ഞു: "ഞാൻ ചെയ്യുന്നതു വിശ്വാസവഞ്ചനയാണ്...എങ്കിലും...''

"മുഖവുരയൊന്നും കൂടാതെ കാര്യം പറയൂ!''

"മറ്റൊരവസരത്തിൽ ഞാൻ പറയുമായിരുന്നില്ല. പക്ഷേ, ഇപ്പോൾ പറയാതെ വയ്യ.''

എന്റെ ജിജ്ഞാസ വളർന്നു: "പറയൂ, വളച്ചുകെട്ടാതെ പറയൂ.''

"രാഗിണിയുടെ പഴയ കഥയാണെനിക്കു പറയാനുള്ളത്. കാർത്ത്യാ യനിയമ്മ എന്നോടു പറഞ്ഞ കഥ. നിങ്ങളോടിതു പറയില്ലെന്നു ഞാൻ അവർക്കു വാക്കുകൊടുത്തതാണ്. ആ വ്യവസ്ഥ ഞാനിതാ ലംഘിക്കുന്നു.''

"ഒന്നു വേഗം പറയാമോ?''

"പറയാം. എവിടെത്തുടങ്ങണം, എങ്ങനെ തുടങ്ങണം അതാണറിഞ്ഞു കൂടാത്തത്. ശ്രീനിവാസന് ഏറ്റവും അസുഖമുണ്ടാക്കാനിടയുള്ള കാര്യം ആദ്യം പറയാം. രാഗിണിക്ക് ഒരു ഭർത്താവുണ്ടായിരുന്നു.''

"ഒന്നല്ല, ഒട്ടേറെയുണ്ടായിരുന്നു. അവൾ അവരുടെയെല്ലാം ചോര കുടിച്ചു. അവൾ യക്ഷിയാണ്.''

"ഞാൻ പറയുന്നതു ക്ഷമയോടെ കേൾക്കുമോ?''

ഞാൻ തല കുലുക്കി.

അനന്തൻ തുടർന്നു: "കൊട്ടാരക്കരയിലാണ് രാഗിണിയുടെ വീട്. കാർത്ത്യായനിയമ്മയുടെ വീടും അവിടെയാണ്. ഒരു പഴയ തറവാടാണു രാഗിണിയുടേത്. തകർന്നുപോയ ഒരു തറവാട്. കുട്ടിക്കാലത്തുതന്നെ

രാഗിണിയുടെ അച്ഛനമ്മമാർ മരിച്ചു. പിന്നെ, ബന്ധുക്കളെന്നു പറയാൻ വകയിലൊരമ്മാവനും അമ്മൂമ്മയും മാത്രമാണുണ്ടായിരുന്നത്.''

വിശ്വസിക്കാത്തമട്ടിൽ ഞാൻ പുഞ്ചിരിച്ചു. അതുകൊണ്ടാവാം അനന്തൻ ഒന്നു നിറുത്തിയത്.

"പറയൂ, ഞാൻ കേൾക്കുന്നുണ്ട്.'' ഞാൻ അറിയിച്ചു.

"അമ്മൂമ്മ—രാഗിണിയുടെ അമ്മയുടെ അമ്മ—അവളെ വളർത്തി. പണത്തിനു വലിയ ഞെരുക്കമായിരുന്നു. എങ്കിലും അല്പകാലം രാഗിണിയെ അവർ കോളേജിൽ പഠിപ്പിച്ചു...''

ഞാൻ ചിരിച്ചു. "അങ്ങനെയൊരു കണ്ടുപിടിത്തം കുറെ ദിവസങ്ങൾക്കു മുമ്പുണ്ടായി... എന്റെ ഒരു വിദ്യാർത്ഥിനിയോട് രാഗിണി പറയുന്നതു കേട്ടു...''

ഞാൻ ഇടയ്ക്കു കയറി സംസാരിച്ചത് അനന്തനിഷ്ടമായില്ല. നെറ്റി ചുളിച്ചുകൊണ്ട് അയാൾ തുടർന്നു: "അങ്ങനെ കോളേജിൽ പഠിക്കുമ്പോൾ ഒരു വിവാഹാലോചന വന്നു. അമ്മൂമ്മയ്ക്കു വലിയ സന്തോഷമായി. കല്യാണം നടന്നു.''

"ആരായിരുന്നു നിർഭാഗ്യവാനായ വരൻ? അയാൾ എങ്ങനെ മരിച്ചു?''

"മരിച്ചിട്ടില്ല. ഇന്നുമുണ്ട്. പട്ടാളത്തിലാണ്.''

"അതു ശരി...വേഗം മരിച്ചുകൊള്ളും.'' ഒരു ഫലിതം പറഞ്ഞമട്ടിൽ ഞാൻ കുലുങ്ങിച്ചിരിച്ചു.

"ചിരിച്ചുതള്ളാനുള്ള കഥയല്ല, ഞാൻ പറയുന്നത്.'' എന്നെ കുറ്റപ്പെടുത്തിയശേഷം അനന്തൻ തുടർന്നു: "വളരെ കുറച്ചു ദിവസങ്ങൾ മാത്രമേ ആ ഭർത്താവ് രാഗിണിയൊന്നിച്ചു താമസിച്ചുള്ളൂ...''

"എന്താണങ്ങനെ?''

''കല്യാണം കഴിക്കാൻവേണ്ടി അയാൾ ലീവെടുത്തു വന്നതാണ്. ലീവ് തീർന്നയുടൻ മടങ്ങി. ആറു മാസം കഴിഞ്ഞ് അയാൾ വീണ്ടും ലീവിൽ വന്നപ്പോൾ...''

അനന്തൻ അവിടെവച്ചു നിറുത്തി. കുറേനേരത്തേക്ക് ഒന്നും പറഞ്ഞില്ല. തറയിൽ നോക്കിക്കൊണ്ട്, അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു: "എന്താ, നിറുത്തിയത്? ലീവിൽ വന്നപ്പോൾ എന്തു സംഭവിച്ചു?''

"അയാൾ ഒരു കഥ കേട്ടു.''

"യക്ഷിയാണെന്നോ?''

"അല്ല...പരിശുദ്ധയല്ലെന്ന്.'' തറയിൽ നോക്കിക്കൊണ്ടാണ് അനന്തൻ സംസാരിച്ചത്, കയ്പുനിറഞ്ഞ എന്തോ തുപ്പിക്കളയുന്നതുപോലെ.

ഞാൻ മന്ദഹസിച്ചു, 'ഇത്രേയുള്ളോ' എന്ന മട്ടിൽ.

"അയാൾ പട്ടാളത്തിലായിരുന്നപ്പോൾ രാഗിണി വഴിതെറ്റി നടന്നുവെന്ന് ഏതോ കുബുദ്ധികൾ, കാരണം കൂടാതെ അപവാദം പറഞ്ഞതാണ്. നമ്മുടെ ആളുകളെ അറിഞ്ഞുകൂടേ? എന്തും പറഞ്ഞു പരത്തും.'' എന്നെ സമാധാനിപ്പിക്കാൻ അനന്തൻ ശ്രമിക്കുകയായിരുന്നു.

"അപവാദമല്ല. കറതീർന്ന സത്യമാണെങ്കിലും എനിക്കൊന്നുമില്ല. യക്ഷിയുടെ സന്മാർഗ്ഗത്തിനു നമ്മുടെ അളവുകോലുകൾ ഉപയോഗിക്കരുത്!'' ഞാൻ ചിരിച്ചു.

"ചിരിക്കാതിരിക്കൂ, ശ്രീനിവാസൻ! ഞാൻ ഗൗരവമുള്ള കാര്യങ്ങളാണു പറയുന്നത്. നിങ്ങളുടെ തിമിരം മാറ്റാൻ പറയുകയാണ്.'' എന്നോടു പിണങ്ങുന്നമട്ടിൽ അനന്തൻ സംസാരിച്ചുതുടങ്ങി:

"ചുരുക്കമിതാണ്: നാട്ടുകാർ ഇങ്ങനെ അപവാദം പറഞ്ഞപ്പോൾ, പട്ടാളക്കാരൻ രാഗിണിയെ ഉപേക്ഷിച്ചുപോയി. അപ്പോൾ അപവാദം കാട്ടുതീപോലെ പടർന്നുപിടിച്ചു. നാട്ടിൽ താമസിക്കുന്നതു നന്നല്ലെന്ന് അമ്മൂമ്മയ്ക്കും തോന്നി. അവിടെ മറ്റൊരു വിവാഹം നടത്താനാവില്ല. തിരുവനന്തപുരത്തേക്കു വരുന്നതാണു നല്ലത്. അമ്മൂമ്മയ്ക്ക് അവിടെയൊരു വീടുണ്ട്. വാടകയ്ക്കു കൊടുത്തിരുന്നു. അത് ഒഴിപ്പിച്ചെടുക്കാൻ ശ്രമം തുടങ്ങി. ഒന്നുകിൽ രാഗിണി തുടർന്നു പഠിക്കട്ടെ. അല്ലെങ്കിൽ പുതിയ സ്ഥലത്ത് ഒരു വിവാഹം നടത്താനാവുമോ എന്നു നോക്കാം —ഇതായിരുന്നു അമ്മൂമ്മയുടെ പ്ലാൻ. വീടൊഴിഞ്ഞു കിട്ടിയപ്പോൾ അമ്മൂമ്മയും രാഗിണിയും തിരുവനന്തപുരത്തെത്തി.''

"അപ്പോഴാണു ഞാൻ അവളെ കണ്ടത്, അല്ലേ?''

"അല്ല.''

"അല്ലേ?''

"അതിനുമുൻപു കൊട്ടാരക്കരയിൽവച്ചു നിങ്ങൾ രാഗിണിയെ കണ്ടു!''

"എന്ന് ആരു പറഞ്ഞു?''

"രാഗിണി കാർത്ത്യായനിയമ്മയോടു പറഞ്ഞു. നിങ്ങൾ ഏതോ ഇല്ലത്തേക്കുള്ള വഴി ചോദിച്ചത്രേ.''

"പച്ചക്കള്ളം! ഞാൻ കൊട്ടാരക്കരയ്ക്ക് അടുത്തകാലത്തൊന്നും പോയിട്ടില്ല.''

"അങ്ങനെ പറയരുത്... എന്റെകൂടെയാണു ശ്രീനിവാസൻ വന്നത്. ഞാനാണു കൊട്ടാരക്കരയിൽ ഇറക്കി വിട്ടത്. മടങ്ങുമ്പോൾ ഇങ്ങോട്ടു ലിഫ്റ്റ് തന്നതും ഞാനാണ്. ഓർത്തുനോക്കൂ. ഏതോ താളിയോലഗ്രന്ഥം തേടിയാണു നിങ്ങൾ പുറപ്പെട്ടത്.''

"എനിക്കോർമ്മയില്ല.''

"ഒരു ടാക്സിയിലാണു നാം പോയത്. എന്റെ കൂടെ ഒരു മെഡിക്കൽ റെപ്രസന്റേറ്റീവും ഉണ്ടായിരുന്നു.'

അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല. എന്നിട്ടും അനന്തൻ ഇങ്ങനെ പരത്തിപ്പറയുന്നു! തർക്കിച്ചിട്ടെന്താണു കാര്യം? അയാൾ ഇനിയും എന്തൊക്കെപ്പറയുമെന്നറിയാൻ ഞാൻ കാത്തിരുന്നു.

"ശ്രീനിവാസൻ സുന്ദരനായിരുന്ന കാലത്തും അവൾ കണ്ടിട്ടുണ്ട്.''

"എന്നെയോ? അതെങ്ങനെ?''

"നിങ്ങളുടെ കോളേജിലാണ് അവൾ പഠിച്ചത്. നിങ്ങൾ ശ്രദ്ധിച്ചു കാണുകയില്ല. അവൾ ചരിത്രമാണ് പഠിച്ചത്.''

എനിക്കു ചിരി വന്നു: "അതുകൊണ്ടാണോ എന്റെ കരിഞ്ഞ മുഖം അവളെ നടുക്കാത്തത്?''

"ആയിരിക്കാം...രാഗിണി ഒന്നു മാത്രമേ നിങ്ങളോടു മറച്ചുവെച്ചുള്ളൂ. അവളുടെ പൂർവ്വകഥ. അതിൽ കുറ്റപ്പെടുത്താനൊന്നുമില്ല. അവൾ ഒരു പുതിയ ജീവിതത്തിനുവേണ്ടി ദാഹിക്കുകയായിരുന്നു. പഴയ കഥകൾ പറഞ്ഞാൽ നിങ്ങളെ കിട്ടുകയില്ലെന്നു വിചാരിച്ചിരിക്കാം... അല്ലെങ്കിൽ...''

"ഏങ്?''

"അങ്ങനെയൊരു പഴയ കഥയുള്ളതുകൊണ്ടുതന്നെയാവാം, മുഖം പൊള്ളിയ നിങ്ങളെ അവൾക്കു സ്വീകരിക്കാൻ തോന്നിയത്.''

അതു കൊള്ളാം. രണ്ടാമതൊരു ഭർത്താവിനെ തേടുകയായിരുന്നു രാഗിണി. അവൾ സുരക്ഷിതത്വം തേടുകയായിരുന്നു. കരിഞ്ഞ മുഖമുള്ള ഭർത്താക്കന്മാർക്കും സുരക്ഷിതത്വം നൽകാനാവും. ഒന്നാംതീയതി തോറും ശമ്പളം കിട്ടുന്ന ഒരു ജോലിയുണ്ടാവണമെന്നുമാത്രം! എത്ര സൗകര്യപ്രദമായ ഒരു വിശദീകരണം! രാഗിണി യക്ഷിയാണെന്നു കരുതാത്തവർക്കെല്ലാം ഇതിൽപ്പിടിച്ചു തൂങ്ങാം.

"അവളുടെ അമ്മൂമ്മയെവിടെ?''

"മരിച്ചു. ശവദാഹം നാട്ടിലാണു നടന്നത്. കാർത്ത്യായനിയമ്മയ്ക്കറിയാം.''

ഞാൻ എഴുന്നേറ്റു. രാഗിണി ഞാൻ വിചാരിച്ചതിലേറെ സമർത്ഥയാണ്. യുക്തിവാദികൾക്കു മടികൂടാതെ സ്വീകരിക്കാവുന്ന ഒരു കഥ അവൾ നെയ്തെടുത്തിരിക്കുന്നു. ചിരിക്കാതെ എന്തു ചെയ്യും? ഞാൻ പൊട്ടിച്ചിരിക്കാൻ തുടങ്ങി. ഉറക്കെ ചിരിച്ചു. വയറു വേദനിക്കുന്നതുവരെ. നിവർന്നുനില്ക്കാൻ വയ്യെന്നു തോന്നി. അതുകൊണ്ടു ഭിത്തിയിൽ ചാരിനിന്നുകൊണ്ടു ചിരിച്ചു. പിന്നെ തറയിൽ വീണുകിടന്നു ചിരിച്ചു. ഉരുണ്ടുരുണ്ടു ചിരിച്ചു.

"ശ്രീനിവാസൻ, യു ആർ മാഡ്!''

അതാ, വിധി പ്രസ്താവിക്കുന്നു: ഞാൻ ഭ്രാന്തനാണ്!

എല്ലാവരെയും രാഗിണി വശീകരിച്ചിരിക്കുന്നു. എന്നെയാണ് എല്ലാവരും അവിശ്വസിക്കുന്നത്. പാവങ്ങൾ! ഞാൻ കണ്ടതൊന്നും അവർ കണ്ടിട്ടില്ല. എനിക്കറിയാവുന്നതൊന്നും അറിഞ്ഞുകൂടാ. കല്യാണിയമ്മയുടെ ഭ്രൂണം തിന്ന രാഗിണിയുടെ വക്കീലാണ് അനന്തൻ! സ്വന്തം സഹോദരന്റെ രക്തം കുടിച്ച യക്ഷിക്ക്, സ്വീകാര്യമായ ഒരു പൂർവചരിത്രമെഴുതിക്കൊടുത്തിരിക്കുന്നു, ആ തള്ള! ഭ്രാന്ത്! ആർക്കാണു ഭ്രാന്ത്?

അനന്തൻ എന്നെ പിടിച്ചെഴുന്നേല്പിച്ചു. എന്റെ പെരുമാറ്റം അയാൾക്കു തീരെ ഇഷ്ടമായില്ല. എന്നെ എങ്ങനെയെങ്കിലും പുറത്തു കടത്തിവിടാൻ അയാൾ തിടുക്കം കൂട്ടി.

"ബുദ്ധിമുട്ടണമെന്നില്ല... ഞാൻ പോകുന്നു... കരുതിയിരിക്കൂ...രാഗിണി യക്ഷിയാണ്...''

ഞാൻ പാലമരത്തിനടുത്തെത്തി. ഈ മരം നശിപ്പിക്കണം. രഹസ്യങ്ങളും അപകടങ്ങളും ഇതിൽ പതിയിരിക്കുന്നു. ഒരു ഗന്ധർവൻ ഇവിടെ കുടികൊള്ളുന്നു. അവൻ രാഗിണിയുടെ കാമുകനാണ്. അവന്റെ കൈയ്ക്കുള്ളിലാണ് അവൾ ഒതുങ്ങി നിന്നത്. ചുവരു തുളച്ചാണ് അവൾ പുറത്തു വന്നത്. എനിക്കു തോന്നി, ഈ മരം വെട്ടിയാൽ രാഗിണി മരിക്കുമെന്ന്.

ഞാൻ വീട്ടിനുള്ളിൽ കടന്നു. ഒരു വെട്ടുകത്തിയെടുത്തുകൊണ്ടു വന്നു. എന്റെ കൈയിൽ കോടാലിയില്ല: മൂർച്ച കുറഞ്ഞ ഈ വെട്ടുകത്തി മാത്രമുണ്ട്.

ഞാൻ പാലമരത്തിന്റെ ചില്ലകൾ വെട്ടാൻ തുടങ്ങി.

അപ്പോൾ എന്റെ കാലിൽ എന്തോ അരിച്ചുകയറി; ഓടിനടന്നു.

ഉറുമ്പുകൾ!

ഇതൊരു സൂചനയാണ്; നിമിത്തമാണ്, ഉറുമ്പുകളെ ഹോമം ചെയ്യണം. എനിക്കു ഹോമം ചെയ്യാനറിഞ്ഞുകൂടാ. മന്ത്രങ്ങളറിഞ്ഞുകൂടാ. എങ്കിലും ശ്രമിക്കാം. ഹോമത്തിനു തീ വേണം. ഹോമിക്കപ്പെടാൻ ഇവിടെ ഇഷ്ടംപോലെ ഉറുമ്പുകളുണ്ട്. മന്ത്രത്തിനു പകരം ഏകാഗ്രമായി ചിന്തിച്ചാൽപ്പോരേ? രാഗിണി മരിക്കണം...യക്ഷി മരിക്കണം...അങ്ങനെ ആവർത്തിച്ചു പറയണം. ജപിക്കണം. എന്റെ മനസ്സിന്റെ ചൂടു മുഴുവൻ ആ വാക്കുകളിൽ പകർത്തണം.

പാലമരം ഒടുവിൽ വെട്ടിയിടാം.

ഞാൻ വീണ്ടും അകത്തു ചെന്നു.

ഒരു പരന്ന പാത്രത്തിൽ ഞാൻ വെള്ളമെടുത്തു. അതിൽ പഞ്ചസാര കലക്കി. രക്തധാര നിറുത്താൻ മാത്രമല്ല, ഉറുമ്പുകളെ വരുത്താനും പഞ്ചസാര ഉത്തമമാണ്. പഞ്ചസാരവെള്ളം നിറച്ച പാത്രം ഞാൻ പാലച്ചുവട്ടിൽ കൊണ്ടുവച്ചു. കുറേനേരം കഴിഞ്ഞപ്പോൾ, ഉറുമ്പുകൾ അരിച്ചു കയറാൻ തുടങ്ങി. ഒറ്റതിരിഞ്ഞാണ് അവ വന്നത്. പിന്നെ വരിയായി വന്നു. ക്ഷണത്തിൽ കോളങ്ങളായി മാർച്ച് ചെയ്തുവന്നു. ഒടുവിൽ, നിരതെറ്റിയോടുന്ന ഒരു പട്ടാളത്തെപ്പോലെ വന്നു, പാത്രത്തിന്റെ വക്കു കാണാതായി. നിറയെ ഉറുമ്പുകളാണ്. ഒരിഞ്ചു ഘനത്തിൽ ഉറുമ്പുകൾ! പാത്രത്തിന്റെ വക്കു ചലിക്കുന്നു; ജീവൻവച്ചപോലെ. ഉറുമ്പുകൾ ഇളകിമറിയുന്നു.

ഇനി തീ വേണം.

ഞാൻ വീണ്ടും അകത്തു കയറിച്ചെന്നു.

മൂന്നാലു വിറകുകഷണങ്ങളും കുറെ മരപ്പൊടിയും കരിയും ഞാൻ സംഭരിച്ചു. അടുക്കളയിൽനിന്നും നെയ്യ് കൊണ്ടുവന്നു.

പാലച്ചുവട്ടിൽ മരപ്പൊടി നിരത്തി. അതിന്മേൽ വിറക് അടുക്കിവച്ചു. നടുവിൽ കരി കോരിയിട്ടു. തീ കൊടുത്തു. പെട്ടെന്നു കത്തിയില്ല.

ഊതിനോക്കി. പിന്നെ കുറെ നെയ്യൊഴിച്ചു. വീണ്ടും ഊതി. അപ്പോൾ ജ്വാലകളുയർന്നു. കരിക്കട്ടകൾ ചുവന്നു.

ആരോ ചുമയ്ക്കുന്ന ശബ്ദം കേട്ടു.

തിരിഞ്ഞുനോക്കി.

മതിലിനു പിന്നിൽനിന്നും കല്യാണിയമ്മ എത്തിനോക്കുകയായിരുന്നു. ഞാൻ അവരെ നോക്കി ചിരിച്ചു.

"ഞാൻ ഉറുമ്പുകളെ ഹോമിക്കാൻ പോകുന്നു.''

കല്യാണിയമ്മയുടെ തല പെട്ടെന്ന് അപ്രത്യക്ഷമായി. പിന്നെ രണ്ടു തലകൾ ഉയർന്നു. അനന്തനും കല്യാണിയമ്മയും.

"ശ്രീനിവാസൻ എന്താണു കാണിക്കുന്നത്?'' അനന്തൻ ചോദിച്ചു.

"ഉറുമ്പുഹോമം!''

"എന്ത്?''

"ഉറുമ്പുകളെ ഹോമിക്കുന്നു. അറിഞ്ഞുകൂടേ? ഉറുമ്പുകളെ ഹോമിച്ചാൽ യക്ഷികൾ ചാകും.''

അവരുടെ മുഖങ്ങൾ വിവർണ്ണങ്ങളായി. മതിലിന്റെ മുകളിൽ അവരുടെ തലകൾ കാണാതായി.

ഒരു കാറ്റടിച്ചു. എന്റെ ഹോമകുണ്ഡത്തിൽ നീണ്ട ജ്വാലകൾ ഉയർന്നു. അഗ്നിഭഗവാൻ പ്രസാദിക്കുന്നു. ഹോമം വിജയകരമായിരിക്കും.

തറയിൽനിന്നും ഞാൻ ഒരു ഇല പെറുക്കിയെടുത്തു. ഒരു കുഴൽ പോലെ അതു ചുരുട്ടി. അതു നെയ്യിൽ മുക്കി. പിന്നെ, പാത്രത്തിന്റെ വക്കിൽ ഇലക്കുഴൽ ചേർത്തുപിടിച്ചു.

ഉറുമ്പുകൾ ഇലക്കുഴലിൽ കയറിത്തുടങ്ങി.

ഞാൻ മന്ത്രിച്ചു: "രാഗിണി മരിക്കണം....യക്ഷി മരിക്കണം—''

ഓരോ തവണയും ഞാൻ ഇലക്കുഴൽ തീയിലേക്കു കുടഞ്ഞു. ഉറുമ്പുകൾ തീയിൽ ഉതിർന്നുവീണു, കരിഞ്ഞുചാമ്പലായി. ഒന്നുരണ്ടു തവണ കടുകു പൊട്ടുന്നതുപോലെ ശബ്ദമുണ്ടായി.

ഒറ്റ ഉറുമ്പിനെപ്പോലും ഞാൻ ബാക്കിവച്ചില്ല.

ഹോമം തീർന്ന് ഞാൻ എഴുന്നേറ്റതും, ഒരു കാറിന്റെ ശബ്ദം കേട്ടതും ഒപ്പമായിരുന്നു. ഞാൻ എത്തിനോക്കി.

കാർത്ത്യായനിയമ്മയും രാഗിണിയും കാറിൽനിന്നും ഇറങ്ങുന്നു. രാഗിണിയുടെ തലയിൽ ഒരു ബാൻഡേജുണ്ട്. അവർ അനന്തന്റെ വീട്ടിലേക്കാണു പോയത്.

യക്ഷി അവിടെ വിരിച്ചുകിടക്കട്ടെ.

അനന്തന്റെ തല വീണ്ടും മതിലിനു മുകളിൽ കാണാറായി. ഒരു വിശദീകരണം നല്കുന്ന മട്ടിൽ അയാൾ പറഞ്ഞു: "രാഗിണി ഇന്നെന്റെ വീട്ടിൽ താമസിക്കട്ടെ. കല്യാണിയും കാർത്ത്യായനിയമ്മയും നോക്കിക്കൊള്ളും.''

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. ഹോമകുണ്ഡത്തിലേക്കു ഞാൻ മടങ്ങി.

ഒരു ചുവന്ന തടിയനുറുമ്പ് ഓടിനടക്കുന്നതു കണ്ടു. ശ്രദ്ധാപൂർവം അതിനെപ്പിടിച്ചു ഞാൻ തിളങ്ങുന്ന കരിക്കട്ടയിലിട്ടു. ശ്!

ഞാൻ വിയർത്തുകുളിച്ചിരുന്നു. അല്പം ക്ഷീണം തോന്നി. പക്ഷേ, പാലമരം അങ്ങനെ നിന്നുകൂടാ. വെട്ടണം; നശിപ്പിക്കണം. ഞാൻ അതിന്റെ തായ്ത്തടി പിടിച്ചു കുലുക്കി, വെട്ടുകുത്തി കൈയിലെടുത്തു.

പാലമരത്തിൽ ഞാൻ സർവ്വശക്തിയുമുപയോഗിച്ച് വെട്ടിത്തുടങ്ങി. മൂർച്ച കുറഞ്ഞ നശിച്ച വെട്ടുകത്തി! തടി കീഴടങ്ങുന്നില്ല. ചില്ലകൾ മാത്രം താഴെ വീഴുന്നു. തായ്ത്തടി നിവർന്നുനില്ക്കുന്നു—മൊട്ടയടിച്ച ഒരു ഉന്നതകായനെപ്പോലെ.

ഞാൻ നിന്നെ കീഴടക്കും. നശിപ്പിക്കും. നിന്റെ തോലു പൊളിച്ചെടുക്കും. അപ്പോൾ ഏതാനും ദിവസങ്ങൾക്കകം നീ വാടും, കരിയും.

ലാബറട്ടറിയിലെ അപകടത്തിനുശേഷം, ആശുപത്രിയിൽനിന്നും വീട്ടിലെത്തുമ്പോൾ നിന്റെ തടിയിൽ ആരോ വെട്ടിയിരുന്നു. ആ മുറിവ് ഉണങ്ങി. അവിടെ ഇപ്പോൾ വലിയ വടു കാണാം. ഒറ്റ മുറിവായതുകൊണ്ടു നീ രക്ഷപ്പെട്ടു. ഞാൻ നിന്റെ തോലു പൊളിക്കും. ഒരു നൂറായിരം സ്ഥാനങ്ങളിൽ തോൽ അടർത്തിക്കളയും. അപ്പോൾ നീ കീഴടങ്ങും; നശിക്കും.

ഞാൻ വെട്ടുകത്തിയുടെ അലകുകൊണ്ടു പാലമരത്തിന്റെ തോൽ കുത്തിയിളക്കി. നീളത്തിൽ തോലുരിഞ്ഞു തുടങ്ങി.

## പരീക്ഷണം

ഉച്ച കഴിയുന്നതുവരെ ഞാൻ പാലമരത്തിൽ വെട്ടിക്കൊണ്ടിരുന്നു. പിന്നെ ഉറങ്ങാൻ തുടങ്ങി. സന്ധ്യയ്ക്കാണ് ഉണർന്നത്. വീണ്ടും വെട്ടാൻ തുടങ്ങി. സെക്കൻഡ്ഷോ സിനിമ കഴിഞ്ഞ്, എന്റെ വളഞ്ഞുപുളഞ്ഞ ഇടവഴിയിലൂടെ അഞ്ചാറുപേർ ഉറക്കെ സംസാരിച്ചുകൊണ്ടുപോയപ്പോഴാണ് എനിക്കു ബോധം തെളിഞ്ഞത്. അതുവരെ, എന്റെ ലോകത്തിൽ ആ പാലമരവും ഞാനും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

രാഗിണി അനന്തന്റെ വീട്ടിലെന്തു ചെയ്യുകയാണ്? ഉറങ്ങുകയാവാം. അതോ, പുതിയ മായാജാലങ്ങളും മന്ത്രവിദ്യകളും പ്രകടിപ്പിക്കാൻ അവൾ തയ്യാറാവുകയാണോ? അവളുടെ കഴിവുകൾക്ക് അതിരില്ല. ലോകത്തിന്റെ മുഴുവൻ ദൃഷ്ടിയിൽ അവൾ നല്ല കുട്ടിയാണ്. കാർത്ത്യായനിയമ്മയും അനന്തനും അവളുടെ ഭാഗത്താണ്. ഞാൻ ഭ്രാന്തനാണെന്നാണ് അനന്തൻ പറഞ്ഞത്. വിചിത്രമായ ലോകം! ഒരു മനുഷ്യൻ ഭ്രാന്തനാണോ അല്ലയോ എന്ന ചോദ്യംപോലും ഭൂരിപക്ഷാഭിപ്രായം നോക്കിയാണു തീരുമാനിക്കപ്പെടുന്നത്, എന്തൊരു ജനാധിപത്യം! 'മെജോറിറ്റി വോട്ട്' നീണാൾ വാഴട്ടെ!

എനിക്കാരുണ്ട്? ചന്ദ്രശേഖരൻ മാത്രം. അവൻപോലും എനിക്കെതിരാണ്. അവന്റെ സഹായം തേടിച്ചെന്നപ്പോൾ അവൻ പെരുമാറിയതു കണ്ടില്ലേ?

അനുഭവിച്ചവനേ അറിയൂ. ആ അനുഭവം മനുഷ്യന്റെ സാധാരണാനുഭവങ്ങളിൽനിന്നും വിഭിന്നമാകുമ്പോൾ അനുഭവിച്ചവൻ ഭ്രാന്തനായി മുദ്രയടിക്കപ്പെടുന്നു.

ഞാൻ എന്റെ ഹോമകുണ്ഡത്തിൽ നോക്കി. കരിഞ്ഞ ഒരു കൂമ്പാരം. വിറകുകഷണത്തിന്റെ വെളിയിൽ ചാടിനില്ക്കുന്ന തുമ്പുകളൊഴിച്ചാൽ എല്ലാം വെണ്ണീറായിരിക്കുന്നു.

ഹോമം നടത്തുമ്പോൾ ഞാൻ ഉൽക്കടമായി അഭിലഷിച്ചതാണ്— “യക്ഷി മരിക്കണം!”

ഇപ്പോൾ രാഗിണി മരിച്ചിട്ടുണ്ടാവുമോ? അറിയണമെന്നു തോന്നി. ഒരു കള്ളനെപ്പോലെ ഞാൻ മതിൽ ചാടി അനന്തന്റെ വളപ്പിലെത്തി.

ഒരു മുറിയിൽ മാത്രമേ വെളിച്ചമുണ്ടായിരുന്നുള്ളൂ. ആരാണ് വൈകിയ നേരത്ത് ഉണർന്നിരിക്കുന്നത്? ഒളിഞ്ഞുനോക്കി. അനന്തനും ചന്ദ്രശേഖരനും. ചന്ദ്രശേഖരൻ എപ്പോൾ വന്നു? ആരാണു വിളിച്ചത്?

അവർ എന്നെപ്പറ്റി സംസാരിക്കയായിരുന്നു. ഞാൻ ഒതുങ്ങിനിന്നു. മറഞ്ഞുനിന്നു.

“തനി ഭ്രാന്താണ്. യാതൊരു സംശയവുമില്ല. ” അനന്തൻ പറയുന്നു.

കുറേ നിമിഷങ്ങൾ നിശ്ശബ്ദമായി കടന്നുപോകുന്നു.

“ഭ്രാന്തില്ലെങ്കിൽ ആ പെണ്ണിനെ ആക്രമിക്കുമോ? രാഗിണിയുടെ കഥ മുഴുവൻ ഞാൻ പറഞ്ഞു. വിശ്വസിച്ചില്ല.” വീണ്ടും അനന്തന്റെ ശബ്ദം!

“എന്നെ പരിഭ്രമിപ്പിക്കുന്നത് മറ്റൊരു കാര്യമാണ്.” ചന്ദ്രശേഖരൻ പറയുന്നു.

“എന്ത്?”

“ഉറുമ്പിനെ ഹോമിച്ചില്ലേ? അതാണ് എന്നെ ഭയപ്പെടുത്തുന്നത്. യുക്തി നിശ്ശേഷം നശിച്ചിരിക്കുന്നു. ശ്രീനി ഇനി അക്രമസ്വഭാവം തുടർന്നു കാണിച്ചേക്കാം.”

ഒന്നു നിറുത്തിയശേഷം ചന്ദ്രശേഖരൻ തുടർന്നു: “അതിബുദ്ധിമാനാണ് ശ്രീനി. ഞങ്ങളുടെ കോളേജിലെ ജൂനിയർസ്റ്റാഫിൽവച്ച് ഏറ്റവും മിടുക്കനായിരുന്നു, അവൻ... അതെ... ആയിരുന്നു. പക്ഷേ, ലാബറട്ടറിയിലെ അപകടം അവനെ തികച്ചും വ്യത്യസ്തനാക്കി. അവൻ ഒതുങ്ങി ജീവിച്ചു. അവനു ഭയങ്കരമായ അപകർഷബോധം ഉണ്ടായി.”

വെളിയിൽ നിന്നിരുന്ന എനിക്ക് അവരുടെ മുഖങ്ങൾ കണ്ടുകൂടാ, എങ്കിലും എന്റെ മനസ്സിന്റെ കണ്ണാടിയിൽ ഞാൻ അവരെ കണ്ടു. എന്നെ യുക്തിയുടെ പിച്ചാത്തികൊണ്ടു കുത്തിക്കീറുകയാണവർ. ചന്ദ്രശേഖരൻ ഇടയ്ക്കൊന്നു നിറുത്തുന്നു. സംഭാഷണത്തിനു ഛിഹനം നടത്തുന്നു.

അർദ്ധവിരാമങ്ങളും പൂർണ്ണവിരാമങ്ങളും...തുടർന്നു പറയാനുള്ള കാര്യങ്ങളുടെ 'ഇഫക്ട്' നഷ്ടപ്പെടരുതല്ലോ.

അവൻ തുടർന്നു സംസാരിക്കുന്നതു കേട്ടു: “ശ്രീനിക്കൊരു കാമുകിയുണ്ടായിരുന്നു—വിജയലക്ഷ്മി.''

“കേട്ടിട്ടുണ്ട്.''

“കോളേജിലെ ബ്യൂട്ടിയാണവൾ. മുഖം കരിഞ്ഞപ്പോൾ ശ്രീനിയെ അവൾക്കു വേണ്ടാതായി. ആ സംഭവം അവന്റെ മനസ്സിന്റെ ഓരോ നാരിലും മുറിവുണ്ടാക്കി. ഒരിക്കലും ഒരു പെൺകുട്ടി തന്നെ തേടിവരികയില്ലെന്ന് അവൻ വിശ്വസിച്ചു.''

അതാ വീണ്ടും അർദ്ധവിരാമം!

ഇനിയെന്താണു പറയാൻപോകുന്നത്? ഞാൻ ചെവി കൂർപ്പിച്ചു നിന്നു.

“ശ്രീനി സദാചാരത്തിന്റെ ആകെത്തുകയായിരുന്നു—പണ്ട്. അപകടത്തിനുശേഷം അവൻ മാറിത്തുടങ്ങി.''

“എങ്ങനെയറിയാം?''

“അവൻ ഒരു വേശ്യാലയത്തിൽ പോയി.''

“സത്യമോ?''

“അതെ... അവിടെവച്ചുണ്ടായ അനുഭവം അവനെ പിശാചിനെപ്പോലെ പിന്തുടർന്നു...ഇതെന്റെ തീയറിയാണ്...ശരിയാണെന്നു ഞാൻ വിശ്വസിക്കുന്ന ഒരു തീയറി...ആ അനുഭവം അവന് നപുംസകത്വം സമ്മാനിച്ചു.''

“വാട്ട്! സെക്ഷ്വൽ ഇംപൊട്ടൻസ്?''

“അതെ. അങ്ങനെയുണ്ടാവാം. താല്ക്കാലികമായിട്ടോ, ശാശ്വതമായിട്ടുതന്നെയോ, ഒരു സൈക്കിയാട്രിസ്റ്റിന് ഈ തകരാറു മാറ്റാൻ കഴിഞ്ഞേക്കും.''

“എന്താണു വേശ്യാലയത്തിലുണ്ടായത്?''

ഞാൻ പരിശുദ്ധനായി മടങ്ങിയ കഥ അവൻ പറഞ്ഞു.

“രാഗിണിയെ വിവാഹംചെയ്തശേഷവും ഈ കുഴപ്പം തുടർന്നു. മുഖം നഷ്ടപ്പെട്ടതിന്റെ ദുഃഖവും വേശ്യാലയത്തിലെ അനുഭവവും ഒത്തുചേർന്നപ്പോൾ.....''

“വിവാഹത്തിനുശേഷം ഈ കുഴപ്പമുണ്ടായിരുന്നെന്ന് എങ്ങനെയറിയാം?''

“അവൻതന്നെ എന്നോടു പറഞ്ഞു. ഈ ലോകത്തിൽ അവന് ആകെയുള്ള ഒരു സ്നേഹിതൻ ഞാനാണ്... രാഗിണിയെ ഒരിക്കലും സ്വന്തമാക്കാൻ അവനു കഴിഞ്ഞിട്ടില്ല.''

“സത്യമോ? കല്യാണിയോട് ഒരിക്കലും രാഗിണി സൂചിപ്പിച്ചില്ലല്ലോ...''

“തങ്കത്തിനോടും സൂചിപ്പിച്ചില്ല. എല്ലാം മറച്ചുവച്ചു. അവളുടെ വേദനകൾ മറ്റാരുമറിയാതിരിക്കാൻ രാഗിണി നിഷ്കർഷിച്ചു...''

“പാവം പെൺകുട്ടി! അപ്പോൾ ഇക്കാര്യത്തിലുള്ള കഴിവുകേട്.''

പിന്നെ ഞാനവിടെ നിന്നില്ല. എന്നെ അവർ എത്ര ഭയങ്കരമായി വിശകലനം ചെയ്യുന്നു! എന്റെ ഹൃദയം അടർത്തിയെടുത്ത് ഒരു മരപ്പലകയിൽ ആണിയടിച്ചുവച്ചശേഷം, 'സ്കാല്പൽ' കൊണ്ടു കുത്തിക്കീറുന്നു. കൊത്തിവലിക്കുന്നു...ഇവർക്കു ഞാനൊരു ലാബറട്ടറി സ്പെസിമനാണ്.... വേദനയനുഭവിക്കുന്ന മനുഷ്യനല്ല.

എനിക്കു കഴിവില്ലപോലും! ഞാൻ നപുംസകമാണുപോലും! എത്ര ക്രൂരമായ അപവാദം!

ഞാൻ ശക്തനാണ്. ഒന്നാംകിട ടെന്നീസ് കളിക്കാരനായിരുന്നു. എന്റെ കിടക്കറപ്പരാജയങ്ങൾ ഒരു രക്ഷാകവചം മാത്രമായിരുന്നു. ഞാൻ തെളിയിക്കും, എനിക്കൊരു തകരാറുമില്ലെന്ന്. രാഗിണിയൊഴിച്ച് ഏതൊരുത്തി വന്നാലും ഞാൻ കീഴടക്കും. രാഗിണി യക്ഷിയാണ്. അവിടെ ഞാൻ പിൻവാങ്ങുന്നു. അല്ലെങ്കിൽ ഞാൻ മരിച്ചുപോകും.

ഞാൻ എന്റെ വീട്ടിലേക്കു മടങ്ങി. എന്റെ പഴ്സ് എടുത്തു. പതുക്കെ, പമ്മിപ്പമ്മി, നിരത്തിലിറങ്ങി. രാഗിണിയെ പിന്നീടു കാണാം. എന്റെ ഹോമത്തിന്റെ ഫലം പിന്നീടറിയാം. ഉടൻ വേണ്ടതൊന്നുമാത്രം! ഈ അപവാദം ശരിയല്ലെന്നു സ്ഥാപിക്കണം...എനിക്കൊരു സ്ത്രീയെ വേണം!

ഞാൻ ഓടി. കുത്തനെ ഇറങ്ങിപ്പോകുന്ന ആ റോഡിലെത്തി. ആ ഇലക്ട്രിക്പോസ്റ്റ് കണ്ടു. അതിനടത്തുള്ള പൈപ്പു തിരിച്ചറിഞ്ഞു. ഇടത്തോട്ടു തിരിഞ്ഞു. വാഴക്കൂട്ടം കണ്ടുതുടങ്ങി.

പക്ഷേ, വെളിച്ചമില്ലായിരുന്നു. രാമായണംവായന ഇല്ലായിരുന്നു.

വളരെനേരമായിക്കാണും... വാച്ചെടുത്തിരുന്നില്ല. സമയമെന്തായിരിക്കും? രണ്ടുമണിയെങ്കിലും ആയിട്ടുണ്ടാവുമെന്നു ഞാനൂഹിച്ചു.

അനക്കമില്ല....വെളിച്ചമില്ല....

കിഴവനും കിഴവിയും ഉറങ്ങിക്കിടക്കുകയാണ്. വിളിച്ചുണർത്തണം. കിഴവൻ കയർക്കുമോ? ഹേയ്! ഒരിക്കലുമില്ല. അയാൾ ഒരു തൊഴിൽ നടത്തുകയാണ്. ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് നിയമം അതിനു ബാധകമല്ല. മുട്ടുവിൻ! തുറക്കപ്പെടും!

ഞാൻ വാഴക്കൂട്ടത്തിനിടയിൽ കടന്നു.

അയാൾ നാലുപാടുംനിന്നു. നല്ല സാധനങ്ങളെ വരുത്തിവയ്ക്കുന്നവനാണ്. നെയ്യാറ്റിൻകരയിൽനിന്നും വർക്കലയിൽനിന്നും കിളിമാനൂരിൽനിന്നുമൊക്കെ സുന്ദരിമാർ വന്നിട്ടുണ്ടാവുമോ? അതോ, ആ തടിച്ച നെടുമങ്ങാട്ടുകാരി മാത്രമോ? ആരായാലും മതി. സുന്ദരിയാവണമെന്നില്ല. സുന്ദരിയല്ലെങ്കിൽ അത്രയും നന്ന്. ഒരു സ്ത്രീയുടെ ശരീരമാണു കീഴടക്കേണ്ടത്. വെളുത്ത തൊലിയും വളഞ്ഞ പുരികവും ഉയർന്ന മൂക്കും നിരപ്പുള്ള കൊച്ചുപല്ലുകളുമൊന്നും എനിക്കു വേണ്ട. എന്റെ മാംസം ഉണരണം. അതിന് എനിക്ക് ഏതെങ്കിലും സ്ത്രീയുടെ ശരീരം മതി.

ഞാൻ മരയഴിയുടെ അരികിലെത്തി. ഉറക്കെ ചോദിച്ചു: "എല്ലാരും ഉറങ്ങിയോ?"

അനക്കമില്ല.

ഞാൻ വീണ്ടും വിളിച്ചുചോദിച്ചു—എട്ടു ദിക്കും പൊട്ടത്തക്കവിധം "ആരുമില്ലേ ഇവിടെ?"

അനക്കമില്ല.

ഞാൻ മരയഴിയിൽ പിടിച്ചു കുലുക്കി. അനക്കമില്ല. ഞാൻ മുറ്റത്തു നിന്നും ചെറിയ കല്ലുകൾ പെറുക്കി അകത്തേക്കെറിഞ്ഞു തുടങ്ങി.

അകത്ത് ആരോ അനങ്ങി. ഉറക്കം നഷ്ടപ്പെട്ടതിലുള്ള ഈർഷ്യ മറച്ചു പിടിക്കാതെ ഒരു ചോദ്യമുയർന്നു: "ഏതു നായിന്റെ മോനാ അത്....? അസമയത്ത്?"

കിഴവനാണ്. കല്ലെറിഞ്ഞതിൽ അയാൾ പ്രതിഷേധിക്കാത്തതു രസകരമായിത്തോന്നി. അസമയത്തു വരുന്നവർ മുമ്പും കല്ലെറിഞ്ഞ് അയാളെ ഉണർത്തിക്കാണണം. അയാളുടെ ഡോർബെല്ലാണു കല്ല്.

"ആരെന്നാ ചോദിച്ചത്?"

"ഞാൻതന്നെ...തുറക്കൂ."

"നാളെ വരണം."

"എനിക്കിന്നു വേണം....ഇപ്പോൾത്തന്നെ."

"പോ കൂവേ! നാളെ വാ!"

"ഞാൻ പോവുകയില്ല....തുറക്കൂ...തുറക്കൂ!" ഞാൻ മരയഴിയിൽ ശക്തിയായി പിടിച്ചുകുലുക്കി. മരയഴി അടർന്നുവരുമെന്നു തോന്നി.

കിഴവൻ എഴുന്നേറ്റു. ഒരു വലിയ തെറി ഉച്ചരിച്ചുകൊണ്ട് അയാൾ റാന്തൽ കത്തിച്ചു. എന്നിട്ടേ, കതകു തുറന്നുള്ളൂ.

വെളിച്ചം എന്റെ മുഖത്തു പരന്നപ്പോൾ അയാൾ ഞടുങ്ങി.

"നിങ്ങളോ?" അയാൾ സംസാരിച്ചപ്പോൾ ചാരായം നാറി.

"ഞാൻതന്നെ."

"നാളെ വരണം."

"എത്ര പണം വേണമെങ്കിലും തരാം...ഇന്ന്, ഇപ്പോൾ വേണം."

അയാൾ റാന്തൽ എന്റെ മുഖത്തിനുനേരെ ഉയർത്തിപ്പിടിച്ചു:

"എന്തൊരു മുഖം!"

"തുടങ്ങിയോ എന്റെ മുഖത്തപ്പറ്റി? വരൂ, അകത്തുപോകാം." ഞാൻ മുന്നോട്ടാഞ്ഞു.

"ഇന്നു നടപ്പില്ല."

"കാരണം?"

"ഇന്നാരുമില്ല."

"കള്ളം!"

"സത്യം! ഇന്നാരുമില്ല. ഉണ്ടെങ്കിൽ ഞാൻ പറയുമല്ലോ. എനിക്കു കാശു കിട്ടുന്ന കാര്യമല്ലേ?"

ഞാൻ നിന്നു പരുങ്ങി. എനിക്കങ്ങനെ മടങ്ങിപ്പോകാനൊക്കുകയില്ല. എനിക്കു തെളിയിക്കണം...സ്വയം ബോദ്ധ്യപ്പെടണം...ഞാൻ ശക്തനാണ്!

ഞാൻ അടവു മാറ്റി. അഞ്ചു രൂപയെടുത്തു നീട്ടിക്കൊണ്ടു ഞാൻ ചോദിച്ചു? "കുടിക്കാൻ വല്ലതുമുണ്ടോ?''

മുമ്പൊരിക്കലും കുടിച്ചിട്ടില്ല. എങ്കിലും ചോദിച്ചു.

കിഴവന്റെ മുഖം പ്രസന്നമായി. "അല്പം വല്ലതും കാണും...വളരെക്കുറച്ച്...'' അയാൾ പറഞ്ഞു.

തട്ടിപ്പറിക്കുന്നതുപോലെയാണ് ഞാൻ നീട്ടിയ അഞ്ചുരൂപ അയാൾ വാങ്ങിയത്.

ഞാൻ അഞ്ചു രൂപകൂടി കൊടുത്തു. "നോക്കൂ! എനിക്കു വേണ്ടതു കാണും.''

"അകത്തു പോവാം.'' കിഴവൻ എന്റെ തോളിൽ കൈയിട്ടു. ഒരിക്കലും വെട്ടിയിട്ടില്ലാത്ത അയാളുടെ നഖങ്ങൾ എന്റെ കഴുത്തിലുരഞ്ഞു.

ഞങ്ങൾ അകത്തു കടന്നു. മരയഴിയിട്ട മുറിയിൽ ഒരു പൊളിഞ്ഞ തഴപ്പായിൽ ഞാനിരുന്നു. തറയിലെങ്ങും അടയ്ക്ക ചെത്തിയിട്ടതിന്റെ ചവറു കണ്ടു. ഇരുട്ടടഞ്ഞ അകത്തെ മുറിയിലേക്കു കിഴവൻ കടന്നു. ഒരു വൃത്തികെട്ട ഗ്ലാസ്സിൽ അയാൾ എന്തോ ഒഴിച്ചുകൊണ്ടുവന്നു.

"കഴിക്കണം.''

ഞാൻ മൂക്കു പൊത്തിക്കൊണ്ടു കുടിച്ചു; ഒറ്റയിറക്കിന്. ആസനംവരെ പൊള്ളി. തലച്ചോറിനകത്തു പല വർണ്ണങ്ങളുള്ള തേനീച്ചകൾ പറന്നു.

ഞാൻ ഭയങ്കരമായ ഒരു ഇക്കിൾ പുറപ്പെടുവിച്ചപ്പോൾ, അയാൾ എന്റെ മുതുകു തിരുമ്മിത്തന്നു. എനിക്കല്പം സുഖം തോന്നി.

ഞാൻ പറഞ്ഞു: "സത്യം പറയണം. എന്റെ കൈയിൽ ഇന്നു ധാരാളം പണമുണ്ട്. എനിക്കിന്നു കൂടാതെ വയ്യ.''

"മുരുകൻ സത്യമായി ഇന്നാരുമില്ല.''

എന്റെ ശരീരം മുഴുവനും ചൂടുപിടിച്ചുകഴിഞ്ഞിരുന്നു. എന്റെ ശരീരത്തിന്റെ ഘനം കുറഞ്ഞെന്നു തോന്നി. കിഴവനോട് എന്തൊരു സ്നേഹം തോന്നിയെന്നോ! ഞാൻ അയാളുടെ തോളിൽ ചാരിയിരുന്നു.

കിഴവൻ പറഞ്ഞു: "ഇതിന്റെ വാട്ടം തീർത്തുതരാം. സത്യമായും തീർത്തു തരാം.''

"പക്ഷേ, ഇന്നു വേണം...ഇന്ന്....''

"ഇന്നിനി എവിടെപ്പോകാൻ? വെളുപ്പാങ്കാലമായി...അറിയാമോ?''

എനിക്കു ലേശം ദേഷ്യംവന്നു: "എന്തിനിങ്ങനെ കടയും തുറന്നുവച്ചിരിക്കുന്നു!''

"ഞാൻ പറഞ്ഞില്ലേ...ഇന്നില്ല, പക്ഷേ, ഇതിന്റെ വാട്ടം ഞാൻ തീർക്കും. ങ്ഹാ! ആറ്റിങ്ങലുള്ള ഒരെണ്ണത്തിനെ കണ്ടുവെച്ചിട്ടുണ്ട്...നല്ല ടെമ്പറുള്ള പെണ്ണ്!''

"ടെമ്പറോ?''

അയാൾ ചിരിച്ചു. ടെമ്പറെന്നുവച്ചാൽ...അയാൾ രണ്ടു കൈയുംകൊണ്ട് അന്തരീക്ഷത്തെ അള്ളിപ്പിടിച്ചു.

"എനിക്കു കാത്തിരിക്കാൻ വയ്യ.'' ഞാൻ ആവർത്തിച്ചു.

അയാൾ അല്പം മാറിയിരുന്നു. ഇതു വല്യ ശല്യമായല്ലോ.'' അയാൾ പിറുപിറുത്തു.

അപ്പോഴാണ് എനിക്ക് ആ കിഴവിയെ വിളിക്കണമെന്നു തോന്നിയത്. അത്ര കിഴവിയാണോ? കിഴവിയാണെങ്കിലെന്ത്? സ്ത്രീയാണ്.

"എന്റെ കൈയിൽ ഇനിയും പണമുണ്ട്, കേട്ടോ!'' ഞാൻ പഴ്സ് നീട്ടിക്കൊണ്ടു വെറുതെ ചിരിച്ചുകൊണ്ടിരുന്നു.

"എനിക്കതു വാങ്ങാൻ യോഗമില്ലാതെപോയി, മുരുകാ!''

"യോഗമുണ്ടാക്കാം.'' ഞാൻ പറഞ്ഞു.

"ഏങ്ങ്?''

"കിഴവി ഇവിടെയില്ലേ?''

"ഓ!''

"എനിക്കവരെ മതി.''

ആരോ ചാട്ടകൊണ്ടടിച്ചതുപോലെ, കിഴവൻ ഒന്നു പുളഞ്ഞു. കുറേ നേരത്തേക്ക് അയാൾക്കു സംസാരിക്കാൻ കഴിഞ്ഞില്ല.

എന്റെ മനസ്സു മന്ത്രിച്ചു. കിഴവി മതി. ഞാൻ നടത്തുന്നതൊരു പരീക്ഷണമാണ്. ഈ കിഴവിയോടുപോലും എനിക്കു ശക്തിയാർജ്ജിക്കാൻ കഴിഞ്ഞാൽ പ്പിന്നെ ഭയപ്പെടാനൊന്നുമില്ല. യുവതികളെ മുഴുവനും എനിക്കു കീഴടക്കാൻ കഴിയും—രാഗിണിയൊഴിച്ച്. അവൾ യക്ഷിയാണ്. കിഴവന്റെ നാവ് എവിടെ നിന്നോ തിരിച്ചെത്തി. "അയ്യോ! കിഴവിയോ! പ്രായം കുറച്ചായി. അറിയാമോ?''

"അതൊന്നും നിങ്ങളറിയേണ്ട.''

"പക്ഷേ....''

"എനിക്കു സമ്മതമാണെങ്കിൽ—?''

കിഴവൻ കുറേനേരം നഖം കടിച്ചുകൊണ്ടിരുന്നു. പിന്നെ ഒരു കള്ള ച്ചിരിയോടെ ചോദിച്ചു: "ആട്ടെ, എന്തുണ്ടു കൈയിൽ?''

ഞാൻ പഴ്സു തുറന്നു, തറയിൽ കുടഞ്ഞിട്ടു. നോട്ടുകളും ചില്ലറയും താഴെവീണു.

കിഴവൻ രണ്ടു കൈകൊണ്ടും അവ പെറുക്കിക്കൂട്ടി ശ്രദ്ധാപൂർവം എണ്ണി.

"ഇരുപത്തിമൂന്നു രൂപാ അറുപതു പൈസ.'' അയാൾ എണ്ണി തിട്ടപ്പെ ടുത്തി.

കിഴവൻ എഴുന്നേറ്റു. "ഞാനൊന്നു നോക്കട്ടെ.'' അയാൾ അകത്തേക്കു പോയി.

കുറേക്കൂടി കുടിക്കാമായിരുന്നെന്നു തോന്നി. കിഴവിക്കെത്ര വയസ്സു കാണും! ഇയാളുടെ ഭാര്യയല്ലേ ആ സ്ത്രീ!

പെട്ടെന്നു കിഴവൻ വെളിയിൽച്ചാടി വന്നു. പിന്നിൽ കിഴവിയുണ്ട്. റൗക്ക അഴിഞ്ഞുകിടക്കുന്നു. മാംസം തൂങ്ങുന്നു.

"എന്നെ വേണം, അല്ലയോടാ?'' എന്നെ നോക്കിക്കൊണ്ടു കിഴവി അലറി.

"ഞാനൊരു പരീക്ഷണം...''

"ചെയ്ത്താൻ!''

"എടീ, ഇരുപത്തിമൂന്നു രൂപയുണ്ട്. ങ്ഹാ? കളിയല്ല...'' കിഴവൻ ഇടപെട്ടു.

"ഇവന്റെയൊരു മുഖം....?'' കിഴവി അലറി.

"മുഖം ഞാൻ പൊത്തിപ്പിടിച്ചുകൊള്ളാം.''

"എടീ....ഇരുപത്തിമൂന്നു രൂപായാ!''

"എനിക്കുറക്കം വരുന്നു.'' കിഴവി പിറുപിറുത്തു.

കിഴവൻ കിഴവിയുടെ താടിയിൽ സ്നേഹപൂർവമൊന്നു തലോടി: "വന്നുകയറിയതു വേണ്ടെന്നു പറയാതെടീ!''

കിഴവി എന്നെ കടന്നുപിടിച്ചു.

അപ്പോൾ ഞാൻ ഈജിപ്തിലെ മമ്മികളെക്കുറിച്ചോർത്തു.

ഞങ്ങൾ അകത്തുപോയി.

എന്റെ മൂക്കു വിടർന്നു. ശവപ്പെട്ടികൾ തുറന്നിരിക്കുന്നു. മമ്മികളുടെ ശരീരം പുറത്തെടുക്കപ്പെടുന്നു. അവയെ പൊതിഞ്ഞിരിക്കുന്ന തുണികൾ അഴിച്ചുമാറ്റപ്പെടുന്നു. എങ്ങും നാറ്റമുയരുന്നു.

ഞാൻ വിയർത്തു. ഞാനൊരു പുഴുവാണ്. ചീഞ്ഞ മാംസത്തിൽ പുളയാനാണു ഞാൻ നോക്കുന്നത്.

ചീഞ്ഞളിഞ്ഞ മാംസം!

ഞാൻ ചാടിയെഴുന്നേറ്റു.

ഓടണം.

ഇവിടെനിന്നോടണം.

ഞാൻ ചാടിയിറങ്ങി. കിഴവനെ തട്ടിമാറ്റിക്കൊണ്ടു ഞാൻ വാഴക്കൂട്ടത്തിനിടയിലൂടെ തിരിഞ്ഞു നോക്കാതെ ഓടി.

ഓടിയോടി ഞാൻ വീട്ടിലെത്തി. ഇടവഴിയിൽനിന്നും അകത്തേക്കു കടക്കുമ്പോൾ പാലമരം ആടുന്നതു കണ്ടു. വെളിച്ചത്തിൽ മുങ്ങിക്കൊണ്ടാണ് ആടുന്നത്. ഗാനമുയരുന്നുണ്ട്. പക്ഷേ, പതിവുള്ള മാധുര്യമില്ല. ആ വാദ്യോപകരണങ്ങൾക്കെല്ലാം ജലദോഷം പിടിപെട്ടിട്ടുണ്ടെന്നു തോന്നി.

ആ വെളിച്ചത്തിൽ ഒരു രൂപമുണ്ട്. ഒരു ഗന്ധർവൻ! കിരീടം വച്ചിരിക്കുന്നു. പരന്ന മാറിടം. നീണ്ടുരുണ്ട കൈകൾ. പക്ഷേ, ശരീരത്തിൽ തോലില്ല. ആരോ ഉരിച്ചെടുത്തിരിക്കുന്നു. ഞാനാണ് ഉരിച്ചെടുത്തത്. എന്റെ വെട്ടുകത്തി പാലയുടെ തോലുരിഞ്ഞില്ലേ?

പെട്ടെന്ന് എവിടെനിന്നോ ഒരു കോഴി കൂകി. അപ്പോൾ ഗന്ധർവൻ വിറപൂണ്ടു. അവൻ താഴെവീണു. ദീനദീനമായ ഒരു ഞരക്കം!

പാലമരം തറയിൽ കിടക്കുന്നു.

മുറ്റത്തു കിടന്നിരുന്ന വെട്ടുകത്തി ഞാനെടുത്തു. പാലയുടെ മിച്ച മെന്തെങ്കിലുമുണ്ടെങ്കിൽ വെട്ടിനീക്കണം.

അദ്ധ്വാനിക്കേണ്ടിവന്നില്ല. പാല കടപുഴകിയാണു വീണിരുന്നത്.

ഗന്ധർവൻ നിലംപൊത്തിക്കഴിഞ്ഞു. രാഗിണിക്കെന്തുപറ്റി? അറി യാൻ തിടുക്കമായി. മരിച്ചിരിക്കും. എന്റെ ഉറുമ്പുകൾ അവളെ വകവരു ത്തിയിരിക്കും.

ഞാൻ മതിൽ ചാടി. അനന്തന്റെ വളപ്പിലിറങ്ങി—വെട്ടുകത്തി സഹിതം.

എന്റെ കാലിൽ എന്തോ തറച്ചു. നീണ്ട ഒരു ആണി.

## യക്ഷികളുടെ ലോകം

കാലിൽ തറച്ച ആണി ഞാൻ പിഴുതെടുത്തു. ചോര പുരണ്ടിരിക്കുന്നു.

നേരം പുലരാൻ തുടങ്ങുന്നു.

അനന്തന്റെ വീടിനു ചുറ്റും ഞാൻ നടന്നു. രാഗിണി എവിടെയാണ്? ഏതു മുറിയിലാണ്? തുറന്നുകിടക്കുന്ന ജനലുകളിലൂടെ ഞാൻ നോക്കി.

അടുക്കളയ്ക്കടുത്തുള്ള ഒരു മുറിയിലാണ് രാഗിണി കിടന്നിരുന്നത്. അടുത്ത് കാർത്ത്യായനിയമ്മ കിടക്കുന്നു. മുറിക്ക് ഒറ്റ ജനലേയുള്ളൂ. മരയഴിയിട്ട ജനൽ.

ഞാൻ എന്റെ ആയുധങ്ങൾ പരിശോധിച്ചു. വെട്ടുകത്തിയും ആണിയും.

മിന്നൽപോലെയാണ് ആ ചിന്ത എന്റെ മനസ്സിൽ കടന്നുവന്നത്. രാഗിണി മരിച്ചിട്ടില്ലെങ്കിൽ, തലയിൽ ആണിയടിച്ചു കയറ്റണം. യക്ഷികളെ ആണിയടിച്ചു നശിപ്പിക്കാൻ സാധിക്കും.

രാഗിണി മരിച്ചോ എന്നറിയണം. ഞാൻ നോക്കിനിന്നു.

അതാ, അവളുടെ മാറിടം ഉയരുന്നു. ഉരുണ്ടു വെളുത്ത കൈത്തണ്ട ചലിക്കുന്നു. ഉറുമ്പുകൾ എന്നെ നിരാശപ്പെടുത്തിയിരിക്കുന്നു. ഉറുമ്പു കൾ തോറ്റു. ആണി തോല്ക്കുകയില്ല. എന്റെ പാദത്തിലെ രക്തം പുണ്ട ഈ ആണി, വെട്ടുകത്തിയുടെ അലകുപയോഗിച്ച്, അവളുടെ തലയിൽ ആഞ്ഞടിച്ചുകയറ്റണം. അവളുടെ ബാൻഡേജിൽത്തന്നെയാവട്ടെ. അങ്ങനെ എന്റെ ഒരുതുള്ളിച്ചോരയെങ്കിലും അവളുടെ സിരാചക്രത്തിൽ കലരട്ടെ.

ആണിയിൽ പുരണ്ട എന്റെ ചോര ഉണങ്ങിക്കഴിഞ്ഞു. സാരമില്ല. എന്റെ ഉണങ്ങിയ ചോര അവളുടെ സിരകളിൽ കലർന്നാലും മതി.

ജനലിന്റെ മരയഴികൾ ഞാൻ പിടിച്ചുവലിച്ചു. ഇളകുന്നില്ല. രണ്ടഴികളെങ്കിലും ഇളക്കി മാറ്റാൻ കഴിഞ്ഞാൽ...ആ വിടവിലൂടെ അകത്തുചാടാം. ഞാൻ വെട്ടാൻ തുടങ്ങി. മൂർച്ചയില്ലാത്ത വെട്ടുകത്തി! നാശം! മൂർച്ചയുള്ള ഒരെണ്ണം സമ്പാദിക്കേണ്ടതായിരുന്നു.

ശബ്ദം കേട്ട് കാർത്ത്യായനിയമ്മ ഉണർന്നു.

"ഭ്രാന്തൻ! ഭ്രാന്തൻ!'' അവർ വിളിച്ചുകൂവി.

രാഗിണി ചാടിയെഴുന്നേറ്റു. എവിടെനിന്നോ കല്യാണിയമ്മ പ്രത്യക്ഷപ്പെട്ടു.

അനന്തനും ചന്ദ്രശേഖരനും വെളിയിൽ ചാടിയിറങ്ങി.

ചന്ദ്രശേഖരൻ എന്റെയടുത്തെത്തി.

"വെട്ടുകത്തി താഴെയിടൂ!'' അവൻ പറഞ്ഞു.

"ഞാൻ നിന്നെ വെട്ടുകയില്ല. ഞാൻ ആണിയടിക്കാൻ വന്നതാണ്.''

"എന്ത്!''

"ഞാൻ യക്ഷിയുടെ തലയിൽ ആണിയടിക്കാൻ വന്നതാണ്.''

അവന്റെ കണ്ണുകൾ നിറഞ്ഞു.

എന്തിനാണ് അവൻ കരയാൻ ഭാവിച്ചത്?

"വരൂ.'' അവൻ വിളിച്ചു.

"ആണിയടിക്കാതെ ഞാൻ വരികയില്ല.''

"അതിനൊക്കെ വഴിയുണ്ടാക്കാം. നീ എന്റെകൂടെ വാ!'' അവൻ എന്നെ പതുക്കെ പിടിച്ചു.

"എന്നെ അങ്ങനെ പറഞ്ഞു പറ്റിക്കേണ്ട, കേട്ടോ! നീ വിളിച്ചതുകൊണ്ടാണു ഞാൻ വരുന്നത്.''

അവൻ വിളിച്ചാൽ ഞാൻ എവിടെവേണമെങ്കിലും പോകും. എനിക്ക് ആകെയുള്ള ഒരു സ്നേഹിതനാണവൻ.

എന്റെ വീട്ടിലേക്കാണു ഞങ്ങൾ നടന്നത്. എനിക്കു വല്ലാത്ത ക്ഷീണം തോന്നി. ശരീരം പൊള്ളിത്തുടങ്ങി. പുകഞ്ഞു.

എന്റെ നെറ്റിയിൽ തൊട്ടുകൊണ്ട് ചന്ദ്രശേഖരൻ പറഞ്ഞു? "നിനക്കു ഭയങ്കര പനിയുണ്ട്.''

എന്റെ കിടക്ക അവൻ വിരിച്ചുതന്നു.

"കിടക്കൂ.''

ഞാൻ അനുസരിച്ചു.

"ഞാനൊരു ഡോക്ടറെ വിളിക്കാം.''

"ഈ പനി താനേ മാറിക്കൊള്ളും. ഡോക്ടറൊന്നും വേണ്ട. ഇന്നലെ ഞാൻ തീരെ ഉറങ്ങിയില്ല. അതുകൊണ്ടാണ്....''

അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ചന്ദ്രശേഖരൻ പെട്ടെന്നു മുറിവിട്ടുപോയി. കിടക്കയിൽനിന്നും എഴുന്നേല്ക്കാനാവുന്നതിനു മുൻപ് അവൻ മുറി പൂട്ടിക്കളഞ്ഞു.

ഞാൻ പൊട്ടിച്ചിരിച്ചു.

ചന്ദ്രശേഖരൻ എന്നെ ഭയപ്പെടുന്നു. ഞാൻ ഇനിയും വെട്ടുകത്തിയെടുക്കുമെന്ന് അവൻ വിശ്വസിക്കുന്നു.

അങ്ങനെ ഞാൻ എത്ര ദിവസങ്ങളാണു കിടക്കയിൽത്തന്നെ കഴിച്ചുകൂട്ടിയത്? ഓർമ്മയില്ല. കണക്കുകൂട്ടാൻ വയ്യ. ഞാൻ കലണ്ടറിൽ ചുവന്ന പെൻസിൽകൊണ്ടു വട്ടമിട്ടുവച്ചിട്ടില്ല. എന്തൊക്കെ നടന്നു? ആരൊക്കെ വന്നു? ഓർമ്മപോരാ.

കണ്ണു തുറക്കുമ്പോഴെല്ലാം ചന്ദ്രശേഖരനെ കാണും. അവൻ എന്നെ വിട്ടുപോയില്ല. പാവം! നല്ല സ്നേഹിതൻ. ചിലപ്പോൾ അനന്തനെ കാണും. നല്ല അയല്ക്കാരൻ.

ഇടയ്ക്കിടെ ഒരു കഷണ്ടിത്തലയൻ ഡോക്ടറെക്കാണും. എന്റെ ശരീരത്തിൽ സൂചി കുത്താൻ ഓങ്ങിനില്ക്കുന്നമട്ടിലാണു കാണുക.

ഒരിക്കൽപ്പോലും രാഗിണിയെ കണ്ടില്ല.

അങ്ങനെ കിടക്കുമ്പോൾ ഞാൻ യക്ഷികളുടെ ലോകം കണ്ടു.

ആകാശത്തിന്റെ നിറമെന്താണെന്നു ചോദിച്ചാൽ നീലയാണെന്ന് ആളുകൾ പറയും. നീലനിറമല്ലാത്ത ആകാശങ്ങളുണ്ട്. നീലാകാശത്തിൽ സൂക്ഷിച്ചു നോക്കിയാൽ ഒരു ചുവന്ന തുരങ്കം കാണാം. വളരെ സൂക്ഷിച്ചു നോക്കണം. ഈ തുരങ്കത്തിനപ്പുറത്ത് ഒരു ചുവന്ന ആകാശമുണ്ട്.

ഈ തുരങ്കത്തിന്റെ പ്രവേശനദ്വാരത്തിൽ എപ്പോഴും വെള്ള മേഘങ്ങൾ കാണും. അവയുടെ രൂപം മാറിക്കൊണ്ടിരിക്കും. ചിലപ്പോൾ അവ പോമറേനിയൻ പട്ടികളുടെ രൂപം സ്വീകരിക്കും. ഇടയ്ക്കിടെ തോലുപൊളിഞ്ഞ പാലമരങ്ങൾപോലെ നിവർന്നുനില്ക്കും. ഈ വെള്ളമേഘങ്ങൾ കടന്നു തുരങ്കത്തിലെത്തണം. അപ്പോൾ യക്ഷികളുടെ ലോകം കാണാം.

അവിടെ സംഗീതമുയരുന്നു!

വാദ്യഘോഷങ്ങളുയരുന്നു!

നാം കണ്ടിട്ടില്ലാത്തതരം ചെടികൾ എങ്ങും വളർന്നുനില്ക്കുന്നു. അവയിൽ പൂത്തുനില്ക്കുന്നത് ഇന്ദ്രനീലവും മരതകവും ഗോമേദകവും പുഷ്യരാഗവും ഒക്കെയാണ്. ഞാൻ ഒരു അരുവി കണ്ടു. നമ്മുടെ അരുവികൾപോലെതന്നെ മൂളിപ്പാട്ടു പാടിക്കൊണ്ടൊഴുകുന്നു. പക്ഷേ, ഒഴുകുന്നതു വെള്ളമല്ല, ഉരുക്കിയൊഴിച്ച വെള്ളിയാണ്; അരുവിയിലേക്കു ചരിഞ്ഞിറങ്ങിനില്ക്കുന്ന പുല്ലുകൾക്കു പച്ചനിറമല്ല.... ക്രിംസൺവർണ്ണമാണ്. അരുവിയുടെ മുകളിൽ വലിയ തുമ്പികൾ പറക്കുന്നു. ഓരോന്നിനും അഞ്ചാറടി നീളമുണ്ട്. സ്വർണ്ണത്തിൽ തീർത്ത ചിറകുകളാണവയ്ക്ക്. ഈ തുമ്പികളുടെ പുറത്തുകയറിയാണ് യക്ഷിക്കുഞ്ഞുങ്ങൾ അരുവി കടക്കുന്നത്.

അരുവിയുടെ വക്കിൽനിന്നും ഒരു വലിയ പാത തുടങ്ങുന്നു. അതിലൊരു പരവതാനി വിരിച്ചിരിക്കുന്നു. അതിമനോഹരമായ ഒരെണ്ണം. സ്വർണ്ണമത്സ്യങ്ങളുടെ തോലുകൾ ചേർത്തുതുന്നിയാണ് ആ പരവതാനി

ഉണ്ടാക്കിയിട്ടുള്ളത്. ഒരിക്കലും അതു മങ്ങുകയില്ല. അതിൽ അഴുക്കു പുരുളുകയില്ല. യക്ഷികൾ അതിൽ ചവുട്ടിയല്ല നടക്കുന്നത്. അതിൽ തൊടാതെ ഒഴുകിനടക്കുന്നു.

യക്ഷികൾ ചിലപ്പോൾ സൗരയൂഥം ചുറ്റിക്കാണാൻ പോകും. വാൽ നക്ഷത്രങ്ങളെ അവർ പിടിച്ചുനിറുത്തും. അവയുടെ വാലിൽ കയറിയാണു പോകുന്നത്. ഒരേ വാലിൽ പല യക്ഷികളും കയറിയിരിക്കും. ഒരേ ബസ്സിൽ പലരും കയറുന്നതുപോലെ.

ചെറിയ ഗ്രഹങ്ങളെ അവർ പന്തുതട്ടുന്നു. അങ്ങനെ പന്തുകളിക്കുമ്പോൾ, അവരുടെ കൈയിൽനിന്നും ചില ഗ്രഹങ്ങൾ വീണുപോകും. അപ്പോൾ ഭൂമിയിലെ പത്രങ്ങൾ എഴുതും, ഗ്രഹങ്ങളുടെ ഭ്രമണപഥം മാറിക്കൊണ്ടിരിക്കുന്നെന്ന്.

അവരുടെ ലോകത്തിൽ, കടുംനീലനിറത്തിലുള്ള ഒരു സൂര്യനാണ് പ്രകാശിക്കുന്നത്. യക്ഷികൾ ആ സൂര്യനിൽനിന്നും കടും നീലച്ചായം തോണ്ടിയെടുക്കും. ആ ചായംകൊണ്ടാണ് അവർ കണ്ണെഴുതുന്നത്. അപ്പോൾ അവരുടെ കണ്ണുകൾക്ക് അഗാധനീലിമയുണ്ടാവും.

നക്ഷത്രങ്ങളെ ഇടിച്ചുപൊടിയാക്കി അവർ മുഖംനിറയെ പൂശും. അതു കാണുമ്പോൾ യക്ഷന്മാരും ഗന്ധർവന്മാരും പാഞ്ഞെത്തും. യക്ഷന്മാർ കായികാഭ്യാസങ്ങൾ കാണിക്കും. ഗന്ധർവന്മാർ പാട്ടു പാടും. യക്ഷികളെ ആകർഷിക്കാനാണ് അഭ്യാസങ്ങളും ഗാനവും. ഒടുവിൽ യക്ഷികൾ കൂട്ടുകാരെ തിരഞ്ഞെടുക്കുന്നു.

ഭൂമിയിലെ സ്ത്രീകളുടെ ഹൃദയങ്ങൾകൊണ്ടു നിർമ്മിച്ച കൂറ്റൻ പെരുമ്പറകൾ അവിടെ നിരത്തിവച്ചിട്ടുണ്ട്. പ്രായപൂർത്തിയെത്താത്ത യക്ഷികളാണ് ആ പെരുമ്പറകൾ മുഴക്കുന്നത്. പ്രണയനൈരാശ്യംമൂലം ആത്മഹത്യ ചെയ്തവരുടെ തുടയെല്ലുകൾ ഭൂമിയിൽനിന്നും കൊണ്ടു പോയിട്ടുണ്ട്. ആ എല്ലുകളാണു പെരുമ്പറകളിൽ മുട്ടുന്നത്. തുടക്കത്തിൽ മെല്ലെമെല്ലെ മുട്ടും. അപ്പോൾ യക്ഷികളും കാമുകരും നൃത്തം ചവിട്ടും. ക്രമേണ പെരുമ്പറകൾ അത്യുച്ചത്തിൽ, അതിവേഗത്തിൽ മുഴങ്ങും. ഭൂമിയിലെ സ്ത്രീകളുടെ ഹൃദയങ്ങളിലെല്ലാം കുടിയിരിക്കുന്ന തേക്കത്തിന്റെ ശബ്ദമാണ് അപ്പോൾ ഉയരുന്നത്. ഈ ഘട്ടത്തിൽ നൃത്തം മദനോത്സവമായി മാറും—ദിനരാത്രങ്ങൾ പലതു കഴിഞ്ഞാലും നിലയ്ക്കാത്ത മദനോത്സവം. ഒടുവിൽ യക്ഷന്മാരും ഗന്ധർവന്മാരും തളർന്നു താഴെവീഴും. അവർ മുട്ടുകുത്തിനിന്നു യക്ഷികളോടു പ്രാർത്ഥിക്കും: “സ്വീകരിക്കൂ, സ്ഥിരമായി സ്വീകരിക്കൂ!'' പക്ഷേ, ഭൂരിപക്ഷം യക്ഷികളും ശാശ്വതബന്ധങ്ങളിൽ വിശ്വസിക്കുന്നില്ല.

പ്രായപൂർത്തി നിർണ്ണയിക്കാൻ അവരുടെ ലോകത്തിൽ ഒരു പരീക്ഷയുണ്ട്. നീലസൂര്യന്റെ നേരേ താഴെ പഞ്ചലോഹത്തിൽ തീർത്ത ഒരു കരിമ്പന നില്ക്കുന്നു. ആ പനയിൽ മൂന്നുതവണ കയറിയിറങ്ങണം. നഗ്നകളായി കയറിയിറങ്ങണം. മൂന്നാമത്തെ തവണ ഇറങ്ങുമ്പോൾ

മുലക്കണ്ണുകളിൽനിന്നും ചോര തെറിക്കണം. ഇത്രയുമായാൽ, പ്രായ പൂർത്തിയാവും. യക്ഷികളുടെ റാണി ഒരു വലിയ സദസ്സിന്റെ മുൻപിൽവച്ച് പരീക്ഷ ജയിച്ചവരെ പ്രായപൂർത്തിവന്നവരായി പ്രഖ്യാപിക്കും. രത്ന ഖചിതങ്ങളായ കിരീടങ്ങളിൽ സംഭരിച്ചുവച്ചിരിക്കുന്ന, ഭൂമിയിലെ ചക്ര വർത്തിമാരുടെ രക്തത്തിൽ വിരൽ മുക്കി, പ്രായപൂർത്തി വന്നവർക്ക്, റാണി പൊട്ടു തൊട്ടുകൊടുക്കും.

യക്ഷികളുടെ നിത്യാഹാരം പാലാണ്. ആകാശഗംഗയിൽനിന്നും അവർ പാലു കോരിക്കുടിക്കുന്നു.

ആണ്ടിലൊരിക്കൽ പ്രായപൂർത്തിവന്ന യക്ഷികൾ ഭൂമിയിലിറങ്ങി വരും. ആണ്ടിലൊരിക്കൽ അവർക്കു മനുഷ്യന്റെ ചോര കുടിക്കണം. അത് അലംഘനീയമായ ഒരു നിയമമാണ്. അങ്ങനെ ചോര കുടിച്ചില്ലെങ്കിൽ, അവരുടെ കാലുകൾ സ്വർണ്ണമത്സ്യത്തിന്റെ തോലുകൊണ്ടു നിർമ്മിച്ച ആ പരവതാനിയിൽ മുട്ടും.

കിടക്കയിൽ കിടന്നുകൊണ്ടു ഞാൻ ഈ അത്ഭുതലോകം രണ്ടുമൂന്നു തവണ കണ്ടു.

ഞാൻ വായിച്ചിട്ടുള്ള താളിയോലഗ്രന്ഥങ്ങൾ അപൂർണ്ണങ്ങളാണ്. തെറ്റായ വിവരങ്ങളും അവയിലുണ്ട്. പ്രായപൂർത്തി നിർണ്ണയിക്കാൻ നടത്തുന്ന പരീക്ഷയെപ്പറ്റി അവയിലൊന്നും പറഞ്ഞിട്ടില്ല.

ഈ അത്ഭുതലോകത്തിൽ ഞാൻ ഒരിക്കൽപ്പോലും രാഗിണിയെ കണ്ടില്ല. എങ്ങനെ കാണാനാണ്? അവൾ ഭൂമിയിലല്ലേ?

എത്ര തവണയാണ് എനിക്കു കുത്തിവച്ചത്! എന്നെ ഉറക്കിക്കിട ത്തിയോ? ഓർമ്മയില്ല.

ഒരു ദിവസം ഞാൻ കണ്ണുതുറന്നു. ചന്ദ്രശേഖരൻ മാത്രമാണ് അരികിലുണ്ടായിരുന്നത്.

"രാഗിണിയെവിടെ?'' ഞാൻ ചോദിച്ചു.

"അവളുടെ വീട്ടിലേക്കു പോയിരിക്കുന്നു.''

"വീടോ! അവൾക്കു വീടുണ്ടോ? അവൾ യക്ഷിയാണ്.''

"അല്ല, ശ്രീനി! അവൾ പാവപ്പെട്ട ഒരു പെൺകുട്ടിയാണ്. ഞാൻ എല്ലാം തിരക്കിയറിഞ്ഞിരിക്കുന്നു. കഥകളെല്ലാം അനന്തൻ അന്നു നിന്നോടു പറഞ്ഞില്ലേ? എല്ലാം സത്യമാണ്. കാർത്ത്യായനിയമ്മയോടും ഞാൻ സംസാരിച്ചു. നിന്നെക്കൂടാതെ രാഗിണിക്കു മറ്റാരുമില്ല... ബന്ധു വെന്നു പറയാൻ വകയിലൊരമ്മാവൻ മാത്രമുണ്ട്.''

"രാഗിണി എവിടെയാണിപ്പോൾ?''

"അമ്മാവന്റെ വീട്ടിൽ.''

ഞാൻ പൊട്ടിച്ചിരിച്ചു. "അവൾ നിങ്ങളെയെല്ലാം കബളിപ്പിച്ചിരിക്കുന്നു. എല്ലാവരെയും ഭയങ്കരമായി പറ്റിച്ചിരിക്കുന്നു. ഒരു യക്ഷിയുടെ സിദ്ധി കൾ എന്തെല്ലാമാണെന്നു നിങ്ങൾക്കാർക്കും അറിഞ്ഞുകൂടാ... ഞാൻ വായിച്ചറിയുക മാത്രമല്ല ചെയ്തത്...ഞാൻ യക്ഷികളുടെ ലോകം

കണ്ടു. നിനക്കറിയാമോ, വാൽനക്ഷത്രങ്ങളിൽ കയറിയാണ് അവർ സൗരയൂഥം കാണാനിറങ്ങുന്നത്! നാം ഡബിൾഡക്കർ ബസ്സിൽ കയറി പട്ടണം ചുറ്റുന്നതുപോലെ!

അവൻ ക്ഷമയോടെ കേട്ടുകൊണ്ടിരുന്നു. പക്ഷേ, ഒരിക്കൽപ്പോലും അവന്റെ കണ്ണുകൾ വിടർന്നില്ല. ആ മായാലോകത്തെപ്പറ്റി പറഞ്ഞപ്പോൾ അവൻ എന്തുകൊണ്ടാണ് അത്ഭുതപ്പെടാത്തത്? അവൻ വെറുതെ മന്ദഹസിച്ചു കൊണ്ടിരുന്നു. ദുഃഖംപുരണ്ട മന്ദഹാസം.

ഒടുവിൽ അവൻ പറഞ്ഞു: "ഇന്ന് രാഗിണിയുടെ ഒരു കത്തു വന്നു."

ഞാൻ മിണ്ടിയില്ല.

"നിനക്കു കാണണ്ടേ?"

"ഞാനെന്തിനു കാണണം?"

"കല്യാണിയമ്മയ്ക്കു വന്ന കത്താണ്."

"അപ്പോൾ ഞാനെന്തിന്നു കാണണം?"

"നിന്റെയും രാഗിണിയുടെയും കാര്യമാണ് എഴുതിയിരിക്കുന്നത്.... നീ വായിക്കണം."

"വേണ്ട."

"എന്നാൽ ഞാൻ വായിച്ചുകേൾപ്പിക്കാം." കീശയിൽനിന്നും അവൻ കത്തെടുത്തു.

അവൾക്കു മടങ്ങണമത്രെ! ഈ പരീക്ഷണഘട്ടത്തിൽ എന്റെകൂടെ ഉണ്ടായിരിക്കണമെന്നാണ് അവൾ പറയുന്നത്. എന്റെ തെറ്റിദ്ധാരണകൾ മാറുമെന്നും ഞങ്ങൾ സന്തോഷപൂർവം ജീവിക്കുമെന്നും അവൾ പ്രതീക്ഷിക്കുന്നു. ലോകത്തിൽ നന്മ നിശ്ശേഷം നശിക്കാനിടയില്ലെന്നും ഏത് ഇരുട്ടിലും വെളിച്ചത്തിന്റെ ബീജമുണ്ടായിരിക്കുമെന്നുമൊക്കെ അവൾ ഉപന്യസിച്ചിരിക്കുന്നു.

"കണ്ടോ! അവളുടെ തന്ത്രം കണ്ടോ?" ഞാൻ ഉറക്കെ ചിരിച്ചു.

എന്റെ ചിരി നിലയ്ക്കാതെ ദീർഘദീർഘമായി തുടർന്നപ്പോൾ ചന്ദ്രശേഖരൻ ഒരു കൊച്ചുകുട്ടിയെപ്പോലെ പൊട്ടിക്കരഞ്ഞുപോയി.

"നീ എന്തിനു കരയുന്നു?" ഞാൻ ചോദിച്ചു.

"ഞാൻ കരയാതെ എന്തുചെയ്യും?"

"ആർക്കുവേണ്ടി കരയുന്നു?"

"നിനക്കുവേണ്ടി....അല്ല, എനിക്കുവേണ്ടി...."

കരയുന്നു. എന്റെ ഒരേയൊരു സ്നേഹിതൻ കരയുന്നു, ഞാൻ ദുർബ്ബലനാവുന്നു.

"എനിക്കുവേണ്ടി നീ കരയുന്നതെന്ത്?"

"നിനക്കു വല്ലാത്ത മെന്റൽഷോക്ക് ഏറ്റിട്ടുണ്ട്, ശ്രീനി. കാരണംകൂടാതെ നീ രാഗിണിയെ സംശയിച്ചു. നീ അവളെ കാണണം. നിന്റെ സംശയങ്ങൾ തീരും...നീ സ്വസ്ഥനാവും. എന്റെകൂടെ നീ വരണം. വന്നില്ലെങ്കിൽ എന്റെ കണ്ണീർ തോരുകയില്ല.

അങ്ങനെ അവൻ പറഞ്ഞപ്പോൾ ഞാൻ കീഴടങ്ങിപ്പോയി.

ഒരു ടാക്സിയിൽ ഞങ്ങൾ കൊട്ടാരക്കരയ്ക്കു പോയി.

ഒരു ചെറിയ വീടിന്റെ മുൻപിൽ വണ്ടി നിന്നു. പടിപ്പുരയുള്ള പഴയ വീട്. മുറ്റത്തു തുളസിത്തറയുണ്ട്. അതിനരികിൽ ക്രോട്ടൺ ചെടികൾ മരംപോലെ വളർന്നുനില്ക്കുന്നു. വീടിന്റെ ചുവരുകളിൽ എന്തൊരഴുക്കാണ്! ഒരു മൂലയിൽ ആരോ കാവികൊണ്ട് ഒരു ഹനുമാനെ വരയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്.

നരച്ച തലമുടിയും അകത്തേക്കൊരു വളവുമുള്ള ഒരു പ്രായംചെന്ന മനുഷ്യൻ പുറത്തുവന്നു. എന്നെ കണ്ടപ്പോൾ അയാൾ ഞെട്ടി. എന്റെ മുഖം അയാളെ ഭയപ്പെടുത്തി.

വീടിന്റെ ചുവരിൽ ഞാൻ മുട്ടിനോക്കി. തറയിൽ ചവുട്ടിനോക്കി. ചാഞ്ഞിറങ്ങുന്ന കൂരയിൽനിന്നും ഞാൻ മൂന്നാല് ഓടുകൾ ഇളക്കി നോക്കി. ഇതൊരു വീടുതന്നെയാണോ? അതോ മിഥ്യയോ? യക്ഷികൾക്ക് എന്തു മായവും കാണിക്കാൻ കഴിയും. കരിമ്പനകളെ കൊട്ടാരങ്ങളാക്കാൻ അവർക്കു വിരുതുണ്ട്.

അകത്തെ മുറിയിൽ, ഒരു മൂലയിൽ, രാഗിണി ഒതുങ്ങിനിന്നിരുന്നു. എന്നെ കണ്ടപ്പോൾ അവൾ കരഞ്ഞു.

“ശ്രീനി, അടുത്തുചെല്ലൂ...എന്തെങ്കിലും പറഞ്ഞ് ആശ്വസിപ്പിക്കൂ....'' ചന്ദ്രശേഖരൻ മന്ത്രിച്ചു.

“എല്ലാം നീ ചെയ്താൽ മതി. നിന്നെ പിണക്കരുതെന്നു വിചാരിച്ചു മാത്രമാണ് ഞാനിവിടെ വന്നത്.'' ഞാൻ പിറുപിറുത്തു.

രാഗിണി കേൾക്കത്തക്കവിധം, ചന്ദ്രശേഖരൻ ആ പ്രായംചെന്ന മനുഷ്യനോടു പറഞ്ഞു: “രാഗിണിയെ കൊണ്ടുപോകാനാണ് ശ്രീനി വന്നിരിക്കുന്നത്.''

ആ'വകയിലൊരമ്മാവൻ' ഒന്നു മൂളുകമാത്രം ചെയ്തു.

അയാൾ ഞങ്ങളോട് ഇരിക്കാൻ പറഞ്ഞില്ല. ഒരു കുശലവും ചോദിച്ചില്ല. എങ്ങനെയെങ്കിലും ഞങ്ങൾ സ്ഥലംവിട്ടാൽ മതിയെന്ന് അയാൾ കരുതുന്നതായി തോന്നി.

“ഉടൻതന്നെ പോകണമെന്നാണ് ശ്രീനി പറയുന്നത്...'' ചന്ദ്രശേഖരൻ പറഞ്ഞു.

“ഓടിളക്കരുത്.'' അമ്മാവൻ ശാസിച്ചു.

ചന്ദ്രശേഖരൻ എന്റെയടുത്തു വന്നു: “ശ്രീനീ, ഒന്നു വെറുതെയിരുന്നു കൂടേ!''

“നമുക്കു പോകാം.'' ഞാൻ മുറ്റത്തിറങ്ങി.

രാഗിണി അമ്മാവന്റെ കാലിൽ വീണു നമസ്കരിക്കുന്നതു കണ്ടു.

അവളൊന്നിച്ചു ഞങ്ങൾ കാറിൽ കയറി.

ആ യാത്ര എങ്ങനെയാണു കലാശിച്ചത്? ഞാൻ ചന്ദ്രശേഖരനെ എവിടെവച്ചു പിരിഞ്ഞു? എങ്ങനെ പിരിഞ്ഞു? കാറിന് എന്തോ

തകരാറു പറ്റിയെന്നോർക്കുന്നു, കുഴപ്പമെന്താണെന്നു കണ്ടുപിടിക്കാൻ ബോണറ്റ് പൊക്കിവച്ചുകൊണ്ട് അകത്തേക്കു തലയിട്ടു നില്ക്കുന്ന ഡ്രൈവറുടെ രൂപം മനസ്സിൽ തോന്നുന്നു.

പിന്നെ ഓർമ്മവരുന്നത് ആ യക്ഷിയമ്പലമാണ്. ഞാനും രാഗിണിയും അതിന്റെ മുന്നിലെത്തി. അപ്പോൾ വൈകുന്നേരമായി. എനിക്കു യാതൊരു ഭയവും തോന്നിയില്ല.

കുപ്പിവളകൾ കിലുങ്ങുന്ന ശബ്ദത്തിൽ അവൾ സംസാരിച്ചു: "ഞാൻ ശ്രീനിയോട് എന്റെ കഥ ഇന്നോളം പറഞ്ഞിട്ടില്ല. ഇപ്പോഴെങ്കിലും പറയണമെന്നുണ്ട്."

"പറയൂ, രാഗിണീ!"

"ഇന്നോളം പറയാത്തതെന്തെന്ന് ശ്രീനി അത്ഭുതപ്പെടുന്നുണ്ടാവും."

ഞാനൊന്നും പറഞ്ഞില്ല.

"അന്നു ടൗൺഹാളിനടുത്തുവച്ച് ആരെയെങ്കിലും വിളിക്കണമെന്നേ ഞാൻ വിചാരിച്ചുള്ളൂ. എന്റെ വിളികേട്ട് ആരു നിന്നാലും മതിയായിരുന്നു. പക്ഷേ, നിന്നത് ശ്രീനിയാണ്. അതു വിധിയുടെ വിനോദമായിരുന്നു...ഞാൻ നൂറ്റാണ്ടുകളായി ഈ ഭൂമിയിൽ ചുറ്റിത്തിരിയുന്നു. എന്റെ സൗന്ദര്യം എത്രയോപേരെ വശീകരിച്ചിട്ടുണ്ട്. സൗന്ദര്യം, ചൂണ്ടലിന്റെ അറ്റത്തു കോർത്ത ഈച്ചയായിരുന്നു. മത്സ്യങ്ങൾ വന്നുകൊത്തണം. വിഴുങ്ങണം. പക്ഷേ, ശ്രീനിയെ കണ്ടപ്പോൾ എന്റെ സൗന്ദര്യത്തിന്നു പുതിയൊരുദ്ദേശ്യമുണ്ടായി. ഈ സൗന്ദര്യം കാഴ്ചവെക്കണം. ഉള്ളുതുറന്ന്, ശ്രീനിയുടെ കാലടികളിൽ കാഴ്ചവെക്കണം. അതിനുവേണ്ടി ഞാൻ എത്രമാത്രം ദാഹിച്ചെന്നോ! ഓർക്കുന്നോ? ശ്രീനിക്കു കവിഹൃദയമുണ്ടെന്നു ഞാനൊരിക്കൽ പറഞ്ഞു. വെറുതെ പറഞ്ഞതല്ല. ശ്രീനി ഒരു കവിയായിരുന്നു. പ്രേമിക്കാനും പ്രേമത്തെപ്പറ്റി പാടാനും മുതിർന്ന ഒരു കവി. ആ പ്രേമം എനിക്കു വേണമെമെന്നു തോന്നി..."

പാവം രാഗിണി!

അവൾ സ്നേഹമുള്ള യക്ഷിയായിരുന്നു. അവളുടെ മുഴുവൻ സ്നേഹത്തിന്നും ഞാൻ പാത്രമായിരുന്നു. ആ യക്ഷിയമ്പലത്തിന്റെ മുൻപിൽ വച്ച്, അവൾ ആ കഥ പറയുന്നതിനു മുൻപ്, ഞാൻ സത്യം മനസ്സിലാക്കിയില്ല—എത്ര വൈകിയാണു ഞാൻ എല്ലാം അറിഞ്ഞത്!

അവൾ മരിച്ചെന്ന് ആളുകൾ പറഞ്ഞേക്കാം. മരിച്ചിട്ടില്ല. എവിടെയോ ഉണ്ട്. ഏതോ പുതിയ രൂപം അവൾ സ്വീകരിച്ചിരിക്കുന്നു. അനാദികാലം മുതൽ അവൾക്കൊരു സുന്ദരരൂപമുണ്ടായിരുന്നു. അതു മാത്രമാണു നശിച്ചത്.

സാർവഭൗമനായ ദൈവമേ, ഭൂമിക്കടിയിൽ കിടക്കുന്ന ആ കിഴങ്ങിനു പുതിയ കൂമ്പുകളുണ്ടാക്കാൻ അങ്ങു വിചാരിച്ചാൽ കഴിയുകയില്ലേ?

ആ കൂമ്പുകൾ ഉയർന്നുവന്നാൽ, അവയിൽ, ചുവന്ന ഗ്ലാഡിയോല പുഷ്പങ്ങൾ വിരിഞ്ഞാൽ, ഞാൻ അവയെ ചുംബിക്കും. അവയുടെ രക്തവർണ്ണം എനിക്കിഷ്ടപ്പെടും.

രാഗിണി എന്റെ മടിയിൽ കിടന്നു.

അവൾ പറഞ്ഞു: "ശ്രീനിയുടെ പ്രേമത്തിനുവേണ്ടി ഞാനെത്രമാത്രം ദാഹിച്ചെന്നോ! പക്ഷേ, നമ്മുടെ ലോകങ്ങൾ വിഭിന്നങ്ങളാണ്. രണ്ടിനും രണ്ടുതരം നിയമങ്ങളാണ്, നീതികളാണ്.'' അങ്ങനെ രാഗിണി കഥ പറഞ്ഞുതുടങ്ങി.

ഒരു യക്ഷിയുടെ പതനത്തിന്റെ കഥ.

## അവസാനത്തെ പരാജയം

ഇന്ന്, അതിരാവിലെ, ചന്ദ്രശേഖരൻ ഇവിടെ വന്നിരുന്നു. മുമ്പൊരിക്കലും അവനെ ഇത്ര പരിഭ്രാന്തനായി കണ്ടിട്ടില്ല. എന്നെ പോലീസുകാർ അറസ്റ്റ് ചെയ്തേക്കുമെന്നാണു പറഞ്ഞത്. ഞാൻ ആ രാഗിണിയെ കൊന്നുവെന്നാണ് അവരുടെ അഭ്യൂഹം. കല്ലുകൊണ്ടു ചതച്ചു കൊന്നുവത്രെ! ശരീരം വെട്ടിമുറിച്ചു സൽഫ്യൂറിക് ആസിഡിൽ കലക്കിക്കളയാൻപോലും ഞാൻ മുതിർന്നെന്ന് അവർ പറയുന്നു. ആ പോലീസുകാരൻ ഡാലിയുടെ ഭാവനയെക്കുറിച്ചോർത്തപ്പോൾ ചിരിക്കാൻ തോന്നി.

പോലീസുകാർക്കു കുറെ തെളിവു ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ രാഗിണിയുടെ തലമുടിയിൽ പിടിച്ചു കറക്കി, അവളെ തറയിലെറിഞ്ഞു. അവളുടെ തലയിൽ ആണിയടിക്കാൻ നോക്കി. അപ്പോൾ, മുൻപുതന്നെ ഞാൻ കൊലപാതകത്തിന് ഒരുങ്ങിക്കഴിഞ്ഞിരുന്നെന്നു തെളിയിക്കാനാവുമത്രെ. രാഗിണിയുടെ ഡയറി അവർ കണ്ടെടുത്തിരിക്കുന്നു. ഞങ്ങൾ കുടുംബജീവിതം അസന്തുഷ്ടമായിരുന്നെന്ന് ആ ഡയറി തെളിയിക്കും. പോരേ! എത്രയെളുപ്പത്തിൽ അവർ കേസുകൾ തെളിയിക്കുന്നു! കാക്കിയണിഞ്ഞ ഡാലിയുടെ ബുദ്ധിവൈഭവത്തെ വാഴ്ത്താതെ വയ്യ.

"ആരെന്തു ചോദിച്ചാലും ഒന്നും പറയരുത്.'' എന്ന താക്കീതോടുകൂടിയാണ് ചന്ദ്രശേഖരൻ യാത്ര പറഞ്ഞത്. അവൻ ഒരു നല്ല വക്കീലിനെ ഏർപ്പാടുചെയ്യുന്നുണ്ടത്രേ.

ആരും എന്തും ചോദിക്കട്ടെ. രാഗിണി മരിച്ചിട്ടില്ല. അവൾ പുകച്ചുരുളായി മാറിയതേയുള്ളൂ. അവൾ എന്റ മടിയിൽ വളരെനേരം കിടന്നു. പിന്നെയാണു രൂപം മാറിയത്. അതിനുമുൻപ് അവൾ ആ കഥ പറഞ്ഞു.

അവളുടെ പതനത്തിന്റെ കഥ.

നൂറ്റാണ്ടുകൾക്കുമുൻപു യക്ഷികൾ ചോര കുടിക്കാൻ ഭൂമിയിലിറങ്ങി വന്നു. അവരുടെ കൂട്ടത്തിൽ രാഗിണിയുണ്ടായിരുന്നു. ആദ്യമായി ഭൂമിയിലേക്കു വരികയാണ്. അത്തവണമാത്രമാണ് കരിമ്പനകയറാനും ചക്രവർത്തിമാരുടെ രക്തംകൊണ്ടുള്ള തിലകം നേടാനും അവൾക്കു കഴിഞ്ഞത്.

യക്ഷികൾ നാലു ഭാഗത്തേക്കും പറന്നു. പാഞ്ചാലത്തിലും കലിംഗത്തിലും കാശ്മീരത്തിലും അവർ ചെന്നിറങ്ങി. വിദർഭദേശത്തും വംഗദേശത്തും അവർ ആളുകളെ കൊന്നു ചോര കുടിച്ചു.

രാഗിണി കേരളത്തിലാണു വന്നത്—കോഴിക്കോട്ടിൽ.

നൂറ്റാണ്ടുകൾക്കുമുൻപ് അവിടെ അതിശക്തനായ ഒരു സാമൂതിരി വാണിരുന്നു. സാമൂതിരിയുടെ കോവിലകത്തിനടുത്താണ് രാഗിണി ഇറങ്ങിയത്. അന്നു പൂയം നക്ഷത്രമായിരുന്നു.

സാമൂതിരി എഴുന്നള്ളുകയായിരുന്നു—തിരുവാഭരണങ്ങളണിഞ്ഞ്, തിരുമുടിപ്പട്ടം കെട്ടി, ഒരു സ്വർണ്ണപ്പല്ലക്കിൽ.

കൊമ്പുവിളിക്കുന്നവരും കുഴലൂതുന്നവരും മദ്ദളക്കാരും മുന്നണിയിൽ നടന്നിരുന്നു. വെള്ളിയും പൊന്നും പതിച്ച പരിചകൾ അന്യോന്യം മുട്ടിക്കളിച്ചുകൊണ്ട്, ഒരു സംഘം തൊട്ടുപിന്നിൽ നീങ്ങി. കൊടികളും കൊടിക്കൂറകളും മുത്തുക്കുടകളും മയിൽപ്പീലികൊണ്ടുണ്ടാക്കിയ ആലവട്ടങ്ങളും ആ ഘോഷയാത്രയിലുടനീളം കാണാമായിരുന്നു. അണിഞ്ഞൊരുങ്ങിയ ഏഴു സുന്ദരിമാർ വെള്ളിക്കിണ്ടികളിൽ നിറച്ചിരുന്ന പനിനീര് വീഥിയിൽ തളിച്ചുകൊണ്ടിരുന്നു. അവരുടെ പിന്നിൽ കളരിയാശാൻ തമ്മെപ്പണിക്കർ നടന്നു—പട്ടിൽ പൊതിഞ്ഞ ചേരമാൻവാൾ ഉയർത്തിപ്പിടിച്ചുകൊണ്ട്. പണിക്കരുടെ പിന്നിൽ സാമൂതിരിയുടെ പല്ലക്കു നീങ്ങി. അതിനു പിന്നിൽ വെൺകൊറ്റക്കുട പിടിച്ചിരുന്ന ഒരു അതിമനോഹരി നടന്നിരുന്നു. താലമേന്തിയ പെണ്ണുങ്ങളും വിളക്കുകളേന്തിയ പെണ്ണുങ്ങളും പല്ലക്കിന് അകമ്പടി സേവിച്ചു. ഏറ്റവുമൊടുവിൽ ആയുധധാരികളായ ഏറാടിമാരും മുപ്പതിനായിരം നായന്മാരും നിരനിരയായി നടന്നു.

മന്ദഗതിയിലാണു ഘോഷയാത്ര നീങ്ങിയത്. തന്റെ ലോകത്തിലുള്ള കാഴ്ചകളെ വെല്ലുന്നതാണ് ഇതെന്ന് രാഗിണിക്കു തോന്നി.

ഒടുവിൽ വീഥികൾ വിജനമായി. രാഗിണി അങ്ങുമിങ്ങും ചുറ്റി സഞ്ചരിച്ചു. ഒരു കളരിയിലാണ് അവൾ ഒടുവിൽ കയറിച്ചെന്നത്. അവിടെ ചണ്ഡികാദേവി, നരസിംഹം, ഭൈരവൻ, രക്തേശ്വരി, രക്തചാമുണ്ഡി, വൈഷ്ണവി, വീരഭദ്രൻ എന്നീ മൂർത്തികളെ പ്രതിഷ്ഠിച്ചിരുന്നു. ആ സങ്കേതത്തിൽ അവൾക്കു നില്ക്കാൻ കഴിഞ്ഞില്ല. അവൾ വീണ്ടും വീഥിയിലിറങ്ങി.

ആരെയും കണ്ടില്ല. എങ്ങും വിജനമാണ്. നിശ്ശബ്ദമാണ്. അങ്ങനെ നില്ക്കുമ്പോൾ അകലെനിന്നും ഒരാൾ നടന്നുവരുന്നതു കണ്ടു; രാഗിണി അയാളെ വിളിച്ചു.

അതൊരു യുവാവായിരുന്നു. വിളി കേട്ട് അയാൾ നിന്നു. അയാളുടെ മുഖം അതിവികൃതമായിരുന്നു. ചുട്ടുപഴുത്ത കാരിരുമ്പുകൊണ്ട് ആരോ അയാളുടെ കവിളും മുഖവും പൊള്ളിച്ചുവിട്ടിരുന്നു. ചോര കുടിക്കുന്നതിനു മുമ്പ് ആ മുഖത്തിന്റെ കഥ അറിയണമെന്ന് രാഗിണിക്കു തോന്നി. ശോകം നിറഞ്ഞ ഒരു കഥയാണ് അവൾ കേട്ടത്.

നെടിയിരുപ്പുസ്വരൂപത്തിലെ ഒരു രാജസ്ത്രീയെ ഒരു കോലത്തിരിത്തമ്പുരാൻ കണ്ടു മോഹിച്ചു. അവൾ തമ്പുരാനെ സ്നേഹിച്ചില്ല. എങ്കിലും തമ്പുരാൻ അവളെ തട്ടിക്കൊണ്ടുവന്ന് ആരുമറിയാതെ രഹസ്യമായി പാർപ്പിച്ചു. ഒരു ദിവസം കിളിവാതിലിലൂടെ അവൾ വീഥിയിലേക്കു നോക്കിനില്ക്കുമ്പോൾ ഈ യുവാവിനെ കണ്ടു. കണ്ട ക്ഷണത്തിൽ പ്രേമം ജനിച്ചു. അവൾ ഒരു പൂമാല വീഥിയിലേക്കെറിഞ്ഞുകൊടുത്തു. ആ പ്രേമം വളർന്നു. അയാൾ ഒരു കവിയായിരുന്നു. എന്നും അയാൾ ഒരു പ്രേമഗാനമെഴുതും. അതെഴുതിയ ഓല ഒരു അമ്പിൽ കോർത്ത് അയാൾ കിളിവാതിലിലേക്ക് എയ്തുപോന്നു. ഒരു ദിവസം കോലത്തിരി അയാളെ കണ്ടുപിടിച്ചു. അയാളുടെ മുഖം മേലിൽ ഒരു യുവതിയുടെ ഹൃദയം കവർന്നുകൂടെന്നു കോലത്തിരി നിശ്ചയിച്ചു. കവിയുടെ മുഖത്ത് ചുട്ടുപഴുത്ത കാരിരുമ്പു പതിഞ്ഞു.

കാരിരുമ്പിനു നശിപ്പിക്കാവുന്നതായിരുന്നില്ല, കവിയുടെ പ്രേമം. അയാൾ പിന്നെയും അവളെ പ്രേമിച്ചു, ആരാധിച്ചു. നിത്യേന പ്രേമഗാനമെഴുതുന്ന പതിവ് അയാൾ തുടർന്നു. അവ എത്തിച്ചുകൊടുക്കാൻ പുതിയ മാർഗ്ഗം കണ്ടെത്തി. കോലത്തിരിയുടെ തോട്ടത്തിലുള്ള ഒരു വള്ളിക്കുടിലിൽ കവി പ്രേമഗാനങ്ങൾ നിക്ഷേപിച്ചുപോന്നു. അർദ്ധരാത്രിയിലാണതു ചെയ്തു പോന്നത്. കോലത്തിരി കണ്ടാൽ തല തെറിക്കും. അന്നു രാത്രിയിലും കവി വള്ളിക്കുടിലിലേക്കു പ്രേമഗാനവുമായി ചെല്ലുകയായിരുന്നു. രാഗിണി ആ ഗാനം കേൾക്കാനാഗ്രഹിച്ചപ്പോൾ, അയാൾ പാടി. മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റിയാണ് അയാൾ പാടിയത്. ആ സൗന്ദര്യത്തിൽ കാരിരുമ്പിനു പൊള്ളലുണ്ടാക്കാൻ വയ്യ. മനസ്സിന്റെ സൗന്ദര്യം സ്വീകരിക്കാൻ കവി കാമുകിയോടാവശ്യപ്പെടുന്നു.

രാഗിണിക്കു കവിയോട് അഗാധമായ സഹതാപം തോന്നി. അയാളുടെ പ്രേമത്തിന്റെ പരിശുദ്ധി അവളുടെ ആദരം നേടി. അയാളെ കൊന്നു ചോര കുടിക്കാൻ അവൾക്കു മനസ്സുവന്നില്ല. അവൾ കവിയെ വെറുതെ വിട്ടു.

അന്നു വെളുപ്പിനു ചോര കുടിച്ചശേഷം മറ്റു യക്ഷികളെല്ലാം ഒന്നു ചേർന്നു. രാഗിണിയെ കണ്ടില്ല. അവർ തേടി നടന്നു. ഒടുവിൽ കോഴിക്കോട്ടെ വീഥികളിൽ അവർ അവളെ കണ്ടെത്തി. അപ്പോൾ കോഴി കൂവി. യക്ഷികൾ പറന്നു. ആകാശത്തിലെ ചുവന്ന തുരങ്കംവഴി അവർ സ്വന്തം ലോകത്തെത്തി.

അവിടെയെത്തിയപ്പോൾ രാഗിണിയുടെ പാദം സ്വർണ്ണമത്സ്യത്തിന്റെ തോലുകൊണ്ടുണ്ടാക്കിയ പരവതാനിയിൽ തൊട്ടു.

യക്ഷികളുടെ റാണി കുപിതയായി.

ശാപമുണ്ടായി.

ഭൂമിയിലേക്കു മടങ്ങണം. ആയിരം പുരുഷന്മാരുടെ ഭാര്യയായി ജീവിക്കണം. ഓരോ ഭർത്താവിനെയും കൊന്നു ചോരകുടിക്കണം.

അങ്ങനെ ചെയ്താൽ യക്ഷികളുടെ ലോകത്തിലേക്കു മടങ്ങാം. ഏതെങ്കിലും ഭർത്താവിന്റെ ചോര കുടിക്കാതിരുന്നാൽ രൂപം നശിക്കും. ഭൂമിയിൽപ്പോലും ചുറ്റിക്കറങ്ങാൻ വയ്യാതാവും. പുകച്ചുരുളായി മാറും. അന്തരീക്ഷത്തിൽ വിലയം പ്രാപിക്കും.

എന്റെ മടിയിൽ കിടന്നുകൊണ്ട്, പ്രേമം തുളുമ്പുന്ന കണ്ണുകളോടെ, രാഗിണി എന്നെ നോക്കി. അവൾ കഥ തുടർന്നു:

യക്ഷികളുടെ ലോകത്ത് നടക്കുന്ന മദനോത്സവങ്ങളിൽ അവൾ പങ്കെടുത്തിരുന്നില്ല. അവൾക്കു പ്രായപൂർത്തിയായിരുന്നില്ലല്ലോ. പെരുമ്പറകൾ മുഴക്കാനും മുതിർന്നവരുടെ ക്രീഡാവിലാസങ്ങൾ കാണാനും മാത്രമേ അവൾക്കു കഴിഞ്ഞിരുന്നുള്ളൂ. അങ്ങനെ പെരുമ്പറ മുഴക്കി നില്ക്കുമ്പോൾ ഒരു ഗന്ധർവൻ അവളെ മോഹിച്ചു: പ്രേമിച്ചു. ആ പ്രേമം അവൾ കൈക്കൊണ്ടു. ഉരുകിയ വെള്ളി ഒഴുകിപ്പോകുന്ന അരുവികളുടെ കരയിൽ അവർ എത്രയോ തവണ ഒന്നുചേർന്നിട്ടുണ്ട്. ശാപമുണ്ടായപ്പോൾ അവൻ വല്ലാതെ ദുഃഖിച്ചു. അവൻ രാഗിണിയെ പിന്തുടർന്നു ഭൂമിയിൽ വന്നു.

പല കാലങ്ങളിൽ, പല ദേശങ്ങളിൽ രാഗിണി ഒരു ഭാര്യയായി ജീവിച്ചു. അവൾക്കു ഭർത്താക്കന്മാരെ കിട്ടാൻ പ്രയാസമുണ്ടായില്ല. പെരുമാക്കന്മാരും രാജാക്കന്മാരും പ്രഭുക്കന്മാരും മാടമ്പിമാരും സ്ഥാനികളും സാമന്തന്മാരും പണ്ഡിതന്മാരും പടനായകന്മാരും അവളുടെ ഭർത്താക്കന്മാരായിരുന്നു. അവർക്കെല്ലാം ഒരു രാത്രി മാത്രമേ അവളെ അനുഭവിക്കാൻ കഴിഞ്ഞുള്ളൂ. കിടക്കറയിൽ അവരെ അത്ഭുതസ്തബ്ധരാക്കത്തക്കവിധം കേളി നടത്തുകയും അതിനുശേഷം ഭീകരരൂപം പൂണ്ട് അവരെ പിളർന്നു കൊല്ലുകയുമായിരുന്നു പതിവ്.

ഓരോ ഭർത്താവു മരിക്കുമ്പോഴും അയാളുടെ ബന്ധുജനങ്ങൾ പ്രശ്നം വയ്ക്കുകയും മന്ത്രവാദികളെ വരുത്തുകയും അവളെ തേടിപ്പിടിക്കാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. പണവും പ്രതാപവുമുള്ളവർ വർഷക്കണക്കിനു മന്ത്രവാദവും കുരുതിയും ഹോമവുമെല്ലാം നടത്തിപ്പോന്നു. അതു മാത്രമായിരുന്നു ദുർഘടമുണ്ടാക്കിയത്. അതുകൊണ്ട് ഒരു ഭർത്താവിന്റെ ചോര കുടിച്ചശേഷം, മറ്റൊരാളെ തേടിയിറങ്ങാൻ വളരെക്കാലം കാത്തിരിക്കേണ്ടി വന്നു. അങ്ങനെ കൊല്ലങ്ങൾ നീണ്ടു നീണ്ടു നൂറ്റാണ്ടുകളായി.

ഓരോ ഭർത്താവിനെ സ്വീകരിക്കുമ്പോഴും ഗന്ധർവ്വൻ മറഞ്ഞു നിന്നു പാടും. അവൻ ഓർമ്മിപ്പിക്കുകയായിരുന്നു: “വേഗം ഇയാളുടെ ചോര കുടിക്കൂ. അടുത്തയാളെ തേടൂ!”

ഞാൻ രാഗിണിയുടെ ആയിരാമത്തെ ഭർത്താവാണ്. എന്റെ ചോര കുടിച്ചാൽ മാത്രമേ ശാപമോചനം കിട്ടൂ. എങ്കിലും അവൾക്ക് എന്റെ ചോര കുടിക്കാൻ തോന്നിയില്ല.

“അതെന്തുകൊണ്ടാണ്?” ഞാൻ ചോദിച്ചു.

"ശ്രീനി ആ പഴയ കവിയുടെ പുനർജ്ജന്മമാണ്...കോലത്തിരിയുടെ രാജസ്ത്രീയെ പ്രേമിച്ച കവി... മനസ്സിന്റെ സൗന്ദര്യത്തെപ്പറ്റി പാടിയ കവി... കവികളെ ഞാൻ സ്നേഹിക്കുന്നു... ഒരു കവിയോട് അനുകമ്പ കാണിച്ചതുകൊണ്ടല്ലേ, എന്റെ ശാപംതന്നെയുണ്ടായത്?''

"അപ്പോൾ കവികളോടു കോപമല്ലേ തോന്നേണ്ടത്?''

"കോപമോ? കവിതയെഴുതുന്നവർ ഗന്ധർവ്വാംശമുള്ളവരാണ്...''

"എന്നോട് അനുകമ്പ തോന്നിയെങ്കിൽ—ഞാൻ ആ കവിയുടെ പുനർജ്ജന്മമാണെങ്കിൽ—എന്നെ വിവാഹം ചെയ്തതെന്തിന്! മറ്റൊരാളെ ഭർത്താവായി സ്വീകരിക്കാമായിരുന്നില്ലേ?''

"ശ്രീനിയുടെ ചോദ്യം നാം ആദ്യമായി കണ്ട രാത്രിയിൽത്തന്നെ ഞാൻ സ്വയം ചോദിച്ചു—അതിനെത്തുടർന്നു വന്ന പല ദിവസങ്ങളിലും. അതിനുത്തരം കിട്ടാത്തതുകൊണ്ടാണു ഞാൻ ഉടനെ വന്നുകാണാഞ്ഞത്. ഞാൻ ഒഴിഞ്ഞുമാറാൻ നോക്കി. ശ്രീനിയെ മറക്കാൻ നോക്കി. പക്ഷേ, ശ്രീനി എന്റെ കരുണ മാത്രമല്ല, നേടിയത്; എന്റെ സ്നേഹവും നേടി. അനുകമ്പയിൽനിന്നാണു സ്നേഹം തുടങ്ങിയത്. നൂറ്റാണ്ടുകൾക്കു മുൻപു കാരിരുമ്പുചെയ്ത ദ്രോഹം, ഇപ്പോൾ ലാബറട്ടറിയിലെ ആസിഡ് ചെയ്തിരിക്കുന്നുവെന്നു കണ്ടപ്പോൾ എന്റെ സഹതാപം ആയിരം മടങ്ങായി വർദ്ധിച്ചു. ശ്രീനിക്കറിയാമോ, സ്നേഹത്തിന്റെ ഉദയം ഒരത്ഭുതമാണ്. അനുകമ്പ സ്നേഹത്തിന്റെ വിളനിലമാണ്. ദിവസം ചെല്ലുന്തോറും ശ്രീനിയെ എനിക്കു കിട്ടിയേതീരൂ എന്നായി. എന്റെ മോഹം അങ്ങനെ വളർന്നപ്പോൾ, ഞാൻ ശാപമോചനം തേടുന്ന ഒരു യക്ഷിയല്ലാതായി. ഞാൻ പ്രേമം കൊതിക്കുന്ന ഒരു യാചകിയായി മാറി...''

ഒന്നു നിറുത്തിയിട്ട് അവൾ തുടർന്നു; "എങ്കിലും ഒരു തവണ ഞാൻ എന്റെ പ്രേമം മറക്കാനും എന്റെ ലോകത്തേക്കു മടങ്ങാനും ശ്രമിച്ചു...''

"കന്യാകുമാരിയിൽവച്ചോ?''

"അതെ, അന്നു ശ്രീനി എന്നെ അനുഭവിച്ചിരുന്നെങ്കിൽ...''

"എങ്കിൽ?''

"ശ്രീനി മരിക്കുമായിരുന്നു.''

ഞാൻ മിണ്ടാതിരുന്നപ്പോൾ അവൾ ചോദിച്ചു: "ഭയം തോന്നുന്നുണ്ടോ?''

"ഇല്ല, പക്ഷേ, അന്നൊക്കെ ഞാൻ ഭയന്നിരുന്നു.''

"ഞാൻ കുറ്റപ്പെടുത്തുന്നില്ല. ഞാനൊരു യക്ഷിയാണെന്ന് ശ്രീനി മനസ്സിലാക്കി എന്നെ ഭയന്നു. വെറുത്തു. നശിപ്പിക്കാൻ ഹോമംപോലും നടത്തിയില്ലേ? യക്ഷിയല്ലെന്നു വരുത്തിത്തീർക്കാൻ ഞാൻ ചിലതൊക്കെ ചെയ്തു... ഒരു മണ്ടിപ്പെണ്ണിനെപ്പോലെ!''

"നിന്റെ കഥ അന്നുതന്നെ പറയാത്തതെന്താണ്, രാഗിണീ?''

"അന്നു ഞാൻ എന്റെ തിരുമാനമെടുത്തുകഴിഞ്ഞിരുന്നില്ല.''

"എന്തു തീരുമാനം?''

"ഒരു മഠയിയെപ്പോലെ അന്നു ഞാൻ കരുതിപ്പോന്നു...''

"എന്ത്?''

ശ്രീനിയെ കൊല്ലാതെതന്നെ എനിക്കു ശാപമോചനം കിട്ടുമെന്നും, ശ്രീനിയുടെ സ്നേഹത്തിന്റെ ചൂടനുഭവിച്ചശേഷം മറ്റാരെയെങ്കിലും വിവാഹം ചെയ്തു കൊല്ലാമെന്നുമൊക്കെ. അങ്ങനെ ഞാൻ സ്വപ്നം കണ്ടു. വെറുതെ വ്യാമോഹിക്കുകയായിരുന്നു, ഞാൻ. ഇപ്പോൾ ഞാൻ തീരുമാനിച്ചുകഴിഞ്ഞു—എനിക്കു ശാപമോചനം വേണ്ട! എനിക്കു ശ്രീനിയെ മതി!''

എനിക്കു കാര്യം മനസ്സിലായില്ല.

"ഞാൻ യക്ഷിയല്ലാതാകും... ഉടൻതന്നെ. ശാപമോചനം വേണ്ടെന്നു ഞാൻ തീരുമാനിച്ച നിമിഷത്തിൽ എന്റെ അമാനുഷസിദ്ധികൾ എന്നെ വിട്ടുപിരിഞ്ഞു. ഇപ്പോൾ ഞാൻ ഒരു മനുഷ്യസ്ത്രീയെപ്പോലെയായിരിക്കുന്നു. എനിക്കും ശ്രീനിക്കും ഇപ്പോൾ കൂട്ടിമുട്ടാം...ഒന്നാകാം...നാം ഇപ്പോൾ ഒരേ തലത്തിലാണ്...വരൂ...ചുംബിക്കൂ. എനിക്കു കുറച്ചുസമയം മാത്രമേയുള്ളൂ...''

എന്റെ മടിയിൽ കിടന്നിരുന്ന രാഗിണിയെ ഞാൻ മാറോടണച്ചു. ഞാൻ പറഞ്ഞു: "രാഗിണീ, നിന്റെ ശാപമോചനം നിന്നെ കാത്തിരിക്കുന്നു. എന്നെ വെറുതെ വിടേണ്ട...എന്റെ ചോര കുടിക്കൂ.''

"വേണ്ട, ശ്രീനി! എന്റെ തീരുമാനത്തിന് ഇളക്കമില്ല. എനിക്കൊരു കവിയെ കൊല്ലാനാവില്ല. ഞാൻ ഉള്ളഴിഞ്ഞു സ്നേഹിക്കുന്ന ശ്രീനിയുടെ ചോര കുടിക്കുകയോ? ഒരിക്കലുമില്ല...എന്റെ അവസാനമടുത്തിരിക്കുന്നു. ഞാൻ ക്ഷണത്തിൽ അദൃശ്യയാവും. അതിനുമുമ്പ് ഒരുതവണ—ഒരു തവണ മാത്രം—എനിക്കു ശ്രീനിയെ വേണം...വരൂ!''

ഞാൻ സ്നേഹനിധിയായ അവളെ ആപാദചൂഡം ചുംബിച്ചു തുടങ്ങി. ഉറച്ചതെങ്കിലും മാർദ്ദവമുള്ള അവളുടെ മാറിടത്തിൽ ഞാൻ തലോടി. അവളുടെ അധരങ്ങൾ ദാഹത്തോടെ ഞാൻ പാനംചെയ്തു. യക്ഷിയമ്പലത്തിന്റെ മുമ്പിലുള്ള പുല്ലിന്മേൽ ഞങ്ങൾ ആലിംഗനബദ്ധരായി കിടന്നു.

അപ്പോൾ ആ ഭയങ്കരമായ കഴിവുകേടു മടങ്ങിവന്നു.

ഞാൻ കിതച്ചു. എന്റെ ഞരമ്പുകൾ എഴുന്നുനിന്നു. ഞാൻ വിയർത്തുപോയി. എന്റെ ചൂടിന്റെ കാമ്പിൽ മരവിപ്പിക്കുന്ന തണുപ്പു തുളച്ചുകയറി. ഞാൻ അവളുടെ ആലിംഗനത്തിൽനിന്നും കുടഞ്ഞെഴുന്നേറ്റു.

"പോകരുതേപോകരുതേ!'' ആത്മാവിന്റെ അഗാധതലങ്ങളിൽനിന്നും അവളുടെ തകർന്ന മോഹത്തിന്റെ തേക്കം ഉയർന്നു.

പിന്നെയെന്താണുണ്ടായത്!

അവൾ നിരാശാഭരിതയായി എഴുന്നേറ്റു. അവളുടെ ശരീരം ചലിച്ചു. അവൾ ഫോക്കസ്സ് തെറ്റിയ ഒരു ഛായാചിത്രത്തെപ്പോലെ അവ്യക്തയായി. അവൾ ഒന്നുലഞ്ഞു. പിന്നെ മങ്ങി. പുകച്ചുരുളുകൾ ഉയർന്നു. അവൾ അദൃശ്യയായി.

അപ്പോൾ ആകാശം ചോരയിൽ കുളിച്ചിരുന്നു. ആകാശത്തിലെ തുരങ്കത്തിന്റെ മുഖത്തിനു ചുറ്റും ചുവന്ന പോമറേനിയൻ പട്ടികൾ മോങ്ങിക്കൊണ്ടിരുന്നു. കാടുകളിൽ നിണമൊഴുകിയിരുന്നു. യക്ഷിയമ്പലം കുലുങ്ങിയിരുന്നു.

പ്രിയപ്പെട്ട രാഗിണീ! എന്റെ ചോരയല്ല നീ മോഹിച്ചത്, എന്റെ പൗരുഷമാണ്. ഒരിക്കലെങ്കിലും നിന്നോടു നീതികാണിക്കാൻ എനിക്കു കഴിഞ്ഞില്ലല്ലോ. ഒരു നിമിഷംപോലും നിനക്കു സന്തോഷം പകർന്നുതരാൻ എനിക്കു സാധിച്ചില്ല. അനാദികാലം മുതൽ നീ സുന്ദരിയായി ഈ ഭൂമുഖത്ത് ചുറ്റിത്തിരിഞ്ഞു. നിന്റെ പാദങ്ങളിൽ രാജാക്കന്മാരും പ്രഭുക്കന്മാരും വന്നുവീണു. അവർ മരിച്ചെങ്കിലെന്ത്? നിന്റെ സൗന്ദര്യം ആസ്വദിച്ച്, സംതൃപ്തരായാണ് അവർ മരിച്ചത്. പക്ഷേ, അവർക്കൊക്കെയും നീ ശരീരം മാത്രമേ നൽകിയുള്ളൂ. എനിക്കു നീ മനസ്സും ശരീരവും തന്നു. എന്നെക്കാത്ത് എത്രയോതവണ നിന്റെ ശരീരം ചൂടുപിടിച്ചിട്ടുണ്ട്. എനിക്കു വഴങ്ങിത്തരാൻവേണ്ടി നീ എത്രയോ രാത്രികൾ കാത്തിരുന്നിട്ടുണ്ട്. ഒരിക്കലെങ്കിലും ഞാൻ ശക്തനായില്ല. എന്റെ സ്വപ്നത്തിലെ കോണിപ്പടിയിൽനിന്നെന്നപോലെ ഞാൻ എല്ലായ്പോഴും താഴെ വീണുപോയി. ഒരിക്കലെങ്കിലും അന്നെനിക്കു ശക്തനാവാൻ കഴിഞ്ഞിരുന്നെങ്കിൽ, ഇന്നു നീ നിന്റെ ലോകത്തെത്തിക്കഴിഞ്ഞേനെ. നിനക്കു ശാപമോചനം കിട്ടിയേനെ.

എന്നെ രക്ഷിക്കാൻവേണ്ടി നീ സ്വയം നശിക്കാൻ തീരുമാനിച്ചു. അതിനു ശേഷം പുരുഷസമ്പർക്കമുണ്ടായിട്ടില്ലാത്ത ഒരു കന്യകയെപ്പോലെ, നീ ആർത്തിയോടെ ആ യക്ഷിയമ്പലത്തിന്റെ മുന്നിൽ മലർന്നു കിടന്നപ്പോഴെങ്കിലും എനിക്കു ശക്തനാവാമായിരുന്നില്ലേ? ഞാൻ അപ്പോഴും തോറ്റു. എത്ര ഭയങ്കരമായ തോൽവി? എന്റെ കുറ്റബോധത്തിന് എന്നെ കൊല്ലാൻ കഴിയുമായിരുന്നെങ്കിൽ, ഞാൻ പണ്ടുതന്നെ മണ്ണടിഞ്ഞേനെ.

എനിക്കു ശിക്ഷ കിട്ടണം. എന്റെ തെറ്റു പൊറുക്കാനാവുന്നതല്ല.

അതാ, കോടതി കൂടുന്നു.

ഏകാന്തമായ സമുദ്രതീരം ഞാൻ കാണുന്നു. മഞ്ഞനിറമുള്ള ഒരു മൂടൽമഞ്ഞ് അതിനെ പൊതിഞ്ഞിരിക്കുന്നു. ആ തീരം അക്കരെയാണ്. ഞാൻ നില്ക്കുന്നത് ഒരു റോഡിലാണ്. ആ റോഡിൽ ചെഞ്ചായം തേച്ചിരിക്കുന്നു. അതിൽ പച്ചനിറമുള്ള തിരമാലകൾ ആഞ്ഞടിക്കുന്നു.

റോഡിൽനിന്നും ഞാൻ ആ തീരത്തിലേക്ക് ഉറ്റുനോക്കുകയാണ്. അതാ, മൂടൽമഞ്ഞ് ഇരുഭാഗത്തേക്കും നീങ്ങുന്നു. കോടതി സമ്മേളിച്ചു കഴിഞ്ഞു.

ഞാൻ കോടതിയിൽ ഹാജരാക്കപ്പെടുന്നു. അപ്പോൾ ഒരുസംഘം ഗന്ധർവന്മാർ പാട്ടു പാടുന്നു.

തലയും ഉടലും ഒന്നുപോലെ മൂടുന്ന ഒരു കറുത്ത തുണിയാണ് ന്യായാധിപൻ ധരിച്ചിരിക്കുന്നത്. കണ്ണിന്റെ സ്ഥാനത്തുമാത്രം രണ്ടു ദ്വാരങ്ങളുണ്ട്. അവയിൽ സൂക്ഷിച്ചുനോക്കിയാൽ ഉരുളുന്ന കൃഷ്ണ മണികൾ കാണാം.

ന്യായാധിപൻ നീണ്ട പിടിയുള്ള ഒരു കൊച്ചുവടികൊണ്ടു മേശയിൽ മൂന്നാലു തവണ മുട്ടുന്നു. ഗന്ധർവഗാനം നിലയ്ക്കുന്നു.

എന്നെ കൂട്ടിൽ കയറ്റി നിർത്തുന്നു.

ഒരു വൻപിച്ച ജനക്കൂട്ടം എന്നെ പൊതിയുന്നു.

"ശ്രീനിയെ കൊല്ലണം—കൊല്ലണം!" ജനക്കൂട്ടം അട്ടഹസിക്കുന്നു.

ഒരു പെണ്ണിന്റെ ശബ്ദം ഉയരുന്നു:

"ശ്രീനിയെ കൊല്ലണം—സന്മാർഗ്ഗിയെ കൊല്ലണം!"

വനജയാണ്.

ന്യായാധിപൻ കൊട്ടുവടികൊണ്ടു മേശയിൽ തുടരെ മുട്ടുന്നു. ജന ക്കൂട്ടത്തിന്റെ അട്ടഹാസം നിലയ്ക്കുന്നു.

"ശ്രീനിയെ കൊല്ലാൻ പാടില്ലെന്ന അഭിപ്രായമുള്ള ആരെങ്കിലും ഹാജരുണ്ടോ?" ന്യായാധിപൻ ചോദിക്കുന്നു.

എല്ലാവരും ചുറ്റും നോക്കുന്നു.

ശ്രീനിക്കുവേണ്ടി ആരെങ്കിലും സംസാരിക്കുമോ? അങ്ങനെ ജനങ്ങൾ പരസ്പരം ചോദിച്ചപ്പോൾ അനേകായിരം തേനീച്ചക്കൂടുകൾ ഇളകുന്ന ശബ്ദം കേൾക്കുന്നു.

ന്യായാധിപൻ പിന്നെയും മേശയിൽ മുട്ടുന്നു.

"ശ്രീനിയെ കൊല്ലാൻ പാടില്ലെന്ന അഭിപ്രായമുള്ള ആരെങ്കിലും ഹാജരുണ്ടെങ്കിൽ, കൈ ഉയർത്തണം."

ഒരു കൈ ഉയരുന്നു.

ഒരു പെണ്ണിന്റെ കൈ!

നീണ്ടു വെളുത്ത, സുന്ദരമായ ഒരു കൈ! സമുദ്രത്തിന്റെ മദ്ധ്യത്തിൽ നിന്നാണ് അതുയരുന്നത്.

ഉയരുക മാത്രമല്ല... വളരുന്നു!

ആകാശത്തിലുള്ള ആ തുരങ്കത്തോളം അതു വളരുന്നു.

വളകൾ ധരിച്ച കൈയാണ്!

ആ വളകളിൽ സൂര്യപ്രകാശം തട്ടിയപ്പോൾ ചിന്നിച്ചിതറിയ രശ്മി കളുടെ പ്രഭാപൂരം സഹിക്കാനാവാതെ, ന്യായാധിപൻ ആ കറുത്ത കുപ്പായത്തിലെ ദ്വാരങ്ങൾ മൂടുന്നു.

ആ വളകൾ നൂറ്റാണ്ടുകൾക്കു മുമ്പുണ്ടാക്കിയതാണ്.

ആ കൈ രാഗിണിയുടേതാണ്!

•